# ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ
## DIPLOMA IN ELEMENTARY EDUCATION D.El.Ed.

**സെമസ്റ്റർ – 1**

**പേപ്പർ 101**

**വിദ്യാഭ്യാസ മനശ്ശാസ്ത്രം – സിദ്ധാന്തവും പ്രയോഗവും**

**സെമസ്റ്റർ – 2**

**പേപ്പർ 201**

**വിദ്യാഭ്യാസ മനശ്ശാസ്ത്രം – പഠനവും പഠനപ്രക്രിയയും**


കേരളസർക്കാർ
**പൊതുവിദ്യാഭ്യാസവകുപ്പ്**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**
**2021**

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT

©
Department of Education
Government of Kerala

# ആമുഖം

കഴിഞ്ഞ ഏതാനും വർഷങ്ങളായി നടത്തിവരുന്ന കേരളത്തിലെ എലിമെന്ററി അധ്യാപക പരിശീലന കോഴ്സ് ആയ ഡിപ്ലോമ ഇൻ എജ്യുക്കേഷൻ (ഡി.എഡ്) 2018 – 19 അധ്യയന വർഷം മുതൽ ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ (ഡി.എൽ.എഡ്) ആയി മാറിയിരിക്കുകയാണ്. എൻ.സി.ടി.ഇ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഉള്ളടക്കത്തിലും വിനിമയത്തിലും കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് കോഴ്സിന്റെ പാഠ്യപദ്ധതി തയാറാക്കിയിട്ടുള്ളത്.

അധ്യാപക പരിശീലന പാഠ്യപദ്ധതി പരിഷ്ക്കരിക്കുമ്പോൾ ഇതു വിനിമയം ചെയ്യുന്നതിനാവശ്യമായ റഫറൻസ് സാമഗ്രികളുടെ അഭാവം പ്രശ്നമായി ഉയർന്നു വരാറുണ്ട്. ഇതു പരിഹരിക്കുന്നതിനുവേണ്ടി പാഠ്യപദ്ധതിയോടൊപ്പം അധ്യാപക വിദ്യാർഥികൾക്കുള്ള പഠന പിന്തുണാസഹായിയും എസ്.സി.ഇ.ആർ.ടി. തയാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥി സൗഹൃദ സ്വഭാവം പുലർത്തുന്നതും തുടർവായനയിലേക്കും അന്വേഷണത്തിലേക്കും നയിക്കുന്നതുമാണ് ഈ പഠന സഹായി. ഓരോ വിഷയത്തിലേയും പഠനത്തിനു സ്വീകരിക്കാവുന്ന അന്വേഷണ രീതികളും അവശ്യവിവരങ്ങളും ഇതിലുണ്ട്. ഇതിൽ ഉള്ളടക്ക വിശദാംശങ്ങൾ, തുടർപ്രവർത്തനസൂചനകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനപിന്തുണാസഹായി കാര്യക്ഷമമായി ഉപയോഗപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. ജെ പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി

## Prepared by

1. **Dr. P. Sasidharan**
   Senior Lecturer, DIET Palakkad
2. **Sri.Hakkim.N.**
   Senior Lecturer, DIET Kollam
3. **Sri. P.L. Vijayakumar**
   Senior Lecturer, DIET Thiruvananthapuram
4. **Sri. P. Raghavan**
   Teacher Educator, GTTI Mathamangalam
5. **Smt. Prameela P.K**
   Teacher Educator, GTTI (W) Nadakkavu, Kozhikode
6. **Sri. Muhammed Mansoor . A**
   Teacher Educator, GTTI Alappuzha

## Expert

1. **Dr. P. Sudhir**
   Emeritus Professor, Gandhigram University
2. **Dr. K. Ramakrishnan**
   Associate Professor (Rtd.), GCTE Kozhikode
3. **Dr. T.V Kunhiraman**
   Former Principal, Govt. Brennen College of Teacher Education
   Thalassery
4. **Dr. Arun Kumar. P**
   Assistant Professor, Govt. Brennen College of Teacher
   Education, Thalasseri

## Subject Coordinator

**Sri. Sajeev Thomas**
Research Officer, SCERT

## Academic Coordinator

**Smt. Deepa.N.Kumar**
Research Officer, SCERT

# ഉള്ളടക്കം

## സെമസ്റ്റർ – 1

**പേപ്പർ – 101 വിദ്യാഭ്യാസ മനശ്ശാസ്ത്രം – സിദ്ധാന്തവും പ്രയോഗവും**

യൂണിറ്റ് 1 – വിദ്യാഭ്യാസ മനശ്ശാസ്ത്രം – കാഴ്ചപ്പാടും പ്രയോഗവും

യൂണിറ്റ് 2 – ശിശുവികാസം

യൂണിറ്റ് 3 – വ്യക്തിത്വം

## സെമസ്റ്റർ – 2

**പേപ്പർ – 201 വിദ്യാഭ്യാസ മനശ്ശാസ്ത്രം – പഠനവും പഠനപ്രക്രിയയും**

യൂണിറ്റ് 1 – പഠനം

യൂണിറ്റ് 2 – പഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

യൂണിറ്റ് 3 – മാർഗദർശനവും ഉപബോധനവും

# സെമസ്റ്റർ - 1

**പേപ്പർ – 101**

**വിദ്യാഭ്യാസ മനശ്ശാസ്ത്രം – സിദ്ധാന്തവും പ്രയോഗവും**

യൂണിറ്റ് 1 – വിദ്യാഭ്യാസ മനശ്ശാസ്ത്രം – കാഴ്ചപ്പാടും പ്രയോഗവും

യൂണിറ്റ് 2 – ശിശുവികാസം

യൂണിറ്റ് 3 – വ്യക്തിത്വം

# യൂണിറ്റ് - 1
# വിദ്യാഭ്യാസ മനശ്ശാസ്ത്രം-കാഴ്ചപ്പാടും പ്രയോഗവും

## ആമുഖം

മനുഷ്യനെ മൃഗങ്ങളിൽ നിന്ന് വ്യത്യസ്തനാക്കുന്നത് പ്രധാനമായും ഉയർന്ന തലത്തിൽ ചിന്തിക്കാനുള്ള കഴിവാണല്ലോ. പുരാതനകാലം മുതലേ, എന്താണ് മനസ്സ് എന്ന അന്വേഷണം തുടങ്ങിയിരുന്നു. മനസ്സിനെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ എന്ന നിലയിലാണ് സാമാന്യമായി മനശ്ശാസ്ത്രത്തെ പരിഗണിക്കുന്നത്. വിദ്യാഭ്യാസമനശ്ശാസ്ത്രം മനശ്ശാസ്ത്രത്തിന്റെ ഒരു പ്രധാന ശാഖയാണ്.

പ്രൈമറി അധ്യാപക പരിശീലനം പൂർത്തിയാക്കുന്ന ഓരോ അധ്യാപകവിദ്യാർഥിയും വിദ്യാഭ്യാസ മനശ്ശാസ്ത്രത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ കാഴ്ചപ്പാട് രൂപീകരിക്കണം. വിദ്യാഭ്യാസ മനശ്ശാസ്ത്രം ഒരു പ്രയുക്തശാസ്ത്രശാഖ (Applied Science) യാണെങ്കിൽ പോലും പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ചില പരിമിതികൾ നേരിടുന്നുണ്ട്. കുറ്റമറ്റ രീതിയിൽ മനശ്ശാസ്ത്രഗവേഷണ ഉപാധികൾ പ്രയോഗിക്കുന്നതിനെക്കുറിച്ചുള്ള പ്രാഥമിക അറിവ് അധ്യാപക പരിശീലനത്തിലൂടെ ലഭിച്ചാൽ മാത്രമേ, തുടർന്നുള്ള അധ്യാപന ജീവിതത്തിൽ ഓരോരുത്തർക്കും അത് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയൂ. വിദ്യാഭ്യാസമനശ്ശാസ്ത്രത്തിന്റെ പ്രസക്തിയും പ്രാധാന്യവും തിരിച്ചറിയുകയും മനശ്ശാസ്ത്ര ഗവേഷണ ഉപാധികളുടെ പ്രയോഗക്ഷമത മനസ്സിലാക്കുകയും ചെയ്യുകയെന്നതാണ് ഈ യൂണിറ്റിന്റെ ലക്ഷ്യം.

ഒരു ടീച്ചറുടെ ക്ലാസ് നിരീക്ഷിച്ച് തയാറാക്കിയ വിവരണം താഴെ കൊടുക്കുന്നു.

*ടീച്ചർ ക്ലാസിലേക്ക് കയറി വന്നതോടെ കുട്ടികളുടെ ബഹളം അല്പമൊന്നു കുറഞ്ഞെങ്കിലും ടീച്ചർ പറയുന്ന കാര്യങ്ങൾ വേണ്ടത്ര കേൾക്കാൻ കഴിഞ്ഞില്ല. ടീച്ചർ വടിയെടുത്ത് മേശമേൽ അടിച്ച് ഉച്ചത്തിൽ ശാസിച്ച് ക്ലാസ് ശാന്തമാക്കി.*

*'ഇന്നലെ നമ്മളെന്താണ് പഠിച്ചത്?'- കുട്ടികൾ ഒന്നും പ്രതികരിക്കുന്നില്ല.*

*'വാഹനങ്ങളെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ ഓർമയുണ്ടോ?'*

*'ആ.................ഉണ്ട്'*

*'എങ്കിൽ പറയൂ'*

*'റോഡിലൂടെ ഓടുന്ന ...................' (ഒരു കുട്ടി പറയാൻ തുടങ്ങുന്നു)*

*'റോഡിലൂടെ ഓടുന്ന വാഹനങ്ങൾ ഏതൊക്കെയാണ്?'*

*'കാറ്, ബൈക്ക്, ബസ്, ലോറി......................' (കുട്ടികൾ ഒന്നിച്ച് വിളിച്ചുപറയുന്നു.)*

*'ആ...... ശരി, ശരി. ഇന്നലെ നമ്മൾ എഴുതിയിട്ടുണ്ടല്ലോ. അതെടുക്കൂ.......'*

*ഇതിനിടയിൽ ഒരു കുട്ടി എഴുന്നേറ്റ് നിന്ന് എന്തോ പറയാൻ തുടങ്ങി. നോട്ട് ബുക്ക് എടുക്കൂ, എന്ന് ടീച്ചർ തറപ്പിച്ച് പറഞ്ഞതോടെ ആ കുട്ടി ഇരുന്നു.*

*'ആതിര വായിക്കൂ' (മുൻബെഞ്ചിലെ ഒരു കുട്ടിയെ ചൂണ്ടി)*

*'ബസ്സ്, കാറ്, സ്കൂട്ടർ, ബൈക്ക്, ലോറി, സൈക്കിൾ' (ആതിര വായിക്കുന്നു)*

*തുടർന്ന് മുൻബെഞ്ചിലെ രണ്ട് കുട്ടികളെക്കൊണ്ടുകൂടി ടീച്ചർ വായിപ്പിച്ചു. പിൻബെഞ്ചിലെ കുട്ടികളുടെ ബഹളം കാരണം കുട്ടികൾ വായിച്ചത് വ്യക്തമായി കേൾക്കുന്നുണ്ടായിരുന്നില്ല.*

*'റോഡിലൂടെ ഓടുന്ന വാഹനങ്ങളിൽ ഏതാണ് കൂടുതലുള്ളത്? സന്ധ്യ പറയൂ'*

*'ബസ്സ്'*

*'ബസ്സാണോ? സ്മൃതി പറയൂ'*

*'അല്ല ടീച്ചർ, കാറാണ്'*

*അപ്പോഴേക്കും ബസ്സ്, കാറ്, ബൈക്ക്, ലോറി എന്നിങ്ങനെ പലരും വിളിച്ചുപറയാൻ തുടങ്ങി. 'മതി, മതി, ഇതൊന്നു കണ്ടുപിടിക്കണമല്ലോ, നമുക്ക് ഗേറ്റിനരികിൽ ചെന്ന് നിരീക്ഷിച്ചാലോ, ആരാണ് പോവുക?'*

*'ഞാൻ പോകാം, ടീച്ചർ ഞാൻ....................' (ആകെ ബഹളമയം)*

*വീണ്ടും മേശമേൽ അടിക്കുന്നു.*

*'ശരി, ശരി, ഇന്നുച്ചയ്ക്ക് ഇടവേളയിൽ ഭക്ഷണം കഴിച്ചുകഴിഞ്ഞ് ആതിരയും സിന്ധുവും ഗേറ്റി നടുത്തു ചെന്ന് റോഡിൽ നിരീക്ഷിച്ചു നോക്കൂ.....'*

*'ഞങ്ങൾക്കും പോണം, ടീച്ചർ ഞങ്ങൾക്കും............................' (ബഹളം)*

*'വേണ്ട, വേറെ ആരും പോവണ്ട. ആരെങ്കിലും പോയാൽ....................'*

*കുട്ടികൾ നിരാശരായെന്നു തോന്നി.*

..........................................................................................

- ഈ ക്ലാസിനെക്കുറിച്ച് നിങ്ങളുടെ പ്രതികരണമെന്താണ്?
- നിങ്ങളുടെ യോജിപ്പുകളും വിയോജിപ്പുകളും എന്തൊക്കെയാണ്?
- നിങ്ങൾ ആ ക്ലാസിലെ കുട്ടി ആയിരുന്നുവെങ്കിൽ നിങ്ങളുടെ പ്രതികരണം എങ്ങനെ യായിരിക്കും?
- ഈ ടീച്ചറുടെ സ്ഥാനത്ത് നിങ്ങളായിരുന്നുവെങ്കിൽ ക്ലാസ്സിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തു മായിരുന്നു? എന്തുകൊണ്ട്?

നിങ്ങളുടെ നിരീക്ഷണങ്ങൾ താഴെ നൽകിയിരിക്കുന്ന ആശയങ്ങളുമായി ബന്ധപ്പെടുത്താനാവുമോ? വിശകലനം ചെയ്യൂ.

- പഠനാന്തരീക്ഷം
- പഠനസാമഗ്രികളുടെ ഉപയോഗവും അനുയോജ്യതയും
- വിലയിരുത്തൽ രീതികൾ
- പഠനപ്രവർത്തനത്തിന്റെ സ്വഭാവം
- അധ്യാപകന്റെ ഇടപെടൽ
- പഠനപ്രവർത്തനത്തിൽ കുട്ടിയുടെ സ്ഥാനം
-
-

പഠനപ്രക്രിയയുടെ ഫലപ്രാപ്തിയെ സ്വാധീനിക്കുന്ന ചില പ്രധാന ഘടകങ്ങളാണ് നിങ്ങൾ ഇപ്പോൾ ചർച്ചയ്ക്ക് വിധേയമാക്കിയത്. ഇത്തരത്തിലുള്ള ആശയങ്ങളും കാഴ്ചപ്പാടുകളും അതിൽ നിന്ന് ഉരുത്തിരിയുന്ന സിദ്ധാന്തങ്ങളും വിദ്യാഭ്യാസമനശ്ശാസ്ത്രത്തിന്റെ ഉള്ളടക്കത്തിൽപ്പെടുന്നവയാണ്.

വിദ്യാഭ്യാസമനശ്ശാസ്ത്രത്തെക്കുറിച്ചുള്ള ചില നിർവചനങ്ങൾ പരിശോധിക്കാം.

1. അധ്യാപനം, പഠനം എന്നിവ കൈകാര്യം ചെയ്യുന്ന മനശ്ശാസ്ത്രശാഖയാണ് വിദ്യാഭ്യാസമനശ്ശാസ്ത്രം.
2. പഠനസാഹചര്യങ്ങളിൽ മനശ്ശാസ്ത്രത്തിന്റെ സിദ്ധാന്തങ്ങളും കണ്ടെത്തലുകളും പ്രയോഗവത്ക്കരിക്കുകയാണ് വിദ്യാഭ്യാസമനശ്ശാസ്ത്രം.
3. പഠനബോധന പ്രക്രിയകളുടെ ശാസ്ത്രമാണ് വിദ്യാഭ്യാസമനശ്ശാസ്ത്രം.

ഈ നിർവചനങ്ങൾ വിശകലനം ചെയ്യുമ്പോൾ നിങ്ങൾക്കുണ്ടാകുന്ന തിരിച്ചറിവുകൾ എന്തൊക്കെയാണ്? ലിസ്റ്റ് ചെയ്യുക.

☞ **പ്രവർത്തനം**

വിദ്യാഭ്യാസ മനശ്ശാസ്ത്രത്തെക്കുറിച്ച് ഇപ്പോൾ നിങ്ങൾ നേടിയ ധാരണകൾ മെച്ചപ്പെടുത്തുവാൻ താഴെ നൽകിയിരിക്കുന്ന ആശയ സൂചനകൾ കൂടി പ്രയോജനപ്പെടുത്തി ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കൂ.

**വിദ്യാഭ്യാസ മനശ്ശാസ്ത്രം – പ്രസക്തിയും പ്രാധാന്യവും.**

- *വിദ്യാഭ്യാസമനശ്ശാസ്ത്രത്തിലുള്ള ധാരണ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ നിർണയിക്കാൻ സഹായിക്കുന്നു.*
- *പാഠ്യപദ്ധതിയും സിലബസ്സും തയാറാക്കുന്നതിന്.*
- *അനുയോജ്യമായ പഠനബോധന രീതികൾ അവലംബിക്കുന്നതിന്.*
- *കുട്ടിയുടെ പ്രകൃതം മനസ്സിലാക്കുന്നതിന്.*
- *വിലയിരുത്തൽ പ്രവർത്തനം ശാസ്ത്രീയമായി നടത്തുന്നതിനുള്ള അവഗാഹം നേടുന്നതിന്.*
- *ക്ലാസ്റൂം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ധാരണകൾ നേടുന്നതിന്.*
- *വ്യക്തിവ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് ഇടപെടുന്നതിന്.*
- *അധ്യാപനവൈദഗ്ധ്യം വർധിപ്പിക്കുന്നതിന്.*
-
-
-

☞ **പ്രവർത്തനം**

മുകളിൽ നൽകിയ സൂചനകളുടെയും വിവരശേഖരണത്തിന്റെയും അടിസ്ഥാനത്തിൽ **വിദ്യാഭ്യാസ മനശ്ശാസ്ത്രം – പ്രസക്തിയും പ്രാധാന്യവും** എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കൂ.

സെമിനാറിൽ നിന്നും ലഭിച്ച തിരിച്ചറിവുകളുടെ അടിസ്ഥാനത്തിൽ കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമായ റിപ്പോർട്ട് തയാറാക്കൂ.

*മനശ്ശാസ്ത്രത്തിലെ വ്യത്യസ്ത കാഴ്ചപ്പാടുകൾക്കനുസരിച്ച് വ്യത്യസ്തങ്ങളായ മനശ്ശാസ്ത്ര പഠന സമീപനങ്ങൾ (Schools of Psychology) രൂപപ്പെടുത്തിയിട്ടുണ്ട്. അവ താഴെ ചേർക്കുന്നു*

- *ഘടനാ മനശ്ശാസ്ത്രം (Structuralism)*
- *ധർമ്മ മനശ്ശാസ്ത്രം (Functionalism)*
- *വ്യവഹാര മനശ്ശാസ്ത്രം (Behaviourism)*
- *സമഗ്ര മനശ്ശാസ്ത്രം (Gestaltism)*
- *മനോവിശ്ലേഷണ മനശ്ശാസ്ത്രം (Psycho analysis)*
- *വൈജ്ഞാനിക മനശ്ശാസ്ത്രം (Cognitive Psychology)*
- *മാനവിക മനശ്ശാസ്ത്രം (Humanism)*

*മനുഷ്യന്റെ മാനസിക വ്യാപാരങ്ങളെക്കുറിച്ചുള്ള പഠനത്തിലാണ് മനശ്ശാസ്ത്രം ഊന്നൽ നൽകുന്നതെങ്കിലും മറ്റു മേഖലകളിലും ഇത് പ്രയോജനപ്പെടുത്തുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിവിധ മനശ്ശാസ്ത്ര ശാഖകൾ രൂപപ്പെട്ടു വന്നിട്ടുമുണ്ട്. അവയിൽ ചിലത് പരിചയപ്പെടാം*

*പൊതു മനശ്ശാസ്ത്രം (General Psychology), സാമൂഹ്യ മനശ്ശാസ്ത്രം (Social Psychology), പരീക്ഷണ മനശ്ശാസ്ത്രം (Experimental Psychology), വികാസ മനശ്ശാസ്ത്രം (Developmental Psychology), വൈജ്ഞാനിക മനശ്ശാസ്ത്രം (Cognitive Psychology), അപസാമാന്യ മനശ്ശാസ്ത്രം (Abnormal Psychology) തുടങ്ങിയവ അടിസ്ഥാന മനശ്ശാസ്ത്ര ശാഖയിൽ (Pure Psychology) പെടുന്നവയാണ്. ചികിത്സാ മനശ്ശാസ്ത്രം (Clinical Psychology), വ്യാവസായിക മനശ്ശാസ്ത്രം (Industrial Psychology), അപരാധ മനശ്ശാസ്ത്രം (Criminal Psychology), സൈനിക മനശ്ശാസ്ത്രം (Military Psychology), കായിക മനശ്ശാസ്ത്രം (Sports Psychology), നിയമ മനശ്ശാസ്ത്രം (Legal Psychology), വിദ്യാഭ്യാസമനശ്ശാസ്ത്രം (Educational Psychology) തുടങ്ങിയവ പ്രയുക്ത മനശ്ശാസ്ത്ര (Applied Psychology) ശാഖകളാണ്.*

വിദ്യാഭ്യാസ മനശ്ശാസ്ത്രം എന്ന വിഷയവുമായി ബന്ധപ്പെട്ട് നടത്തിയ സെമിനാറിൽ നിന്നും ലഭിച്ച ധാരണകളുടെ അടിസ്ഥാനത്തിൽ യൂണിറ്റിന്റെ ആദ്യഭാഗത്ത് വിശകലനം ചെയ്ത ക്ലാസ് മെച്ചപ്പെടുത്താൻ നിങ്ങൾക്കുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?

- ഇടപെടൽ കൂടുതൽ ജനാധിപത്യപരമാക്കാം.
- നിരീക്ഷണത്തിനും വിവരണശേഖരത്തിനും എല്ലാവർക്കും അവസരം നൽകാം.
- എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്താം.
-
-

ക്ലാസ്സ്റൂം പ്രക്രിയ മെച്ചപ്പെടുത്താൻ വിദ്യാഭ്യാസമനശ്ശാസ്ത്രത്തിലുള്ള ധാരണ ഫലപ്രദമായി ഉപയോഗപ്പെടുത്താമെന്ന് വ്യക്തമായല്ലോ.

ശാസ്ത്രീയരീതികൾ (Scientific Methods) പ്രയോജനപ്പെടുത്തുന്നതുകൊണ്ട് വിദ്യാഭ്യാസമനശ്ശാസ്ത്രത്തെ ഒരു പ്രയുക്ത ശാസ്ത്രശാഖ (Applied Science) യായി പരിഗണിക്കാം.

നിരീക്ഷണം, വിവരശേഖരണം, പരീക്ഷണം, നിഗമനരൂപീകരണം, സാമാന്യവൽക്കരണം തുടങ്ങിയ ശാസ്ത്രീയ രീതികളിലൂടെയാണ് ഈ ശാസ്ത്രശാഖ വികസിച്ചുവന്നത്.

വിദ്യാഭ്യാസമനശ്ശാസ്ത്രത്തിൽ പ്രതിപാദിക്കുന്നത് പഠിതാവ്, അധ്യാപകൻ, കുടുംബം, സമൂഹം തുട

ങ്ങിയ സാമൂഹിക ഘടകങ്ങളെയാണ്. അതിനാൽ ഈ ശാസ്ത്രശാഖ സാമൂഹികശാസ്ത്രത്തിന്റെ സവിശേഷതകളും ഉൾക്കൊള്ളുന്നു.

> ☞ **പ്രവർത്തനം**
>
> ഇപ്പോൾ ലഭിച്ച ധാരണകളുടെ അടിസ്ഥാനത്തിൽ **വിദ്യാഭ്യാസ മനശ്ശാസ്ത്രം ഒരു പ്രയുക്ത ശാസ്ത്രശാഖ** എന്ന ശീർഷകത്തിൽ നിങ്ങളുടെ മനശ്ശാസ്ത്ര ഡയറിയിൽ ഒരു കുറിപ്പ് തയാറാക്കുക.

കുട്ടികൾ സംഘം ചേർന്ന് കളിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാവുമല്ലോ. എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾക്ക് നിരീക്ഷിക്കാൻ കഴിഞ്ഞിട്ടുള്ളത്?

- കളിയുടെ നിയമം പാലിക്കുന്നു.
- കളിക്കിടയിലുള്ള ഇണക്കവും പിണക്കവും
- കളിയിലെ പങ്കാളിത്തം
- മത്സരബോധം
- കൂട്ടായ്മ
-

ഓരോ കുട്ടിയും തന്റേതായ രീതിയിലാണ് ഓരോ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നത്. കുട്ടികളുടെ പ്രകൃതം വ്യത്യസ്തമാണ് എന്ന തിരിച്ചറിവിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

കുട്ടിയുടെ പ്രകൃതം ശാസ്ത്രീയമായി പഠിക്കാൻ എന്താണ് മാർഗം?

നിരീക്ഷിച്ചു പഠിക്കാം.

ഉപാഖ്യാനരേഖ, സഞ്ചിത രേഖ, ചെക്ക്‌ലിസ്റ്റ്, റേറ്റിങ് സ്കെയിൽ തുടങ്ങിയ ചില മനശാസ്ത്ര ഉപാധികൾ (techniques) ഉപയോഗിച്ച് നിരീക്ഷണം വഴി ഫലപ്രദമായി വിവരശേഖരണം നടത്താൻ കഴിയും. മനശ്ശാസ്ത്രപഠനത്തിന് ഇത്തരത്തിലുള്ള ധാരാളം രീതികളും ഉപാധികളും ഉപയോഗപ്പെടുത്താറുണ്ട്.

### മനശ്ശാസ്ത്ര ഗവേഷണ ഉപാധികളും രീതികളും

മറ്റു ശാസ്ത്ര ശാഖകളെപ്പോലെ തന്നെ മനശ്ശാസ്ത്രവും സത്യാന്വേഷണത്തിന് തനതായ രീതികളും ഉപാധികളും സ്വീകരിക്കാറുണ്ട്. ഇത്തരം രീതികൾക്കും ഉപാധികൾക്കും കാലാനുസൃതമായ കൂട്ടിച്ചേർക്കലുകളും ഉണ്ടായിട്ടുണ്ട്. മനശ്ശാസ്ത്ര ഗവേഷണത്തിൽ ഉപയോഗപ്പെടുത്തുന്ന പ്രധാനപ്പെട്ട രീതികളും ഉപാധികളുമാണ് ഇവിടെ വിശദീകരിക്കുന്നത്.

#### 1. ആത്മനിഷ്ഠരീതി (Introspection)

'Introspection' എന്നതിൽ രണ്ട് വാക്കുകൾ ഉൾച്ചേർന്നിട്ടുണ്ട്. **intro, specere** എന്നീ രണ്ട് വാക്കുകളിൽ നിന്നാണ് ഈ പദം ഉണ്ടായിട്ടുള്ളത്. **intro** എന്നവാക്കിന്റെ അർത്ഥം 'Inward'/ 'with in' എന്നും **specere** എന്ന വാക്കിന്റെ അർത്ഥം 'to look at' എന്നുമാണ്. (Introspection - Action of searching ones feelings or thoughts) സ്വന്തം മനസ്സിന്റെ ഉള്ളിലേക്ക് നോക്കലിനാണ് ഇതിൽ പ്രാധാന്യം. ഈ രീതിയിൽ ഒരാൾ സ്വന്തം മാനസിക അവസ്ഥയെയും മാനസികപ്രതിഭാസങ്ങളെയും മനസ്സിന്റെ ഉള്ളിലേക്ക് നോക്കിക്കൊണ്ട് വിവരിക്കുകയും വിശകലന വിധേയമാക്കുകയുമാണ് ചെയ്യുന്നത്. ചിന്തകൾ, വികാരങ്ങൾ, ഉത്ക്കണ്ഠകൾ, ആഗ്രഹങ്ങൾ, പ്രതീക്ഷകൾ തുടങ്ങിയവയാണ് മാനസിക പ്രതിഭാസങ്ങൾ എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്.

വില്യം വൂണ്ട് (Wilhelm Wundt), എഡ്വേർഡ് റ്റിച്ച്നർ (Edward Titchener) എന്നിവരാണ് ഈ രീതിയുടെ പ്രമുഖ വക്താക്കൾ. ഈ രീതി ആദ്യമായി ഉപയോഗിച്ചത് വൂണ്ട് ആണെങ്കിലും ഇതിനെ കൂടുതൽ ശാസ്ത്രീയവും കൃത്യവുമാക്കിയത് റ്റിച്ച്നറാണ്.

സ്വാഭാവികതയും ഏതു സാഹചര്യത്തിലുമുള്ള നിർവ്വഹണ സാധ്യതയും ഈ രീതിയുടെ സവിശേഷതകളാണെങ്കിലും വിശ്വാസ്യത, ശാസ്ത്രീയത എന്നീ ഘടകങ്ങൾ വേണ്ടത്രയുണ്ടെന്നു പറയാൻ കഴിയില്ല. കുട്ടികളിലും അസാധാരണ മാനസിക അവസ്ഥകൾ ഉള്ളവരിലും ഈ രീതി പ്രായോഗികമാവില്ല.

**2. നിരീക്ഷണ രീതി (Observation)**

സ്വഭാവ പഠനത്തിന്റെ ആദ്യകാല രീതിയാണിത്. ഇതിൽ ഒരു വ്യക്തിയുടെ വ്യവഹാരത്തെ തത്സമയം തന്നെ നേരിട്ട് നിരീക്ഷിക്കുന്നു. ആധുനികകാലത്ത് നിരീക്ഷണത്തിന് ഉപയോഗിക്കാവുന്ന ഒട്ടേറെ ശാസ്ത്രീയ ഉപകരണങ്ങൾ ലഭ്യമാണ്. വ്യവഹാരത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തി/ഗ്രൂപ്പ് അറിയാതെ നിരീക്ഷിക്കുമ്പോൾ അത് പരോക്ഷനിരീക്ഷണവും (Indirect observation) നിരീക്ഷകൻ കൂടി നിരീക്ഷണവിധേയമാകുന്നവർക്കൊപ്പം നിന്നു നിരീക്ഷിക്കുമ്പോൾ അത് ഭാഗഭാഗിത്വ നിരീക്ഷണ (Participant observation) വുമാകുന്നു. നിരീക്ഷണം ഫലപ്രദമാകണമെങ്കിൽ കൃത്യമായ ആസൂത്രണം, ഉപകരണങ്ങളുടെ (ക്യാമറ, ടേപ്പ്, പട്ടികകൾ തുടങ്ങിയവ) കൃത്യമായ ഉപയോഗം, നിരീക്ഷകന്റെ മികച്ച വൈദഗ്ധ്യം, വസ്തുനിഷ്ഠമായ സമീപനം തുടങ്ങിയവ അനിവാര്യമാണ്.

ശേഖരിക്കപ്പെടുന്ന വിവരങ്ങളുടെ ഉയർന്ന വിശ്വാസ്യത നിരീക്ഷണരീതിയുടെ മേന്മയാണെങ്കിലും യോഗ്യതയുള്ള നിരീക്ഷകരുടെ കുറവും നിരീക്ഷകപക്ഷപാതിത്വവും വിവരങ്ങളുടെ രേഖീകരണ വൈഷമ്യവും പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. എങ്കിലും ക്ലാസ്സുമുറിയിൽ പല സന്ദർഭങ്ങളിലും ഈ രീതി സഹായകരമാണ്.

**3. പരീക്ഷണ രീതി (Experimental Method)**

1879 - ൽ ജർമ്മനിയിലെ ലിപ്സീഗിൽ (Leipzig) ആദ്യത്തെ മനശ്ശാസ്ത്ര ലബോറട്ടറി സ്ഥാപിച്ച വില്യംവൂണ്ട് തന്നെയണ് പരീക്ഷണരീതിക്ക് പ്രചാരം നേടിക്കൊടുത്തത്. അതുകൊണ്ട് തന്നെ ഇദ്ദേഹം പരീക്ഷണ മനശ്ശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്നു. മനശ്ശാസ്ത്രത്തിന് കൂടുതൽ വസ്തുനിഷ്ഠത നേടിക്കൊടുത്ത് അതിനെ ഒരു ശാസ്ത്രമായി വികസിപ്പിക്കുന്നതിൽ ഈ രീതി വലിയ പങ്കുവഹിച്ചു. പരീക്ഷണരീതിയിൽ, ഒരു സംഭവം ഉണ്ടാകുന്നതിന്റെ വ്യവസ്ഥകളും സാഹചര്യങ്ങളും പരീക്ഷകന്റെ നിയന്ത്രണത്തിലായിരിക്കും. പരീക്ഷകന് സാഹചര്യങ്ങളെ വ്യത്യസ്തമാക്കാനും നിരീക്ഷിക്കാനും കഴിയും.

പരീക്ഷണങ്ങളും നിരീക്ഷണങ്ങളും എങ്ങനെയാണ് മനശ്ശാസ്ത്രത്തിന്റെ വളർച്ചയിൽ പങ്കുവഹിച്ചതെന്ന് രണ്ടാം സെമസ്റ്ററിലെ **'പഠനം'** എന്ന യൂണിറ്റിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

**4. അഭിമുഖം (Interview)**

ഏതെങ്കിലും ഒരു ലക്ഷ്യത്തെ മുൻനിർത്തി, രണ്ടോ അതിലധികമോ വ്യക്തികൾ മുഖാമുഖമായോ അല്ലാതെയോ നടത്തുന്ന സംഭാഷണമാണ് അഭിമുഖം. വ്യവഹാരത്തിന്റെ വിവിധ മാനങ്ങൾ കണ്ടെത്താനും വ്യക്തമായ ഉത്തരത്തിലേക്കു നയിക്കുന്ന ചോദകചോദ്യങ്ങൾ രൂപപ്പെടുത്താനുമുള്ള അഭിമുഖകാരന്റെ കഴിവിനെ ആശ്രയിച്ചാണ് അഭിമുഖത്തിന്റെ വിജയം. അഭിമുഖം പൊതുവെ രണ്ടുതരമുണ്ട്.

1. സുഘടിതം (Structured)
2. സുഘടിതമല്ലാത്തത് (Unstructured)

ഈ രണ്ട് രീതികളും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് കണ്ടെത്തൂ?

വ്യക്തിത്വങ്ങളെക്കുറിച്ചുള്ള പഠനത്തിലും ചികിത്സയിലും ഏർപ്പെട്ടിരിക്കുന്ന ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളും പൊതുജനാഭിപ്രായം, വിശ്വാസങ്ങൾ എന്നിവയെക്കുറിച്ചു പഠിക്കുന്ന സാമൂഹിക മനശ്ശാസ്ത്രജ്ഞരും ഈ രീതി കൂടുതലായി ഉപയോഗിച്ചു വരുന്നു. സാഹചര്യാനുസൃത ഭേദഗതികൾക്കുള്ള സാധ്യതയും വിശദീകരണ സാധ്യതയുമുണ്ടെങ്കിലും വിഷയവ്യതിചലനവും സമയനഷ്ടവും കൃത്രിമ സാഹചര്യങ്ങളും ചോദ്യകർത്താവിന്റെ താല്പര്യങ്ങളും മറ്റും പലപ്പോഴും ഈ രീതിയുടെ പരിമിതികളാകാറുണ്ട്.

### 5. സർവെ രീതി (Survey Method)

ഒരു നിർദ്ദിഷ്ട സാഹചര്യത്തിൽ ഒരു പ്രത്യേക ഗ്രൂപ്പിൽ നിലനിൽക്കുന്ന സ്വഭാവവിശേഷത്തെ പഠിക്കാൻ ഈ രീതി സഹായകരമാണ്. പരീക്ഷണരീതി പ്രായോഗികമല്ലാത്തിടത്ത് സർവെരീതി തെരഞ്ഞെടുക്കാം. സ്വാഭാവിക സാഹചര്യങ്ങളിൽ വലിയൊരു ഗ്രൂപ്പിൽ നിന്നുമുള്ള വിവരശേഖരണമാണ് സർവെ. ആസൂത്രണം, സാമ്പിൾ തെരഞ്ഞെടുക്കൽ, വിവരശേഖരണം, വിവരവിശകലനം, നിഗമനങ്ങളിലെത്തൽ തുടങ്ങിയ വിവിധ ഘട്ടങ്ങൾ സർവെയിലുണ്ട്.

### 6. ക്ലിനിക്കൽ രീതി (Clinical Method)

മനോരോഗ ബാധിതരായവരുടെ രോഗനിർണയത്തിലും ചികിത്സയിലുമാണ് ഇത് അധികവും ഉപയോഗിക്കുക. ക്ലിനിക്കൽ പശ്ചാത്തലത്തിൽ വ്യക്തിയുടെ അസ്വാഭാവിക പ്രശ്നങ്ങൾ പഠിക്കുന്നു, കണ്ടെത്തുന്നു, വൈദ്യശാസ്ത്ര മാർഗങ്ങളിലൂടെ പരിഹരിക്കുന്നു. ലൈറ്റ്നർ വിറ്റ്മർ (Lightner Witmer) ആണ് ക്ലിനിക്കൽ മനശ്ശാസ്ത്രവും ക്ലിനിക്കൽ രീതിയും ആദ്യമായി അവതരിപ്പിച്ചത്. പിന്നീട് ഫ്രോയ്ഡ്, ആഡ്‌ലർ, യൂങ് എന്നിവരും ഇത് ഫലപ്രദമായി ഉപയോഗിച്ചു.

### 7. സാമൂഹികബന്ധ പരിശോധനകൾ (Sociometric Techniques)

ഒരു ഗ്രൂപ്പിനുള്ളിലെ അംഗങ്ങളുടെ സാമൂഹ്യബന്ധത്തിന്റെ തോത് നിർണയിക്കാനും അയാളുടെ സ്വീകാര്യതയും അയാളോടുള്ള വിമുഖതയും എത്രമാത്രമെന്ന് പരിശോധിക്കാനുമുള്ള ഒരു മാർഗമാണ് ജെ.എൽ.മൊറീനോ (J.L.Moreno) വികസിപ്പിച്ച സാമൂഹ്യബന്ധ പരിശോധന. അംഗങ്ങളോട് വിവിധ സാഹചര്യങ്ങളിൽ അവരോടൊപ്പമുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന വ്യക്തികളുടെ പേരുകളും ഒഴിവാക്കാനാഗ്രഹിക്കുന്ന വ്യക്തികളുടെ പേരുകളും നിർദേശിക്കാൻ ആവശ്യപ്പെടുന്നു. ഈ വിവരങ്ങൾ അപഗ്രഥിച്ച് ആ ഗ്രൂപ്പിലെ സാമൂഹ്യബന്ധത്തിന്റെ സ്വഭാവം വിലയിരുത്തുന്നു. സാധാരണ ഗതിയിൽ സഹസമൂഹ ങ്ങളിലാണ് ഇത്തരം പഠനം നടത്താറുള്ളത്.

## സോഷ്യോഗ്രാം (Sociogram) തയാറാക്കുന്നതിനുള്ള പ്രവർത്തനക്രമം

ഒരു ഗ്രൂപ്പിലെ (ക്ലാസ്സിലെ) കുട്ടികളോട് ലളിതമായ ഒരു ചോദ്യത്തിന്റെ പ്രതികരണം രേഖപ്പെടുത്താൻ പറയുന്നു. ഇതിനായി താഴെപ്പറയുന്ന ഏതെങ്കിലും ഒരു ചോദ്യം പ്രയോജനപ്പെടുത്താം. സമാനമായ മറ്റു ചോദ്യങ്ങളും ഉപയോഗിക്കാം.

1. പഠനയാത്ര പോകുമ്പോൾ ബസ്സിൽ നിങ്ങളുടെ കൂടെ സീറ്റിലിരിക്കേണ്ട സുഹൃത്ത് ആരാണ്?
2. പിറന്നാൾ ദിവസം നല്ലൊരു സമ്മാനം ഏതെങ്കിലും ഒരു സുഹൃത്തിന് നൽകാമെന്ന് രക്ഷിതാക്കൾ പറഞ്ഞിട്ടുണ്ട്. എങ്കിൽ നിങ്ങൾ ഏതു സുഹൃത്തിന് നൽകും?

ചോദ്യത്തിന്റെ പ്രതികരണം തന്റെ പേരെഴുതിയ സ്ലിപ്പിൽ രേഖപ്പെടുത്തുന്നു. പരസ്പരം മാറിപ്പോകുന്നത് ഒഴിവാക്കാൻ 1 എന്നെഴുതി സ്വന്തം പേരും 2 എന്നെഴുതി കൂട്ടുകാരന്റെ പേരും എഴുതാൻ നിർദേശിക്കാം. ഈ സ്ലിപ്പുകൾ ഉപയോഗിച്ച് വിവരങ്ങൾ പട്ടികപ്പെടുത്താം. ഇതിനായി എല്ലാ കുട്ടികളുടെയും പേരുകൾ കുത്തനെയും വിലങ്ങനെയും എഴുതണം. ക്രമനമ്പർ കൂടി അതോടൊപ്പം ചേർക്കാം.

പേപ്പർ സ്ലിപ്പിൽ നിന്ന് ഈ വിവരങ്ങൾ പട്ടികയിലേക്ക് മാറ്റുന്നതിന് താഴെപറയുന്ന ക്രമം സ്വീകരിക്കാം. ഓരോ കുട്ടിയും ഏതു കുട്ടിയുടെ പേരാണ് നിർദേശിച്ചിട്ടുള്ളത് എന്നാണ് രേഖപ്പെടുത്തേണ്ടത്. കുത്തനെയുള്ള പേരു വിവരത്തിന് നേരെ ഏതു കുട്ടിയെയാണ് നിർദേശിച്ചിട്ടുള്ളത് എന്ന് **'x'** ചിഹ്നം ചേർത്ത് രേഖപ്പെടുത്താം.

10 പേരുകൾ ഉദാഹരണമായി എടുത്ത് തയാറാക്കിയ പട്ടിക ശ്രദ്ധിക്കൂ.

| ക്രമ നമ്പർ | പേര് | ജിഷ്ണു | റാഫി | ഷിജി | നിവി | മായ | രവി | സ്നേഹ | അനു | ജോസ് | സഹീറ |
|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ജിഷ്ണു | | | | x | | | | | | |
| 2 | റാഫി | | | | | | x | | | | |
| 3 | ഷിജി | | | | | x | | | | | |
| 4 | നിവി | x | | | | | | | | | |
| 5 | മായ | | | | | | | | x | | |
| 6 | രവി | | | | | | | | | x | |
| 7 | സ്നേഹ | | | | | | | | | | |
| 8 | അനു | | | | | x | | | | | |
| 9 | ജോസ് | | x | | | | | | | | |
| 10 | സഹീറ | | | | | x | | | | | |
| ആകെ നിർദ്ദേശങ്ങൾ | | 1 | 1 | 0 | 1 | 3 | 1 | 0 | 1 | 1 | 0 |

പട്ടികയിൽ നിന്ന് ജിഷ്ണു നിവിയെയും റാഫി രവിയെയും ഷിജി മായയെയും കൂട്ടുകാരായി നിർദ്ദേശിച്ചിട്ടുള്ളത് വ്യക്തമാണല്ലോ. ഇതുപോലെ ഓരോരുത്തരും നിർദ്ദേശിച്ച കൂട്ടുകാരെ കണ്ടെത്തുക. ഇത് ക്രമനമ്പർ വട്ടമിട്ടെഴുതി നിർദ്ദേശങ്ങൾ അസ്ത്രചിഹ്നം (→) ചേർത്ത് താഴെ കൊടുക്കുന്ന രീതിയിൽ രേഖപ്പെടുത്താം. ഈ ചിത്രീകരണത്തെ സോഷ്യോഗ്രാം (Sociogram) എന്നു പറയുന്നു.




പട്ടികയിലെ മുഴുവൻ വിവരങ്ങളും ഉപയോഗിച്ച് ചിത്രീകരണം പൂർത്തിയാക്കൂ...

പൂർത്തിയാക്കിയ സോഷ്യോഗ്രാം വിശകലനം ചെയ്താൽ നമുക്ക് എന്തെല്ലാം കണ്ടെത്താം? കൂടുതൽ വ്യക്തികളാൽ നിർദ്ദേശിക്കപ്പെട്ട ആളുകൾ ആരൊക്കെയാണ്? ഇവരെ **താരങ്ങൾ (stars)** എന്നുവിളിക്കാം.

ക്രമനമ്പർ 1 ഉം 4 ഉം പരസ്പരം നിർദേശിച്ചിരിക്കുന്നു. ഇത്തരക്കാർ **ദ്വന്ദ്വങ്ങൾ (twins)** എന്നറിയപ്പെടുന്നു. ക്രമനമ്പർ 2 ക്രമനമ്പർ 6 നെയും, ക്രമനമ്പർ 6 ക്രമനമ്പർ 9 നെയും, ക്രമനമ്പർ 9 ക്രമനമ്പർ

2 നെയും നിർദേശിച്ചിരിക്കുന്നു. ഇത്തരത്തിലുള്ള കൂട്ടങ്ങളാണ് **ക്ലിക്കുകൾ (cliques)**. വളരെ കൂടുതൽ അംഗങ്ങൾ ഒരു ചങ്ങല പോലെ നിർദേശിക്കപ്പെട്ടാൽ **ഗ്യാങ്ങുകൾ (gangs)** രൂപപ്പെടും. ആരെയും നിർദേശിക്കാതെയും ആരാലും നിർദേശിക്കപ്പെടാതെയുമിരിക്കുന്നവർ **ഏകാകികൾ (isolates)** ആണ്. ഈ സോഷ്യോഗ്രാമിലെ ഏകാകികൾ ആരൊക്കെയാണ്?

☞ **പ്രവർത്തനം**

ക്ലാസ്സുമുറിയിൽ ഇടപെടുന്ന ടീച്ചർ ഇത്തരം ബന്ധങ്ങളെയും ബന്ധമില്ലായ്മളെയും എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടത്? ചർച്ച ചെയ്യൂ.

അഭിലഷണീയമായ സാമൂഹികാരോഗ്യത്തിന് ഏതു രീതിയിലുള്ള ബന്ധങ്ങളാണ് നല്ലത്? കണ്ടെത്തൂ.

ലളിതമായ മാർഗമാണ് സോഷ്യോഗ്രാം തയാറാക്കാൻ ഇവിടെ സ്വീകരിച്ചിട്ടുള്ളത്. കൂടുതൽ ചോദ്യങ്ങളും കൂടുതൽ നിർദ്ദേശങ്ങൾ നൽകുവാനുള്ള അവസരങ്ങളും നൽകി സോഷ്യോഗ്രാം തയാറാക്കാം.

☞ **പ്രവർത്തനം**

ഇവിടെ പരിചയപ്പെട്ട സോഷ്യോമെട്രി എന്ന മനശ്ശാസ്ത്ര പഠനരീതി ഇന്റേൺഷിപ്പ് സമയത്ത് ക്ലാസ്സിൽ പ്രയോഗിച്ച് പ്രായോഗികത ബോധ്യപ്പെടണം. അധ്യാപികയുടെ സഹായത്തോടെ ക്ലാസ് മുറിയിലെ സാമൂഹ്യബന്ധം കണ്ടെത്തി സോഷ്യോഗ്രാം (Sociogram) തയാറാക്കണം. പ്രാക്ടിക്കൽ റെക്കോർഡിൽ റിപ്പോർട്ടും തയാറാക്കണം.

### 8. പ്രക്ഷേപണ രീതി (Projective Method)

അസ്വാഭാവികമായ പെരുമാറ്റ സവിശേഷതകളുള്ള വ്യക്തികളുടെ സവിശേഷ സ്വാഭാവത്തെയും അബോധമനസ്സിലുള്ള അടിച്ചമർത്തപ്പെട്ട വികാരങ്ങളെയും മനസ്സിലാക്കുന്നതിനും അപഗ്രഥിക്കുന്നതിനുമാണ് പ്രക്ഷേപണ രീതികൾ ഉപയോഗപ്പെടുത്തുന്നത്.

റോഷ മഷിയൊപ്പ് പരീക്ഷ (Rorschach Ink Blot Test), തീമാറ്റിക് അപ്പർസെപ്ഷൻ ടെസ്റ്റ് (Thematic Apperception Test), ചിൽഡ്രൻസ് അപ്പർസെപ്ഷൻ ടെസ്റ്റ് (Children's Apperception Test), പദസഹചരത്വ പരീക്ഷ (Word Association Test), വാക്യപൂരണ പരീക്ഷ (Sentence Completion Test) തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്.

### 9. സഞ്ചിത രേഖ (Cumulative Record)

ഒരു കുട്ടിയെ വ്യക്തമായി അറിയാനും പഠിക്കാനും ആദ്യകാലം മുതലുള്ള തുടർച്ചയായ സൂക്ഷ്മമായ വിവരങ്ങൾ അനിവാര്യമാണ്. ഈ രീതിയിൽ തുടർച്ചയായി വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തുന്ന സമഗ്രമായ ഒരു റിക്കാർഡ് ആണ് സഞ്ചിത രേഖ. കാര്യശേഷി, മാനസികപക്വത, പഠനനേട്ടം, സാമൂഹികബോധം, മൂല്യബോധം, വൈകാരികവികാസം, ആരോഗ്യസ്ഥിതി, പാഠ്യേതര താല്പര്യങ്ങൾ, സാമൂഹിക പശ്ചാത്തലം, മെച്ചപ്പെടൽ സാധ്യതകൾ തുടങ്ങി ഒട്ടേറെ വിവരങ്ങൾ സഞ്ചിത രേഖയിൽ ഉണ്ടാകും.

### 10. ഉപാഖ്യാന രേഖ (Anecdotal Record)

കുട്ടികളിലുണ്ടാകുന്ന അവിചാരിതമായ പ്രതികരണങ്ങളും സവിശേഷ സംഭവങ്ങളും രേഖപ്പെടുത്തി വയ്ക്കുന്ന റിക്കാർഡ് ആണിത്. ആകസ്മികമായ പ്രതികരണങ്ങളും സവിശേഷ സംഭവങ്ങളും അപ്പപ്പോൾ രേഖപ്പെടുത്തി വയ്ക്കുന്നത് കുട്ടിയുടെ വ്യക്തിത്വസവിശേഷതകളിലേക്ക് വെളിച്ചം വീശുന്നു. പേര്, സംഭവവിവരണം, സംഭവവ്യാഖ്യാനം തുടങ്ങിയവ രേഖപ്പെടുത്താനുള്ള കോളങ്ങൾ ഈ റിക്കാർഡിൽ ഉണ്ടാകും.

## 11. ചെക്ക്‌ലിസ്റ്റ് (Checklist)

വ്യക്തിത്വ സവിശേഷതകളെക്കുറിച്ചുള്ള വിവരങ്ങൾ ലളിതമായി ശേഖരിക്കുന്നതിനുള്ള ഉപാധി യാണ് ചെക്ക്‌ലിസ്റ്റ്. ഒരേ സമയത്ത് ഒന്നിലധികം പേരുടെ വിവരങ്ങൾ ശേഖരിക്കാനുള്ള സാധ്യത ചെക്ക്‌ലിസ്റ്റിന്റെ പ്രത്യേകതയാണ്. കണ്ടെത്താൻ ഉദ്ദേശിക്കുന്ന സവിശേഷതയുടെ വിവിധമാനങ്ങൾ ഉൾക്കൊള്ളുന്ന പ്രസ്താവനകൾ തയാറാക്കി, അവ **'ഉണ്ട്'** അല്ലെങ്കിൽ **'ഇല്ല'** എന്നു കണ്ടെത്തി രേഖപ്പെടുത്തുന്നു. വസ്തുതകൾ എത്രത്തോളം പ്രകടമാണ്/പ്രകടമല്ല എന്ന് ഇതിലൂടെ കണ്ടെത്തു വാൻ കഴിയില്ല.

### ചെക്ക്‌ലിസ്റ്റിന്റെ ചില സാമ്പിളുകൾ പരിചയപ്പെടാം

**സാമ്പിൾ - 1**

3 വയസ്സുള്ള ഒരു കുട്ടിയുടെ ചാലകശേഷികൾ തിരിച്ചറിയുന്നതിനും രേഖപ്പെടുത്തുന്നതിനും വേണ്ടിയുള്ളത്

കുട്ടിയുടെ പേര് :

| നം | പ്രസ്താവന | ശ്രമിക്കുന്നു (Attempted) | കൈവരിച്ചിട്ടുണ്ട് (Mastered) |
|---|---|---|---|
| 1 | സ്ഥിരതയോടെ നടക്കുന്നു | | |
| 2 | ഓടുന്നു | | |
| 3 | ഓടി വന്ന് കൃത്യമായി നിൽക്കാൻ സാധിക്കുന്നു | | |
| 4 | ഒറ്റക്കാലിൽ ചാടുന്നു | | |
| 5 | ഏണിപ്പടികൾ കയറുന്നു | | |
| 6 | ഒരു പടിയിൽ ഒരു കാൽ എന്ന ക്രമത്തിൽ പടികൾ കയറുന്നു | | |
| 7 | മുകളിലേക്ക് ചാടുന്നു | | |
| 8 | ഒറ്റക്കാലിൽ നിൽക്കാൻ കഴിയുന്നു | | |
| 9 | മുച്ചക്ര സൈക്കിൾ ഓടിക്കുന്നു | | |
| 10 | കൈപൊക്കി പന്തെറിയുന്നു | | |

**സാമ്പിൾ - 2**

5 മുതൽ 6 വയസ്സുവരെയുള്ള കുട്ടിയുടെ ചാലകശേഷികൾ തിരിച്ചറിയുന്നതിനും രേഖപ്പെടു ത്തുന്നതിനും വേണ്ടിയുള്ളത്

കുട്ടിയുടെ പേര് :

| നം | പ്രസ്താവന | ശ്രമിക്കുന്നു (Attempted) | കൈവരിച്ചിട്ടുണ്ട് (Mastered) |
|---|---|---|---|
| 1 | ബിൽഡിംഗ് ബ്ലോക്കുകൾ ഉപയോഗിച്ച് വീടുകളും മറ്റ് രൂപങ്ങളും ഉണ്ടാക്കുന്നു. | | |
| 2 | പേപ്പറിൽ അടയാളപ്പെടുത്തിയ വരകളിലൂടെ ചിത്രങ്ങൾ വെട്ടിയെടുക്കുന്നു. | | |
| 3 | ചിത്രങ്ങൾക്ക് ഉള്ളിൽ നിറം നൽകുന്നു | | |

| | | | |
|---|---|---|---|
| 4 | സ്വന്തമായി പേരെഴുതാൻ സാധിക്കുന്നു | | |
| 5 | തല, ഉടൽ, കൈകാലുകൾ എന്നിവ ഉൾപ്പെടുന്ന മനുഷ്യരൂപങ്ങൾ വരയ്ക്കുന്നു | | |
| 6 | 10 മുതൽ 15 വരെ ഭാഗങ്ങളുള്ള ജിഗ്സോ പസിൽ പൂർത്തീകരിക്കുന്നു | | |
| 7 | സ്പൂൺ ഉപയോഗിച്ച് ഭക്ഷണം കോരിക്കഴിക്കുവാൻ കഴിയുന്നു | | |
| 8 | ഷൂവിന്റെ ലേസ് കെട്ടുന്നു | | |
| 9 | അനായാസമായി വസ്ത്രം ധരിക്കുന്നു | | |
| 10 | സ്വയം ബട്ടണുകൾ ഇടുന്നു | | |

### 12. റേറ്റിങ് സ്കെയിൽ (Rating scale)

ഒരു സാഹചര്യത്തെക്കുറിച്ചോ വസ്തുതയെക്കുറിച്ചോ സ്വഭാവസവിശേഷതകളെക്കുറിച്ചോ ഉള്ള വിലയിരുത്തലിന്റെ പ്രകാശനമാണ് ഇതിലുള്ളത്. ചെക്ക്ലിസ്റ്റിൽ നിന്നു വ്യത്യസ്തമായി റേറ്റിങ് സ്കെയിലിൽ, നിരീക്ഷിക്കപ്പെടുന്ന വ്യവഹാരത്തിന്റെ പ്രത്യേകതകൾ എത്ര അളവിലും തീവ്രതയിലുമുണ്ടെന്ന് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്നു. 3 മുതൽ 11 വരെ റേറ്റിങ് തലങ്ങളുള്ള വിവിധ റേറ്റിങ് സ്കെയിലുകൾ നിലവിലുണ്ട്. ലിക്കർട്ട് സ്കെയിൽ (5 പോയിന്റ് റേറ്റിങ്), തഴ്സ്റ്റൺ സ്കെയിൽ (11 പോയിന്റ് റേറ്റിങ്) തുടങ്ങിയവ ചില പ്രസിദ്ധ റേറ്റിങ് സ്കെയിലുകൾക്ക് ഉദാഹരണങ്ങളാണ്.

5 വയസ്സുള്ള ഒരു കുട്ടിയുടെ ഭാഷാ വികസനശേഷികൾ തിരിച്ചറിയുന്നതിനും വിലയിരുത്തുന്നതിനും ഉള്ള ഒരു റേറ്റിങ് സ്കെയിൽ പരിചയപ്പെടാം.

| കുട്ടിയുടെ പേര് : | | റേറ്റിങ് | | | | |
|---|---|---|---|---|---|---|
| നം | പ്രസ്താവന | വളരെ മികച്ചത് | മികച്ചത് | ശരാശരി | മെച്ചപ്പെടണം | ഏറെ മെച്ചപ്പെടണം |
| 1 | നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു | | | | | |
| 2 | ഒരു വസ്തുവിനെക്കുറിച്ച് ഏതാനും വാക്യങ്ങളിൽ വിവരിക്കാൻ കഴിയുന്നു | | | | | |
| 3 | സംശയങ്ങൾ പ്രകടിപ്പിക്കുന്നതിന് മടി കാണിക്കുന്നു. | | | | | |
| 4 | കാലം പരിഗണിച്ച് (ഇന്നലെ, ഇന്ന്, നാളെ) ആശയങ്ങൾ പ്രകടിപ്പിക്കാൻ കഴിയുന്നു | | | | | |
| 5 | നിഷേധവാക്യങ്ങൾ പ്രകടിപ്പിക്കുന്നു | | | | | |
| 6 | നാമപദങ്ങളും ക്രിയാപദങ്ങളും കൂട്ടിച്ചേർത്ത് പൂർണവാക്യങ്ങൾ പറയാൻ കഴിയുന്നു | | | | | |
| 7 | സങ്കീർണ്ണ വാക്യങ്ങൾ പ്രയോഗിക്കാൻ പ്രയാസമനുഭവപ്പെടുന്നു. | | | | | |
| 8 | തന്റെ ആവശ്യങ്ങൾ ഭാഷണത്തിലൂടെ കൃത്യമായി പ്രകടിപ്പിക്കുന്നതിൽ വിഷമം നേരിടുന്നു. | | | | | |

ഈ റേറ്റിങ് സ്കെയിലിലെ പ്രസ്താവനകൾ വിലയിരുത്തുമ്പോൾ എന്തെങ്കിലും പ്രത്യേകത ഉള്ള തായി തോന്നുന്നുണ്ടോ?

ഇതിലെ ചിലത് അനുകൂല പ്രസ്താവനകളും (positive statements) ചിലത് പ്രതികൂല പ്രസ്താവന (negative statements) കളുമാണെന്ന് കാണാം. പൊതുവെ റേറ്റിങ് സ്കെയിൽ തയാറാക്കുമ്പോൾ ഈ രണ്ട് തരത്തിലുള്ള പ്രസ്താവനകൾക്കും ഏതാണ്ട് തുല്യ പരിഗണന നൽകാറുണ്ട്. മൂന്നാം യൂണിറ്റിൽ കൂടുതൽ റേറ്റിങ് സ്കെയിലുകൾ പരിചയപ്പെടാം.

**13. ചോദ്യാവലി (Questionnaire)**

ദത്തശേഖരണത്തിന് വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ഒരുപാധിയാണ് ചോദ്യാവലി. വിവരശേഖരണത്തിന് താരതമ്യേന പ്രയാസം കുറഞ്ഞതും വേഗതയും സമയലാഭവും ഉള്ളതുമായ ഒരുപാധിയാണിത്. ചോദ്യാവലികളിൽ ക്ലോസ്ഡ് എൻഡഡ് ചോദ്യാവലി, ഓപ്പൺ എൻഡഡ് ചോദ്യാവലി എന്നിങ്ങനെ രണ്ടു തരമുണ്ട്. ആദ്യത്തേതിൽ പ്രതികരിക്കുന്നയാൾ ഇഷ്ടമുള്ള ഉത്തരം തെരഞ്ഞെടുത്താൽ മതി. ഉത്തരം നൽകേണ്ടയാൾ, നൽകാനാഗ്രഹിച്ച ഉത്തരം, കൊടുത്തിട്ടുള്ള ഓപ്ഷനുകളിൽ ഉൾപ്പെടുന്നുണ്ടോയെന്നത് ഇതിന്റെ ഒരു പ്രശ്നമാണ്. രണ്ടാമത്തേത് തുറന്നചോദ്യങ്ങളാണ്. പ്രതികരിക്കുന്നയാളിന് തനിക്കിഷ്ടമുള്ള ഉത്തരം നൽകാം. തെരഞ്ഞെടുക്കാൻ ഉത്തരങ്ങൾ നൽകിയിട്ടുണ്ടാകില്ല. സാമൂഹ്യസ്വീകാര്യത പ്രതികരണങ്ങളെ സ്വാധീനിക്കാനുള്ള സാധ്യത ചോദ്യാവലിയുടെ ഒരു പരിമിതിയാണ്.

**14. കേസ് സ്റ്റഡി (Case Study)**

ഒരു വ്യക്തിയുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ലഭ്യമായ സ്രോതസ്സുകളിൽ നിന്ന് വിവിധ രീതിയിൽ വിവരങ്ങൾ ശേഖരിച്ച് സമഗ്രമായി പഠിക്കുന്ന രീതിയാണിത്. മനശ്ശാസ്ത്രത്തിന്റെ ഒട്ടുമിക്ക ശാഖകളും കേസ്സ്റ്റഡി പ്രയോജനപ്പെടുത്താറുണ്ട്. ക്ലിനിക്കൽ സൈക്കോളജി, വിദ്യാഭ്യാസമനശ്ശാസ്ത്രം, വൈജ്ഞാനിക മനശ്ശാസ്ത്രം, തൊഴിൽ മനശ്ശാസ്ത്രം തുടങ്ങിയ മേഖലകളിലെല്ലാം കേസ് സ്റ്റഡി ഫലപ്രദമായി ഉപയോഗപ്പെടുത്താറുണ്ട്. ഒരു പ്രത്യേക കേസിന്റെ ആഴത്തിലുള്ള പഠനത്തിനാണിവിടെ ഊന്നൽ നൽകുന്നത്. കേസ് സ്റ്റഡിക്കായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തി/ഗ്രൂപ്പ്/സ്ഥാപനം അതിസൂക്ഷ്മമായി അപഗ്രഥിക്കപ്പെടുന്നു. ഒട്ടേറെ പഠനരീതികളെ പ്രയോജനപ്പെടുത്തുന്ന കേസ് സ്റ്റഡിക്ക് ഹോളിസ്റ്റിക് സമീപനമാണുള്ളത്. ശരിയായ പ്രശ്ന വിശകലനത്തിൽ നിന്ന് പ്രശ്നപരിഹാരത്തിലേക്ക് എത്താൻ കഴിയുമെന്നത് ഇതിന്റെ ഒരു മേന്മയാണ്. കേസ് തെരഞ്ഞെടുക്കൽ, പരികല്പന രൂപപ്പെടുത്തൽ, സ്ഥിതിവിവരശേഖരണം, വിവരവിശകലനം, സമന്വയിപ്പിക്കൽ (synthesis) പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കൽ, റിപ്പോർട്ട് തയാറാക്കൽ തുടങ്ങി ഒട്ടേറെ ശാസ്ത്രീയ ഘട്ടങ്ങൾ ഇതിനുണ്ട്.

**15. ക്രിയാഗവേഷണം (Action Research)**

വിദ്യാഭ്യാസ മനശ്ശാസ്ത്രത്തിലെ ഒരു സജീവ പഠനരീതിയാണിത്. സ്റ്റീഫൻ എം.കോറിയാണ് (Stephen. M. Corey) ഈ രീതിയുടെ ആവിഷ്കർത്താവ്. സാധാരണ നടത്തുന്ന ഗവേഷണങ്ങളുടെ സാങ്കേതികതയോ വ്യതിചലിക്കാനാവാത്ത നിബന്ധനകളോ ഒന്നും ക്രിയാഗവേഷണത്തിനില്ല. ഒരു ഉപദേശകനും (guide) വേണമെന്നില്ല. പ്രശ്നങ്ങളെ മുഖാമുഖം നേരിടുന്ന അധ്യാപകർ അവയ്ക്കടിസ്ഥാനമായ കാരണങ്ങളെ ഗവേഷകന്റെ വീക്ഷണഗതിയോടെ ശാസ്ത്രീയമായി ശേഖരിച്ച്, അപഗ്രഥിച്ച്, വിലയിരുത്തി നിഗമനങ്ങളിലെത്തുകയും അപ്പപ്പോൾ അനുയോജ്യമായ പരിഹാരമാർഗങ്ങൾ കണ്ടെത്തി പ്രയോഗിക്കുകയും ചെയ്യുന്നു. ഗവേഷണത്തിലനുവർത്തിക്കുന്ന ശാസ്ത്രീയസമീപനം ഇക്കാര്യത്തിലുണ്ടാകണം. വിവരങ്ങൾ വസ്തുനിഷ്ഠമായി ശേഖരിക്കൽ, പരികല്പനകൾ രൂപീകരിക്കൽ, പ്രശ്ന

ത്തെക്കുറിച്ച് വിലയിരുത്തൽ, സ്രോതസ്സുകളിൽ നിന്നു വിവരങ്ങൾ ശേഖരിക്കൽ, പ്രവർത്തനപദ്ധതി തയാറാക്കൽ, പ്രയോഗിക്കൽ, വിലയിരുത്തൽ തുടങ്ങിയ ഘട്ടങ്ങൾ ക്രിയാഗവേഷണത്തിൽ പാലിക്കണം. പരിചയപ്പെട്ട മനശ്ശാസ്ത്ര പഠനരീതികളും ഉപാധികളും തുടർപഠനവേളകളിൽ അനുയോജ്യമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യാം.

☞ **പ്രവർത്തനം**

- വിദ്യാഭ്യാസമനശ്ശാസ്ത്രത്തെ സംബന്ധിച്ച് ഇതുവരെ നേടിയ ധാരണകളുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ മനസ്സിൽ തങ്ങിനിൽക്കുന്ന ഒരു ക്ലാസ്സിനെക്കുറിച്ച് ഒരു ഓർമക്കുറിപ്പ് തയാറാക്കുക. കൈമാറി വായിക്കുകയും ചെയ്യാം.
- നിങ്ങളൊരു ടീച്ചറാകുമ്പോൾ സ്വന്തം ക്ലാസ് നിങ്ങൾക്കും കുട്ടികൾക്കും ആസ്വാദ്യകരമാക്കുവാൻ ഇതുവരെ നേടിയ ധാരണകളുടെ അടിസ്ഥാനത്തിൽ നിങ്ങൾ എന്തെല്ലാം ശ്രദ്ധിക്കും? മനശ്ശാസ്ത്ര ഡയറിയിൽ രേഖപ്പെടുത്തൂ.
- നമ്മൾ ഇതുവരെ ചർച്ച ചെയ്തത് വിദ്യാഭ്യാസമനശ്ശാസ്ത്രത്തെക്കുറിച്ചാണ്. ഇത് മനശ്ശാസ്ത്രമെന്ന വലിയ കുടുംബത്തിലെ ഒരംഗം മാത്രമാണ്. മനശ്ശാസ്ത്രത്തിന്റെ വ്യാപ്തിയെയും വളർച്ചയെയും കുറിച്ച് ഒരു സാമാന്യധാരണ അധ്യാപകവിദ്യാർഥികൾ നേടേണ്ടത് അനിവാര്യമാണ്. റഫറൻസ് നടത്തി ഇത് സംബന്ധിച്ച് ഒരു കുറിപ്പ് തയാറാക്കുക.

ഈ യൂണിറ്റിലൂടെ കടന്ന് പോയപ്പോൾ നിങ്ങൾ നേടിയ ധാരണകൾ എന്തെല്ലാമെന്ന് അവലോകനം ചെയ്യൂ. തുടർന്ന് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൂ.

### പ്രതിഫലനാത്മക ചോദ്യങ്ങൾ (Reflective Questions)

1. വിദ്യാഭ്യാസമനശ്ശാസ്ത്രം ഒരേ സമയം ഒരു പ്രയുക്ത ശാസ്ത്രശാഖയായും ഒരു സാമൂഹ്യ ശാസ്ത്രശാഖയായും കണക്കാക്കപ്പെടുന്നു. എന്തുകൊണ്ട്?
2. നിങ്ങളുടെ ക്ലാസ്സിലെ വിദ്യാർത്ഥികളുടെ ശരിയായ സാമൂഹ്യവികാസം ഉറപ്പുവരുത്തുന്നതിന് സാമൂഹ്യബന്ധ പരിശോധനകൾ എപ്രകാരം ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിയും? വിശദമാക്കുക.
3. അഭിമുഖരീതി കൂടുതൽ ശാസ്ത്രീയമാക്കാൻ സ്വീകരിക്കാവുന്ന മാർഗങ്ങൾ എന്തെല്ലാം?
4. മറ്റുള്ള മനശ്ശാസ്ത്ര പഠനരീതികളിൽ നിന്ന് പ്രക്ഷേപണ രീതിക്കുള്ള (projective method) വ്യത്യാസങ്ങൾ എന്തെല്ലാം?
5. വിവിധ മനശ്ശാസ്ത്ര ഗവേഷണ ഉപാധികളുടെ മികവുകളും പോരായ്മകളും വിമർശനാത്മകമായി വിലയിരുത്തി കുറിപ്പു തയാറാക്കുക.
6. ഒരു അധ്യാപകന് തന്റെ ക്ലാസ്സ് മുറിയിൽ നേരിടുന്ന പഠന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ക്രിയാഗവേഷണം എപ്രകാരം സഹായകമാണെന്ന് വ്യക്തമാക്കുക.
7. വിദ്യാഭ്യാസമനശ്ശാസ്ത്രത്തിൽ നിങ്ങൾ നേടിയ ധാരണകളുടെ അടിസ്ഥാനത്തിൽ, അധ്യാപനം ആസ്വാദ്യകരമാക്കുന്നതിൽ വിദ്യാഭ്യാസ മനശ്ശാസ്ത്രത്തിന്റെ പങ്കിനെക്കുറിച്ച് ഒരു ഉപന്യാസം തയാറാക്കുക.
8. കേസ് സ്റ്റഡി എന്ന ഗവേഷണ രീതി ക്ലാസ്സ്റൂം പഠനപ്രക്രിയയിൽ എത്രത്തോളം സഹായകമാണ്?

# യൂണിറ്റ് - 2
# ശിശുവികാസം

### ആമുഖം

വികാസത്തിന്റെ രീതിയും ക്രമവും, വികാസത്തിലൂടെ ഓരോ കുട്ടിയിലുമുണ്ടാകുന്ന മാറ്റങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണ, കുട്ടിയെ മനസ്സിലാക്കുന്നതിൽ വളരെ പ്രധാനമാണ്. ഏതു പ്രായത്തിൽ എന്തൊക്കെ മാറ്റങ്ങൾ പ്രതീക്ഷിക്കാം എന്ന തിരിച്ചറിവ് അധ്യാപകർക്കുണ്ടാവണം. വളർച്ചയുടെയും വികാസത്തിന്റെയും ഘട്ടങ്ങളിൽ പിന്നാക്കം നിൽക്കുന്ന, വ്യത്യസ്തത പുലർത്തുന്ന കുട്ടികളെ തിരിച്ചറിയാനും ആവശ്യമായ പിന്തുണ നൽകാനും കഴിയണം. കുട്ടികളുമായി ഫലപ്രദമായി ഇടപഴകുന്നതിനും അവരുടെ വികാസത്തിനാവശ്യമായ സാഹചര്യങ്ങളൊരുക്കുന്നതിനും ശിശുവികാസത്തെക്കുറിച്ചുള്ള ശാസ്ത്രീയ ധാരണ ഒരു പ്രൈമറി ടീച്ചർക്ക് അനിവാര്യമാണ്. എന്നാൽ മാത്രമേ ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ, ബോധനരീതികൾ, പഠിതാക്കളുമായുള്ള ഇടപെടലുകൾ, വിലയിരുത്തൽ തുടങ്ങിയവ ഫലപ്രദമാവുകയുള്ളൂ. ഇക്കാര്യങ്ങൾ തന്നെയാണ് ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നത്.

> *'എന്റെ മകൾ ലാസിമ എപ്പോഴും കളിയാണ്*
> *പഠിക്കാനൊന്നും താല്പര്യം കാണിക്കുന്നില്ല'.*

ഒരു രണ്ടാം ക്ലാസ്സുകാരിയെക്കുറിച്ച് അമ്മ പറഞ്ഞതാണിത്.

ഒരു എട്ടാം ക്ലാസ്സുകാരിയെക്കുറിച്ച് മറ്റൊരമ്മയുടെ വാക്കുകൾ ശ്രദ്ധിക്കൂ.

> *'എപ്പോഴും കൂട്ടുകാരികളെക്കുറിച്ച് പറയാൻ താല്പര്യം കാണിക്കുന്നു. അച്ഛനമ്മമാരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും പരിഗണിക്കുന്നേയില്ല. ചിലപ്പോൾ സ്വപ്നലോകത്തെന്ന പോലെ പെരുമാറുന്നു.'*

ഒരു ടീച്ചർ എന്ന നിലയിൽ നിങ്ങൾ എന്ത് നിർദ്ദേശങ്ങളാണ് ഈ അമ്മമാർക്ക് നൽകുക?

- രണ്ടാം ക്ലാസുകാരിയുടെ പ്രായമുള്ളവർ കളികൾ കൂടുതൽ ഇഷ്ടപ്പെടുന്നവരാണ്. അത് ആ കുട്ടിയുടെ പ്രകൃതത്തിന്റെ ഒരു സവിശേഷതയാണ്.
- 
- 
- എട്ടാം ക്ലാസുകാരി കൗമാരപ്രായത്തിലുള്ളവളാണ്. കൗമാരപ്രായത്തിലുള്ളവർ പൊതുവെ സമപ്രായക്കാരുമായി കൂട്ടുകൂടാനും ഇടപഴകാനും കൂടുതൽ ആഗ്രഹിക്കും. പെൺകുട്ടിയിൽ നിന്നും സ്ത്രീയിലേക്ക് ദ്രുതഗതിയിൽ ശാരീരിക മാറ്റങ്ങൾ നടക്കുന്ന കാലഘട്ടം കൂടിയാണത്.
- 

വികാസത്തിന്റെ ഓരോഘട്ടത്തിനും തനതായ സവിശേഷതകളുണ്ട്.

### വികാസഘട്ടങ്ങൾ (Stages of Development)

പഠനസൗകര്യത്തിനു വേണ്ടി വികാസത്തിന്റെ ഘട്ടവിഭജനങ്ങൾ പല തരത്തിൽ നടത്താറുണ്ട്. ശൈശവം, ബാല്യം, കൗമാരം, യൗവനം, വാർധക്യം എന്നിങ്ങനെയുള്ള 5 വികാസഘട്ടങ്ങൾപൊതുസ്വീകാര്യത

യുള്ളതാണ്. ജനനത്തിനു മുമ്പും ശേഷവുമുള്ള ഘട്ടങ്ങൾ എന്ന വിഭജനവും നിലവിലുണ്ട്. അതിനെ ചില ഉപഘട്ടങ്ങളായും വേർതിരിച്ചിട്ടുണ്ട്. ഇതു രണ്ടും ഉൾക്കൊള്ളുന്നതും വ്യാപകമായി അംഗീകരിക്കപ്പെട്ടതുമായ വികാസഘട്ടങ്ങളും ഏകദേശപ്രായവും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | വികാസഘട്ടങ്ങൾ | ഏകദേശ പ്രായപരിധി |
|---|---|---|
| I | പ്രാഗ്ജന്മഘട്ടം (Prenatal Stage) | ഗർഭധാരണം മുതൽ ജനന നിമിഷംവരെ |
| | i. ബീജാങ്കുരണഘട്ടം | ഗർഭധാരണം മുതൽ രണ്ടാഴ്ച വരെ |
| | ii. ഭ്രൂണഘട്ടം | രണ്ടാമത്തെ ആഴ്ചയുടെ അവസാനം മുതൽ പത്താഴ്ച വരെ |
| | iii. ഗർഭഘട്ടം | പത്താമത്തെ ആഴ്ച മുതൽ ജനനം വരെ |
| II | ജനനാന്തര ഘട്ടം (Post natal Stage) | ജനനം മുതൽ - ........................ |
| | i. ശൈശവം (Infancy) | ജനനം മുതൽ 2-3 വർഷം വരെ |
| | ii. ബാല്യം | 3 മുതൽ 12 വയസ്സുവരെ |
| | - ആദിബാല്യം (Early childhood) | 3 മുതൽ 6 വയസ്സുവരെ |
| | - മധ്യബാല്യം (Middle childhood) | 6 മുതൽ 9 വയസ്സുവരെ |
| | - അന്ത്യബാല്യം (Later childhood) | 9 മുതൽ 12 വയസ്സുവരെ |
| | iii. കൗമാരം (Adolescence) | 12 മുതൽ 18-20 വയസ്സുവരെ |
| | iv. യൗവനം (Adulthood) | 20 മുതൽ 50 വയസ്സുവരെ |
| | v. വാർധക്യം (Old age) | 50 വയസ്സിനുശേഷം |

വ്യക്തിവ്യത്യാസമനുസരിച്ച് ഈ പ്രായപരിധികളിൽ വ്യതിയാനങ്ങൾ കാണാറുണ്ട്.

- ഈ പട്ടിക പ്രകാരം നിങ്ങൾ ഏതു വികാസഘട്ടത്തിലാണെന്നു കണ്ടെത്തൂ.

ഇനി ശിശുക്കളുടെ പ്രകൃതത്തിലെ സവിശേഷതകൾ നമുക്ക് പരിശോധിക്കാം.

### ശിശുപ്രകൃതം

ശിശു, മുതിർന്നവരുടെ ചെറുപതിപ്പല്ല എന്ന് പറയാറുണ്ടല്ലോ. ശിശുവിന്റെ പ്രകൃതവും അതിന്റെ സാധ്യതകളും അറിയുന്നത്, ശിശുവിന്റെ വികാസത്തിന് അനുഗുണമായി പെരുമാറുന്നതിനും പഠനപശ്ചാത്തലമൊരുക്കുന്നതിനും എല്ലാവർക്കും - പ്രത്യേകിച്ച് രക്ഷിതാക്കൾക്കും അധ്യാപകർക്കും - സഹായകമാണ്.

**ചർച്ചചെയ്യാം**

*നിങ്ങൾ ഇപ്പോൾ പെരുമാറുന്നതുപോലെതന്നെയാണോ ശൈശവത്തിൽ പെരുമാറിയിരുന്നത്? ക്രമേണ പെരുമാറ്റത്തിൽ ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്?*

### ശൈശവം (Infancy)

ശൈശവത്തിന്റെ (infancy) പൊതുവായ പ്രകൃതം എങ്ങനെയാണ്? എന്തെല്ലാം സവിശേഷതകൾ കണ്ടെത്താം? ക്ലാസ്സിൽ ചർച്ച ചെയ്യൂ. താഴെ കൊടുത്തിട്ടുള്ള വസ്തുതകൾ ഉപയോഗപ്പെടുത്താം.

- *എപ്പോഴും പ്രവർത്തനനിരതമാകാനുള്ള താല്പര്യം*
- *അനുകരണവാസന*
- *ജിജ്ഞാസ*
- *ചലനാത്മകത*
- *ആശ്രിതത്വം (dependency)*
- *ദ്രുതഗതിയിലുള്ള വളർച്ച*
- *ഭാഷാശേഷി വികാസം ആരംഭിക്കുന്നു.*

- *സ്നേഹം, സുരക്ഷിതത്വം, അംഗീകാരം എന്നിവയ്ക്കുള്ള ആഗ്രഹം*
- *അഹം കേന്ദ്രീകൃതചിന്ത (Ego-centric thought -ഞാൻ, എന്റേത് എന്ന ചിന്താഗതി)*
- *ഭാവനാലോകത്തിൽ വിഹരിക്കുവാനുള്ള താല്പര്യം*
- *ഒരു വികാരത്തിൽ നിന്ന് മറ്റൊന്നിലേക്ക് പെട്ടെന്നുള്ള മാറ്റം*
- *ആഗ്രഹം സാധ്യമായില്ലെങ്കിൽ സാഹചര്യം നോക്കാതെയുള്ള വൈകാരിക പ്രതിഷേധങ്ങൾ.*
- *ആവശ്യങ്ങൾ നേടുന്നതിനുള്ള വ്യഗ്രത*
- *വിവിധതരം വസ്തുക്കൾ ഉപയോഗിച്ചുള്ള കളികളോടുള്ള ഇഷ്ടം*
- *ശ്രദ്ധാദൈർഘ്യക്കുറവ്*
- *അമൂർത്തചിന്തനത്തിനുള്ള ശേഷിക്കുറവ്*

**ബാല്യം (Childhood)**

ബാല്യത്തെ 3 മുതൽ 6 വയസ്സുവരെയുള്ള ആദിബാല്യം (Early childhood), 6 മുതൽ 9 വയസ്സുവരെയുള്ള മധ്യബാല്യം (Middle childhood), 9 മുതൽ 12 വയസ്സുവരെയുള്ള അന്ത്യബാല്യം (Later childhood) എന്നിങ്ങനെ വിഭജിച്ചിട്ടുള്ളതായി മനസ്സിലാക്കിയല്ലോ. ഇനി ഈ ഓരോ ഘട്ടത്തിന്റെയും പ്രകൃതവും സവിശേഷതകളും പരിശോധിക്കാം.

**ആദിബാല്യത്തിൽ കുട്ടിയുടെ പ്രകൃതവും സവിശേഷതകളും**

- *ഓട്ടം, ചാട്ടം, സംഘ കളികൾ എന്നിവയിൽ താല്പര്യം കാണിക്കുന്നു*
- *പഞ്ചേന്ദ്രിയങ്ങൾ കൂടുതൽ പ്രവർത്തനക്ഷമമാകുന്ന ഘട്ടം എന്ന നിലയിൽ ഏറെ പ്രാധാന്യമുള്ള ഘട്ടമാണിത്.*
- *ശാരീരികവും ജൈവപരവുമായ (biological) ആവശ്യങ്ങൾക്ക് അന്യരെ ആശ്രയിക്കുന്ന പ്രവണത കുറയുന്നു.*
- *ജന്തുകഥകൾ, താളപ്രധാനമായ ഗാനങ്ങൾ, എന്നിവ കൂടുതൽ ഇഷ്ടപ്പെടുന്നു.*
- *കളിക്കോപ്പുകൾ ഉപയോഗിച്ച് കളിക്കാനും അവയിൽ സചേതനത്വം (ജീവനുണ്ട് എന്ന ബോധം) ആരോപിച്ച് പെരുമാറാനും ശ്രമിക്കുന്നു.*
- *അനുകരണ വാസന പ്രകടിപ്പിക്കുന്നു.*
- *കൂടുതൽ ജിജ്ഞാസ പ്രകടിപ്പിക്കുകയും മുതിർന്നവരോട് പലവിധ ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്നു.*
- *ബുദ്ധിവികാസം കൂടുതൽ ത്വരിതമാകുന്നു.*
- *മാറിമറിയുന്ന വൈകാരിക പ്രകടനം.*

**മധ്യബാല്യത്തിലെ പ്രകൃതവും സവിശേഷതകളും**

- *യുക്തിപൂർവം ചോദ്യങ്ങൾ ചോദിക്കാൻ ഇഷ്ടപ്പെടുന്നു. യുക്തിപരമല്ലാത്ത ഉത്തരങ്ങളെ അവഗണിക്കാനും സാധിക്കുന്നു.*
- *വീരകഥകളും ജന്തുകഥകളും ഇഷ്ടപ്പെടുന്നതോടൊപ്പം ഫലിതബോധമുള്ള സന്ദർഭങ്ങളെ ഇഷ്ടപ്പെടുകയും അതിൽ വ്യാപരിക്കുകയും ചെയ്യുന്നു.*
- *വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും പഠിക്കാനും ഇഷ്ടപ്പെടുന്നു.*
- *സംഘബോധം കൂടുതൽ തീവ്രമാകുന്നു.*
- *യാഥാർഥ്യബോധത്തോടു കൂടി പെരുമാറാൻ കഴിയുന്നു. സങ്കല്പലോകത്തു നിന്ന് ഏറെക്കുറെ വിടുതൽ വാങ്ങുന്നുവെന്ന് പറയാം*

**അന്ത്യബാല്യത്തിലെ പ്രകൃതവും സവിശേഷതകളും**

- *സാമൂഹികാവബോധം കൂടുതൽ വികസിക്കുകയും ഉത്തരവാദിത്ത ബോധം പ്രകടിപ്പിക്കുകയും ചെയ്യുന്നു.*
- *കൂടുതൽ യാഥാർഥ്യ ബോധത്തോടുകൂടി പെരുമാറാൻ കഴിയുന്നു*
- *പഠനത്തിലും കളികളിലും മാത്സര്യബോധം വർധിക്കുന്നു.*
- *വിമർശന ബുദ്ധിയോടുകൂടി കാര്യങ്ങളെ വിശകലനം ചെയ്യാൻ തുടങ്ങുന്നു.*
- *വീരാരാധന പ്രബലമാകുന്നു*
- *കായികശക്തിയും ധൈര്യവും വർധിക്കുന്നു*
- *സമപ്രായസംഘ പ്രവർത്തനങ്ങൾ (Peer group activities) ശക്തമാകുന്നു.*
- *ശാസ്ത്രീയ ചിന്തയും ജീവിതമൂല്യങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടും വളരുന്നു.*
- *ഭാഷാശേഷികളിൽ നിപുണത (വൈദഗ്ധ്യം) നേടുന്നു.*
- *സ്ഥിരതയാർന്ന വൈകാരിക പ്രകടനങ്ങൾ*

☞ **പ്രവർത്തനം**

- ഒന്നാമത്തെ യൂണിറ്റിന്റെ ഭാഗമായി തയാറാക്കിയ ചെക്ക്‌ലിസ്റ്റ്/റേറ്റിങ് സ്കെയിൽ പ്രയോജനപ്പെടുത്തി ഇന്റേൺഷിപ്പ് സമയത്തോ, അടുത്തുള്ള പ്രീപ്രൈമറി, എൽ.പി, യു.പി സ്കൂളുകൾ സന്ദർശിച്ചോ പ്രീപ്രൈമറി, ഒന്നാം ക്ലാസ്, നാലാം ക്ലാസ് എന്നിവയിൽ പഠിക്കുന്ന കുട്ടികളുടെ പ്രകൃതം നിരീക്ഷിച്ച് പഠന റിപ്പോർട്ട് തയാറാക്കൂ. ക്ലാസിൽ അവതരിപ്പിച്ച് ധാരണ മെച്ചപ്പെടുത്തൂ. പ്രാക്ടിക്കൽ റിക്കാർഡിൽ റിപ്പോർട്ട് ഉൾപ്പെടുത്തൂ.
- കൗമാരപ്രായത്തിലെ പ്രകൃതവും സവിശേഷതകളും റഫറൻസിങ്ങിലൂടെ കണ്ടെത്തി കുറിപ്പ് തയാറാക്കൂ.

## വളർച്ചയും വികാസവും (Growth & Development)

നിത്യജീവിതത്തിൽ നാം വളർച്ച, വികാസം എന്നീ പദങ്ങൾ ഒരേ അർഥത്തിൽ പലപ്പോഴും ഉപയോഗിക്കാറുണ്ട്. എന്നാൽ മനശ്ശാസ്ത്രവീക്ഷണത്തിൽ ഇവ വ്യത്യസ്തങ്ങളാണ്.

എന്തൊക്കെ വ്യത്യാസങ്ങളാണ് നിങ്ങൾക്കു പറയാൻ കഴിയുക?

രൂപത്തിലും പിണ്ഡത്തിലും (Mass) ഉള്ള വർധനവിനെയാണ് വളർച്ച എന്ന പദം കൊണ്ടർഥമാക്കുന്നത്. കോശവർധനവിന്റെ ഫലമായാണ് ഇതു സംഭവിക്കുന്നത്. വളർച്ച കൃത്യമായി അളന്നറിയാവുന്നതാണ് (Quantitative). എന്നാൽ അതൊരു അനുസ്യൂത പ്രക്രിയയല്ല. പരിപക്വനം (Maturation) സംഭവിക്കുന്നതോടെ വളർച്ച നിലയ്ക്കുന്നു. വളർച്ച ഘടനാപരവും ശാരീരികവുമായ മാറ്റത്തെ കുറിക്കുന്നു. അതിന്റെ ഫലങ്ങൾ നേരിട്ടു നിരീക്ഷിക്കാൻ സാധിക്കും.

ഘടനാപരവും ശാരീരികവുമായ മാറ്റങ്ങളെ വളർച്ചയായി പരിഗണിക്കുമ്പോൾ ഗുണപരമായ (Qualitative) വർധനവിനെയാണ് വികാസം (Development) എന്ന പദം കൊണ്ടർഥമാക്കുന്നത്. വികാസം ജനനം മുതൽ മരണം വരെ അനുസ്യൂതം നടക്കുന്നു. പരിപക്വനത്തോടുകൂടി വികാസം അവസാനിക്കുന്നില്ല. വളർച്ചയിലൂടെയാണ് മസ്തിഷ്ക്കത്തിന്റെ വലുപ്പവും തൂക്കവും വർധിക്കുന്നത്. ബുദ്ധിയുടെ സൂക്ഷ്മവും കാര്യക്ഷമവുമായ ഉപയോഗം വികാസത്തിന് കാരണമാവുന്നു. കൈവിരലുകൾക്ക് നീളവും വണ്ണവും വർധിക്കുന്നത് വളർച്ചയും, കൈവിരലുകൾ കൃത്യതയോടും സൂക്ഷ്മതയോടും വേഗത്തിലും പ്രവർത്തിപ്പിക്കാൻ കഴിയുന്നത് വികാസവുമാണ്. വികാസം വ്യക്തിയുടെ സമഗ്രമായ

മാറ്റത്തെ ഉൾക്കൊള്ളുന്നു. ഒരു വ്യക്തിയിൽ ധനാത്മകവും ഋണാത്മകവുമായ മാറ്റങ്ങൾ സംഭവിക്കും. സാധാരണഗതിയിൽ പുരോഗമനാത്മകമായ പരിവർത്തനങ്ങളെ മാത്രമേ വികാസമായി പരിഗണിക്കാറുള്ളൂ. ജരാനരകൾ ഉണ്ടാകുന്നതോ കോണി കയറുമ്പോൾ കിതപ്പു കൂടുന്നതോ വികാസമായി പരിഗണിക്കാറില്ല. ചുരുക്കത്തിൽ വ്യക്തിയെ അനുക്രമമായി പരിപക്വനത്തിലേക്ക് (Maturity) നയിക്കുന്ന പുരോഗമനാത്മകമായ (Progressive) വ്യതിയാനമാണ് വികാസം.

☞ **പ്രവർത്തനം**

വികാസം, വളർച്ച എന്നിവയെ താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയാറാക്കൂ താഴെ ബോക്സിൽ ചേർത്ത ആശയങ്ങൾ ഉപയോഗപ്പെടുത്താം.

- *കോശവിഭജനം മൂലം ഒരു വ്യക്തിയുടെ പിണ്ഡത്തിലുണ്ടാകുന്ന (Mass) വർധനവാണ് വളർച്ചയെന്നു പറയാം. വ്യക്തിയെ അനുക്രമമായി പരിപക്വനത്തിലേക്ക് നയിക്കുന്ന പുരോഗമനാത്മകമായ മാറ്റമാണ് വികാസം.*
- *ശാരീരികവളർച്ച എന്നത് ഘടനാപരവും ശാരീരികവുമായ മാറ്റമാണ്. എന്നാൽ വികാസം ശാരീരികം മാത്രമല്ല, അത് സാമൂഹിക, വൈജ്ഞാനിക, വൈകാരിക, സാൻമാർഗിക മേഖലകൾ ഉൾപ്പെടുന്ന സമഗ്രമായ വളർച്ചയാണ്.*
- *വളർച്ച ഗണാത്മകവും (quantitative) വികാസം ഗുണാത്മകവും (qualitative) ആണ്.*
- *വളർച്ച ഒരു അനുസ്യൂത പ്രക്രിയയല്ല. പരിപക്വനത്തോടു കൂടി വളർച്ച നിലയ്ക്കുന്നു. എന്നാൽ വികാസം ജനനം മുതൽ മരണംവരെ നടക്കുന്ന അനുസ്യൂത പ്രക്രിയയാണ്. പരിപക്വനത്തോടു കൂടി വികാസം അവസാനിക്കുന്നില്ല.*
- *വളർച്ച ബാഹ്യമായ മാറ്റങ്ങളെ കുറിക്കുന്നുവെന്ന് പറയാം. വികാസം സാമൂഹികം, വൈജ്ഞാനികം, വൈകാരികം, സാൻമാർഗ്ഗികം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ അത് ആന്തരികമാണ്.*
- *വളർച്ച പരിപക്വനത്തെയും പഠനത്തെയും ആശ്രയിക്കുന്നില്ല. വികാസം പരിപക്വനത്തെയും പഠനത്തെയും ആശ്രയിക്കുന്നു.*
- *വളർച്ചയിലുണ്ടാകുന്ന മാറ്റങ്ങൾ സഞ്ചിതമായതിനാൽ (cumulative) നേരിട്ട് നിരീക്ഷിക്കാനും മാപനം ചെയ്യാനും സാധിക്കുന്നു. വികാസഫലമായുണ്ടാകുന്ന മാറ്റങ്ങൾ പലതും വളർച്ചയിലേതുപോലെ കൃത്യമായി മാപനം ചെയ്യാൻ സാധ്യമല്ല.*
- *വളർച്ച വികാസത്തിനു കാരണമായെന്നും അല്ലെന്നും വരാം. വികാസം വളർച്ചയില്ലാതെ തന്നെ ഉണ്ടാകാം.*
- *വളർച്ച, വികാസ പ്രക്രിയയിലെ പല അംശങ്ങളിൽ ഒന്നുമാത്രമാണ്. വികാസം കൂടുതൽ വിപുലവും സമഗ്രവുമാണ്. അത് വ്യക്തിയുടെ എല്ലാ മാറ്റങ്ങളെയും ഉൾക്കൊള്ളുന്നു.*

### വികാസ തത്ത്വങ്ങൾ (Principles of Development)

ഓരോ വ്യക്തിയും വ്യത്യസ്തനാണ്; അവന് തനത് (unique) സവിശേഷതകളുണ്ട്. ഒരു വ്യക്തിയുടെ സ്വത്വം (identity) അദ്ദേഹത്തിന്റേതു മാത്രമായിരിക്കുമെന്ന വസ്തുത പരിഗണിക്കുമ്പോൾ തന്നെ സാർവ്വത്രികമായി മനുഷ്യസമൂഹത്തിൽ ഏവർക്കും സമാനമായ ചില സവിശേഷതകൾ വികാസത്തെ സംബന്ധിച്ച് നിലനിൽക്കുന്നുണ്ട് എന്നു കാണാം. അവയാണ് വികാസ തത്ത്വങ്ങൾ എന്നറിയപ്പെടുന്നത്. അവ താഴെ വിശദീകരിക്കുന്നു.

### 1. വികാസം അനുസ്യൂതമാണ് (Development is Continuous)

വികാസം ഒരു അനുസ്യൂതപ്രക്രിയയാണ്. ഗർഭധാരണം മുതൽ മരണം വരെ ഒരു വ്യക്തിയിൽ തുടർച്ചയായി പരിവർത്തനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. വികാസത്തിന്റെ വേഗതയിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകാം. ചില ഘട്ടങ്ങളിൽ ദ്രുതഗതിയിലും ചില ഘട്ടങ്ങളിൽ മന്ദഗതിയിലും വികാസം നടക്കുന്നു. മരണശയ്യയിൽ കിടക്കുന്ന ഒരാളിൽപ്പോലും ആത്മീയ വൈകാരിക തലങ്ങളിൽ വികാസം നടക്കുന്നുണ്ടെന്ന് പറയാം.

### 2. വികാസം ഗതിനിയമം പാലിക്കുന്നു (Development is Directional)

വികസനത്തിന്റെ കാര്യത്തിൽ ഒരു പിൻതുടർച്ചാക്രമം കാണാൻ കഴിയും. ഒറ്റ ദിവസം കൊണ്ട് ഒരു കുട്ടി ശൈശവത്തിൽ നിന്ന് ബാല്യത്തിലേക്കോ കൗമാരത്തിലേക്കോ പ്രവേശിക്കുന്നില്ല. പൊടുന്നനെ ഒരു ശിശു സംസാരിക്കാനോ കണക്കുകൂട്ടാനോ പഠിക്കുന്നില്ല. നിയതമായ സ്വഭാവത്തോടെ അവിരാമമായി നടക്കുന്ന പരിവർത്തനമാണ് വികാസം. യുക്തിവിചാരത്തിന് മുമ്പ് സ്മൃതി, അമൂർത്തചിന്തനത്തിന് മുമ്പ് മൂർത്തചിന്ത തുടങ്ങിയ ക്രമം വികാസത്തിൽ കാണാൻ കഴിയും. സാധാരണ അനുവർത്തിച്ചു വരുന്ന രണ്ടു വികാസക്രമങ്ങൾ താഴെകൊടുത്തിരിക്കുന്നു.

**എ. ശാരീരികവികാസത്തിൽ തല മുതൽ പാദം വരെ എന്ന ക്രമം (cephalo - caudal sequence) പാലിക്കപ്പെടുന്നു.**

ഗർഭസ്ഥഘട്ടത്തിൽപ്പോലും എല്ലാ ജീവികളിലും തലയുടെ ഭാഗമാണ് ആദ്യം വികാസം പ്രാപിക്കുന്നത്. ഒരു നവജാതശിശുവിന്റെ മൊത്തം നീളത്തിന്റെ മൂന്നിലൊന്ന് തലയായിരിക്കും. നവജാതശിശുക്കളുടെ തലയുടെഭാഗം കൂടുതൽ വേഗത്തിൽ വളരുന്നത് തലച്ചോറിന്റെ വികാസംമൂലമാണ്. തുടർന്ന് കഴുത്തിന്റെ പിൻഭാഗത്തെ പേശികൾ വികാസം നേടുന്നതായികാണാം. **'കഴുത്തുറയ്ക്കുക'** എന്നൊരു പ്രയോഗമുണ്ടല്ലോ. തുടർന്ന് നെഞ്ചിന്റെ ഭാഗമുപയോഗിച്ച് നിരങ്ങുക, ഇരിക്കുക, പിടിച്ചുനിൽക്കുക എന്ന ക്രമത്തിൽ വികാസം നടക്കുന്നതുകാണാം. പേശീവികാസത്തിൽ കഴുത്ത്, ഉടൽ, കാൽ എന്നിവിടങ്ങളിലെ പേശികൾ ക്രമത്തിൽ വികസിക്കുന്നു.

**ബി. വികാസത്തിൽ ശരീരമധ്യത്തിൽ നിന്ന് വശങ്ങളിലേക്ക് (സാമീപ്യ ദൂരസ്ഥ ദിശാക്രമം proximo - distal direction) എന്ന ക്രമം പാലിക്കപ്പെടുന്നു.**

ശരീരത്തിന്റെ മധ്യഭാഗത്തുള്ള ഹൃദയം, കരൾ, ശ്വാസകോശം, വൃക്കകൾ തുടങ്ങിയ മർമ്മപ്രധാനമായ അവയവങ്ങളും ഉദരഭാഗങ്ങളും വികാസം പ്രാപിച്ചശേഷമാണ് വിരൽത്തുമ്പുകളിലേക്ക് വികാസമെത്തുന്നത്. ഉദരവും ഉരസ്സും ഉപയോഗിച്ച് കമിഴ്ന്നു നീന്തിയതിനുശേഷം കൈകാലുകളിൽ നടക്കുന്നു. അതായത് ആദ്യം ഉടൽ പിന്നെ ബാഹു അതിനുശേഷം കൈ, പിന്നെ വിരൽ എന്ന ക്രമത്തിലാണ് വികസനം നടക്കുന്നത്. വിരലിലെ സൂക്ഷ്മപേശികൾ ഉപയോഗിക്കാൻ 4 വയസ്സായ കുട്ടിക്കുപോലും പ്രയാസം അനുഭവപ്പെടുന്നത് ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ. മുതിർന്ന വരെപ്പോലെ സൂക്ഷ്മമായി വരയ്ക്കാനും ചായമിടാനും വരകൾക്കിടയിൽ ക്ലിപ്തമായി എഴുതാനും വിഷമം നേരിടുന്ന കുട്ടികളെ നിങ്ങൾക്കു പരിചയമുണ്ടായിരിക്കും. ഈ രണ്ടു വികാസക്രമങ്ങൾക്കും പൊതുവിൽ **വികസനഗതിനിയമം** എന്നു പറയാറുണ്ട്.

### 3. വികാസം സഞ്ചിതസ്വഭാവത്തോടുകൂടിയതാണ് (Development is Cumulative)

വികാസം സഞ്ചിതസ്വഭാവത്തോടുകൂടിയതാണ്. ആദ്യമാദ്യമുണ്ടാകുന്ന വികാസങ്ങൾ ഒന്നുചേർന്നു സഞ്ചിത രൂപമാകുന്നതുകൊണ്ടാണ് തുടർന്നുള്ള വികാസം സാധ്യമാകുന്നത്. ഉദാഹരണമായി ഒരു ശിശു കേൾക്കുന്നു, കാണുന്നു, രുചിക്കുന്നു, സ്പർശിക്കുന്നു ഇതെല്ലാം ഒന്നുചേർന്നുണ്ടാകുന്ന സംവേദനമാണ് (sensation) പ്രത്യക്ഷണത്തിന് (perception) സഹായിക്കുന്നത്. ഈ പ്രത്യക്ഷണമാണ് ശിശുവിനെ സംപ്രത്യക്ഷണത്തിലേക്കും (conceptualisation) അന്തർദൃഷ്ടിയിലേക്കും (insight) പ്രശ്നപരി

ഹരണത്തിലേക്കും നയിക്കുന്നത്. കേൾവിയില്ലാതെ ഭാഷണവും ഭാഷണമില്ലാതെ വായനയും വായനയില്ലാതെ ലേഖനവും നടക്കാറില്ലല്ലോ. അതായത് ഭാഷാവികാസവും ഒരു സഞ്ചിതപ്രക്രിയയാണ്.

4. **വികാസം സാമാന്യത്തിൽ നിന്ന് വിശേഷത്തിലേക്ക് കടക്കുന്നു. (Development proceeds from General to Specific)**

നവജാത ശിശുവിന് സൂക്ഷ്മപേശികൾ ചലിപ്പിക്കാൻ പ്രയാസമാണ്. അവയവങ്ങൾ സ്ഥൂലമായാണ് ചലിപ്പിക്കുന്നത്. ഒരു ശിശു അകലെയുള്ള കളിപ്പാട്ടമെടുക്കുന്നത് ശരീരം മുഴുവൻ കളിപ്പാട്ടത്തിനടുത്ത് എത്തിച്ചശേഷം കൈയും ശരീരവും ചേർത്താണ്. 2 വയസ്സുള്ള കുട്ടി പെൻസിൽ പിടിക്കുന്നത് വിരലുകൾ മാത്രം ഉപയോഗിച്ചുകൊണ്ടല്ല, മറിച്ച് കൈപ്പത്തി അപ്പാടെ ഉപയോഗിച്ചാണ്. കുട്ടിക്കു കോപം വന്നാൽ അതിന്റെ പ്രകടനം പല്ലുഞെരിക്കലിലോ മുഖഭാവത്തിലോ ഒതുക്കുവാൻ സാധിക്കുകയില്ല. സങ്കടംവന്നാലും കരയുകയും ചവിട്ടുകയും കടിക്കുകയും നിയന്ത്രണമില്ലാതെ പെരുമാറുകയും ചെയ്യും. ചെറുതോ വലുതോ ആയ വേദനയുളവാക്കുന്ന അനുഭവങ്ങൾ കുട്ടിക്കുണ്ടായാലും കരച്ചിലിന്റെ തീവ്രത ഏകദേശം ഒരുപോലെയിരിക്കും. ഭാഷാപരമായ വികാസവും നടക്കുന്നത് സാമാന്യത്തിൽ നിന്ന് വിശേഷത്തിലേക്ക് എന്ന ക്രമത്തിൽത്തന്നെയാണ്. വാഗിന്ദ്രിയങ്ങൾ (vocal organs) സ്ഥൂലമായല്ലാതെ സൂക്ഷ്മമായി ചലിപ്പിച്ച് വാക്കുകൾ ഉച്ചരിക്കുവാൻ നവജാതശിശുവിന് സാധിക്കുകയില്ലല്ലോ.

5. **വികാസം പാരമ്പര്യത്തെയും പരിസരത്തെയും ആശ്രയിച്ചിരിക്കുന്നു. (Development is the product of Heredity and Environment)**

ക്രോമസോമിലുള്ള ജീനുകളിൽ നിന്ന് മാതാപിതാക്കളുടെ സ്വഭാവവിശേഷങ്ങൾ സന്താനങ്ങളിലേക്ക് വ്യാപിക്കുന്ന പ്രക്രിയയെയാണ് പാരമ്പര്യം എന്നു പറയുന്നത്. അതായത് ജന്മനാ ലഭിക്കുന്നതെന്തോ അതാണ് പാരമ്പര്യം എന്നു പറയാം. ത്വക്ക്, മുടി, കണ്ണ് എന്നിവയുടെ നിറം, മുഖത്തിന്റെ ആകൃതി, ശരീരത്തിന്റെ ഉയരം, വർണ്ണാന്ധത (Colour blindness) തുടങ്ങിയവ പരമ്പരാഗതമായി ലഭിക്കുമെന്ന് ചില പരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. ബുദ്ധി, അഭിക്ഷമതകൾ (aptitudes), മനോഭാവങ്ങൾ, സംസ്കാരം തുടങ്ങിയവയിൽ പരിസരത്തിന്റെ സ്വാധീനം നിർണായകമാണ്. പാരമ്പര്യമായി എത്രതന്നെ മേൻമ ഉണ്ടായിരുന്നാലും അനുകൂലമായ പരിസ്ഥിതിയില്ലാതെ വികാസമുണ്ടാകില്ല. വിത്ത് എത്ര നന്നായിരുന്നാലും പാറപ്പുറത്ത് വിളയുകയില്ലല്ലോ. ദാരിദ്ര്യം, അവസരനിഷേധം, കുടുംബകലഹം തുടങ്ങിയ പ്രതികൂല സാഹചര്യമാണ് ലഭ്യമാകുന്നതെങ്കിൽ എത്ര ബുദ്ധിമാനും പാരമ്പര്യഗുണം സിദ്ധിച്ചവനും വികാസത്തിൽ പിന്നാക്കം പോകുകതന്നെ ചെയ്യും. ഈ രണ്ടു ഘടകങ്ങളും പരസ്പര പൂരകങ്ങളാണെന്നു സാരം.




വികാസത്തെ ഒരു മട്ടത്രികോണമായി ചിത്രീകരിച്ചാൽ പാരമ്പര്യം അതിന്റെ പാദമായും പരിസരം അതിന്റെ ലംബമായും പരിഗണിക്കാം. പാരമ്പര്യം പാദമായി പരിഗണിക്കുന്നതുകൊണ്ട് പാദനീളം വർധിപ്പിക്കാൻ സാധിക്കില്ല. ലംബത്തിന്റെ നീളം എത്ര വേണമെങ്കിലും വർധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്യാം. ലംബത്തിന്റെ നീളം വർധിപ്പിക്കുന്നതിനനുസരിച്ച് (പരിസരം മെച്ചപ്പെടുത്തുന്നതിനുസരിച്ച്) മട്ടത്രികോണത്തിന്റെ പരപ്പളവ് (area) വർധിക്കുന്നു. അതായത് വികാസം മെച്ചപ്പെട്ടതാകുന്നു.

6. **വികാസം പരിപക്വനത്തെയും പഠനത്തെയും ആശ്രയിച്ചിരിക്കുന്നു. (Development is the sum of Maturation and Learning)**

ബാഹ്യശക്തികളുടെ പ്രേരണകൂടാതെ സ്വയമേവ നടക്കുന്ന വികാസത്തെ പരിപക്വനം എന്നുവിളിക്കുന്നു. വ്യക്തിയിൽ അന്തർലീനമായിരിക്കുന്ന (inherent) സ്വഭാവവിശേഷങ്ങളുടെ അനാവരണമാണ്

പരിപക്വനം. പ്രത്യേക പ്രായത്തിൽ ശിശുക്കൾ മുട്ടുകുത്തി ഇഴയാനും നിൽക്കാനും ഓടാനും ചാടാനും സംസാരിക്കുവാനും ശ്രമിക്കുന്നത് ആരും പഠിപ്പിക്കുന്നതുകൊണ്ടല്ല, മറിച്ച് അതിനുള്ള പാകമായതു കൊണ്ടാണ്. പുതിയ കാര്യങ്ങൾ അറിയുക, പുതിയ നിപുണതകളും (skills) മനോഭാവങ്ങളും (attitude) അഭിരുചികളും (aptitude) ആസ്വാദനക്ഷമതയും (appreciation) ഉണ്ടാവുക എന്നിവയെല്ലാം പഠനം തന്നെ യാണ്.

പെരുമാറ്റരീതികളിലും അറിവിലും അഭിക്ഷമതയിലും കലാസ്വാദനത്തിലും മാറ്റങ്ങൾ ഉണ്ടാകുന്നത് പഠനംമൂലമാണ്. പരിപക്വനവും പഠനവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. ഒരു വയസ്സായ കുട്ടിയെ എഴുതിക്കാനോ അഞ്ചുവയസ്സുള്ള കുട്ടിയെ ഭരണഘടന പഠിപ്പിക്കാനോ ആരും ശ്രമിക്കാറി ല്ല. ഒരോന്നിനും ഓരോ **പഠനാനുകൂലനിമിഷം (teachable moment)** ഉണ്ട്. പ്രായം, സന്നദ്ധത, താല്പര്യം എന്നിവയെല്ലാം ഒത്തിണങ്ങിയ സമയമാണത്. പരിപക്വനത്തെ അവഗണിച്ചു പഠിപ്പി ച്ചാൽ കുട്ടികൾ നിഷേധികളോ പഠനത്തിൽ പിന്നാക്കക്കാരോ ആയിത്തീരാനിടയുണ്ട്.

### 7. വികാസക്രമം രേഖീയമല്ല മറിച്ച് ചാക്രികമാണ്. (Development is not Linear but Spiral)

ശൈശവത്തിൽ വളർച്ചയുടെ തോത് കൂടുതലാണ്. ഒരു വയസ്സാകുമ്പോൾ, ജനിക്കുമ്പോഴുള്ള ഭാര ത്തിന്റെ മൂന്നുമടങ്ങ് ഭാരം ഉണ്ടാകുന്നു. കൗമാരഘട്ടത്തിലും ഇതുപോലൊരു ചാട്ടം വളർച്ചയിൽ കണ്ടുവരുന്നു. മസ്തിഷ്ക്കത്തിന്റെ വളർച്ച ഏഴോ എട്ടോ വയസ്സാകുമ്പോഴേയ്ക്ക് പൂർണ്ണമാകുന്നു. പക്ഷെ അതിന്റെ വികാസം ത്വരിതമാകുന്നത് പിന്നീടാണ്. തൈമസ് ഗ്രന്ഥി (thymus gland) യുടെ വളർച്ച സവിശേഷമാണ്. പന്ത്രണ്ടുവയസ്സാകുമ്പോഴേക്കും ഈ ഗ്രന്ഥിയുടെ വലുപ്പം ഇരട്ടിയാവുന്നു. പിന്നീട് ക്രമേണ വലിപ്പം കുറഞ്ഞ് പൂർണ്ണത പ്രാപിക്കുന്നു. ഗർഭപാത്രം (uterus) യൗവനാരംഭം (puberty) വരെ വളർച്ചയില്ലാതെയിരുന്ന് പെട്ടെന്ന് വളർച്ചപ്രാപിക്കുകയാണ് ചെയ്യുന്നത്. ജനനേന്ദ്രി യത്തിന്റെ വികാസം ശൈശവത്തിലും ബാല്യത്തിലും മന്ദഗതിയിലും യൗവ്വനാരംഭത്തിൽ അതിശീ ഘ്രവുമാണ്. നാഡീവ്യൂഹത്തിന്റെ വികാസം 6 – 7 വയസ്സുവരെ അതിശീഘ്രം നടക്കുന്നു. ബാല്യാന്ത്യ ത്തോടെ അത് സമ്പൂർണ്ണവുമാകുന്നു. അസ്ഥികൂടം ശൈശവത്തിലും കൗമാരത്തിലും ത്വരിതഗതി യിൽ വളരുന്നു.

### 8. വികാസം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. (Development is Interrelated)

ബൗദ്ധികം (intellectual) ശാരീരികം (physical) വൈകാരികം (emotional) സാമൂഹികം (social) എന്നീ മേഖലകളിലെ വികാസങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു (Principle of interrelation). ശാരീ രികാരോഗ്യം മാനസികാരോഗ്യത്തെ പുഷ്ടിപ്പെടുത്തുന്നു. മാനസികാരോഗ്യം ശാരീരികാരോഗ്യത്തെയും പുഷ്ടിപ്പെടുത്തുന്നു. ശാരീരികവൈകല്യങ്ങൾ മറ്റെല്ലാ വികാസങ്ങൾക്കും പ്രതിബന്ധമായിത്തീരു ന്നു. വൈകാരികസംഘർഷങ്ങൾ ശരീരത്തെയും മനസ്സിനെയും സാമൂഹികബന്ധങ്ങളെയും പ്രതികൂ ലമായി ബാധിക്കുന്നു.

### 9. വികാസം പ്രവചനീയമാണ്. (Development is Predictable)

ഒരു നിശ്ചിതപ്രായത്തിൽ ഒരുകുട്ടിക്ക് എത്ര വളർച്ചയും വികാസവുമുണ്ടായിരിക്കുമെന്ന് കണക്കുണ്ട്. കുട്ടിയുടെ വളർച്ചയുടെ തോതനുസരിച്ച് അവന്റെ പൂർണ്ണത എങ്ങനെയാകും എന്ന് പ്രവചിക്കാവുന്ന താണ് (Principle of Prediction). ഉദാഹരണമായി കുട്ടിയുടെ എല്ലിന്റെ എക്സ്റേ പരിശോധിച്ചാൽ പൂർണ്ണ തയിൽ കുട്ടിയുടെ വലിപ്പം എത്രയാണെന്ന് പറയാൻ സാധിക്കും. ബുദ്ധിശക്തി, അഭിക്ഷമത, സാമൂ ഹികബന്ധം തുടങ്ങിയവ ഏറെക്കുറെ അളക്കുവാനുള്ള ചില മാപിനികൾ മനശ്ശാസ്ത്രവിദഗ്ധർ തയാ റാക്കിയിട്ടുണ്ട്. ശീഘ്രഗതിയിൽ വളർന്ന കുട്ടിയുടെ വളർച്ച ആദ്യവസാനം ശീഘ്രഗതിയിലും, മന്ദഗ തിയിൽ വളർന്ന കുട്ടിയുടെ വളർച്ച ആദ്യാവസാനം മന്ദഗതിയിലും ആയിരിക്കും. ജീവിതത്തിലുട നീളം ഗതിവേഗം കാര്യമായ വ്യത്യാസമില്ലാതെ നിലനിൽക്കുന്നതിനാൽ ഓരോ വ്യക്തിയിലും വികാസം പ്രവചനീയമാണ്.

**10. വികാസത്തിന്റെ ഗതിയിൽ വ്യക്തിവ്യത്യാസമുണ്ടായിരിക്കും. (Principle of Individual Differences)**

ഓരോ വ്യക്തിയും വിഭിന്നനാണ്. ശാരീരിക - ചാലക, വൈജ്ഞാനിക, വൈകാരിക, സാമൂഹിക മേഖലകളിൽ ഓരോ കുട്ടിയും വ്യത്യസ്തരാണല്ലോ. ഈ വ്യത്യാസം വികാസത്തിന്റെ ഗതി വേഗത്തിലും പ്രതിഫലിക്കുന്നു.

**11. വികാസത്തിൽ ചില നിർണായകഘട്ടങ്ങൾ ഉണ്ട്. (Development has some Determinant Stages)**

ഗർഭാവസ്ഥയുടെ ആദ്യത്തെ 3 മാസങ്ങൾ തലച്ചോറിന്റെയും കണ്ണിന്റെയും ചെവിയുടെയും വികാസ ത്തിൽ നിർണായകമാണ്. ഈ ഘട്ടത്തിൽ അമ്മയ്ക്കുണ്ടാകുന്ന രോഗങ്ങൾ ഗർഭസ്ഥശിശുവിനെ പലതരത്തിൽ ബാധിക്കും. ശൈശവം ചാലകവികാസത്തിന്റെയും കൗമാരം ലൈംഗിക വികാസത്തി ന്റെയും നിർണായകഘട്ടങ്ങളാണ്.

**വികാസ തത്ത്വങ്ങളുടെ വിദ്യാഭ്യാസപരമായ പ്രാധാന്യം**

- *കുട്ടികളിൽ വ്യക്തിവ്യത്യാസം നിലനിൽക്കുന്നുവെന്ന അറിവ്, ഓരോ കുട്ടിക്കും പ്രത്യേക ശ്രദ്ധ ആവശ്യമാണെന്നു മനസ്സിലാക്കി പ്രവർത്തിക്കാൻ സഹായിക്കുന്നു.*
- *പാരമ്പര്യത്തിനും പരിസരത്തിനും ശിശുവിന്റെ വികാസത്തിൽ പ്രധാനപങ്കുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. പരിസരത്തെ അനുഗുണമാക്കാൻ ശ്രമിക്കണമെന്ന് ബോധ്യപ്പെടുന്നു.*
- *കുട്ടികളെക്കുറിച്ച് അമിതപ്രതീക്ഷ ഇല്ലാതാക്കാൻ സഹായിക്കുന്നു.*
- *ഒരു മേഖലയിലെ വികാസം മറ്റു മേഖലകളെ സ്വാധീനിക്കുന്നുവെന്നറിഞ്ഞ് പഠനപ്രവർത്ത നങ്ങൾ ഒരുക്കാൻ കഴിയുന്നു.*
- *പഠനാനുകൂല നിമിഷത്തെക്കുറിച്ചറിയാനും അതനുസരിച്ച് പഠനക്രമം നിശ്ചയിക്കാനും കഴി യുന്നു.*
- *അനുയോജ്യമായ പാഠ്യപദ്ധതി, ബോധനരീതി എന്നിവ രൂപീകരിക്കാനും നടപ്പിലാക്കാനും സഹായിക്കുന്നു.*
- *പാഠ്യ - പാഠ്യാനുബന്ധപ്രവർത്തനങ്ങൾ അനുയോജ്യമായ രീതിയിൽ സംഘടിപ്പിക്കാൻ സഹായിക്കുന്നു.*
- *കുട്ടിയുടെ കഴിവുകളെ പ്രാധാന്യത്തോടെ കാണാൻ സഹായിക്കുന്നു.*
- *പഠനം പരിപക്വനത്തെ ആശ്രയിക്കുന്നതിനാൽ ഏതളവുവരെ കുട്ടിക്ക് പഠിക്കാനാവുമെന്ന അറിവ് ടീച്ചർക്കു ലഭിക്കുന്നു.*
- *കുട്ടികളുടെ പെരുമാറ്റത്തിലും മറ്റുമുള്ള അസ്വാഭാവികത കണ്ടെത്താനും പരിഹരിക്കാനും സഹായിക്കുന്നു.*
- *കുട്ടികൾ തമ്മിലുള്ള ആരോഗ്യകരമായ ബന്ധം വിവിധ മേഖലകളുടെ വികാസത്തെ ത്വരി തപ്പെടുത്തുമെന്ന അറിവു നൽകുന്നു.*

## ശാരീരിക ചാലകവികാസം

ഒരു വ്യക്തിയുടെ ജീവിതത്തിലെ നിർണായക ഘട്ടങ്ങളാണ് ശൈശവവും ബാല്യവും. **എലിസബത്ത് ബി ഹർലോക്ക്** ശാരീരികചാലകവികാസത്തെക്കുറിച്ച് ധാരാളം പഠനം നടത്തിയിട്ടുണ്ട്. ശൈശവ കാലത്ത് കുട്ടിക്ക് സമസ്ത മേഖലകളിലും ദ്രുതഗതിയിലുള്ള വികാസം ഉണ്ടാകുന്നു. ശിശുവികാസം ശ്രേണീബന്ധിതമായ ഒരു തുടർപ്രക്രിയയാണ്. ജനനം മുതൽ വിവിധ ശേഷികൾ ശ്രേണീബന്ധിത മായി പ്രായമനുസരിച്ച് വികസിച്ചു വരുന്നത് നിരീക്ഷിച്ച് മനസ്സിലാക്കാവുന്നതാണ്.

സ്ഥൂലപേശീചലനത്തിൽ (Gross motor development) നിന്നാണ് സൂക്ഷ്മപേശീചലനത്തിനുള്ള (Fine motor development) കഴിവു നേടുന്നത് എന്ന വികാസ തത്ത്വം നേരത്തെ പ്രതിപാദിച്ചിട്ടുണ്ടല്ലോ.

**മൂന്നു വയസ്സുകാർ (years 3+)**

ഏതാണ്ട് സ്ഥായിയായ ഒരു സ്വഭാവരീതി മൂന്നു വയസ്സോടെ ശിശുക്കൾ ആർജിച്ചിരിക്കും. തന്റെ പ്രായം, ലിംഗപദവി എന്നിവ സംബന്ധിച്ച് ശിശുവിന് ധാരണ വികസിച്ചിട്ടുണ്ടാവും. നിശ്ചിതമായ കുടുംബാന്ത രീക്ഷത്തിൽ നിന്ന് ചുറ്റുവട്ടത്തിലേക്കും അയൽപക്കത്തിലേക്കും സമപ്രായക്കാരായ ശിശുക്കളിലേക്കും മൂന്നു വയസ്സുകാരുടെ ശ്രദ്ധയും താല്പര്യവും വികസിക്കുന്നതാണ്. ഈ ഘട്ടത്തിൽ കേവലമായ കുടും ബാന്തരീക്ഷം ശിശുവിന് പ്രചോദനപരമല്ലെന്ന് സാരം. അതുകൊണ്ടു തന്നെ തന്റെ ചുറ്റുവട്ടത്തിൽ നിന്ന് കുഞ്ഞ് സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന ഘട്ടമാണിത്. സ്വതന്ത്രമായി ഓടുന്നതിനും പടവുകൾ കയ റിയിറങ്ങുന്നതിനും ശിശു ശേഷി ആർജിക്കുന്നു. താൻ പുതിയതായി നേടിയ ശേഷികൾ ഉപയോഗി ക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നത് ശിശുവിന് ഇഷ്ടപ്പെടുകയില്ല. അവൻ തന്റെ പ്രതിഷേധം സാഹ ചര്യവും സമയവും നോക്കാതെ തന്നെ പ്രകടിപ്പിക്കും. കൂടുതലായി ശാരീരിക അപകടങ്ങൾ ഉണ്ടാകു ന്നതും ഈ ഘട്ടത്തിൽ തന്നെയാണ്. മുച്ചക്രവണ്ടികൾ ഉപയോഗിക്കുന്നതിന് ശിശുവിന് താല്പര്യമു ണ്ടാകും. സവിശേഷമായ സൂക്ഷ്മപേശീവികാസവും ബന്ധപ്പെട്ട ശേഷികളും ഈ ഘട്ടത്തിൽ വിക സിച്ച് വരുന്നു. വസ്ത്രത്തിലെ ബട്ടണുകൾ ഇടുന്നതിനും ഷൂ അഴിക്കുന്നതിനും കൈ കഴുകുന്നതിനും സ്വയം പ്രാപ്തനാകുന്നു. ക്രയോൺസ്, പെൻസിൽ എന്നിവ ഉപയോഗിക്കുന്നതിന് താല്പര്യമുണ്ടാ കും. തിരശ്ചീന ലംബരേഖകൾ, വൃത്തം എന്നീ ജ്യാമിതീയ രൂപങ്ങൾ വരക്കാൻ കഴിയും. വട്ടം വരച്ച് അതിൽ മനുഷ്യമുഖത്തെ ഉദ്ദേശിച്ച് കണ്ണ്, മൂക്ക് തുടങ്ങിയവ വരയ്ക്കുന്നതിന് കുട്ടി സ്വാഭാവികമായ താല്പര്യം പ്രകടിപ്പിക്കും. അന്തരീക്ഷം പ്രോത്സാഹജനകമാണെങ്കിൽ ഈ ഘട്ടത്തിൽ ഏറെ മുന്നോട്ട് പോകും. ശിശുവിന്റെ നൈസർഗികമായ ഈ കഴിവുകളെ തടയുകയും കേവലമായ എഴുത്തിലേക്ക് യാന്ത്രികമായി തിരിച്ചു വിടുകയും ചെയ്യുന്നത് വികാസത്തെ പ്രതികൂലമായി ബാധിക്കും.

ഈ ഘട്ടത്തിൽ ശിശുവിന്റെ സംസാരശേഷി പതിന്മടങ്ങ് വർധിക്കുന്നു. മൂന്നു വരെയുള്ള വസ്തു ക്കൾ എണ്ണുന്നതിനും പൂർണവാക്യങ്ങൾ പറയുന്നതിനും കഴിയും. കഥകൾ കേൾക്കുന്നതിനും പറ യുന്നതിനും കുഞ്ഞിന് താല്പര്യം വർധിക്കും. ആദ്യവും അവസാനവുമില്ലാതെ നീളുന്ന കഥകളായി രിക്കും ശിശുക്കൾ പറയുക. പടം കാണിച്ച് കഥ പറഞ്ഞു കൊടുക്കുന്നത് കൂടുതൽ പ്രചോദനപരമാ ണ്. ഇത് ശിശുവിന്റെ നിരീക്ഷണപാടവവും വാക്ചാതുരിയും വർധിപ്പിക്കും. ഈ ഘട്ടത്തിൽ സമപ്രാ യക്കാരുടെ കളികൾ നിരീക്ഷിച്ച്, അതുപോലെ സ്വന്തം കളിപ്പാട്ടം വച്ച് തനിയെ കളികളിലേർപ്പെടാ നായിരിക്കും പല കുട്ടികൾക്കും താല്പര്യം. തന്റെ കളിപ്പാട്ടങ്ങൾ കൂട്ടുകാർക്ക് കൊടുത്തും അവരുടേത് വാങ്ങിയും കളിക്കുന്നതിനുള്ള സ്വഭാവശേഷി വികസിച്ച് വന്നിട്ടുണ്ടാകില്ല. തന്റെ ആഗ്രഹങ്ങളും താല്പര്യങ്ങളും സാധിച്ചു കിട്ടുന്നതിന് ശിശു കൂടുതൽ നിർബന്ധബുദ്ധിയും വാശിയും സാഹചര്യം നോക്കാതെ തന്നെ പ്രകടിപ്പിക്കുന്ന ഘട്ടമാണിത്.

**നാലു വയസ്സുകാർ (years 4+)**

ശാരീരികവികാസത്തിന്റെ ഒരു പടികൂടി കടന്ന് ഒറ്റക്കാലിൽ നിൽക്കുന്നതിനും ചാടുന്നതിനുമുള്ള താല്പര്യം ഈ ഘട്ടത്തിൽ ശിശുക്കൾ പ്രകടിപ്പിക്കുന്നു. കത്രിക ഉപയോഗിച്ച് പേപ്പർ മുറിക്കുന്നതിന് കുഞ്ഞിന് കഴിയും. ചിത്രങ്ങൾ മുറിച്ചെടുക്കുന്നതിന് താല്പര്യമുണ്ടാകും. മുമ്പ് സൂചിപ്പിച്ച മനുഷ്യമുഖത്തെ കൂടുതൽ അവയവങ്ങൾ ചേർത്ത് വികസിപ്പിക്കുന്നതിനും ചതുരം തുടങ്ങിയ ജ്യാമി തീയരൂപങ്ങൾ വരയ്ക്കുന്നതിനുമുള്ള കഴിവുകൾ വികസിച്ച് വരും. കൂടുതൽ നന്നായി പെൻസിൽ, ക്രയോൺസ് എന്നിവ പിടിക്കുന്നതിനും ഉപയോഗിക്കുന്നതിനും കഴിയും. മനുഷ്യരൂപത്തെക്കൂടാതെ തന്റെ ചുറ്റുവട്ടത്തിൽ കാണുന്ന ഇഷ്ടമുള്ള മറ്റു രൂപങ്ങളെ വരയ്ക്കുന്നതിനും സ്വാഭാവികമായ ഉത്സാഹം ഉണ്ടാകും. പക്ഷിമൃഗാദികളുടെ ചിത്രങ്ങളുള്ള പുസ്തകങ്ങളും വരയ്ക്കുന്നതിനുള്ള സാമഗ്രികളു

മാണ് ഈ വികാസഘട്ടത്തിൽ ശിശുവിന് കൊടുക്കാവുന്ന ഏറ്റവും പ്രചോദനപരമായ സാധനങ്ങൾ. എന്നാൽ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള പ്രോത്സാഹജനകമായ സാഹചര്യം ഇല്ലാത്ത കുഞ്ഞുങ്ങളിൽ ഈ കഴിവുകൾ നന്നായി വികസിച്ചു വരണമെന്നില്ല. ചിത്രകഥകൾ വായിച്ച് കേൾക്കുന്നതിനും ഈ സമയത്ത് ശിശു അതീവ താല്പര്യം പ്രകടിപ്പിക്കും. ചിത്രം കണ്ടും അല്ലാതെയും ചോദ്യങ്ങൾ ചോദിച്ചു തുടങ്ങും. അനുഭവങ്ങൾ ആർജിക്കുന്നതിനുള്ള തനതു മാർഗമാണിത്. പറഞ്ഞോ വായിച്ചോ കേട്ട കഥ തന്നെ വീണ്ടും വീണ്ടും കേൾക്കുന്നതിന് താല്പര്യം പ്രകടിപ്പിക്കുക സ്വാഭാവികമാണ്. ഇതോടൊപ്പം കഥ പറയൽ ശേഷിയും യുക്തിയും വർദ്ധിച്ചു വരുന്നു. ശിശുവിന്റെ സ്വതന്ത്രമായ അന്വേഷണാത്മക സ്വഭാവവും കൂടുതൽ വികസിച്ചുവരുന്നു. പ്രോത്സാഹജനകമായ അന്തരീക്ഷം ഈ ഘട്ടത്തിൽ അനിവാര്യമാണ്. വ്യക്തി കേന്ദ്രിതമായ കളികളിൽ നിന്ന് മറ്റു ശിശുക്കളുമായി ചേർന്നുള്ള കൊടുക്കൽ വാങ്ങലുകളിലേക്ക് പ്രവർത്തനം വികസിക്കും. മറ്റുള്ളവരുമായി ചേർന്നുള്ള ചമഞ്ഞു കളികളിലായിരിക്കും കുഞ്ഞുങ്ങൾക്ക് താല്പര്യം. ഇതിനുള്ള തനതായ ചുറ്റുവട്ടം ഒരുക്കുക എന്നതാവണം നമ്മുടെ ഉത്തരവാദിത്തം. വിവിധ ആശയങ്ങൾ അനുഭവവേദ്യമാക്കി കൊടുക്കുന്നതിന് പലതരം കളി പ്രവർത്തനങ്ങൾ ഉപയോഗിക്കാവുന്നതാണ്. തന്റെ ആവശ്യങ്ങൾ സാധിച്ചു കിട്ടുന്നതിനു വേണ്ടിയുള്ള നിർബന്ധബുദ്ധിയും വാശിയും ഈ ഘട്ടത്തിലും കൂടുതലായിരിക്കും. സ്വയം ടോയ്‌ലറ്റിലേക്ക് പോകുന്നതിനുള്ളശേഷി പ്രകടിപ്പിക്കും.

**അഞ്ചു വയസ്സുകാർ (years 5+)**

ഈ ഘട്ടത്തോടെ ശിശുക്കൾ ചാടിക്കളിക്കുന്നതിനുള്ള ശേഷി ആർജിക്കുന്നു. *'ചാടരുത്, വീഴും.'* എന്നിങ്ങനെയുള്ള നിർദേശങ്ങൾ ശിശുവിന്റെ തനത് പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തും. സ്വന്തമായി വസ്ത്രം ധരിക്കുന്നതിനുള്ള ശേഷി ആർജിക്കും. ചിത്രം വരയ്ക്കൽ ശേഷിയും സംസാരശേഷിയും കഥപറയലിലെ യുക്തിബോധവും കൂടുതൽ വികസിക്കുന്നു. ത്രികോണം വരയ്ക്കാൻ കഴിയും. ചിത്രം വരയ്ക്കൽശേഷി നിരീക്ഷിച്ച് ശിശുവിന്റെ ബുദ്ധിവികാസം നിർണയിക്കാവുന്നതാണ്. മനുഷ്യരൂപത്തെ കൂടാതെ തന്റെ ചുറ്റുവട്ടവും ചിത്രങ്ങളിൽ കടന്നുവരും. എന്നാൽ ഇവ കൂടുതൽ മിഴിവാർന്നതാകണമെന്നില്ല. ചിത്രങ്ങൾ വരച്ച് നിറം കൊടുക്കുന്നത് ഈ ഘട്ടത്തിലെ ഒരു പ്രധാന പ്രവർത്തനമായിത്തീരും. ഈ ഘട്ടത്തിൽ പ്രോത്സാഹജനകമായ അന്തരീക്ഷവും അനുഭവങ്ങളും നിർണായകമാണ്. സാമഗ്രികൾ സ്വതന്ത്രമായി ഉപയോഗിക്കുന്നതിനുള്ള സാഹചര്യമാണ് ആവശ്യം. ചിത്രകഥകൾ വായിച്ചു കേൾക്കുന്നതിനുള്ള താല്പര്യം വർധിച്ചു കൊണ്ടേയിരിക്കും. ശിശുവിന്റെ ചോദ്യം ചോദിക്കൽ സ്വഭാവം അതിന്റെ മൂർധന്യത്തിലെത്തുന്നു. കഥകൾക്ക് യുക്തി വർധിക്കുന്നതിനൊപ്പം തന്റേതായ കഥകളും പറഞ്ഞു തുടങ്ങും. 'മോൾ അച്ഛന്റെ കഥ മോഷ്ടിച്ചതാണല്ലേ?' എന്ന ചോദ്യങ്ങൾക്കൊന്നും ഇവിടെ സ്ഥാനമില്ല. കൂട്ടുകാരോടുള്ള താല്പര്യം വർധിച്ചുവരും. ഈ പ്രായത്തിലുള്ളവർ കളിപ്പാട്ടങ്ങളും മറ്റും പങ്കുവയ്ക്കുന്നു. നിയമങ്ങൾ പാലിക്കുന്നതിനും അവ അനുസരിക്കാത്തവരെക്കുറിച്ച് പരാതി പറയുന്നതിനും ഈ ഘട്ടത്തിൽ  ശ്രമിക്കുന്നു. ഇത് നൈതിക വികാസത്തെ കുറിക്കുന്നു. പൊതുവിൽ വാശിയിൽ അയവ് വരുന്നു. അഞ്ചു വയസ്സ് പൂർത്തിയാകുമ്പോഴേക്കും തനതായ പഠനവ്യഗ്രത പ്രകടിപ്പിച്ചു തുടങ്ങും. അക്ഷരം അറിഞ്ഞു കൂടെങ്കിൽക്കൂടി **സാങ്കല്പിക എഴുത്ത്** നടത്തുന്നതിനും **സാങ്കല്പിക വായന** നടത്തുന്നതിനുമുള്ള പ്രവണത കാണിക്കും. ഇത് പഠന വ്യഗ്രതയെ കുറിക്കുന്നു. ചുരുക്കത്തിൽ തനതായ വികാസഘട്ടത്തിലൂടെ കടന്നുപോകുന്നതിന് അവസരവും പ്രോത്സാഹനവും ലഭിക്കുന്ന ശിശുവിന് കഥപറയലിലൂടെ, ചമഞ്ഞുള്ള കളികളിലൂടെ, ജ്യാമിതീയ ചിത്രവരകളിലൂടെ, ശരിയായ ശാരീരിക മാനസിക ബുദ്ധിവികാസം പ്രാപിക്കാനാവുന്നു. ഈ പ്രീപ്രൈമറി വികാസഘട്ടത്തിന് ഒടുവിലെത്തുമ്പോൾ അക്ഷരാഭ്യാസത്തിന് തനതായ പാകത കൈവരുന്നു. ചുരുക്കത്തിൽ അഞ്ചു വയസ്സ് പൂർത്തിയാവുന്നതോടെ ശിശു പ്രൈമറി വിദ്യാഭ്യാസത്തിന് വികാസപരമായി തയാറാവുന്നു എന്നർഥം.

3 മുതൽ 6 വയസ്സു വരെയുള്ള കാലയളവിനെ പൊതുവിൽ പ്രീ പ്രൈമറിയെന്ന് വിശേഷിപ്പിക്കുമെങ്കിലും മൂന്ന് വയസ്സുകാരും നാലു വയസ്സുകാരും അഞ്ചുവയസ്സുകാരും തമ്മിൽ താന്താങ്ങളുടെ താല്പര്യ

ങ്ങളിലും ശേഷികളിലും വ്യത്യസ്തരാണ് എന്നാണ് മുകളിൽ കണ്ടത്. അതുകൊണ്ട് പ്രീസ്കൂളിലെ അന്തരീക്ഷവും അനുഭവങ്ങളും ഓരോ ഗ്രൂപ്പിനും വ്യത്യസ്തമായിത്തന്നെ പ്രചോദനപരവും സന്തോഷദായകവും വിജ്ഞാനപ്രദവുമായ രീതിയിൽ ഒരുക്കേണ്ടതുണ്ട്. പ്രീ സ്കൂൾ അനുഭവം ഒരു ഗ്രൂപ്പിന് (മൂന്നു വയസ്സുകാർക്ക്) അമിത പ്രചോദനവും (over stimulating) മറ്റൊരു ഗ്രൂപ്പിന് (അഞ്ച് വയസ്സുകാർക്ക്) വിരസതയും (under stimulating) സൃഷ്ടിക്കുന്നതാകരുത്. അതായത് ഓരോ ഗ്രൂപ്പിനും അവരുടെ സവിശേഷമായ വികാസഘട്ടവും താല്പര്യവും കണക്കിലെടുത്ത് വെവ്വേറെതന്നെ പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യണം.

3 മുതൽ 6 വയസ്സുവരെയുള്ള (3+, 4+, 5+) ശിശുവികാസത്തിന്റെ പ്രധാന നാഴികക്കല്ലുകൾ നാലു തലങ്ങളിലായി താഴെയുള്ള പട്ടികയിൽ കൊടുത്തിരിക്കുന്നു.

**ശിശുവികാസത്തിന്റെ നാഴികക്കല്ലുകൾ**

| വയസ്സ് | സ്ഥൂലപേശീ വികാസം | സൂക്ഷ്മപേശീ വികാസം | ഭാഷാപരം | വ്യക്തിപരം/ സാമൂഹികം |
|---|---|---|---|---|
| 3+ | പടികൾ കയറുകയും ഇറ ങ്ങുകയും ചെയ്യുന്നു. മുച്ചക്രവാഹനം ചവിട്ടുന്നു. കുറച്ചു നേരത്തേക്ക് ഒറ്റക്കാലിൽ നിൽക്കാൻ കഴിയുന്നു. | നെടുകെയും കുറുകെയും ഉള്ള വരകൾ, വട്ടം തുടങ്ങിയവ വരയ്ക്കുന്നു. ക്രയോൺസ് പെൻസിൽ എന്നിവ ഉപയോഗിക്കുന്നു. പത്ത് ക്യൂബുകൾ വരെ അടുക്കുന്നു. | സംസാരശേഷി പതിന്മടങ്ങ് വർധിക്കുന്നു. പൂർണ വാക്യങ്ങളിൽ സംസാരിച്ചു തുടങ്ങുന്നു. സ്വന്തം പ്രായവും ലിംഗ പദവിയും തിരിച്ചറിയുന്നു, 3 വസ്തുക്കൾ വരെ കൃത്യമായി എണ്ണുന്നു. കഥകൾ കേൾക്കാനും പറയാനും താല്പര്യം കാണിക്കുന്നു. ചിത്രം കാണിച്ച് കഥ പറഞ്ഞു കൊടുക്കുന്നത് പ്രചോദനപരമാണ്. | സവിശേഷമായ വ്യക്തികേന്ദ്രിത ചിന്തയും സ്വഭാവവും ഉണ്ടാകും. സമപ്രായക്കാരുടെ കളിപ്രവർത്തനങ്ങൾ നിരീക്ഷിച്ച് അതുപോലെ തനിയെ കളിക്കുന്നു.<br>വസ്ത്രം അഴിക്കുന്നതിന് പ്രാപ്തനാകുന്നു. കൈ കഴുകുന്നു.<br>തന്റെ ഇഷ്ടങ്ങൾ സാധിച്ചു കിട്ടാൻ കൂടുതൽ നിർബന്ധബുദ്ധി പ്രകടിപ്പിക്കുന്നു, അത് ഹനിക്കപ്പെട്ടാൽ സാഹചര്യം നോക്കാതെ പ്രതിഷേധിക്കുന്നു. |
| 4+ | ഒറ്റക്കാലിൽ നിൽക്കുന്നു. കത്രിക ഉപയോഗിച്ച് പേപ്പറുകൾ മുറിക്കുന്നു. | ചതുരവും അധിക ചിഹ്നവും (+) വരയ്ക്കുന്നു. രണ്ടു മുതൽ നാലു വരെ അവയവങ്ങളോട് കൂടിയ മനുഷ്യനെ വരയ്ക്കുന്നു. | നാലു വസ്തുക്കൾ വരെ കൃത്യമായി എണ്ണുന്നു, സ്വന്തം കഥകളിൽ യുക്തിബോധം കടന്നുവരുന്നു. ചോദ്യങ്ങൾ ചോദിക്കുന്നു. ഒരേ ചിത്രകഥ തന്നെ വീണ്ടും വീണ്ടും വായിച്ചു കേൾക്കാൻ ഇഷ്ടപ്പെടുന്നു. | സമപ്രായക്കാരുമായി ചേർന്ന് കൊടുക്കൽ-വാങ്ങൽ രീതിയിലേക്ക് കളി വളരുന്നു. ചമഞ്ഞുള്ള കളികളിൽ ഏർപ്പെടുന്നു. ടോയ്‌ലറ്റ് ഉപയോഗിക്കുവാൻ ശീലിക്കുന്നു. |
| 5+ | വള്ളിച്ചാട്ടം ചാടുന്നു. (skipping) | ത്രികോണം വരയ്ക്കുന്നു. മനുഷ്യരൂപം പൂർത്തീകരിക്കുന്നു. ചിത്രം വരച്ച് നിറം നൽകൽ പ്രധാന പ്രവർത്തനമാകുന്നു. ചുറ്റുപാടുമുള്ള, മനസ്സിൽ തങ്ങിയ കാര്യങ്ങൾ മിഴിവോടെ വരയ്ക്കുന്നു. | നാലുനിറങ്ങൾ വരെ തിരിച്ചറിയുന്നു, 10 വസ്തുക്കൾ വരെ കൃത്യമായി എണ്ണുന്നു. ചോദ്യം ചോദിക്കൽ സ്വഭാവം മൂർധന്യത്തിലെത്തുന്നു, കഥകൾ യുക്തിസഹമാകുന്നു. സാങ്കല്പിക വായന, എഴുത്ത് എന്നിവ | സ്വന്തമായി വസ്ത്രം ധരിക്കുകയും അഴിക്കുകയും ചെയ്യുന്നു, കൂട്ടുകാരോട് താല്പര്യം വർധിക്കുന്നു, കളിപ്പാട്ടങ്ങൾ പങ്കുവയ്ക്കുന്നു, വീട്ടിലെ കാര്യങ്ങൾ ചെയ്യുന്നു. പരാതി പറയുവാനുള്ള പ്രവണത വർധിക്കുന്നു. |

## ശൈശവകാലത്തെ ശേഷീവ്യത്യാസം

### താരതമ്യ പട്ടിക

പ്രായാനുസൃതമായി 3-4, 4-5, 5-6 എന്നീ പ്രായക്കാർ പേശീശേഷികൾ, ഭാഷ, വൈകാരികത, അറിയാനുള്ള താല്പര്യം, പ്രവർത്തനശേഷി, താല്പര്യങ്ങൾ തുടങ്ങിയവയിൽ വ്യത്യസ്തരാണ്. ചില സൂചനകൾ താഴെ നൽകിയിരിക്കുന്നു. ശിശുക്കളുടെ പ്രകൃതത്തിലുള്ള ഈ വ്യത്യാസങ്ങൾ കണക്കിലെടുത്താകണം അനുഭവപ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടത്. ശേഷിക്കപ്പുറത്തേക്ക് പ്രവർത്തന നിലവാരം ഉയർത്തുന്നത് കുട്ടിയുടെ വികാസത്തെ അസന്തുലിതമാക്കും.

| 3 – 4 പ്രായം | 4 – 5 പ്രായം | 5 – 6 പ്രായം |
|---|---|---|
| 1. സ്ഥൂല-സൂക്ഷ്മ പേശികൾക്ക് വേണ്ട നിയന്ത്രണം കുറവാണ്. | 1. ശരീരത്തിന്റെ ചലനങ്ങൾ നിയന്ത്രി ക്കാൻ കഴിയും. | 1. സ്ഥൂല-സൂക്ഷ്മ പേശികൾക്ക് താരതമ്യേന നിയന്ത്രണം വന്നിട്ടുണ്ട്. കൂടുതൽ സങ്കീർണമായ ചലനശേഷി ആർജിക്കുന്നു. |
| 2. മുതിർന്നവരുടെ സഹായത്തോടെ ദിനചര്യകൾ ചെയ്യാനും വസ്ത്രം അഴിക്കാനും ധരിക്കാനും കഴിയും. | 2. സ്വന്തമായി ദിനചര്യകൾ ചെയ്യാനും വസ്ത്രം ധരിക്കാനും ആരംഭിക്കും. | 2. സ്വന്തം ആവശ്യങ്ങൾ സ്വയം ചെ യ്യാൻ കഴിയുന്നവരാണ്. |
| 3. മുതിർന്നവരുടെ വ്യക്തിഗതമായ ശ്രദ്ധയോടുകൂടിയേ പല കാര്യങ്ങ ളും ചെയ്യാൻ കഴിയൂ. | 3. കൂട്ടുകൂടാനും മുതിർന്നവരോട് ധാരാളം സംസാരിക്കാനും കഴിയും | 3. കൂട്ടുകാരുണ്ടാവുകയും മുതിർന്നവരിൽ നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും ധാരാളം സംസാരിക്കുകയും ചെയ്യുന്നു. |
| 4. മറ്റുള്ളവരുടെ കളികണ്ട് അതു പോലെ ഒറ്റയ്ക്കിരുന്നു കളിക്കാൻ ഇഷ്ടപ്പെടുന്നു. | 4. കൂട്ടുകൂടി കളിക്കാൻ ഇഷ്ടമാണ്. കളിപ്പാട്ടങ്ങൾ പങ്ക് വയ്ക്കാനും മറ്റു ള്ളവരെ സഹായിക്കാനും കഴിയും | 4. നിയമങ്ങൾ പാലിച്ചു കൊണ്ട് കളിക ളിൽ ഏർപ്പെടുന്നതിനും നിയമങ്ങൾ മനസ്സിലാക്കുന്നതിനും കഴിയും. |
| 5. ഊർജസ്വലരാണ്. പെട്ടെന്ന് ശാഠ്യം കാണിക്കും | 5. ഊർജസ്വലരാണ്. പ്രവർത്തനനിര തരാണ്. ശാഠ്യസ്വഭാവം കാണിക്കും | 5. എപ്പോഴും പ്രവർത്തനനിരതരും ഊർജസ്വലരുമാണ്, ചില കാര്യങ്ങളിൽ ശാഠ്യം പിടിക്കും. |
| 6. ചെറുചെറു വാക്യങ്ങളിലൂടെയുള്ള നിർദേശങ്ങൾ തിരിച്ചറിയും. പദ സ്വാധീനം കുറവാണ്. | 6. നിർദ്ദേശങ്ങൾ തിരിച്ചറിയുന്നതിനും അവ പാലിക്കുന്നതിനും കഴിവുണ്ട്. | 6. കൂടുതൽ നിർദേശങ്ങൾ ഒരുമിച്ച് മനസ്സിലാക്കാനും അതിനനുസരിച്ച് പ്രവർത്തിക്കാനും, സൂക്ഷ്മമായി ഭാഷയി ലൂടെ പ്രകടിപ്പിക്കാനും കഴിയും |

## ശാരീരികചാലകവികാസവും കളിയും

കുട്ടികളുടെ ആരോഗ്യത്തിനും നാഡിവ്യൂഹത്തിന്റെ വളർച്ചയ്ക്കും ആന്തരികാവയവങ്ങളുടെ പ്രവർത്ത നങ്ങൾക്കും പേശീദൃഢതയ്ക്കും കായിക പ്രവർത്തനം അനിവാര്യമാണ്. കുട്ടികളുടെ ജന്മസിദ്ധമായ പ്രധാന പ്രകൃതം കളികളോട് കാണിക്കുന്ന താല്പര്യമാണ്. അതിലളിതമായ കളികളിൽ പോലും കായിക പ്രവർത്തനത്തിന്റെ സാധ്യതകളുണ്ട്. കായികപ്രവർത്തനങ്ങൾ ശാരീരിക നൈപുണികൾ ആർജിക്കുന്നതിനും ശാരീരികചാലക വികാസം ത്വരിതപ്പെടുത്തുന്നതിനും ഏറെ സഹായിക്കും. ശിശു വികാസത്തിന്റെ മർമ്മപ്രധാനമായ ഭാഗമാണ് ശിശുക്കൾക്ക് ലഭ്യമാക്കുന്ന അനുഭവ പ്രവർത്തനങ്ങൾ. ശിശുപ്രകൃതത്തെ പരിഗണിച്ചുള്ള അനുഭവങ്ങൾക്കും സമഗ്രവികാസത്തെ സഹായിക്കുന്ന കളികൾക്കും അവസരം ഒരുക്കിക്കൊടുക്കണം.

3-6 വയസ്സു കാലഘട്ടത്തിൽ പഞ്ചേന്ദ്രിയങ്ങളുടെ ദ്രുതഗതിയിലുള്ള വികാസം നടക്കുന്നു. മസ്തിഷ്ക്ക വളർച്ചയുടെ ബഹുഭൂരിഭാഗവും ഈ ഘട്ടത്തിൽ പൂർത്തിയാകുന്നു. കൂടാതെ ശാരീരിക ചാലകമേഖ ലയിലും ഭാഷാമേഖലയിലും മറ്റും വലിയ തോതിൽ വികാസം നടക്കുന്ന പ്രായം കൂടിയാണിത്.

അതുകൊണ്ട് ഈ കാലഘട്ടത്തിൽ ലഭിക്കേണ്ട അനുഭവങ്ങൾ ശരിയായ അളവിലും ഗുണനിലവാരത്തിലും കിട്ടിയാൽ മാത്രമേ ശിശുവികാസം പൂർണ്ണമാവുകയുള്ളൂ. ശിശു വളരുന്ന പരിസ്ഥിതി അതിലെ നാനാവിധത്തിലുള്ള ജീവികൾ, കൂട്ടുകാർ, വസ്തുക്കൾ തുടങ്ങിയവയുമായി നിരന്തരം ഇടപെടുമ്പോഴാണ് ഈ വികാസം സംഭവിക്കുന്നത്. സ്വാഭാവികമായ കളികളും കളിപ്രവർത്തനങ്ങളും ഇതിന് ധാരാളം അവസരമൊരുക്കുന്നു. പഞ്ചേന്ദ്രിയങ്ങളുടെയും സ്ഥൂല-സൂക്ഷ്മപേശികളുടെയും വികാസം, കണ്ണിന്റെയും കൈകളുടെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനം പ്രാഗ്‌വായന/ലേഖന/ഗണിതശേഷികൾ തുടങ്ങിയവയ്ക്ക് അനുഗുണമായ കളി പ്രവർത്തനങ്ങൾ ഒരുക്കാൻ പ്രീപ്രൈമറി കാലത്ത് ശ്രദ്ധിക്കണം.

**കളി പ്രവർത്തനങ്ങൾക്കുണ്ടാകേണ്ട ഗുണങ്ങൾ**

- *പ്രകൃതത്തിനും നിലവാരത്തിനും യോജിച്ചതാകണം.*
- *രസകരമായിരിക്കണം.*
- *പരിസരബന്ധിതമാകണം.*
- *ജീവിതഗന്ധിയാകണം.*
- *ലളിതമാകണം.*
- *സ്വാഭാവികമാകണം.*
- *പ്രക്രിയാബന്ധിതമാകണം.*
- *ശിശുസൗഹൃദപരമാകണം.*
- *പരസ്പരബന്ധിതമാകണം. (ഉദ്ഗ്രഥിതം)*
- *പ്രാദേശിക വഴക്കമുള്ളതാകണം.*
- *വൈവിധ്യവും പുതുമയും നിലനിർത്തുന്നതാകണം.*
- *സ്വതന്ത്രമായി ഇടപെടാൻ കഴിയുന്നതാകണം.*
- *പ്രചോദനപരമാകണം.*
- *തുടർപഠന സാധ്യതയുള്ളതാകണം.*
- *സമഗ്രവികാസം ഉറപ്പുവരുത്തുന്നതാകണം.*

☞ **പ്രവർത്തനം**

- 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികളുടെ ശാരീരികചാലക വികാസം സുഗമമായി നടക്കുന്നതിന് സഹായകമായ അനുഭവപ്രവർത്തനങ്ങളുടെ (ഓരോ പ്രായഘട്ടത്തിനനുസരിച്ച് വരിയിൽ നടക്കൽ, പന്തു തട്ടൽ, സൂചിയിൽ നൂൽ കോർക്കൽ എന്ന തരത്തിൽ) പട്ടിക തയാറാക്കുക. ക്ലാസിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തുക.
- 1, 2 ക്ലാസ്സുകളിലെ കുട്ടികളുടെ സമഗ്രവികാസത്തെ സഹായിക്കുന്ന കളികളുടെ ഒരു പാക്കേജ് തയാറാക്കുക. ആദ്യം വ്യക്തിഗതമായി തയാറാക്കി ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തുക. ഇന്റേൺഷിപ്പ് സമയത്ത് (സെമസ്റ്റർ 3) ഇത് ട്രൈ ഔട്ട് ചെയ്ത് റിപ്പോർട്ട് തയാറാക്കണം.

## ചാലകവികാസ തത്ത്വങ്ങൾ

മുമ്പ് പ്രതിപാദിച്ച വികാസ തത്ത്വങ്ങളിൽ ചിലത് ചാലകവികാസവുമായി കൂടുതൽ ബന്ധമുള്ളവയാണ്. അവ ചാലകവികാസ തത്ത്വങ്ങളായിട്ടാണ് പൊതുവെ അറിയപ്പെടുന്നത്. അവ താഴെ കൊടുക്കുന്നു.

- **സ്ഥൂലചലനങ്ങളിൽ നിന്ന് സൂക്ഷ്മചലനങ്ങളിലേക്ക്**

  ചാലകവികാസം സ്ഥൂലചലനങ്ങളിൽ നിന്ന് സൂക്ഷ്മചലനത്തിലേക്ക് എന്ന ക്രമം പാലിക്കുന്നു.

- **സ്ഥൂലപേശികളിൽ നിന്ന് സൂക്ഷ്മപേശികളിലേക്ക്**

  സ്ഥൂലപേശികളിൽ നിന്ന് സൂക്ഷ്മപേശികളിലേക്കു വൈദഗ്ധ്യം കൈവരുന്നു.

- **ശിരോഭാഗത്തു നിന്ന് പാദങ്ങളിലേക്ക്**

  ഗർഭസ്ഥശിശുവിന്റെയും നവജാതശിശുവിന്റെയും വികാസം ശിരോഭാഗത്തുനിന്ന് പാദങ്ങളിലേക്ക് എന്ന ക്രമത്തിലാണ് നടക്കുന്നത്. തല, കഴുത്ത്, ഉടൽ, പാദം എന്ന ക്രമത്തിലുള്ള വികാസം ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ.

- **അധികോർജവിനിമയത്തിൽ നിന്ന് ലഘു പ്രയത്നത്തിലേക്ക്**

  ഒരു ശിശു ഏർപ്പെടുന്ന പല പ്രവർത്തനങ്ങളിലും വർദ്ധിതമായ രീതിയിൽ ഊർജം പ്രയോജനപ്പെടുത്തുന്നു. സന്തോഷം പ്രകടിപ്പിക്കുമ്പോൾ ഒരു ശിശു ചലിപ്പിക്കുന്ന അവയവങ്ങൾ ഏതൊക്കെയാണെന്ന് നിരീക്ഷിച്ചു നോക്കിയാൽ ഇതു ബോധ്യപ്പെടും. കുട്ടി വളർന്നു വരുന്നതോടുകൂടി പല ശാരീരിക പ്രവർത്തനങ്ങളിലും ലഘുവായ രീതിയിൽ മാത്രമേ ഊർജവിനിയോഗവും പ്രയത്നവും നടക്കുന്നുള്ളൂ.

- **ദ്വിപാർശ്വത്വത്തിൽ നിന്ന് ഏകപാർശ്വത്വത്തിലേക്ക്**

  കുട്ടിക്കാലത്ത് ശരീരത്തിന്റെ ഇരുഭാഗവും ഒരുപോലെ ഉപയോഗിച്ചിരുന്ന കുട്ടിയുടെ ചാലകവൈദഗ്ധ്യം ക്രമേണ ഏതെങ്കിലും ഒരു ഭാഗത്തു കൂടുതലായി കേന്ദ്രീകരിക്കുന്ന ഈ സവിശേഷതയാണ് ദ്വിപാർശ്വത്വത്തിൽ നിന്ന് ഏകപാർശ്വത്വത്തിലേക്ക് എന്ന ചാലകതത്ത്വമായി അറിയപ്പെടുന്നത്. അതായത് വേഗം, ദാർഢ്യം, സ്ഥിതി, സൂക്ഷ്മത എന്നീ കാര്യങ്ങളിൽ പ്രകടമാകുന്ന ദ്വിപാർശ്വത്വം (bilaterality) ക്രമേണ ഏകപാർശ്വത്വ പ്രവർത്തന ശേഷിയായി മാറുന്നു.

### വൈകിയുണ്ടാകുന്ന ചാലകവികാസം (വിളംബിത ചാലക വികാസം–Delayed Motor Development)

ഓരോ പ്രായത്തിലും കുട്ടി ചില ശാരീരിക-ചാലക പ്രവർത്തനങ്ങൾ (physical-motor-activities) ചെയ്യണമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. ഒരേ പ്രായമുള്ള എല്ലാ കുട്ടികളും ഒരേ നിലവാരത്തിലുള്ള ചാലകപ്രവർത്തനങ്ങൾ ചെയ്യണമെന്നില്ല. ചില കുട്ടികളിൽ അല്പം കാലതാമസം ഉണ്ടായെന്നുവരാം. ഇതിനെ വിളംബിത ചാലകവികാസം എന്നാണ് പറയുന്നത്.

വിളംബിത ചാലകവികാസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം.

- അനാരോഗ്യം
- ഭയം
- അഭ്യാസക്കുറവ്
- സ്ഥൂലചലനങ്ങൾ അഭ്യസിക്കുന്നതിനു മുമ്പ് സൂക്ഷ്മചലനങ്ങൾക്ക് നൽകുന്ന പ്രാധാന്യം.
- തടിച്ചശരീരം
- ബുദ്ധിവികാസത്തിലുള്ള കുറവുകൾ
- അഭിപ്രേരണാരാഹിത്യം

ഈ കാരണങ്ങളെ ഒഴിവാക്കാനുള്ള ശ്രമങ്ങൾ നടത്തുകയും സുഗമമായ ചാലകവികാസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും വേണം. ശൈശവഘട്ടത്തിൽ കുടുംബത്തിനും ആദിബാല്യഘട്ടത്തിൽ പ്രീപ്രൈമറി സ്കൂളുകൾക്കും കുഞ്ഞിന്റെ ചാലകവികാസത്തിൽ നിർണായകമായ റോൾ ഉണ്ടെന്ന് മനസ്സിലാക്കാമല്ലോ.

☞ **പ്രവർത്തനം**

വിളംബിത ചാലകവികാസം ഒഴിവാക്കുന്നതിന് കുടുംബത്തിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കൂ.

ഓരോ വികാസഘട്ടത്തിലും കുട്ടികൾക്കുണ്ടാകുന്ന ശാരീരിക മാറ്റങ്ങൾ രക്ഷിതാക്കളും അധ്യാപകരും അറിഞ്ഞിരിക്കണം. കുട്ടികൾക്ക് സന്തുലിതമായ പോഷകാഹാരം നൽകുന്നതിൽ വീടും വിദ്യാലയവും ബാധ്യതപ്പെട്ടിരിക്കുന്നു. സ്കൂൾ ഉച്ചഭക്ഷണ പരിപാടി ഈ തലത്തിൽ ശ്രദ്ധേയമായ ചുവ

ടുവയ്പ്പാണ്. സ്കൂൾ പാഠ്യപദ്ധതി, ബാലകവികാസത്തിന് അനുഗുണമായ പഠനപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നുണ്ട്. കായികവിദ്യാഭ്യാസം, ഉദ്യാനപരിപാലനം, കൈത്തൊഴിലുകൾ, പ്രവൃത്തിവിദ്യാഭ്യാസം എന്നിവയൊക്കെ പ്രൈമറി വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാംഗത്യം ഇതിനാൽ മനസ്സിലാക്കാമല്ലോ.

## വൈകാരിക വികാസം (Emotional Development)

'ചിരിച്ചീടിന മധ്യേതാൻ
കരയുന്നിതു ബാലകൻ'

ഈ വരികളുടെ ആശയമെന്താണ്? നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ? ശിശുവികാരങ്ങളുടെ മറ്റെന്തെല്ലാം സവിശേഷതകളാണ് നിങ്ങൾ നിരീക്ഷിച്ചിട്ടുള്ളത്?

ലിസ്റ്റ് ചെയ്ത് നോക്കൂ.

വികാര പ്രകടനത്തിന്റെ കാര്യത്തിൽ ശിശുക്കളിൽ വ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും ചില പൊതുസവിശേഷതകളും കണ്ടെത്താൻ കഴിയും, താഴെ കൊടുത്ത കുറിപ്പു വായിക്കൂ.

### ശിശുവികാരങ്ങളുടെ പ്രത്യേകതകൾ

**1. ശിശു വികാരങ്ങൾ അല്പായുസ്സുള്ളവയാണ് (ക്ഷണികത)**

ശിശുവികാരങ്ങൾ അല്പസമയത്തേക്ക് മാത്രമേ നിലനിൽക്കുകയുള്ളൂ. അത് പെട്ടെന്ന് നിലയ്ക്കുന്നു. പ്രായമാകുന്തോറും വികാരപ്രകടനത്തെ സാമൂഹിക നിയന്ത്രണങ്ങൾ സ്വാധീനിക്കുന്നതുകൊണ്ട് വികാരങ്ങൾ ദീർഘകാലം നിലനിൽക്കും.

**2. ശിശുവികാരങ്ങൾ തീവ്രങ്ങളാണ് (തീവ്രത)**

വികാരം ഉണർത്തുന്ന സാഹചര്യം വളരെ നിസ്സാരമായാൽ പോലും ശിശുക്കളുടെ വികാരങ്ങൾ തീവ്രമായിരിക്കും. കുട്ടികൾക്ക് വികാരങ്ങളെ നിയന്ത്രിക്കൽ പൊതുവെ എളുപ്പമല്ല. വലിയ വേദന അനുഭവിക്കുമ്പോഴും ചെറിയവേദന അനുഭവിക്കുമ്പോഴും ശക്തമായി കരയുന്ന കുട്ടികളെ നാം ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ. ചെറിയ സന്തോഷാനുഭവം ലഭിക്കുമ്പോഴും അത്യുൽസാഹത്തോടെ പൊട്ടിച്ചിരിക്കുന്ന കുട്ടിയുടേത് തീവ്രതയോടുകൂടിയ പ്രകടനം തന്നെയാണ്. പ്രായം കൂടുംതോറും വികാരതീവ്രത കുറയുന്നു. പെട്ടെന്നുള്ള വികാരവിക്ഷോഭം ഉണ്ടാവാതെ നിയന്ത്രിക്കാനും കഴിയുന്നു.

**3. ശിശുവികാരങ്ങൾ മാറിമാറി വരുന്നു (ചഞ്ചലത അല്ലെങ്കിൽ സ്ഥാനാന്തരണം)**

കുട്ടികളുടെ വികാരങ്ങൾ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് പെട്ടെന്ന് മാറിപ്പോകും. കരയുന്ന കുട്ടിക്ക് കളിപ്പാട്ടം കിട്ടിയാൽ ദു:ഖം സന്തോഷമായി മാറും. അസ്വാസ്ഥ്യത്തിൽ നിന്ന് ഉല്ലാസത്തിലേക്ക് തിരിയാൻ ചിലപ്പോൾ ഒരു മിഠായി മതിയാകും. കോപത്തിൽ നിന്ന് പുഞ്ചിരിയിലേക്കും പൊട്ടിച്ചിരിയിൽ നിന്ന് കണ്ണീരിലേക്കും പെട്ടെന്ന് മാറുന്ന കുട്ടികളെ നാം ധാരാളം കണ്ടിട്ടുണ്ടല്ലോ. എന്നാൽ മുതിർന്നവരുടെ വികാരങ്ങൾ പെട്ടെന്ന് മാറില്ല. അത് കുറച്ചുകൂടി സ്ഥിരമായിരിക്കും.

**4. ശിശുവികാരങ്ങൾ നിരീക്ഷിക്കാവുന്നതാണ് (വൈകാരികദൃശ്യത)**

ശിശുക്കളിലെ വൈകാരികത പെട്ടെന്ന് കണ്ടെത്താം. അവർക്ക് തങ്ങളുടെ വൈകാരിക വ്യവഹാരങ്ങൾ ഒളിച്ചു വയ്ക്കാനാവില്ല. മുതിർന്നവർ വികാരത്തെ മറച്ചു വച്ച് പെരുമാറും. അതിനാൽ മുതിർന്നവരുടെ യഥാർത്ഥ വികാരങ്ങൾ കണ്ടെത്താൻ വിഷമമായിരിക്കും. കരച്ചിൽ, നഖം കടിക്കൽ, സംസാരത്തിനുള്ള ബുദ്ധിമുട്ട്, ദിവാസ്വപ്നം കാണൽ, സങ്കോചം, തുടങ്ങിയവ ചില വികാരപ്രകടനങ്ങളാണ്.

**5. ശിശുവികാരപ്രകടനം കൂടെക്കൂടെയുണ്ടാകുന്നു (ആവൃത്തി)**

ഒരു ദിവസത്തിനുള്ളിൽത്തന്നെ ശിശു നിരവധി തവണ വികാരപ്രകടനങ്ങൾ നടത്തിയെന്നിരിക്കും.

ചിലപ്പോൾ ഒരേ വികാരം തന്നെ പല തവണ ആവർത്തിച്ചെന്നു വരാം. പ്രായമാകുമ്പോൾ വ്യക്തി സമായോജനം (adjustment) കൈവരിക്കാൻ പ്രാപ്തനാകുകയും വികാരപ്രകടനങ്ങളുടെ ആവൃത്തി കുറഞ്ഞു വരികയും ചെയ്യുന്നു.

**6. ശിശുക്കളുടെ രണ്ട് വൈകാരികാവസ്ഥകളുടെ ഇടവേള കുറവായിരിക്കും**

ശിശുക്കളുടെ വൈകാരികാവസ്ഥകൾ മാറിമാറിവരും. കുഞ്ഞുങ്ങളിൽ രണ്ട് വൈകാരികാവസ്ഥകളുടെ ഇടവേള കുറവായിരിക്കും. എന്നാൽ മുതിർന്നവരുടേതിൽ ഈ ഇടവേള കൂടുതലായിരിക്കും.

ചുരുക്കത്തിൽ തീവ്രത, ക്ഷണികത, ചഞ്ചലത, ആവൃത്തി, വൈകാരികദൃശ്യത, ഇടവേള കുറഞ്ഞിരിക്കൽ തുടങ്ങിയവ ശിശുക്കളിലെ വികാരപ്രകടനങ്ങളുടെ പ്രത്യേകതകളാണ്. അതിലാളനവും തിരസ്ക്കരണവും കുട്ടികളുടെ വൈകാരിക സന്തുലിതാവസ്ഥയുടെ താളം തെറ്റിക്കും. അധ്യാപകരും രക്ഷിതാക്കളും വൈകാരികനിയന്ത്രണമുള്ളവരായാൽ കുട്ടികളും ഒരു പരിധിവരെ അങ്ങനെയായിത്തീരാനിടയുണ്ട്.

വൈകാരിക സവിശേഷതകൾ എല്ലാ കുട്ടികളിലും ഒരു പോലെയാണോ?

കുട്ടികൾ പ്രകടിപ്പിക്കുന്ന പ്രധാനവികാരങ്ങൾ ഏതൊക്കെയാണ്?

## കുട്ടികളിലെ പ്രധാന വികാരങ്ങൾ

**ഭയം (Fear)**

*ഉച്ചത്തിലുള്ള ശബ്ദം, ഇരുട്ട്, ഉയർന്ന സ്ഥലങ്ങൾ, മൃഗങ്ങൾ, ഒറ്റപ്പെടൽ, വേദന, അപരിചിതരായ വ്യക്തികൾ/ സ്ഥലങ്ങൾ/വസ്തുക്കൾ തുടങ്ങിയവയാണ് ശിശുക്കളിൽ പൊതുവെ ഭയം ജനിപ്പിക്കുന്ന ചോദകങ്ങൾ. 2 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികളിലാണ് ഇത് കൂടുതൽ ദൃശ്യമാകുന്നത്. ബുദ്ധി, ലിംഗഭേദം, സാമൂഹിക സാമ്പത്തിക അവസ്ഥ, ശാരീരികാവസ്ഥ, സുരക്ഷിതത്വബോധം, സാമൂഹ്യബന്ധങ്ങൾ തുടങ്ങിയ ഘടകങ്ങൾക്കനുസരിച്ച് കുട്ടികളിൽ ഭയം എന്ന വികാരത്തിന്റെ പ്രകടനം വ്യത്യാസപ്പെട്ടിരിക്കുന്നു.*

*ഭയത്തിനു കാരണമാകുന്നവയെ പരിചയപ്പെടാനും സമ്പർക്കത്തിലേർപ്പെടാനും സഹായിച്ച്, അതിനെ ഭയപ്പെടേണ്ടതില്ലെന്ന് പ്രായോഗികമായി തെളിയിക്കുക, നിർഭയത്വം വളർത്തുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക, ആത്മവിശ്വാസം വർധിപ്പിക്കുക തുടങ്ങിയ മാർഗ്ഗങ്ങൾ ഭയം ഒഴിവാക്കുവാൻ ഉപയോഗപ്പെടുത്താവുന്നതാണ്.*

**സംഭ്രമം (Embarrassment)**

*മറ്റൊരു വ്യക്തിയോ വ്യക്തികളോ തന്നെക്കുറിച്ച് എന്തു കരുതും അല്ലെങ്കിൽ തന്നെ എങ്ങനെ വിലയിരുത്തും എന്നതു സംബന്ധിച്ച് വ്യക്തിക്കുണ്ടാകുന്ന അങ്കലാപ്പാണിത്. ഈ വികാരം 5, 6 വയസ്സിന് താഴെയുള്ള കുട്ടികളിൽ സാധാരണയായി കാണാറില്ല. കുട്ടികളുടെ പ്രായം വർധിക്കുന്തോറും സംഭ്രമവും വർധിക്കുന്നതായി കാണാൻ കഴിയുന്നു. പരിഹാസ്യനായതോ, അപമാനിതനായതോ ആയ സന്ദർഭങ്ങളെക്കുറിച്ചുള്ള ഓർമ സംഭ്രമം വർധിക്കുവാൻ കാരണമാകുന്നു.*

**ആകുലത (Worry)**

*ഭയത്തിന്റെ സാങ്കൽപ്പിക രൂപമാണ് ആകുലത. യഥാർഥ ചോദകങ്ങൾക്ക് പകരം ഭയാനക സന്ദർഭങ്ങളെക്കുറിച്ചുള്ള ചിന്തയിൽ നിന്നാണ് ആകുലത ഉണ്ടാകുന്നത്. കുട്ടികളിൽ ഭാവനാശേഷി വികസിച്ചതിനുശേഷമാണ് ഈ വികാരം പ്രത്യക്ഷമാകുന്നത്. ഏകദേശം മൂന്ന് വയസ്സോടെ ആകുലത പ്രകടിപ്പിക്കുവാൻ ആരംഭിക്കുന്ന കുട്ടിയിൽ കൗമാരപ്രായത്തിന്റെ തുടക്കം വരെ ഈ വികാരം വർധിക്കുന്നതായി കാണുന്നു. തുടർന്ന് യുക്തിചിന്തയ്ക്കുള്ള കഴിവ് വികസിക്കുന്നതോടെ ആകുലതയുടെ പിന്നിലുള്ള അർഥശൂന്യത തിരിച്ചറിയുകയും ഈ വികാരത്തിന്റെ തീവ്രത കുറഞ്ഞു വരികയും ചെയ്യുന്നു.*

**ഉത്ക്കണ്ഠ (Anxitey)**

*സംഭവിക്കാൻ സാധ്യതയുള്ള ഒരു അനഭിലഷണീയമായ അവസ്ഥയെക്കുറിച്ചുള്ള ചിന്തയിൽ നിന്നും ഉടലെടുക്കുന്നതാണിത്. ഈ സ്ഥിതിയിൽ, മുന്നോട്ട് പോകാൻ കഴിയാതെ നിസ്സഹായാവസ്ഥ അനുഭവപ്പെടുന്നു. വിഷാദഭാവം, അസ്വസ്ഥത, മനോനിലയിലെ ചാഞ്ചാട്ടം (mood swing) ഉറക്കമില്ലായ്മ, ക്ഷിപ്രകോപം, മറ്റുള്ളവരുടെ വാക്കുകളോടും പ്രവൃത്തികളോടുമുള്ള അസാധാരണമായ പ്രതികരണം എന്നിവ ഇതിന്റെ പ്രകടിത രൂപങ്ങളാണ്.*

**കോപം (Anger)**

*ഉദ്ദേശിക്കുന്ന/ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യാൻ അനുവദിക്കാതിരിക്കുക, ശിക്ഷിക്കപ്പെടുക തുടങ്ങിയ അവസ്ഥകളിൽ നിന്നും ഉടലെടുക്കുന്ന വികാരമാണിത്. ബാല്യത്തിൽ കോപ പ്രകടനങ്ങൾ സാധാരണ കൂടുതലായി കാണുന്നു. ഇത് പ്രധാനമായും രണ്ട് തരത്തിലാണ്.*

***Impulsive response.*** *ഭവിഷ്യത്തുകളെക്കുറിച്ച് ആലോചിക്കാതെ പൊടുന്നനെയുള്ള കോപപ്രകടനമാണിത്. അടിക്കുക, ചവിട്ടുക, കടിക്കുക, തള്ളുക, വലിക്കുക തുടങ്ങിയ പല മാർഗങ്ങളിലൂടെ കോപം പ്രകടിപ്പിക്കുന്നു.*

***Inhibited responses.*** *കോപം പ്രകടിപ്പിച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾ തിരിച്ചറിഞ്ഞുകൊണ്ട് മുഖം കറുപ്പിക്കൽ, വേദന/ദു:ഖം പ്രകടിപ്പിക്കൽ, പരിസരത്തു നിന്നു മാറിപ്പോകൽ തുടങ്ങിയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണിത്.*

*കോപത്തെ കോപം കൊണ്ട് നേരിടാതെ സൗമ്യമായി നേരിടുക, കോപത്തിന് കാരണമാകാവുന്ന സന്ദർഭങ്ങൾ ഒഴിവാക്കുക തുടങ്ങിയവ കോപനിയന്ത്രണത്തിനുള്ള മാർഗങ്ങളാണ്.*

**അസൂയ (Jealousy)**

*തനിക്ക് ലഭിക്കേണ്ടത് മറ്റൊരാൾക്ക് ലഭിക്കാനുള്ള സാധ്യതയോ ലഭിക്കുന്ന സന്ദർഭങ്ങളോ ജനിപ്പിക്കുന്ന വികാരമാണ് അസൂയ. ഭയം, കോപം എന്നീ വികാരങ്ങളുമായി ചേർന്നാണ് ഇത് പ്രകടിപ്പിക്കപ്പെടുക. ഉദാഹരണമായി രണ്ടാമത്തെ കുട്ടി പിറന്നുകഴിയുമ്പോൾ ആദ്യത്തെ കുട്ടിക്ക്, തനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സ്നേഹവും പരിചരണവും നഷ്ടമാകുമോ എന്ന ആശങ്കയിൽ നിന്നും നവജാത ശിശുവിനോട് അസൂയ ഉടലെടുക്കുന്നു. അതുപോലെ തന്നെ ഓമനത്തമോ, അസുഖമോ, വൈകല്യമോ ഉള്ള കുട്ടിക്ക് മാതാപിതാക്കൾ നൽകുന്ന അധികപരിഗണന സഹോദരങ്ങളിൽ അസൂയ ജനിപ്പിക്കാം. അസൂയ പ്രകടിപ്പിക്കുന്നത് ഇടിക്കുക, തൊഴിക്കുക, കടിക്കുക, മാന്തുക മുതലായ പ്രകടമായ പ്രതികരണങ്ങളിലൂടെ ആവാം.*

**വിഷാദം (Grief)**

*ഇഷ്ടപ്പെടുന്നവ നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന മാനസികമായ വേദനയാണ് വിഷാദം എന്ന് പറയാം. കുട്ടികളിൽ ഇത് കരച്ചിലായി പ്രകടിപ്പിക്കപ്പെടുന്നു. ഉള്ളിൽ ഒതുക്കപ്പെടുന്ന വിഷാദം ഉൾവലിവ്, വിശപ്പില്ലായ്മ, ഉറക്കമില്ലായ്മ, ഭീതിജനകമായ സ്വപ്നങ്ങൾ തുടങ്ങിയ രീതികളിൽ പ്രകടമാകുന്നു.*

**ജിജ്ഞാസ (Curiosity)**

*തന്നെക്കുറിച്ചും തന്റെ ചുറ്റുപാടിനെക്കുറിച്ചും അറിയാനായി പ്രകടിപ്പിക്കുന്ന ആഗ്രഹമാണിത്. കുട്ടി തന്റെ ശരീരത്തെക്കുറിച്ചും അവയവങ്ങളെക്കുറിച്ചും ചുറ്റുപാടുമുള്ള വസ്തുക്കൾ, വ്യക്തികൾ തുടങ്ങിയവയെക്കുറിച്ചും അറിയുന്നതിനുള്ള താല്പര്യം പ്രകടിപ്പിക്കുന്നു.*

**ആനന്ദം (Joy/Pleasure/Delight)**

*അഭിലഷണീയമായ വികാരമായി ആനന്ദത്തെ പരിഗണിക്കാം. ശൈശവാവസ്ഥയിൽ ശാരീരികമായ സുഖാവസ്ഥയുടെ പ്രതികരണമായി കുട്ടികൾ ആനന്ദം പ്രകടിപ്പിക്കുന്നു. മിക്കവാറും പുഞ്ചിരിയിലൂടെയാണ് ഈ വികാരം പ്രകടിപ്പിക്കപ്പെടുന്നത്. ആനന്ദത്തിന്റെ ഉയർന്ന തലമാണ് ആഹ്ളാദം (happiness). മുതിർന്നവരുടെ സ്നേഹപ്രകടനങ്ങളും അംഗീകാരവും കുട്ടികളിൽ ആനന്ദം ജനിപ്പിക്കുന്നു.*

**സ്നേഹം (Affection/Love)**

*തന്റെ ആവശ്യങ്ങളിൽ ശ്രദ്ധിക്കുന്നവരോടും കൂടെ കളിക്കുന്നവരോടും തനിക്ക് ആനന്ദവും സംതൃപ്തിയും നൽകുന്നവരോടും കുട്ടികൾ സ്നേഹം പ്രകടിപ്പിക്കുന്നു. കുട്ടികൾ അവരെ സ്നേഹിക്കുന്നവരോടും അടുപ്പം പ്രകടിപ്പിക്കുന്നവരോടും കൂടുതൽ സ്നേഹപ്രകടനം നടത്തുന്നു. ബാല്യത്തിൽ അമ്മയോടും അച്ഛനോടും സഹോദരങ്ങളോടും പ്രകടിപ്പിക്കുന്ന സ്നേഹം പിന്നീട് കൂട്ടുകാരോടും അധ്യാപകരോടും മറ്റുമായി വികസിക്കുന്നു.*

### വൈകാരിക വികാസം : കാതറിൻ.എം.ബ്രിഡ്ജസിന്റെ കണ്ടെത്തലുകൾ

കുട്ടികളുടെ വൈകാരിക വികാസത്തെക്കുറിച്ച് ശാസ്ത്രീയമായി പഠിച്ച മനശ്ശാസ്ത്രജ്ഞയാണ് കാതറിൻ. എം. ബ്രിഡ്ജസ്. നവജാതശിശുക്കൾ മുതൽ 24 മാസം പ്രായമായ കുട്ടികൾ വരെ ഉൾപ്പെട്ട ഒരു വലിയ സംഘം ശിശുക്കളെ ഒരു 'വാത്സല്യ ഗൃഹ'ത്തിൽ വച്ച് നിരീക്ഷിച്ചാണ് അവർ പഠനത്തിന് വിധേയമാക്കിയത്. നവജാത ശിശുക്കളിൽ വൈകാരികമായ ഒരു തരം സന്ത്രാസം/ഇളക്കം (excitement) മാത്രമാണ് കാണപ്പെടുന്നതെന്ന് അവർ കണ്ടെത്തി. കൃത്യമായി വ്യവച്ഛേദിച്ചറിയാത്ത ഈ സാമാന്യമായ വികാരപ്രകടനം കുറഞ്ഞ കാലത്തിനുള്ളിൽ അവസാനിക്കുകയും ചെയ്യും. മൂന്നു മാസമാകുമ്പോൾ ഈ സന്ത്രാസം, അസ്വാസ്ഥ്യമോ ഉല്ലാസമോ ആയി വികസിക്കുന്നു. ആറുമാസമാകുമ്പോൾ നിഷേധാത്മക വികാരങ്ങൾക്കു മുൻതൂക്കം ഉണ്ടാവുകയും അസ്വാസ്ഥ്യം, ഭയവും വെറുപ്പും കോപവുമായി വികസിക്കുകയും ചെയ്യുന്നു. പന്ത്രണ്ടുമാസമാകുമ്പോൾ സൃഷ്ടിപരമായ വികാരങ്ങൾ രംഗത്തെത്തുകയും പ്രഹർഷവും (elation) പ്രിയവും (affection) ആയി വേർതിരിയുകയും ചെയ്യുന്നു. 18 മാസമാകുമ്പോൾ അസ്വാസ്ഥ്യത്തിൽ നിന്ന് അസൂയ അഥവാ ഈർഷ്യ വികസിക്കുന്നു. പ്രിയം, പ്രായപൂർത്തിയായവരോടുള്ള പ്രിയവും കുട്ടികളോടുള്ള വാത്സല്യവും ആയി വേർതിരിഞ്ഞ് ആനന്ദം (joy) പ്രത്യക്ഷമാകുന്നു. കാതറിൻ ബ്രിഡ്ജസ് ഈ വിവരങ്ങൾ ഒരു ചാർട്ടു രൂപത്തിൽ ചിത്രീകരിച്ചിട്ടുണ്ട്. അത് **ബ്രിഡ്ജസ് ചാർട്ട്** എന്ന പേരിൽ അറിയപ്പെടുന്നു. ബ്രിഡ്ജസ് ചാർട്ട് റഫറൻസിങ്ങിലൂടെ കണ്ടെത്തി വിശകലനം ചെയ്യു.

*മനശ്ശാസ്ത്രത്തിലെ ശക്തമായ സ്ത്രീ ശബ്ദമായി മാറിയ ഇംഗ്ലീഷ് മനശ്ശാസ്ത്രജ്ഞ. മോൺട്രിയൽ യൂണിവേഴ്സിറ്റിയിൽ നിന്ന് Ph.D നേടിയ ആദ്യ വനിത. വികാസ മനശ്ശാസ്ത്രത്തിൽ കേന്ദ്രീകരിച്ചു. Social and Emotional Development of the Pre-school Child (1931), Emotional Development in Early Infancy (1932), A Psychological Study of Juvenile Delinquency by Group Methods (1926) തുടങ്ങിയവ പ്രധാന പുസ്തകങ്ങളാണ്.*



*Katherine May Banham Bridges (1897-1995)*

**കാതറിൻ ബ്രിഡ്ജസിന്റെ പ്രധാന കണ്ടെത്തലുകൾ**

- വികാസത്തിന്റെ ആദ്യഘട്ടങ്ങളിൽ വൈകാരിക പ്രതികരണങ്ങൾ പൊതുവായ രീതിയിലാണ്.
- 2 മുതൽ 3½ വയസ്സുവരെ ദേഷ്യത്തിന്റെ വിസ്ഫോടനം കൂടുതലായിരിക്കും.
- ചില കുട്ടികളിൽ ആത്മസ്ഥാപനം (self assertive) വളരെ കൂടുതലാണ്.
- വളരുന്നതിനനുസരിച്ച് ദയയും (sympathy) അനുതാപവും (empathy) കാണാൻ കഴിയുന്നു.
- പുതിയ ആളുകളോട് അനുകമ്പയും സൗഹൃദവും കാട്ടുന്നു.

**വൈകാരികവികാസത്തിൽ, രക്ഷിതാക്കൾ അധ്യാപകർ സമസംഘങ്ങൾ, അയൽപക്കം തുടങ്ങിയ ഘടകങ്ങളുടെ പങ്ക്**

> *വാശിപിടിച്ച് നിർത്താതെ കരയുന്ന കുഞ്ഞുങ്ങളെ ശ്രദ്ധിച്ചിട്ടില്ലേ. ഇത്തരക്കാരെ സമാധാനിപ്പിക്കാൻ രക്ഷിതാക്കൾ എന്തൊക്കെയാണ് ചെയ്യാറുള്ളത്? ഈ കുട്ടികളെ കൈകാര്യം ചെയ്യുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?*

ജീവിതത്തിന്റെ ആദ്യഘട്ടങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും തടസ്സങ്ങളും വൈകാരിക വികാസത്തെ പ്രതികൂലമായി ബാധിക്കും. ഇതറിഞ്ഞുകൊണ്ടു വേണം രക്ഷിതാക്കൾ കുട്ടിയോട് ഇടപെടേണ്ടത്. വികാരങ്ങളുടെ അഭിലഷണീയമായ പ്രകടനങ്ങൾക്ക് സാഹചര്യം ഒരുക്കുമ്പോൾ തന്നെ വൈകാരിക നിയന്ത്രണത്തിന്റെ മാതൃകകളും കുടുംബത്തിൽ നിന്ന് കുട്ടിക്ക് കിട്ടണം. കുടുംബത്തിലെ മറ്റ് അംഗങ്ങൾ തമ്മിലുള്ള ബന്ധവും കുടുംബാന്തരീക്ഷവും വൈകാരിക വികാസത്തെ സ്വാധീനിക്കുമെന്ന് പറയേണ്ടതില്ലല്ലോ. അവഗണനയും അമിതമായ പരിഗണനയും ഒരു പോലെ ഒഴിവാക്കണം. അയൽപക്കക്കാരോടുള്ള ബന്ധവും പ്രധാനമാണ്.

> *സ്കൂൾ വിട്ടു വന്നാലുടൻ അയൽപക്കത്തേക്ക് കളിക്കാനോടുന്ന കുട്ടിയെ ദിവസവും അമ്മ വഴക്കു പറയും. 'ഈ കുട്ടിക്ക് എന്തൊക്കെ പഠിക്കാനുണ്ട്? എത്ര ഹോംവർക്കുകളുണ്ട് .........? ഒരു ചിന്തയുമില്ല !'*

ഈ അമ്മയോട് നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടോ?

സാമൂഹ്യജീവിതത്തിന്റെ വൈവിധ്യമാർന്ന അനുഭവങ്ങൾ വൈകാരികവികാസത്തിന് അത്യന്ത്യാപേക്ഷിതമാണ്. വീട്, അയൽപക്കം, സ്കൂൾ തുടങ്ങി വ്യത്യസ്തങ്ങളായ സാമൂഹിക ഘടകങ്ങൾ ഒരുക്കിക്കൊടുക്കുന്ന അന്തരീക്ഷം പ്രധാനമാണ്. ഇവിടങ്ങളിലെല്ലാം സ്വഭാവികമായി ഉരുത്തിരിയുന്ന സമസംഘങ്ങൾ വൈകാരിക വികാസത്തെ വളരെയേറെ സ്വാധീനിക്കുന്നു. ഇത്തരം സംഘങ്ങളിൽ കൊണ്ടും കൊടുത്തും വികാരങ്ങൾ പ്രകടിപ്പിച്ചും നിയന്ത്രിച്ചും കുട്ടിയിലുണ്ടാകുന്ന വികാസം അവന്റെ വ്യക്തിത്വത്തെത്തന്നെ രൂപപ്പെടുത്തുന്നു. കുട്ടി പ്രതീക്ഷിക്കുന്ന തരത്തിലുള്ള സ്നേഹവും പരിഗണനയും ക്ലാസിലും സ്കൂളിലും അവനു ലഭിക്കണം. അധ്യാപകരുടെ വികാര പ്രകടനങ്ങൾ പോലും കുട്ടികളെ സ്വാധീനിക്കുമെന്ന് പറയേണ്ടതില്ലല്ലോ. പഠനരീതികളും വിലയിരുത്തൽ തന്ത്രങ്ങളും വൈകാരിക വികസനത്തിന് അനുഗുണമായതരത്തിൽ ആസൂത്രണം ചെയ്യണം. സഹവർത്തിത പഠനരീതികൾ, സമസംഘപഠനം, സെമിനാറുകൾ, പ്രോജക്ടുകൾ, സംവാദങ്ങൾ, സംഘമായുള്ള കളികൾ തുടങ്ങിയവയ്ക്ക് സന്ദർഭങ്ങളൊരുക്കണം.

☞ **പ്രവർത്തനം**

സ്കൂൾ ഇന്റേൺഷിപ്പ് സമയത്ത് നിങ്ങൾ സന്ദർശിക്കുന്ന സ്കൂളിലെ ക്ലാസ്സ്മുറികൾ നിരീക്ഷിച്ച് അവിടെ കുട്ടികളുടെ വൈകാരിക വികാസത്തിനുതകുന്ന എന്തെല്ലാം പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് രേഖപ്പെടുത്തുക.

## വൈകാരിക ബുദ്ധി (Emotional Intelligence)

> *"ദേഷ്യപ്പെടുവാൻ ആർക്കും കഴിയും. അത് എളുപ്പമാണ്. പക്ഷെ ശരിയായ വ്യക്തിയോട്, ശരിയായ കാര്യത്തിന്, ശരിയായ സമയത്ത്, ശരിയായ രീതിയിൽ, ശരിയായ അളവിൽ ദേഷ്യപ്പെടുക എന്നത് അത്ര എളുപ്പമല്ല."*
>
> ***അരിസ്റ്റോട്ടിൽ***

നല്ല ബുദ്ധിശക്തിയും ഉന്നത ബിരുദങ്ങളും ഉയർന്ന ജോലിയും മികച്ച സാമ്പത്തിക സ്ഥിതിയും ഉണ്ടായിട്ടും ചില വ്യക്തികൾ ജീവിതത്തിൽ പരാജയപ്പെടുന്നു. എന്നാൽ മറ്റു ചിലരാവട്ടെ ഇവയൊന്നുമില്ലാതെ തന്നെ സന്തുഷ്ട ജീവിതം നയിക്കുന്നു.

എന്തായിരിക്കും ഇതിന് കാരണം?

## ഗോൾമാന്റെ നിരീക്ഷണം

ജീവിതവിജയത്തെ സ്വാധീനിക്കുന്ന ഘടകങ്ങളെ സംബന്ധിച്ച ചർച്ച സജീവമായത് ഹൊവാർഡ് ഗാർഡനർ (1985) **ബഹുമുഖ ബുദ്ധികൾ (Multiple Intelligences)** എന്ന കാഴ്ചപ്പാട് മുന്നോട്ട് വച്ചതോടെയാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ആന്തരിക വൈയക്തിക ബുദ്ധിയും (Intra personal intelligence - വ്യക്തിക്ക് തന്നെക്കുറിച്ചുള്ള കൃത്യമായ അവബോധം), വ്യക്ത്യാന്തര ബുദ്ധിയും (interpersonal intelligence – വ്യക്തിക്ക് മറ്റുള്ളവരെ മനസിലാക്കുന്നതിനുള്ള കഴിവ്) ആണ് ഒരാളുടെ ജീവിത വിജയത്തെ കാര്യമായി സഹായിക്കുന്നത്. ഇവ രണ്ടിനെയും ചേർത്ത് വ്യക്തിപരമായ ബുദ്ധി (personal intelligence) എന്ന് പൊതുവെ പറയാം. ഹൊവാർഡ് ഗാർഡ്നറുടെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി പീറ്റർ സലോവേ, ജോൺ മേയർ (Peter Salovey, John Mayer – 1990) എന്നിവർ **വൈകാരിക ബുദ്ധി (Emotional Intelligence)** എന്ന ആശയം മുന്നോട്ട് വച്ചു.



Daniel Goleman
(1946-    )

അമേരിക്കൻ സയൻസ് ജേർണലിസ്റ്റ്. എഴുത്തുകാരൻ. പിന്നീട് മനഃശാസ്ത്രത്തിലും ഗവേഷണങ്ങൾ നടത്തി. ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇന്ത്യയിലും കുറെക്കാലം താമസിച്ചു.
*പ്രധാനകൃതികൾ: The Varieties of the Meditative Experience (1977), Emotional Intelligence (1995-അക്കാലത്തെ ബെസ്റ്റ് സെല്ലർ ആയിരുന്ന പുസ്തകം), The Hidden Driver of Excellence (2013)*

'വൈകാരികബുദ്ധി' എന്ന ആശയത്തിന് വിപുലമായ പ്രചാരവും സ്വീകാര്യതയും ലഭിച്ചത് ഡാനിയൽ ഗോൾമാൻ (Daniel Goleman) 1995ൽ "Emotional Intelligence" എന്ന പുസ്തകം പ്രസിദ്ധീകരിച്ചതോടെയാണ്.

> *ഗോൾമാന്റെ അഭിപ്രായത്തിൽ 'ഒരു വ്യക്തിക്ക് തന്റെയും മറ്റുള്ളവരുടെയും വൈകാരികാവസ്ഥകളെ തിരിച്ചറിയാനും, വ്യക്തിബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രചോദകമായി ഈ തിരിച്ചറിവിനെ ഉപയോഗപ്പെടുത്താനുമുള്ള സാമൂഹികമായ ബുദ്ധി ശക്തിയാണ് വൈകാരികബുദ്ധി.'*

ജീവിതവിജയത്തെ ഏറെ സ്വാധീനിക്കുന്നത് ബുദ്ധിശക്തിയെക്കാൾ വൈകാരിക ബുദ്ധിയാണ് എന്ന് പല മനശ്ശാസ്ത്രജ്ഞരും അഭിപ്രായപ്പെടുന്നു.

വൈകാരികബുദ്ധിയുടെ അടിസ്ഥാനം സ്വാവബോധം (self-awareness) ആത്മനിയന്ത്രണം (self-regulation), ആത്മചോദനം (self motivation), അനുതാപം (empathy), സാമൂഹ്യാവബോധം (social awareness) സാമൂഹ്യനൈപുണികൾ (social skills) എന്നീ ഘടകങ്ങളാണെന്ന് ഗോൾമാൻ അഭിപ്രായപ്പെടുന്നു.

### 1. സ്വാവബോധം (Self-awareness)

സ്വാവബോധത്തെ നിർണയിക്കുന്ന സവിശേഷതകൾ താഴെപ്പറയുന്നു.

- സ്വന്തം വികാരങ്ങളും അവയുടെ അനന്തര ഫലങ്ങളും തിരിച്ചറിയാനുള്ള വ്യക്തിയുടെ കഴിവ്.
- തന്റെ ശക്തി ദൗർബല്യങ്ങളെക്കുറിച്ചുള്ള കൃത്യമായ തിരിച്ചറിവ്, വെല്ലുവിളികളേയും പ്രശ്നങ്ങളേയും നേരിടാനുള്ള ആത്മവിശ്വാസം തുടങ്ങിയവ സ്വാവബോധത്തിന്റെ ഭാഗമാണ്.

2. **ആത്മനിയന്ത്രണം (Self-regulation)**

- അനഭിലഷണീയ വികാരങ്ങളെ തിരിച്ചറിയാനും നിയന്ത്രിക്കുവാനുമുള്ള കഴിവാണിത്.
- വിശ്വസ്തത, കാര്യങ്ങൾ ഉത്തരവാദിത്വബോധത്തോടെ മികച്ച രീതിയിൽ ഏറ്റെടുത്തു നടത്താനും മാറ്റങ്ങളെ ഉൾക്കൊള്ളാനുമുള്ള സന്നദ്ധത, പുതിയ സാഹചര്യങ്ങളേയും ആശയങ്ങളേയും സ്വീകരിക്കുവാനുള്ള താല്പര്യം എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

3. **ആത്മചോദനം (Self motivation)**

- ഉയർന്ന നേട്ടങ്ങൾ കൈവരിക്കുവാനും തന്റെ പ്രകടനം മെച്ചപ്പെടുത്തുവാനുമുള്ള വ്യക്തിയുടെ അഭിവാഞ്ചയാണിത്.
- താൻ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെയോ സ്ഥാപനത്തിന്റെയോ ലക്ഷ്യങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുവാനുള്ള സന്നദ്ധതയും അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള താല്പര്യവും തിരിച്ചടികളിലും പരാജയങ്ങളിലും പതറാതെ ലക്ഷ്യബോധത്തോടെ മുന്നേറാനുള്ള കഴിവും ഇതിന്റെ സവിശേഷതകളാണ്.

4. **അനുതാപം (Empathy)**

- മറ്റുള്ളവരുടെ ചിന്തകളേയും, വികാരങ്ങളേയും, കാഴ്ചപ്പാടുകളേയും മനസ്സിലാക്കി അവരുടെ പ്രശ്നങ്ങളിൽ അനുഭാവപൂർവ്വം ഇടപെടാനുമുള്ള കഴിവാണിത്.
- മറ്റുള്ളവർക്ക് വേണ്ടി പ്രവർത്തിക്കുന്നതിനുള്ള താല്പര്യം.
- മറ്റു വ്യക്തികളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്നതിനും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുമുള്ള സന്നദ്ധത.
- സമൂഹത്തിന്റെ പൊതുവായ വൈകാരികാവസ്ഥ/നിലപാടുകൾ തുടങ്ങിയവ മനസ്സിലാക്കുവാനുള്ള കഴിവ്.
- സാമൂഹ്യബന്ധങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാനുള്ള കഴിവും ഇതിൽ ഉൾച്ചേർന്നിരിക്കുന്നു.

5. **സാമൂഹ്യനൈപുണികൾ (Social skills)**

- മറ്റുള്ളവരിൽ സ്വാധീനം ചെലുത്തുവാൻ കഴിയുക.
- വ്യക്തമായും അനായാസമായും ആശയവിനിമയം ചെയ്യുക.
- വ്യക്തികളേയും സമൂഹത്തേയും പ്രചോദിപ്പിക്കുവാനും നയിക്കുവാനും കഴിയുക.
- സാമൂഹികമാറ്റങ്ങൾക്ക് തുടക്കം കുറിക്കുകയും മുന്നോട്ടു നയിക്കുകയും ചെയ്യുക.
- പ്രശ്നങ്ങളിൽ മധ്യസ്ഥത വഹിച്ച് അവ പരിഹരിക്കുക.
- സാമൂഹ്യബന്ധങ്ങൾ വളർത്തിയെടുക്കുക.
- പൊതുലക്ഷ്യങ്ങൾക്കായി മറ്റുള്ളവർക്കൊപ്പം ചേർന്ന് പ്രവർത്തിക്കുകയും ലക്ഷ്യങ്ങൾ കൈവരിക്കുകയും ചെയ്യുക തുടങ്ങിയവ സാമൂഹ്യനൈപുണികളാണ്.

ഇവയിൽ സ്വാവബോധം, ആത്മനിയന്ത്രണം, ആത്മചോദനം എന്നിവയെ വ്യക്തിപര പ്രാപ്തികൾ (personal competence) ആയും, അനുതാപം, സാമൂഹ്യനൈ പുണികൾ എന്നിവയെ സാമൂഹ്യപ്രാപ്തികൾ (social competence) ആയും ഗോൾമാൻ അവതരിപ്പിക്കുന്നു.

## വൈകാരിക നിയന്ത്രണം (Emotional control)

മനുഷ്യനിൽ വൈവിധ്യമാർന്ന വികാരങ്ങൾ കാണുന്നുവെങ്കിലും ഒന്നോ അതിലധികമോ വികാരങ്ങൾ മേൽക്കൈ നേടുകയും അത് ആ വ്യക്തിയുടെ സ്വഭാവത്തിന്റെ മുഖമുദ്രയായി മാറുകയും

ചെയ്യാറുണ്ട്. പ്രധാനമായും സാഹചര്യങ്ങളുടെ സ്വാധീനത്താലാണ് ചില വികാരങ്ങൾ മേൽക്കൈ നേടുന്നത്.

അനഭിലഷണീയ വികാരങ്ങൾ മേൽക്കൈ നേടുന്നതിനെ അഭിലഷണീയ വികാരങ്ങൾക്ക് പ്രാധാന്യം നൽകുന്നതിലൂടെ തടയുവാൻ സാധിക്കുന്നു.

**വൈകാരിക നിയന്ത്രണത്തിനുള്ള മാർഗങ്ങൾ**

- വൈകാരിക വിക്ഷോഭത്തിനു കാരണമാകാവുന്ന അവസ്ഥകളെ ഒഴിവാക്കുക എന്നതാണ് വൈകാരിക നിയന്ത്രണത്തിനുള്ള ഏറ്റവും ലളിതമായ മാർഗം.
- വൈകാരിക നിയന്ത്രണത്തിനുള്ള ശാസ്ത്രീയ മാർഗം വൈകാരിക ഊർജത്തെ പ്രയോജനകരവും സമൂഹം അംഗീകരിക്കുന്നതുമായ കാര്യങ്ങളിലേക്ക് വഴി തിരിച്ച് വിടുക എന്നതാണ്.
- വൈകാരിക നിയന്ത്രണത്തിനുള്ള ശേഷി കുട്ടികളിൽ സ്വയമേവ രൂപപ്പെട്ടു വരേണ്ടതാണ്. എങ്കിലും സാമൂഹ്യ പ്രതീക്ഷകൾക്ക് അനുസരിച്ചുള്ള പെരുമാറ്റം കുട്ടികളിൽ ഉറപ്പു വരുത്തുവാൻ രക്ഷിതാക്കളും അധ്യാപകരും നിരന്തരം ഇടപെടലുകൾ നടത്തേണ്ടതാണ്.

☞ **പ്രവർത്തനം**

കുട്ടികളുടെ വൈകാരികബുദ്ധി വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു പാക്കേജ് തയാറാക്കുക. അത് School Internship സമയത്ത് പ്രയോജനപ്പെടുത്താം.

## വൈജ്ഞാനിക വികാസം (Cognitive Development)

*'അമ്മേ അമ്പിളിമാമനെങ്ങനാ നമ്മൾ*
*എങ്ങോട്ടോടിയാലും കൂടെ വരുന്നത്?*
*'വെയിലുവന്നപ്പോൾ മഴ പെയ്ത വെള്ള*
*മെല്ലാം എങ്ങോട്ടുപോയി?*

ഇങ്ങനെയുള്ള ചോദ്യങ്ങൾ പലപ്പോഴും കുട്ടിക്കാലത്ത് നിങ്ങൾ ചോദിച്ചിട്ടില്ലേ? ഇപ്പോഴും ഇത്തരം ചോദ്യങ്ങൾ നിങ്ങൾ ചോദിക്കാറുണ്ടോ? ഇല്ലല്ലോ? കുട്ടിക്കാലത്ത് നിങ്ങളെ അലട്ടിയിരുന്ന നൂറു നൂറായിരം പ്രശ്നങ്ങൾ ഇന്ന് നിങ്ങൾക്ക് പ്രശ്നങ്ങളേയല്ല. അവയ്ക്കെല്ലാം യുക്തിയുക്തമായ ഉത്തരങ്ങൾ നിങ്ങൾക്കറിയാം. എങ്ങനെയാണ് നിങ്ങൾ ഈ അറിവെല്ലാം നേടിയത്? ചോദിച്ചറിഞ്ഞ്, കണ്ടറിഞ്ഞ്, വായിച്ചറിഞ്ഞ്, അനുഭവിച്ചറിഞ്ഞ് ....... അങ്ങനെ അറിഞ്ഞു കൊണ്ടേയിരിക്കുന്നു. ജീവിതാനുഭവങ്ങൾ വർധിക്കുന്നതനുസരിച്ച് അറിവിന്റെ മണ്ഡലവും വികസിച്ചുകൊണ്ടേയിരിക്കും.

പുരോഗമനപരമായ മാറ്റങ്ങളിലൂടെയാണ് കൂടുതൽ സങ്കീർണ്ണമായ മാനസിക പ്രക്രിയകൾ നടത്തുവാൻ മനുഷ്യൻ പ്രാപ്തനാകുന്നത്. വൈജ്ഞാനിക വികാസമെന്നാൽ ചിന്ത, യുക്തിചിന്ത, ഭാഷ തുടങ്ങിയവയുടെ വികാസമാണ്.

**മസ്തിഷ്കവും വൈജ്ഞാനിക വികാസവും**

*വൈജ്ഞാനിക വികാസത്തിന്റെ അടിസ്ഥാനം മസ്തിഷ്കത്തിന്റെ വികാസമാണ്. മസ്തിഷ്കം പ്രധാനമായും ന്യൂറോണുകളാൽ നിർമിതമാണ്. ന്യൂറോണുകൾ സിനാപ്സുകൾ (Synapses) വഴി പരസ്പരം ബന്ധിതമാണ്. നവജാത ശിശുവിൽ ഏകദേശം 100 മുതൽ 200 ദശലക്ഷം വരെ ന്യൂറോണുകളും 2500 ഓളം സിനാപ്സുകളും ഉള്ളതായും ക്രമേണ ഇവയുടെ എണ്ണം പലമടങ്ങായി വർധിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്.*

*മനുഷ്യ മസ്തിഷ്കത്തിലെ ഏറ്റവും വലിയ ഭാഗമായ സെറിബ്രൽ കോർടെക്സിലാണ് ഏറ്റവും കൂടുതൽ ന്യൂറോണുകൾ കാണപ്പെടുന്നത്. സെറിബ്രൽ കോർടെക്സിന്റെ വിവിധ ഭാഗങ്ങളുടെ വികാസം വ്യത്യസ്ത നിരക്കിലാണ് നടക്കുന്നത്. ശാരീരിക ചലനങ്ങളെ നിയന്ത്രിക്കുന്ന സെറിബ്രൽ കോർടെക്സിന്റെ ഭാഗം ആദ്യം വികസിക്കുന്നു. കാഴ്ച, കേൾവി തുടങ്ങിയവയെ നിയന്ത്രിക്കുന്ന ഭാഗങ്ങൾ പിന്നീടും, യുക്തിചിന്ത പോലെയുള്ള ഉയർന്ന മാനസിക ശേഷികളെ നിയന്ത്രിക്കുന്ന ഭാഗങ്ങൾ അതിനുശേഷവും വികാസം പ്രാപിക്കുന്നു. സെറിബ്രൽ കോർടെക്സിന്റെ വിവിധ ഭാഗങ്ങൾ വിവിധ അടിസ്ഥാനപരമായ ധർമ്മങ്ങൾ നിർവ്വഹിക്കുന്നു വെങ്കിലും ഭാഷണം, വായന തുടങ്ങിയ സങ്കീർണ്ണ പ്രവർത്തനങ്ങളിൽ സെറിബ്രൽ കോർടെക്സിന്റെ വിവിധഭാഗങ്ങൾ ഏകോപിച്ച് പ്രവർത്തിക്കുന്നു.*

### വൈജ്ഞാനിക വികാസം പിയാഷെ (Jean Piaget) യുടെ കാഴ്ചപ്പാടിൽ

*'നിങ്ങൾക്ക് ഒരേസമയത്ത് എറണാകുളത്തെ സുഭാഷ് പാർക്കിലും തിരുവനന്തപുരത്തെ ശംഖുമുഖത്തും പോകുവാൻ കഴിയുമോ?'*

*ഈ ചോദ്യത്തോട് നിങ്ങൾ എങ്ങനെ പ്രതികരിക്കും? പ്രതികരണത്തിന് നിങ്ങൾക്ക് എത്ര സമയം ആവശ്യമാണ്?*



Jean Piaget (1896-1980)

*പിയാഷെയെ സംബന്ധിച്ച വ്യക്തി വിവരങ്ങൾ രണ്ടാം സെമസ്റ്ററിലെ സ്റ്റുഡന്റ് ടെക്സ്റ്റിൽ (പേപ്പർ 201) വിശദമായി ചേർത്തിട്ടുള്ളത് കാണുക.*

യാങ് പിയാഷെ (Jean Piaget) യുടെ അഭിപ്രായത്തിൽ മേൽ സൂചിപ്പിച്ചതു പോലെയുള്ള ചോദ്യങ്ങൾ മുതിർന്ന ഒരാളെ സംബന്ധിച്ച് വളരെ ലളിതമാണ്. കാരണം അതു സാധ്യമല്ലെന്ന് ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ അവർക്ക് പറയാൻ കഴിയും. എന്നാൽ ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം ഈ ചോദ്യം പ്രയാസകരമാണ്. മുതിർന്നവരുടേയും കുട്ടികളുടേയും ചിന്താശേഷിയും അനുഭവതലവും വ്യത്യസ്തമാണ്. ശൈശവത്തിൽ നിന്നും പക്വതയിലേക്കുള്ള വളർച്ചയിൽ ചുറ്റുപാടുകളുമായുള്ള ഇടപെടലുകളിലൂടെ ആർജ്ജിച്ച അനുഭവങ്ങൾ മനുഷ്യന്റെ ചിന്താപ്രക്രിയയിൽ ഗണ്യമായ മാറ്റങ്ങൾ ഉണ്ടാക്കുന്നു.

ചിന്താപ്രക്രിയയുടെ വികാസത്തിന് നിദാനം പ്രധാനമായും നാല് ഘടകങ്ങളാണെന്ന് പിയാഷെ അഭിപ്രായപ്പെടുന്നു.

- **ശാരീരികമായ പക്വതയാർജിക്കൽ (Biological Maturation)**
- **പ്രവർത്തനങ്ങൾ (Activity)**
- **സാമൂഹികാനുഭവങ്ങൾ (Social Experiences)**
- **സന്തുലീകരണം (Equilibration)**

മനുഷ്യന് അവന്റെ ജനിതക ഘടനയുടെ അടിസ്ഥാനത്തിൽ പ്രായാനുസൃതമായി ചില സ്വാഭാവിക മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. പുരോഗമനപരമായ ഇത്തരം സ്വാഭാവിക മാറ്റങ്ങൾ പരിപക്വനത്തിന്റെ (maturation) ഫലമാണ്. ശാരീരികമായ പക്വത വർധിക്കുന്തോറും ചുറ്റുപാടുമായി കൂടുതൽ ഫലപ്രദമായി ഇടപെട്ട് പ്രവർത്തിക്കാനും അതിൽ നിന്നും കാര്യങ്ങൾ ഗ്രഹിക്കുവാനും വ്യക്തി പ്രാപ്തനാകുന്നു. ഉദാഹരണമായി സീസോയിൽ നടത്തുന്ന പരീക്ഷണ നിരീക്ഷണങ്ങളിലൂടെ 'തുലനം ചെയ്യൽ' (balancing) എന്ന ആശയം കൂടി സ്വായത്തമാക്കുന്നു.

വളരുന്തോറും വ്യക്തികളുടെ സാമൂഹ്യഇടപെടലുകളും വർധിക്കുന്നു. മറ്റുള്ളവരിൽ നിന്നും പഠിക്കുന്ന കാര്യങ്ങൾ നമ്മുടെ വൈജ്ഞാനിക വികാസത്തെ സ്വാധീനിക്കുന്നതായി പിയാഷെ കരുതുന്നു.

സമൂഹവുമായി ഫലപ്രദമായി ഇടപെടുന്നതിലൂടെ (സാമൂഹികാനുഭവങ്ങളിലൂടെ) സമൂഹത്തിന്റെ സ്വന്തമായ അറിവുകളുടെ സഞ്ചയം വ്യക്തിക്ക് ലഭ്യമാകുന്നു.

നാലാമത്തെ ഘടകത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് മുൻപ് വ്യക്തികളുടെ വിജ്ഞാനമണ്ഡലത്തിൽ നടക്കുന്ന രണ്ട് അടിസ്ഥാന പ്രക്രിയകൾ മനസ്സിലാക്കേണ്ടതുണ്ട്. അവയെ പിയാഷെ സംയോജനം (organisation) എന്നും അനുരൂപീകരണം (adaptation) എന്നും വിളിക്കുന്നു.

**സംയോജനം (Organisation)**

എല്ലാ വ്യക്തികൾക്കും തങ്ങളുടെ ചിന്തകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ലഭിക്കുന്ന കാര്യങ്ങളെ ചിട്ടപ്പെടുത്തി സൂക്ഷിക്കുവാനുള്ള കഴിവുണ്ട്. ജീവിതത്തിന്റെ ആദ്യകാലങ്ങളിൽ വളരെ ലളിതമായ രൂപത്തിലുള്ള ഈ വൈജ്ഞാനിക ഘടനയോട് പുതിയ കാര്യങ്ങൾ നിരന്തരമായി കൂട്ടിച്ചേർക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നിലവിലുള്ള അറിവിന്റെ അടിസ്ഥാന ഘടകങ്ങളെ പിയാഷെ **'സ്കീമ' (Schema)** എന്നു വിളിക്കുന്നു. നിലവിലുള്ള സ്കീമകൾ മതിയാകാതെ വരുന്ന സന്ദർഭങ്ങളിൽ പുതിയവ കൂട്ടിച്ചേർക്കപ്പെടുന്നു. ബാഹ്യലോകവുമായി പൊരുത്തപ്പെടുന്നതിന് പരിസ്ഥിതിയുമായി ഇടപെട്ടു കൊണ്ട് സ്കീമകൾ നിർമ്മിച്ചെടുക്കുന്ന പ്രക്രിയയാണ് **അനുരൂപീകരണം**. സ്കീമകളുടെ ആന്തരിക പുനർവിന്യാസവും കൂട്ടിച്ചേർക്കലും വഴി ശക്തവും പരസ്പര ബന്ധിതവുമായ ഒരു ജ്ഞാതൃഘടന രൂപം കൊള്ളുന്ന പ്രക്രിയയാണ് **സംയോജനം**.

**അനുരൂപീകരണം (Adaptation)**

എല്ലാ വ്യക്തികളും തങ്ങളുടെ ചുറ്റുപാടിനോട് ഇണങ്ങിച്ചേരുവാനുള്ള താല്പര്യം പ്രകടിപ്പിക്കുന്നു. സ്വാംശീകരണം (assimilation), സംസ്ഥാപനം (accommodation) എന്നീ പ്രക്രിയകൾ വഴിയാണ് അനുരൂപീകരണം നടക്കുന്നത്.

പുതിയ ഒരു സാഹചര്യത്തെ നേരിടുമ്പോൾ ആദ്യം നിലവിലുള്ള സ്കീമകൾ ഉപയോഗപ്പെടുത്താനാണ് വ്യക്തി ശ്രമിക്കുക. അതായത് നിലവിലുള്ള അറിവുകൾ ഉപയോഗിച്ച് പുതിയ സാഹചര്യത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നു. ചക്രത്തിൽ ഓടുന്ന കളിപ്പാട്ട വണ്ടികൾ തള്ളി ശീലമുള്ള കുട്ടി, ചക്രമുള്ള മറ്റു തരം കളിപ്പാട്ടങ്ങളും തള്ളി നീക്കുന്നു. ഈ പ്രക്രിയയെ സ്വാംശീകരണമെന്ന് (assimilation) വിളിക്കുന്നു.

പിന്നീട് താക്കോൽ തിരിച്ച് ഓടിക്കുന്ന മറ്റൊരു കളിപ്പാട്ടം കിട്ടിയാൽ കുട്ടി ആദ്യം തള്ളി നീക്കാൻ ശ്രമിക്കുകയും അത് പരാജയപ്പെടുമ്പോൾ വാശി പിടിക്കുകയും തുടർന്ന് മറ്റൊരാളുടെ സഹായത്തോടെ താക്കോൽ തിരിച്ചാൽ മാത്രമേ ഇത് മുന്നോട്ട് നീങ്ങുകയുള്ള എന്ന തിരിച്ചറിവ് നേടുകയും ചെയ്യുന്നു. ഇത് പഴയ സ്കീമകളിൽ മാറ്റം വരുത്താൻ കുട്ടിയെ പ്രാപ്തനാക്കുന്നു. ഈ പ്രക്രിയയാണ് സംസ്ഥാപനം (accommodation) എന്നറിയപ്പെടുന്നത്.

മറ്റൊരുതരത്തിൽ പറഞ്ഞാൽ പ്രശ്നങ്ങളെ നിലവിലുള്ള സ്കീമകൾ ഉപയോഗിച്ച് പരിഹരിക്കുന്നതിനെ സ്വാംശീകരണമെന്നും വൈജ്ഞാനിക ഘടനയിലേക്ക് പുതിയ സ്കീമകൾ കൂട്ടിച്ചേർത്തോ നിലവിലുള്ള സ്കീമകൾക്ക് പരിവർത്തനം നടത്തിയോ പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് സംസ്ഥാപനം എന്നു പറയുന്നു.

പിയാഷെയുടെ അഭിപ്രായത്തിൽ സ്വാംശീകരണവും സംസ്ഥാപനവും സന്തുലീകരണത്തിനുള്ള (equilibration) മാർഗ്ഗങ്ങളാണ്. ഉടൻ പരിഹരിക്കുവാൻ കഴിയാത്ത പ്രശ്നങ്ങൾ മനുഷ്യനിൽ വൈജ്ഞാനികമായ അസന്തുലിതാവസ്ഥ (cognitive disequilibrium) സൃഷ്ടിക്കുമ്പോൾ അവയെ തരണം ചെയ്ത് സന്തുലിതാവസ്ഥ (equilibrium) കൈവരിക്കുവാൻ സ്വാംശീകരണവും സംസ്ഥാപനവും സഹായിക്കുന്നു. കൂടുതൽ വിശദാംശങ്ങൾ 2-ാം സെമസ്റ്ററിലെ '**പഠനം**' എന്ന യൂണിറ്റിൽ ചർച്ച ചെയ്യുന്നുണ്ട്.

വൈജ്ഞാനിക വികാസത്തിന് സുപ്രധാനമായ നാലു ഘട്ടങ്ങൾ ഉണ്ടെന്ന് പിയാഷെ അഭിപ്രായപ്പെടുന്നു.

### 1. ഇന്ദ്രിയ – ചാലക ഘട്ടം (Sensory - Motor Stage രണ്ടു വയസ്സുവരെ)

ഇന്ദ്രിയാനുഭവങ്ങളിലൂടെയും സ്വന്തം ചെയ്തികളിലൂടെയും കുഞ്ഞിൽ ലോകത്തെക്കുറിച്ചുള്ള പ്രാഥമിക ധാരണകൾ വളർന്നുവരുന്നു. തന്നെക്കുറിച്ചും തന്റെ ശരീരത്തെക്കുറിച്ചുമുള്ള ധാരണ, പരിചയമുള്ളവരെയും ഇല്ലാത്തവരെയും തിരിച്ചറിയാൻ സാധിക്കലും അതിനനുസരിച്ച് പ്രതികരിക്കലും വസ്തുക്കളും ആളുകളും കൺവെട്ടത്തുനിന്നു മറഞ്ഞാലും നിലനിൽക്കുന്നു എന്ന തിരിച്ചറിവ് (object permanence), സ്ഥലത്തെക്കുറിച്ചും സമയത്തെക്കുറിച്ചുമുള്ള ആദിബോധങ്ങൾ, കാര്യകാരണബന്ധങ്ങളെക്കുറിച്ചുള്ള ആദ്യധാരണകൾ ('ഞാൻ കരഞ്ഞാൽ അമ്മ വരും', 'വസ്തുക്കൾ ഇട്ടാൽ ഒച്ചയുണ്ടാവും), പരീക്ഷണങ്ങൾ, അനുകരണങ്ങൾ എന്നിവയുടെ തുടക്കം, മറ്റുള്ളവരുടെ ഭാവങ്ങളും ഭാഷയും മനസ്സിലായിത്തുടങ്ങൽ എന്നിങ്ങനെയുള്ള സംവേദകസ്കീമകളും ചാലക സ്കീമകളും ഉപയോഗിച്ചാണ് ഭാഷാപഠനം സാധ്യമാകുന്ന കാലം വരെ കുട്ടിയിൽ പഠനം മുന്നേറുന്നത്. ഒന്നരവയസ്സുമുതൽ രണ്ടു വയസ്സുവരെയുള്ള കാലം അടുത്തഘട്ടത്തിലേയ്ക്കുള്ള മാറ്റത്തിന്റെ കാല മാണ്. ചെയ്യാൻ പോകുന്നതിനെക്കുറിച്ച് മനസ്സിൽ വിചാരിക്കാൻ സാധിച്ചു തുടങ്ങുന്നു. സംവേദക ചാലകഘട്ടത്തെ ആറ് ചെറിയ ഘട്ടങ്ങളായി പിയാഷെ വേർതിരിച്ചിട്ടുണ്ട്. ഓരോന്നിനും അതിന്റേതായ പ്രത്യേകതകളുമുണ്ട്.

### 2. പ്രാഗ്മനോവ്യാപാര ഘട്ടം (Pre-Operational Stage - രണ്ടു മുതൽ ഏഴു വയസ്സുവരെ)

മനോവ്യാപാരത്തിനു മുമ്പുള്ള ഘട്ടമാണിത്. ഭാവനയുടേയും ചിന്തയുടേതുമായ പ്രതീകാത്മക പ്രവർത്തനങ്ങളിലേക്ക് (symbolic activities) കുട്ടി വളർന്നു വരുന്നു. ഭാഷ പഠിക്കാൻ കഴിയുന്നതോടെ മറ്റുള്ളവരുമായുള്ള ആശയവിനിമയ സാധ്യത മാത്രമല്ല ചിന്തയ്ക്കുള്ള ഏറ്റവും പ്രധാനമായ ഒരു ഉപകരണം കൂടി കുട്ടിക്ക് ലഭ്യമാകുന്നു. മറ്റുള്ളവർക്ക് ഓരോ കാര്യങ്ങൾ പറഞ്ഞു കൊടുക്കാം എന്ന അവസ്ഥ വരുന്നു. രണ്ടോ മൂന്നോ വയസ്സുള്ള കുട്ടികളുടെ വ്യവഹാരങ്ങളിൽ പ്രതീകാത്മകത വളരെ പ്രകടമാണ്. ഓർമ്മയും ഭാവനയും നേരിട്ടുള്ള സാഹചര്യവും എല്ലാം കൂടിക്കുഴഞ്ഞ ഒരു ലോകമാണു കുട്ടിയുടേത്. ലോകത്തെക്കുറിച്ചുള്ള പ്രാഥമികമായ അറിവുകൾ ശേഖരിക്കുന്നതിന്റെ ഭാഷ പഠിക്കുന്നതിന്റെ വളരെ പ്രധാനമായ ഘട്ടമാണിത്. കുട്ടിയുടെ മാനസികാവസ്ഥയുടെ പരിമിതികൾ മൂലം യുക്തിപരമായി ചിന്തിക്കാനുള്ള ശേഷിയിലേയ്ക്ക് ഇനിയും പടവുകൾ താണ്ടേണ്ടതുണ്ട്.

ഈ പ്രായത്തിന്റെ പ്രധാന സവിശേഷത സ്വയംകേന്ദ്രീകൃത (Ego centrism) അവസ്ഥയാണ്. ലോകത്തെ കുട്ടി മനസ്സിലാക്കുന്നത് തന്റെ അനുഭവവുമായി ബന്ധപ്പെടുത്തിയാണ്. ലോകത്തിന്റെ കേന്ദ്രം താനാണെന്നും തന്നെ ചുറ്റിപ്പറ്റിയാണ് കാര്യങ്ങളെല്ലാം എന്നതാണ് ഈ അവസ്ഥ. അതുകൊണ്ടുതന്നെ കാര്യകാരണ ബന്ധങ്ങളിലെ തിരിച്ചു മനസ്സിലാക്കൽ ഈ ഘട്ടത്തിൽ സംഭവിക്കാനിടയുണ്ട്. (ഞാനുണരുമ്പോൾ പ്രഭാതമുണ്ടാകുന്നു തുടങ്ങിയ ധാരണകൾ) ഓരോ വസ്തുവിനും പ്രതിഭാസ ത്തിനും തന്നിൽ നിന്ന് വേറിട്ട് ഒരസ്തിത്വമുണ്ട് എന്നും മറ്റുള്ളവർ കാണുന്നതും ചിന്തിക്കുന്നതും തന്നെപ്പോലെയാകണമെന്നില്ല എന്നും മനസ്സിലാക്കാൻ ഈ ഘട്ടത്തിൽ കുട്ടിക്ക് കഴിയില്ല. മുതിർന്നവർ സാധാരണയായി കുട്ടികളുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് പെരുമാറാൻ ശ്രദ്ധിക്കുന്നതിനാൽ അവരുമായി ഇടപെടുന്നത് കുട്ടികൾക്ക് പ്രശ്നമാവാറില്ല. എന്നാൽ മറ്റു കുട്ടികളുമായി വർത്തമാനം പറയുമ്പോഴും കളിക്കുമ്പോഴും പല തരത്തിലുള്ള പ്രശ്നങ്ങളും ഉടലെടുക്കാം. ഒരു കഥ വേറൊരാൾക്ക് പറഞ്ഞുകൊടുക്കുമ്പോൾ അയാൾക്ക് മനസ്സിലാകുന്ന രീതിയിൽ പറയാൻ കുട്ടികൾ വളരെ വിഷമിക്കും. തന്റെ ഉള്ളിൽ തോന്നുന്ന ആശയങ്ങളും വികാരങ്ങളും മറ്റേ ആൾക്കും അനുഭവപ്പെടുന്നുണ്ട് എന്നാണ് കുട്ടിയുടെ വിചാരം. ലോകത്തിന്റെ വസ്തുനിഷ്ഠ സ്വഭാവവും, വ്യക്തികളുടെ ആത്മനിഷ്ഠ സ്വഭാവവും തിരിച്ചറിയുന്ന ഘട്ടത്തിലേ സ്വയം കേന്ദ്രീകൃതാവസ്ഥ കുറഞ്ഞു വരികയുള്ളൂ.

ഒന്നിലധികം കാര്യങ്ങളെ ഒരേ സമയം പരിഗണിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്ന പ്രായമാണിത്. ഏറ്റവും പ്രകടമായ ഒരംശത്തിൽ മാത്രം ശ്രദ്ധയൂന്നുന്ന സ്വഭാവം (perceptual centration) ആണിത്. നീളത്തിലും വീതിയിലും വ്യത്യാസപ്പെട്ടിരിക്കുന്ന രൂപങ്ങളെ താരതമ്യപ്പെടുത്തേണ്ടി വന്നാൽ കുട്ടികൾ ഒന്നുകിൽ

നീളത്തിൽ മാത്രം ശ്രദ്ധിക്കും. അല്ലെങ്കിൽ വീതിയിൽ മാത്രം. ഓരോന്നും ഒറ്റയ്ക്കൊറ്റയ്ക്ക് മാത്രം ശ്രദ്ധിക്കുകയും പരസ്പരബന്ധം മനസ്സിലാക്കാതിരിക്കുകയും ചെയ്യുന്നു.

| |
|---|
| *ഒരു വരിയിൽ അഞ്ച് തീപ്പെട്ടിക്കൊള്ളികൾ അടുത്തടുത്ത് വച്ചിരിക്കുന്നു. അടുത്ത വരിയിൽ അഞ്ചെണ്ണം വിട്ടുവിട്ട് വച്ചിരിക്കുന്നു. ഏതു വരിയിലാണ് അധികം കൊള്ളിയുള്ളത് എന്ന് അഞ്ചു വയസ്സുകാരനോട് ചോദിച്ചാൽ വിട്ടുവിട്ടുവെച്ച വരിയെ ചൂണ്ടിക്കാണിച്ചെന്നിരിക്കും. കൊള്ളിയുടെ എണ്ണമല്ല ക്രമീകരണ വിസ്തൃതിയാണ് കുട്ടി പരിഗണിച്ചത്.* |

ഈ ഘട്ടത്തിന്റെ അവസാനമെത്തുമ്പോഴേയ്ക്കും ഇങ്ങനെ ഒരംശത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന അവസ്ഥ കുറഞ്ഞുവന്ന് പല കാര്യങ്ങളിലും ഒരേ സമയം ശ്രദ്ധിക്കാൻ സാധിക്കുന്ന കഴിവ് (decentration) വളർന്നു വരുന്നു. തിരിച്ച് ചിന്തിക്കുക (reversibility), സ്ഥിരത (conservation) തുടങ്ങിയ കഴിവുകൾ ഈ ഘട്ടത്തിൽ കുറവായിരിക്കും.

കുട്ടിക്ക് തന്റേതായ അർഥങ്ങളാണുള്ളത്. യുക്തിചിന്തയ്ക്ക് തന്റേതായ നിയമങ്ങളാണുള്ളത്. കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ തന്റേതായ രീതികളാണുള്ളത്. ഒറ്റയ്ക്കൊറ്റയ്ക്കുള്ള കാര്യങ്ങളിൽ നിന്നും സാമാന്യവൽക്കരണം നടത്തുമ്പോഴും പൊതുനിയമത്തെ ഒരു സന്ദർഭത്തിൽ ഉപയോഗിക്കുമ്പോഴും അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കാര്യങ്ങളെ വിശദീകരിക്കുമ്പോഴും പലപ്പോഴും തെറ്റുകൾ വന്നുപെടും. പ്രതീകാത്മകമായ ചിന്തയ്ക്കും ഭാവനയ്ക്കും മുഖ്യസ്ഥാനമാണുള്ളത്. എല്ലാവർക്കും തന്റെ തോന്നലുകളും കാഴ്ചകളുമാണെന്ന ധാരണയാണ് കുട്ടിക്കുള്ളത്. അനുഭവങ്ങളിലൂടെ ഇത്തരം പരിമിതികളെ മറികടക്കാനാവുകയും ഏഴോ എട്ടോ വയസ്സാകുമ്പോഴേയ്ക്കും മുതിർന്നവരുടെ യുക്തിചിന്തയുടെ ലോകത്തേയ്ക്ക് എത്തിച്ചേരാൻ സാധിക്കുകയും ചെയ്യുന്നു. കുട്ടികൾ മുതിർന്നവരുടെ ചെറിയ പതിപ്പല്ല എന്നും വളരെ വ്യത്യസ്തരാണെന്നും പിയാഷെ ഊന്നിപ്പറയുന്നു.

**3. മൂർത്ത മനോവ്യാപാര ഘട്ടം (Concrete Operational Stage – ഏഴു മുതൽ പതിനൊന്നു വയസ്സുവരെ)**

മനോവ്യാപാരത്തിന് സാധിക്കുന്നു എന്നുള്ളതാണ് ഇതിനുമുമ്പുള്ള ഘട്ടത്തിൽ നിന്നും ഇതിനെ വ്യതിരിക്തമാക്കുന്നത്. യുക്തിചിന്തയുടെ അടിസ്ഥാന ശിലയാണ് മനോവ്യാപാരം. ഒരു കാര്യം ചെയ്തുകഴിഞ്ഞാലുളവാകുന്ന അവസ്ഥ കണക്കിലെടുത്തുകൊണ്ട് ചെയ്യേണ്ട മാനസിക ക്രിയകളെയാണ് മനോവ്യാപാരം (operation) എന്ന പദം കൊണ്ട് അർഥമാക്കുന്നത്. 'reversibiltiy' (തിരിച്ചു ചിന്തിക്കുക) എന്ന പ്രത്യേകതയാണ് ഇതിന്റെ സ്വഭാവം. a+b=c എന്നതിന്റെ ‘reversal' ആണ് c-b=a എന്നത്. ab=c എന്നതിന്റെ Reversal ആണ് c/b = a എന്നത്. ഇങ്ങനെ ഒരു ക്രിയ ചെയ്താൽ കിട്ടുന്ന ഫലം വച്ചുകൊണ്ട് എതിർക്രിയ ചെയ്താൽ തുടങ്ങിയിടത്തുതന്നെ എത്തും എന്ന തത്ത്വം തിരിച്ചറിയുമ്പോൾ മാത്രമേ സ്ഥിരത (Conservation) എന്നു പിയാഷെ വിളിക്കുന്ന ലോകസ്വഭാവം ശരിയായ അർഥത്തിൽ ഉൾക്കൊള്ളാറാവുകയുള്ളൂ. വസ്തുക്കൾ ചേർത്തുവച്ചാലും വിട്ടുവിട്ടുവച്ചാലും എണ്ണത്തിന് വ്യത്യാസമുണ്ടാകുന്നില്ല എന്നതാണ് സംഖ്യാസ്ഥിരത (Conservation of number). പാത്രം മാറ്റിയതുകൊണ്ട് വെള്ളത്തിന്റെ അളവിൽ മാറ്റമുണ്ടാകുന്നില്ല എന്നതാണ് വ്യാപ്തസ്ഥിരത (Conservation of volume). കളിമണ്ണ് ഉണ്ടയായി വച്ചാലും വലിച്ചു നീട്ടിയാലും അളവിന് വ്യത്യാസം വരുന്നില്ല എന്ന പിണ്ഡസ്ഥിരത (conservation of mass). മനസ്സിലാവണമെങ്കിൽ ഒന്നിൽക്കൂടുതൽ തലങ്ങളെക്കുറിച്ച് (dimensions) ഒരേ സമയം ആലോചിക്കാറാവണം.

സ്ഥിരത മാത്രമല്ല, ഈ ഘട്ടത്തിൽ ക്രമമായി അടുക്കാനുള്ള കഴിവും (ശ്രേണീകരണം -seriation) പലരീതിയിൽ തരം തിരിക്കാനുള്ള കഴിവും (classification) വളർന്നു വരുന്നു. സ്വയം കേന്ദ്രീകൃത സ്വഭാവം കുറയുകയും വസ്തുനിഷ്ഠമായി കാര്യങ്ങളെ മനസ്സിലാക്കാൻ സാധിച്ചു തുടങ്ങുകയും ചെയ്യുന്നു. മറ്റുള്ളവരുമായുള്ള ഇടപെടൽ ഇക്കാര്യത്തിൽ വളരെയധികം സഹായിക്കുന്നു. ഭാവനയുടെ ലോകത്തുനിന്നും വസ്തുനിഷ്ഠമായ യാഥാർഥ്യത്തിലേക്ക് കുട്ടി ക്രമത്തിൽ എത്തിപ്പെടുന്നു. യുക്തിചിന്ത ഏതാണ്ട് മുതിർന്നവരോട് അടുത്തുവരുമെങ്കിലും മൂർത്തസാഹചര്യത്തിൽ മാത്രമേ

ഉപയോഗിക്കാൻ സാധിക്കുന്നുള്ളൂ. നേരിട്ടു കാണുന്ന കാര്യങ്ങളെ ആസ്പദമാക്കി ചോദ്യങ്ങളാവാം. കാണാത്ത കാര്യങ്ങളോ ഭാഷ ഉപയോഗിച്ചുള്ള ചോദ്യങ്ങളോ ആകുമ്പോൾ ബുദ്ധിമുട്ട് വരുന്നു. ചിന്തയിൽ നിയമങ്ങൾക്കും ചിട്ടയ്ക്കും ലാളിത്യത്തിനും പ്രാധാന്യമേറുന്നു.

**4. ഔപചാരിക മനോവ്യാപാര ഘട്ടം (Formal Operational Stage പതിനൊന്നു വയസ്സു മുതൽ)**

ഈ ഘട്ടത്തിലെത്തുമ്പോഴേയ്ക്കും അമൂർത്തമായി ചിന്തിക്കുന്നതിനും യുക്തിയുടെ രീതികൾ ഭംഗിയായി ഉപയോഗിക്കുന്നതിനുമുള്ള ശേഷി വളർന്നു വരുന്നു. ശാസ്ത്രീയ ചിന്താഗതിയിൽ പ്രാവീണ്യം വർധിക്കുന്നു. തന്നെയും മറ്റുള്ളവരെയും പല കോണുകളിൽ കാണാനും വിലയിരുത്താനും കഴിയുന്നു. പ്രശ്നങ്ങളെ അപഗ്രഥിക്കാനും പ്രശ്നപരിഹാരത്തിനുള്ള സാധ്യതകൾ ആരായാനും അവയെ താരതമ്യപ്പെടുത്താനും പ്രതീകങ്ങൾ അർഥപൂർണ്ണമായി ഉപയോഗിക്കാനുമൊക്കെ സാധിച്ചു തുടങ്ങുന്നു. ചിന്തയുടെ പരിധി ഭൂലോകത്തിനും അപ്പുറം വികസിക്കുന്നു. അമൂർത്തമായി വിവിധ പ്രശ്നത്തെ നേരിടാനും, അതിനെ തരണം ചെയ്യാനും പഠിക്കുന്നു. ഇതുവരെ വിശദീകരിച്ച കാര്യങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക.

**Piaget's Stages of Cognitive Development**

| ക്രമ നമ്പർ | ഘട്ടം | ഏകദേശ പ്രായം | സവിശേഷതകൾ |
|---|---|---|---|
| 1 | ഇന്ദ്രിയചാലക ഘട്ടം (Sensory motor stage) | 0 - 2 വയസ്സ് | • റിഫ്ളക്സുകൾ, സംവേദനം, ചലനം തുടങ്ങിയവയിലൂടെ ചുറ്റുപാടിൽ നിന്നും ഗ്രഹിക്കുന്നു.<br>• മറ്റുള്ളവരെ അനുകരിക്കുവാൻ തുടങ്ങുന്നു.<br>• സംഭവങ്ങൾ ഓർത്തുവയ്ക്കുവാൻ ആരംഭിക്കുന്നു.<br>• വസ്തു സ്ഥൈര്യം (Object permanence) ഈ ഘട്ടത്തിന്റെ അവസാനം മാത്രം ആർജിക്കുന്നു.<br>• റിഫ്ളക്സ് പ്രവർത്തനങ്ങളിൽ നിന്നും ബോധപൂർവ്വമായ പ്രവർത്തനങ്ങളിലേക്കുള്ള മാറ്റം. |
| 2 | പ്രാഗ് മനോവ്യാപാര ഘട്ടം (Pre-operational stage) | 2 - 7 വയസ്സ് | • ഭാഷ വികസിക്കുന്നു, വസ്തുക്കളെ സൂചിപ്പിക്കുവാൻ പ്രതിരൂപങ്ങൾ (Symbols) ഉപയോഗിച്ച് തുടങ്ങുന്നു.<br>• സ്വന്തം വീക്ഷണകോണിലൂടെ മാത്രം കാര്യങ്ങൾ നോക്കിക്കാണുന്നു (egocentric thought).<br>• കേന്ദ്രീകൃത ചിന്തനം (Centration).<br>• ഒരു ദിശയിലേക്ക് മാത്രം ചിന്തിക്കുവാൻ കഴിയുന്നു (irreversibiltiy).<br>• എല്ലാവസ്തുക്കളും ജീവനുള്ളവയുടെ പ്രത്യേകതകൾ പ്രകടിപ്പിക്കുന്നതായി കരുതുന്നു (animism). |
| 3 | മൂർത്ത മനോവ്യാപാര ഘട്ടം (Concrete operational stage) | 7 - 11 വയസ്സ് | • തന്റെ മുന്നിൽ അനുഭവവേദ്യമായ പ്രശ്നങ്ങളെക്കുറിച്ച് യുക്തിപൂർവ്വം ചിന്തിക്കുവാൻ കഴിയുന്നു.<br>• ചിന്തയിൽ സ്ഥിരത ആർജിക്കുന്നു.<br>• പല സവിശേഷതകൾ പരിഗണിച്ചുകൊണ്ട് നിഗമനത്തിൽ എത്തിച്ചേരുന്നു.<br>• പ്രത്യാവർത്തനത്തിനുള്ള കഴിവ് ആർജിക്കുന്നു.<br>• ഭൂതം, വർത്തമാനം, ഭാവി (Past, Present, Future) എന്നിവ മനസ്സിലാക്കുന്നു. |
| 4 | ഔപചാരിക മനോവ്യാപാര ഘട്ടം (Formal operational stage) | 11 വയസ്സ് മുതൽ (കൗമാരവും അതിന് ശേഷവും) | • പരികൽപ്പനകൾ രൂപീകരിക്കുന്നതിനും അവ പരിശോധിക്കുന്നതിനും കഴിയുന്നു.<br>• അമൂർത്തമായ പ്രശ്നങ്ങളെ യുക്തിപൂർവ്വം പരിഹരിക്കുന്നു.<br>• പല വീക്ഷണകോണുകളിലൂടെ പ്രശ്നങ്ങളെ നോക്കിക്കാണുന്നു.<br>• സാമൂഹ്യപ്രശ്നങ്ങൾ, നീതിബോധം, സ്വത്വബോധം എന്നിവയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ രൂപപ്പെടുന്നു. |

## വൈജ്ഞാനിക വികാസം – വിഗോട്സ്കി (1896 – 1934)

ഒരു വയസ്സ് എത്തുന്നതിനുമുമ്പുള്ള ഒരു കുട്ടിയെ (6–8 മാസം) സങ്കൽപ്പിക്കൂ. ആ കുട്ടിയുടെ ഭാഷാ പ്രകടനം ഏതു തരത്തിലായിരിക്കും? അർഥമില്ലാത്ത ചില ശബ്ദങ്ങൾ പുറപ്പെടുവിക്കും. അല്ലേ? അത് ഭാഷയല്ല, ശബ്ദങ്ങൾ മാത്രമാണെന്ന് നിങ്ങൾക്കറിയാം. ആ കുട്ടിക്ക് ചിന്തിക്കാൻ കഴിയുമോ? ഭാഷയില്ലാതെ ചിന്ത സാധ്യമാണോ?

*ഭാഷാ വികസനം എന്ന ഭാഗത്ത് **ഭാഷയും ചിന്തയും** തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നമ്മൾ കൂടുതൽ ചർച്ച ചെയ്യുന്നുണ്ട്.*

പ്രശസ്ത വിദ്യാഭ്യാസ ചിന്തകനായ വിഗോട്സ്കിയുടെ കാഴ്ചപ്പാടിൽ ഈ പ്രായത്തിലുള്ള കുട്ടിയുടെ ചിന്തയ്ക്ക് ഭാഷയുണ്ടാവില്ല. കാരണം ഈ പ്രായക്കാരിൽ വ്യത്യസ്ത തരത്തിലാണ് ഭാഷാ വികാസവും ചിന്താ വികാസവും നടക്കുന്നത്. കുട്ടിക്ക് ഏതാണ്ട് രണ്ടു വയസ്സാവുമ്പോഴാണ് ഇവ രണ്ടും ഏകോപിതമാകുന്നത്. അതനുസരിച്ചുള്ള മാറ്റങ്ങൾ കുട്ടിയുടെ പെരുമാറ്റത്തിൽ കണ്ടു തുടങ്ങുകയും ചെയ്യും. ചുറ്റുപാടുമുള്ള വ്യക്തികളെയും വസ്തുക്കളെയും തിരിച്ചറിയാൻ തുടങ്ങുന്ന അവസരത്തിൽ ഇവയ്ക്കെല്ലാം പേരുകളുണ്ടെന്ന് കുട്ടി മനസ്സിലാക്കുന്നു. അതുകൊണ്ടുതന്നെ പേരറിയാത്ത പുതിയ വസ്തുക്കളെ കാണുമ്പോൾ കുട്ടിയിൽ പ്രശ്നം ഉടലെടുക്കുന്നു. മുതിർന്നവർ പറയുന്നത് അനുകരിച്ചും മറ്റും ഈ പ്രശ്നം മറികടക്കാൻ ശ്രമിക്കുന്നു. ഇങ്ങനെ വസ്തുവിന്റെ പേര് ഗ്രഹിക്കുന്നതോടൊപ്പം കുട്ടി അതുമായി ബന്ധപ്പെട്ട ആശയം മനസ്സിൽ രൂപീകരിക്കുകയും ചെയ്യുന്നു.

ചിന്തയും അതിന്റെ ഉല്പന്നമായ അറിവും സ്വയം ഉണ്ടാകുന്നതല്ല; കുട്ടി ഉൾപ്പെടുന്ന സമൂഹത്തിന്റെ സംസ്കാരത്തിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും ഉടലെടുക്കുന്നതാണ്. ഇതിനെ സാമൂഹ്യജ്ഞാന നിർമ്മിതി (Social Constructivism) യെന്നാണ് വിഗോട്സ്കി വിശേഷിപ്പിക്കുന്നത്. കുട്ടിക്ക് സ്വന്തം കഴിവ് ഉപയോഗിച്ച് എത്തിച്ചേരാവുന്ന പ്രശ്ന പരിഹരണതലവും സമൂഹത്തിലെ മറ്റുള്ളവരുടെ സഹായത്താൽ (Scaffolding) എത്തിച്ചേരാവുന്ന പ്രശ്നപരിഹാരതലവും തമ്മിലുള്ള അന്തരത്തെ അദ്ദേഹം സമീപസ്ഥ വികാസ മണ്ഡലം (Zone of Proximal Development – ZPD) എന്നു വിളിക്കുന്നു. പ്രകൃതിയുമായും ചുറ്റുപാടുമുള്ള വസ്തുക്കളും വ്യക്തികളുമായും ഉള്ള ഇടപെടലിന്റെ ഫലമായി കുട്ടിയിൽ ഉണ്ടാകുന്ന ആന്തരിക വികാസമാണ് വിഗോട്സ്കിയെ സംബന്ധിച്ച് **പഠനം**.

*വിഗോട്സ്കിയുടെ പഠനസിദ്ധാന്തം രണ്ടാം സെമസ്റ്ററിൽ വിശദപഠനത്തിന് വിധേയമാക്കുന്നുണ്ട്.*

## വൈജ്ഞാനികവികാസം – ബ്രൂണർ (Jerome Seymour Bruner)

*കളിപ്പാട്ടം എന്തിനുള്ളതാണ്? കളിക്കാനുള്ളതാണ് അല്ലേ? സംശയമില്ല. ഒരു ചെറിയ കുഞ്ഞിന്റെ കൈയിൽ കൊടുത്താലോ കളിക്കിടയിൽ കുഞ്ഞ് അത് വായിലിട്ട് നുണഞ്ഞെന്നും വരും. കുഞ്ഞ് ഇങ്ങനെ ചെയ്യുന്നത് എന്തുകൊണ്ടാണ്?*

ക്ലാസ്സിൽ ചർച്ച ചെയ്യൂ

ജെറോം. എസ്. ബ്രൂണറുടെ അഭിപ്രായത്തിൽ ഇവിടെ കുഞ്ഞ് തന്റെ അറിവ് പ്രവൃത്തിയിലൂടെ പ്രകാശിപ്പിക്കുകയാണ്. (കളിപ്പാട്ടം നുണയാനും പറ്റും എന്ന അറിവ്). ഒരാളുടെ ചിന്താഗതി രൂപപ്പെടുന്നത് പക്വനം, പരിശീലനം, അനുഭവങ്ങൾ എന്നിവയിലൂടെയാണ്. ആശയ രൂപീകരണം



*Jerome. S Bruner (1915-2016)*

*ബ്രൂണറെ സംബന്ധിച്ച വ്യക്തി വിവരങ്ങൾ രണ്ടാം സെമസ്റ്ററിലെ സ്റ്റുഡന്റ് ടെക്സ്റ്റിൽ (പേപ്പർ 201) ചേർത്തിട്ടുള്ളത് കാണുക.*

നടക്കുന്നത് മൂന്ന് ഘട്ടങ്ങളിലൂടെയാണെന്നാണ് ബ്രൂണർ അഭിപ്രായപ്പെടുന്നത്. അവ ഏതെല്ലാമെന്നു നോക്കാം.

- **പ്രവർത്തന ഘട്ടം (Enactive Stage)**

ഈ ഘട്ടത്തിൽ തന്റെ ചിന്തകളെ ഭാഷയിലൂടെയും മറ്റ് പ്രതീകങ്ങളിലൂടെയും പ്രകാശിപ്പിക്കാൻ കുട്ടി അശക്തനാണ്. അതിനാൽ അനുയോജ്യമായ ശാരീരിക പ്രവർത്തനത്തിലൂടെ കുട്ടി അത് നിർവ്വഹിക്കുന്നു (action or acts out). കളിപ്പാട്ടം നുണയുന്ന കുട്ടി ഇതു തന്നെയാണ് ചെയ്യുന്നത്. ഇനി താഴെ കൊടുത്ത പ്രവർത്തനം ചെയ്തു നോക്കൂ.

☞ **പ്രവർത്തനം**

പിയാഷെയുടെ **ഇന്ദ്രിയചാലക ഘട്ടം**, ബ്രൂണറുടെ **പ്രവർത്തന ഘട്ടം** എന്നിവ താരതമ്യം ചെയ്യുക.

- **ബിംബന ഘട്ടം (Iconic Stage)**

കൈയിൽ കിട്ടിയ കരിക്കട്ടയും മറ്റും ഉപയോഗിച്ച് കുട്ടികൾ ചുവരിലോ മറ്റു പ്രതലങ്ങളിലോ പലതരം രൂപങ്ങൾ വരയ്ക്കുന്നത് നമ്മൾ കണ്ടിട്ടുണ്ടാവുമല്ലോ. കുട്ടിയുടെ മനോചിത്രങ്ങളുടെ (mental images) ആവിഷ്കാരമാണിത്. വൈജ്ഞാനിക വികസനത്തിന്റെ ഈ തലത്തിൽ വസ്തുക്കൾ, വ്യക്തികൾ, സംഭവങ്ങൾ തുടങ്ങിയവയെ കുട്ടി ആവിഷ്ക്കരിക്കുന്നത് ഇത്തരം മനോബിംബങ്ങളിലൂടെയാണ്.

- **പ്രതീകാത്മക ഘട്ടം (Symbolic Stage)**

തന്റെ വീട്ടുവളപ്പിൽ കണ്ട മയിലിനെക്കുറിച്ച് വിവരിക്കുന്ന കുട്ടി ആശയപ്രകാശനത്തിന് ഉപയോഗിക്കുന്നത് **ഭാഷ** എന്ന പ്രതീകമാണ്. ഈ ഘട്ടത്തിലുള്ള കുട്ടിക്ക് അമൂർത്ത ചിന്തനത്തിനുള്ള കഴിവുണ്ടായിരിക്കും. ഭാഷാ വികസനമാണ് ഈ ഘട്ടത്തിലേക്ക് കുട്ടിയെ നയിക്കുന്നത്. അതുകൊണ്ടു തന്നെ വൈജ്ഞാനിക വികസനത്തിന്റെ ഉയർന്ന ഘട്ടമാണിത്. ഭാഷയിലൂടെ (words or symbols) കുട്ടി ആശയപ്രകാശനം നടത്തുന്നു.

ചുരുക്കത്തിൽ പരിപക്വനത്തിന്റെയും പരിശീലനത്തിന്റേയും ക്രമാനുഗത പാതകളിൽ കുട്ടിക്ക് ലഭിക്കുന്ന അനുഭവങ്ങളുടെ ഫലമായാണ് വൈജ്ഞാനിക വികാസം സംഭവിക്കുന്നത്.

☞ **പ്രവർത്തനം**

വൈജ്ഞാനിക വികാസം സംബന്ധിച്ച് പിയാഷെ, ബ്രൂണർ എന്നിവരുടെ കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

### സംവേദനവും പ്രത്യക്ഷണവും (Sensation and Perception)

(1) 'ആഹാ! മുല്ലപ്പൂ വിരിഞ്ഞിട്ടുണ്ടല്ലോ'

(2) 'തടിമില്ല് പിന്നെയും പ്രവർത്തനം തുടങ്ങിയെന്നു തോന്നുന്നു.'

ഈ രണ്ടു പ്രസ്താവനകളും പരിശോധിക്കുക. ആദ്യത്തെ പ്രസ്താവന നടത്തിയ വ്യക്തി മുല്ലപ്പൂ വിരിഞ്ഞകാര്യം എങ്ങനെയാണ് അറിഞ്ഞത്? രണ്ടാമത്തെ പ്രസ്താവന നടത്തിയ ആൾ തടിമില്ല് വീണ്ടും തുറന്ന കാര്യം എങ്ങനെയാണ് അറിഞ്ഞിട്ടുണ്ടാവുക? മുല്ലപ്പൂ വിരിഞ്ഞതും മില്ലു തുറന്നതും കണ്ടാലറിയാമല്ലോ. വേറെ സാധ്യതകളുമുണ്ടല്ലോ. എന്തൊക്കെയാണത്?

പോക്കറ്റിൽ ചില്ലറ നാണയമുണ്ടോയെന്ന് നിങ്ങൾ പരിശോധിക്കാറുള്ളത് എങ്ങനെയാണ്?

പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന എല്ലാ അനുഭവങ്ങളും സംവേദനങ്ങളാണ്. എന്നാൽ എല്ലാ സംവേദനങ്ങളും അർത്ഥപൂർണമാകണമെന്നില്ല.

ഏതെങ്കിലും പരിസര ഘടകങ്ങളുടെ സ്വാധീനത്തിൽ ജ്ഞാനേന്ദ്രിയങ്ങൾ ഉദ്ദീപിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന അനുഭവമാണ് സംവേദനം (Sensation).

അഞ്ച് ഇന്ദ്രിയങ്ങളാണല്ലോ നമുക്കുള്ളത്. അതിനാൽ അഞ്ചുതരം സംവേദനങ്ങളുമുണ്ട്. അവ ഏതെല്ലാമെന്ന് കണ്ടെത്തൂ.

| | |
|---|---|
| ദർശന സംവേദനം | Visual Sensation |
| ------------------------ | ---------------------- |
| ------------------------ | ---------------------- |
| ------------------------ | ---------------------- |
| ------------------------ | ---------------------- |

വളരെ ലളിതമായ മാനസിക പ്രക്രിയയാണ് സംവേദനം. അതിന് ചില സവിശേഷതകളുണ്ട്. അവ എന്തെല്ലാമാണെന്നു നോക്കാം.

- *അർത്ഥപൂർണമല്ലെങ്കിൽ സംവേദനം ശ്രദ്ധിക്കപ്പെടുന്നില്ല.*
- *തീവ്രതയ്ക്കനുസരിച്ച് സംവേദനത്തിന്റെ കാര്യക്ഷമത വർധിക്കുന്നു.*
- *എല്ലാ സംവേദനത്തിലും ഗുണം, തീവ്രത, വ്യക്തത എന്നിവയുണ്ട്.*
- *വിവിധ മാനസിക പ്രക്രിയകൾ ഉൾച്ചേർന്ന പ്രവർത്തനമാണ് സംവേദനം.*
- *വ്യക്തിവ്യത്യാസമനുസരിച്ച് സംവേദനക്ഷമതയിലും വ്യത്യാസമുണ്ടാകുന്നു.*



ചിത്രത്തിൽ എന്താണ് കാണുന്നത്?

ഈ ചിത്രത്തെക്കുറിച്ച് നിങ്ങൾക്ക് പറയാനുള്ള കാര്യങ്ങൾ തന്നെയാണോ കൂട്ടുകാർക്കും പറയാനുള്ളത്? ക്ലാസ്സിൽ ചർച്ച ചെയ്യൂ.

എല്ലാവരും കാണുന്നത് ഒരേ ചിത്രമാണ്. എന്നാൽ വിശദീകരണത്തിൽ വ്യത്യാസം വരുന്നു. ഇതെന്തുകൊണ്ട് സംഭവിക്കുന്നു.?

- ഓരോരുത്തരുടേയും അനുഭവതലം വ്യത്യസ്തമാണ്.
- ഇത് ഓരോ വ്യക്തിയിലും വ്യത്യസ്ത മനോചിത്രങ്ങളാണ് സൃഷ്ടിച്ചത്.
- ജ്ഞാനേന്ദ്രിയത്തിലൂടെ ലഭിക്കുന്ന അനുഭവങ്ങളെ ഓരോരുത്തരും വീക്ഷിക്കുന്നതും വ്യാഖ്യാനിക്കുന്നതും വ്യത്യസ്തതരത്തിൽ ആയിരിക്കും,

**എന്താണ് പ്രത്യക്ഷണം? (Perception)**

*ജ്ഞാനേന്ദ്രിയങ്ങളിലൂടെ വളരെയേറെ അനുഭവങ്ങൾ നമുക്ക് ലഭിക്കുന്നു. അതിൽ ആവശ്യമുള്ളത് മാത്രം നമ്മൾ സ്വീകരിക്കുന്നു. സംവേദനത്തിലൂടെ ഉളവാകുന്ന അനുഭവ ങ്ങൾക്ക് അർഥം കൈവരുമ്പോൾ പ്രത്യക്ഷണമുണ്ടാകുന്നു. അതായത് ചുറ്റുപാടിൽ ഉണ്ടാകുന്ന മാറ്റങ്ങളോടുള്ള മാനസിക പ്രതികരണമാണ് പ്രത്യക്ഷണം.*

പ്രത്യക്ഷണത്തിനുള്ള മറ്റു പ്രത്യേകതകൾ എന്തെല്ലാമാണ്?

- സംവേദനത്തെ അടിസ്ഥാനമാക്കിയാണ് പ്രത്യക്ഷണം നടക്കുന്നത്.
- അത് മുന്നറിവുകളെ പുതിയ അറിവുമായി ബന്ധപ്പെടുത്താൻ സഹായിക്കുന്നു.
- പ്രത്യക്ഷണം 'സെലക്ടീവ് ' ആണ്.
- പ്രത്യക്ഷണത്തിൽ ഐക്യവും സമഗ്രതയുമുണ്ട്.

  ------------------------------------------

  ------------------------------------------

☞ **പ്രവർത്തനം**

'സംവേദനവും പ്രത്യക്ഷണവും തമ്മിലുള്ള ബന്ധം' - ഈ വിഷയത്തിൽ ഒരു കുറിപ്പ് തയ്യാറാക്കൂ. ക്ലാസിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തൂ.

## ആശയരൂപീകരണം (Concept Formation)

പഠനപ്രക്രിയയിൽ വളരെ പ്രധാനപ്പെട്ട സ്ഥാനമാണ് ആശയരൂപീകരണത്തിനുള്ളത്. വളരെ സങ്കീർണ്ണമായ മാനസിക പ്രക്രിയകളിലൂടെയാണ് ആശയരൂപീകരണം നടക്കുന്നത്. **ജീവികളുടെ സഞ്ചാരരീതി വ്യത്യസ്തമാണ്** എന്ന ആശയം രണ്ടാം ക്ലാസിലെ കുട്ടികളിൽ വികസിപ്പിക്കാൻ എന്തെല്ലാം മാനസിക പ്രക്രിയകളിലൂടെ കടന്നു പോകണമെന്ന് പരിശോധിക്കാം.

ജീവികളെ കാണുന്നു
(സംവേദനം)

↓

പ്രത്യേകതകൾ (സഞ്ചാരരീതിയുൾപ്പെടെ) പറയുന്നു.
(പ്രത്യക്ഷണം)

↓

ഒരേ പ്രത്യേകതയുള്ളവയെ കൂട്ടങ്ങളാക്കുന്നു. (ഒരേ രീതിയിൽ സഞ്ചരിക്കുന്നവയെ)
(താരതമ്യം / വർഗ്ഗീകരണം)

↓

എല്ലാജീവികളും ഒരേ രീതിയിലല്ല സഞ്ചരിക്കുന്നത്.
അല്ലെങ്കിൽ ജീവികളുടെ സഞ്ചാരരീതി വ്യത്യസ്തമാണ്.
(സാമാന്യവൽക്കരണം)

ഏതൊരു ആശയവും രൂപീകരിക്കപ്പെടുന്നത് ഇതുപോലെയുള്ള മാനസിക പ്രവർത്തനത്തിന്റെ ഫലമായാണ്.

**ആശയം (Concept) എന്നാലെന്ത്?**

*ഒരു വസ്തു എന്താണ് എന്നുള്ള യഥാർഥമായ ധാരണയാണ് ആശയം (Concept) എന്ന് പൊതുവെ പറയാം.*

*എന്നാൽ മനശ്ശാസ്ത്രത്തിൽ ഒരു വസ്തുവിനെക്കുറിച്ചറിയാവുന്ന വസ്തുതകളുടെ ആകെ തുകയാണ് ആശയം എന്ന പദം കൊണ്ട് അർഥമാക്കുന്നത്. സംഭവങ്ങളുടെയും വസ്തുക്കളുടെയും വ്യക്തികളുടെയും ലോകത്തുനിന്നും പൊതുവായ സവിശേഷതകളും ബന്ധങ്ങളും വേർതിരിച്ചെടുക്കുന്ന പ്രക്രിയയാണ് ആശയം എന്ന് ഹമ്മേർഷൻ (Hammertion) അഭിപ്രായപ്പെട്ടിട്ടുണ്ട്.*

### ആശയരൂപീകരണം – ബ്രൂണറുടെ കാഴ്ചപ്പാടിൽ

ജെറോം. എസ്. ബ്രൂണർ മുന്നോട്ടുവച്ച ആശയാദാന മാതൃക (Concept Attainment Model) പ്രകാരം ആശയരൂപീകരണത്തിന് **നിരീക്ഷണം, താരതമ്യം, തരംതിരിക്കൽ, നിഗമനത്തിലെത്തൽ** എന്നീ ഘട്ടങ്ങളുണ്ട്.

ഒരു കൂട്ടം വസ്തുക്കൾക്കുള്ളിൽ സാജാത്യങ്ങളും വൈജാത്യങ്ങളും ദർശിക്കുന്ന കുട്ടിക്ക് സമാനതയുള്ളവയെ ഒരു കൂട്ടമായും അല്ലാത്തവയെ മറ്റൊരു കൂട്ടമായും തരംതിരിക്കാൻ കഴിയും. വസ്തുക്കളുടെ സവിശേഷതകൾ നിരീക്ഷിക്കുന്നതിലൂടെയും താരതമ്യം ചെയ്യുന്നതിലൂടെയുമാണ് ഇത് സാധിക്കുന്നത്. ആദ്യം ഓരോ കൂട്ടത്തിന്റെയും പൊതുസ്വഭാവം വിവരിക്കുന്നു. പിന്നീട് അതേക്കുറിച്ച് ചില നിഗമനങ്ങൾ രൂപീകരിക്കാനും കുട്ടിക്ക് കഴിയുന്നു. തന്റെ ചുറ്റുപാടുമുള്ള വസ്തുക്കളെയും ജന്തുക്കളെയും സസ്യങ്ങളെയും കുറിച്ച് കുട്ടി ആശയങ്ങൾ രൂപീകരിക്കുന്നത് ഈ വിധത്തിലാണ്.

### യുക്തിചിന്ത (Reasoning)

ബുദ്ധിപരമായി വളരെ ഉയർന്ന പ്രക്രിയയാണ് യുക്തി ചിന്തനം. ഏതെങ്കിലുമൊരു പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ അതിനെ തരണം ചെയ്യാൻ യുക്തിചിന്തനം ആവശ്യമായി വരുന്നു. മനുഷ്യനുമാത്രം ലഭിച്ചിട്ടുള്ള പ്രത്യേക കഴിവാണ് യുക്തിചിന്തനം.

**ചില നിർവചനങ്ങൾ**

- ഭൂതകാല അനുഭവങ്ങളെ പ്രശ്നപരിഹരണത്തിനായി പുതിയ രീതിയിൽ ക്രമീകരിക്കുകയും യോജിപ്പിക്കുകയും ചെയ്യുന്ന ഉല്പാദനപരമായ (Productive) ചിന്തയാണ് യുക്തിചിന്ത.
- കൃത്യമായ ലക്ഷ്യത്തോടു കൂടിയുള്ള ഘട്ടം ഘട്ടമായ ചിന്തയാണ് യുക്തിചിന്ത.

**യുക്തിചിന്തയുടെ സവിശേഷതകൾ**

- സംഭവങ്ങളുടെ കാരണത്തെ കണ്ടെത്താൻ ശ്രമിക്കുന്നു.
- കൃത്യമായ ലക്ഷ്യമുള്ളതാണ്.
- പ്രശ്നപരിഹരണത്തിനുള്ള ഉപാധിയാണ്.
- ഉൾക്കാഴ്ചയ്ക്കുള്ള മാർഗമായി വർത്തിക്കുന്നു.
- വസ്തുതകൾ ഗ്രഹിക്കുന്ന പ്രക്രിയയാണ്.
- പ്രതീകാത്മകമായ പ്രവർത്തനമാണ്.
- ഭൂതകാല അനുഭവങ്ങളും അറിവും സ്വാധീനിക്കുന്നു.
- ബുദ്ധിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

- വ്യക്തി വ്യത്യാസം ഉണ്ടായിരിക്കും.
- മാനസിക പ്രക്രിയയാണ്.
- പരിപക്വനം, അനുഭവങ്ങൾ, ദത്തങ്ങൾ, ബുദ്ധി, ശ്രദ്ധ, ഭാവന, അറിവ് എന്നിവയൊക്കെ യുക്തി ചിന്തയെ സ്വാധീനിക്കുന്നു.
- യുക്തിചിന്ത ആഗമനപരമോ (Inductive) നിഗമനപരമോ (deductive) ആയിരിക്കും.

*നിരവധി ഉദാഹരണങ്ങൾ വിശകലനം ചെയ്ത് പൊതുതത്വം രൂപികരിക്കുന്ന ചിന്താപദ്ധതിയാണ് ആഗമന ചിന്ത. ഒരു പൊതു തത്വത്തെ നിരവധി ഉദാഹരണങ്ങൾ ഉപയോഗിച്ച് സമർത്ഥിക്കുന്ന രീതി യാണ് നിഗമനരീതി. നിഗമനരീതിയിൽ പൊതുതത്വം പ്രയോജനപ്പെടുത്തി സവിശേഷ പ്രശ്നങ്ങൾ പരിഹരിക്കുകയാണ് ചെയ്യുന്നത്.*

☞ **പ്രവർത്തനം**

ക്ലാസ് മുറിയിൽ കുട്ടികളുടെ യുക്തിചിന്ത പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ടീച്ചർക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? വ്യക്തിഗതമായി കുറിക്കൂ. ക്ലാസിൽ പൊതുവായി ചർച്ചചെയ്യൂ. അങ്ങനെ എത്തിച്ചേർന്ന നിഗമനങ്ങളും താഴെ കള്ളിയിൽ ചേർത്തിട്ടുള്ള ആശയങ്ങളും തമ്മിൽ താരതമ്യം ചെയ്യൂ. എന്തെങ്കിലും കൂട്ടിച്ചേർക്കാനുണ്ടോ എന്ന് പരിശോധിക്കൂ.

### യുക്തിചിന്തയെ പ്രോത്സാഹിപ്പിക്കാൻ ഒരു ടീച്ചർക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?

- *പ്രശ്നങ്ങൾ കുട്ടികളുടെ മുന്നിൽ അവതരിപ്പിക്കണം.*
- *പ്രശ്നാവബോധം ഉണ്ടാക്കാൻ സഹായിക്കണം.*
- *താല്പര്യമുള്ള കാര്യങ്ങളുമായി പ്രശ്നത്തെ ബന്ധപ്പെടുത്തണം.*
- *പരികല്പന, നിരീക്ഷണം, പരീക്ഷണം എന്നിവ അടിസ്ഥാനമാക്കി ചിന്തിക്കാൻ സഹായിക്കണം.*
- *പ്രോജക്ടുകൾ, സംവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കണം.*
- *പരിസരത്തെക്കുറിച്ച് പഠിക്കാൻ കുട്ടിക്ക് അവസരം നൽകണം.*
- *അനുഭവങ്ങളെ ഉദ്ദീപിപ്പിക്കുകയും അറിവ് വളർത്താൻ സഹായിക്കുകയും വേണം.*
- *ആഗമന നിഗമന ചിന്താ രീതികൾ പ്രശ്നപരിഹരണത്തിനായി അവലംബിക്കാൻ അവസരം ഒരുക്കുന്നു.*
- 
- 
- 

**പ്രശ്ന പരിഹരണം (Problem Solving)**

*മായയ്ക്ക് ഒരു സ്കൂളിൽ ടീച്ചറായി ജോലി കിട്ടി. ക്ലാസിലെ മിക്ക കുട്ടികളും പഠനത്തിൽ പിന്നാക്കമാണ്. മായ രക്ഷിതാക്കളുടെ യോഗം വിളിച്ചു. യോഗദിവസം ഒരു രക്ഷിതാവു പോലും വന്നില്ല! തുടരന്വേഷണത്തിൽ മായയ്ക്ക് മനസ്സിലായി; ആ സ്കൂളിൽ രക്ഷിതാക്കളുടെ യോഗം വിളിക്കുകയോ, വിളിച്ചാൽത്തന്നെ ആരും വരികയോ പതിവില്ല! കുട്ടികളുടെ പഠനപിന്നാക്കാവസ്ഥ പരിഹരിക്കാൻ രക്ഷിതാക്കളുടെ ബോധവൽക്കരണം അത്യാവശ്യമാണുതാനും. എന്തു ചെയ്യണമെന്ന് മായ ആലോചിച്ചു.*

ഇവിടെ മായയ്ക്കുമുന്നിൽ ഒരു പ്രശ്നം രൂപപ്പെട്ടിരിക്കുന്നു. ഈ പ്രശ്നം പരിഹരിക്കാൻ മായയെ സഹായിക്കണം. നിങ്ങൾക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളത്? ക്ലാസ്സിൽ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ ലിസ്റ്റു ചെയ്യൂ.

•

•

### പ്രശ്നപരിഹരണ ഘട്ടങ്ങൾ

ശാസ്ത്രീയമായ പ്രശ്നപരിഹരണത്തിന് ചില ഘട്ടങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അവ നമുക്കൊന്നു പരിചയപ്പെടാം.

1. **പ്രശ്നം തിരിച്ചറിയൽ (Identifying the Problem)**

   എന്താണ് പ്രശ്നം എന്ന് ആദ്യം തിരിച്ചറിയേണ്ടതുണ്ട്. പ്രശ്നത്തെക്കുറിച്ചുള്ള അവബോധം ഉണ്ടെങ്കിൽ മാത്രമേ ശരിയായ പരിഹാരമാർഗങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിയുകയുള്ളൂ.

2. **പ്രശ്നം നിർവചിക്കൽ (Defining the Problem)**

   പ്രശ്നം തിരിച്ചറിഞ്ഞ് കഴിഞ്ഞാൽ അതിനെ സൂക്ഷ്മതലത്തിൽ കൃത്യതപ്പെടുത്തണം. ഇങ്ങനെ ചെയ്യുന്നത് കൃത്യമായ പ്രശ്നപരിഹരണത്തിന് ആവശ്യമാണ്. സൂക്ഷ്മതലത്തിൽ പ്രശ്നം കൃത്യതപ്പെടുത്തുന്നതിനെ പ്രശ്നം നിർവചിക്കൽ എന്നുവിളിക്കാം.

3. **പരികൽപനയുടെ രൂപീകരണം (Hypothesis Formation)**

   നിലവിലുള്ള അറിവുകളുടെ അടിസ്ഥാനത്തിൽ പ്രശ്നത്തിന്റെ ചില പരിഹാര മാർഗ്ഗങ്ങൾ നമുക്ക് ഊഹിച്ചെടുക്കാൻ കഴിയും. ഇതിൽ യോജിച്ചവയെ പരികല്പനയായി പരിഗണിക്കാം. ഇത് പ്രശ്നപരിഹാരത്തിന് ദിശാബോധം നൽകുന്നു.

4. **പ്രശ്നപരിഹാര തന്ത്രങ്ങൾ ആസൂത്രണം ചെയ്യൽ (Forming Strategies)**

   പ്രശ്നപരിഹാരത്തിന് ഉചിതമായ ഏതെല്ലാം തന്ത്രങ്ങൾ സ്വീകരിക്കണം എന്ന് തിട്ടപ്പെടുത്തണം; കൃത്യമായ രീതിശാസ്ത്രം (Methodology) സ്വീകരിച്ചാൽ മാത്രമേ ശരിയായ പരിഹാര മാർഗ്ഗങ്ങളിലൂടെ കടന്നുപോകാനും നിഗമനങ്ങളിൽ എത്തിച്ചേരാനും സാധിക്കുകയുള്ളു.

5. **തന്ത്രങ്ങൾ നടപ്പിലാക്കാൻ/ വിവരശേഖരണം (Collection of Data)**

   ആസൂത്രണം ചെയ്ത പ്രശ്നപരിഹരണ തന്ത്രങ്ങൾ കൃത്യതയോടെ നടപ്പിലാക്കുകയാണ് ഇവിടെ ചെയ്യുന്നത്. അതിന്റെ കൂടെ ആവശ്യമായ വിവരശേഖരണവും (Data Collection) നടത്തുന്നു.

6. **അപഗ്രഥനവും നിഗമനവും**

   ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച്, അപഗ്രഥിച്ച് ചില നിഗമനങ്ങളിലെത്തിച്ചേരുന്നു. ഈ നിഗമനങ്ങളും പുതിയ അറിവുകളും സമാനമായ മറ്റു പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ ഉപയോഗപ്പെടുത്താം.

7. **വിലയിരുത്തൽ**

   നിർവ്വഹണപ്രക്രിയയെ ഫലപ്രദമായി വിലയിരുത്തുകയാണ് ഈ ഘട്ടം. പ്രവർത്തനപദ്ധതി നടപ്പിലാക്കിയപ്പോൾ വിജയകരമായിരുന്നോ, പരാജയമായിരുന്നോ? നിർവ്വഹണം എങ്ങനെ മെച്ചപ്പെടുത്താം? തുടങ്ങിയ കാര്യങ്ങളാണ് വിലയിരുത്തലിൽ വരുന്നത്. ഇതും പുതിയ നിഗമനത്തിലേക്കും അറിവിലേക്കും നയിക്കുന്നു.

☞ **പ്രവർത്തനം**

പ്രശ്നപരിഹരണ പ്രക്രിയ പരിചയപ്പെട്ടല്ലോ. ഇതിന് നിങ്ങൾ നേരത്തെ പഠിച്ച ഏതെങ്കിലും ഗവേഷണ രീതികളുമായി സാമ്യമുണ്ടോ? ചർച്ച ചെയ്തു കണ്ടെത്തൂ.

## പ്രശ്നപരിഹരണ തന്ത്രങ്ങൾ

**കേസ് സ്റ്റഡി, ക്രിയാഗവേഷണം (action research), അഭിമുഖം, സാമൂഹ്യമിതി** തുടങ്ങിയ ഗവേഷണ രൂപങ്ങളും **സെമിനാർ, സംവാദം, പാനൽ ചർച്ച, സിമ്പോസിയം** തുടങ്ങിയ ചർച്ചാ രൂപങ്ങളും പ്രശ്നപരിഹരണത്തിന് ക്ലാസ് മുറികളിൽ ഉപയോഗപ്പെടുത്താറുണ്ട്.

പ്രശ്നപരിഹരണ പ്രക്രിയ ചില പഠനതന്ത്രങ്ങളുടെ സാധ്യകൾ ഉപയോഗപ്പെടുത്താറുണ്ട്. ശ്രമപരാജയരീതി, അന്തർദൃഷ്ടി പഠനം/ഉൾക്കാഴ്ചാപഠനം, അൽഗോരിതം, ഹ്യൂരിസ്റ്റിക്സ് രീതി, കണ്ടെത്തൽപഠനം തുടങ്ങിയവ തന്ത്രങ്ങളിൽ ചിലതാണ്. അവ നമുക്കൊന്നു പരിചയപ്പെടാം.

### 1. ശ്രമപരാജയ രീതി (Trial and Error Method)

പ്രശ്നപരിഹരണത്തിന് ആദ്യം സ്വീകരിച്ച രീതി അനുയോജ്യമല്ലെന്ന് കണ്ടാൽ മറ്റൊരു രീതി സ്വീകരിക്കുന്നു. അതും അനുയോജ്യമല്ലെങ്കിൽ വേറൊന്നു സ്വീകരിക്കുന്നു. ഇങ്ങനെ പലരീതികൾ സ്വീകരിച്ചുനോക്കി ശരിയായ രീതിയിൽ എത്തിച്ചേരുന്ന പ്രക്രിയയാണ് ശ്രമപരാജയ രീതി. പല മാർഗങ്ങൾ അവലംബിച്ച് വിജയിക്കുന്നത് സ്വീകരിക്കുക എന്നതാണ് ഇതിന്റെ അടിസ്ഥാനം. കുറച്ച് പ്രശ്നപരിഹാര സാധ്യതകൾ ഉള്ളപ്പോൾ ഈ രീതി അവലംബിക്കാമെങ്കിലും അനേകം പ്രശ്നപരിഹാര സാധ്യതകൾ ഉള്ളപ്പോൾ ഇത് പ്രായോഗികമല്ല.

### 2. അന്തർദൃഷ്ടി പഠനം/ഉൾക്കാഴ്ചാ പഠനം (Insight Learning)

ഉൾക്കാഴ്ചയിലൂടെയോ അന്തർദൃഷ്ടിയിലൂടെയോ പ്രശ്നപരിഹരണം നടത്തുകയാണ് ഈ രീതിയിൽ ചെയ്യുന്നത്.

☞ **പ്രവർത്തനം**

സെമസ്റ്റർ 2 ലെ 'പഠനം' എന്ന യൂണിറ്റിലെ ഗസ്റ്റാൾട്ട് സിദ്ധാന്തം എന്ന ഭാഗം പരിശോധിച്ച് കൂടുതൽ ധാരണ കൈവരുത്തുക. വ്യക്തിഗതമായി നോട്ട് തയാറാക്കുക.

### 3. അൽഗോരിതം (Algorithm)

ചായ ഉണ്ടാക്കുന്നതെങ്ങനെയാണ്?

ആദ്യം എന്താണു ചെയ്യുക? പിന്നീട് എന്തെല്ലാം ചെയ്യണം?

പ്രശ്നപരിഹരണത്തിനുവേണ്ടി അവലംബിക്കുന്ന കൃത്യതപ്പെടുത്തിയ ഘട്ടങ്ങളെയാണ് (steps) അൽഗോരിതം എന്ന് വിളിക്കുന്നത്. കൈയിലുള്ള വിവരങ്ങൾ/വസ്തുക്കൾ ഉപയോഗിച്ച് ഘട്ടംഘട്ടമായി മുന്നേറി പ്രശ്നം പരിഹരിക്കുന്ന രീതിയാണ് ഇവിടെ അവലംബിക്കുന്നത്. ഗണിതക്രിയകളിൽ നിശ്ചിത കാര്യങ്ങൾ ചെയ്തതിനുശേഷം അടുത്ത കാര്യം ചെയ്യണം എന്ന രീതിയിൽ ശൃംഖലനം ചെയ്തുപോകുന്ന കൃത്യമായ ഘട്ടങ്ങൾ അവലംബിക്കാറുണ്ട്. ഈ ക്രിയാമാർഗം അൽഗോരിതമാണെന്ന് പറയാം.

അൽഗോരിതത്തിൽ ഘട്ടംഘട്ടമായ ക്രമങ്ങൾ കൃത്യമായി ദീക്ഷിക്കുമെന്നതിനാൽ ശരിയായ പ്രശ്നപരിഹാരത്തിലെത്തുമെന്ന മെച്ചമുണ്ട്.

കംപ്യൂട്ടർ പ്രോഗ്രാമുകൾ അൽഗോരിതത്തിന് നല്ല ഉദാഹരണങ്ങളാണ്.

4. ഹ്യൂരിസ്റ്റിക്സ് (Heuristics)

- Heuristics are strategies using readily accessible, though loosely applicable, information to control problem solving in human beings and machines.
- Heuristic refers to experience based techniques for problem solving, learning and discovery that find a solution which is not guaranteed to be optional but good enough for a given set of goals.

തീരുമാനമെടുക്കാൻ പ്രയാസമുള്ള ചില സന്ദർഭങ്ങളിൽ ആളുകൾ തങ്ങളുടെ പ്രശ്നം പരിഹരിക്കാൻ പെട്ടെന്ന് ചില മാർഗങ്ങൾ സ്വീകരിക്കുന്നു. ഇത് നമ്മുടെ അനുഭവത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രശ്നപരിഹരണ രീതിയായിരിക്കും. എന്നാൽ ആ രീതി ആത്യന്തികമായി സ്വീകരിക്കാവുന്ന രീതിയാകണമെന്നില്ല. ദത്തങ്ങളുടെ ആയാസകരമായ താരതമ്യങ്ങളോ കൃത്യമായ അൽഗോരിതമോ പ്രയോഗിക്കാതെയുള്ള മാർഗമായതിനാൽ കൃത്യതയും വിശ്വാസ്യതയും കുറവായിരിക്കും. എങ്കിലും ലക്ഷ്യപൂർത്തീകരണത്തിന് അതായത് പ്രശ്നപരിഹരണത്തിന് പ്രയോജനപ്പെടും.

5. ബ്രൂണറുടെ (Jerome. S. Bruner) കണ്ടെത്തൽ പഠനം

ജെറോം. എസ്. ബ്രൂണർ മുന്നോട്ടുവച്ച ആശയമാണ് കണ്ടെത്തൽ പഠനം. ക്ലാസ്സ്റൂം പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നതായി കണ്ടെത്തൽ പഠനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്ന് ബ്രൂണർ അഭിപ്രായപ്പെടുന്നു. സാജാത്യ വൈജാത്യങ്ങൾ താരതമ്യം ചെയ്ത്, വർഗ്ഗീകരിച്ച് നിഗമനത്തിലെത്തുന്നതാണ് ഇതിന്റെ സാമാന്യരീതി. കൂടുതൽ വിശദാംശങ്ങൾ 2-ാം സെമസ്റ്ററിലെ 'പഠനം' എന്ന യൂണിറ്റിൽ ചേർത്തിട്ടുണ്ട്.

## പ്രശ്നപരിഹരണശേഷി വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ഇന്നത്തെ ലോകം ഏറെ സങ്കീർണ്ണമാണ്. ജീവിതം എന്നത് പ്രശ്നപരമ്പരകളുടെ ആവിർഭാവവും അവയുടെ പരിഹാരത്തിനായുള്ള നിരന്തര ശ്രമങ്ങളുമാണ്. അതുകൊണ്ടുതന്നെ പ്രശ്നപരിഹരണശേഷി ഓരോ വ്യക്തിയിലും ഉരുത്തിരിഞ്ഞു വരേണ്ടതുണ്ട്. തന്റെ ക്ലാസ്സുമുറിക്കകത്തും പുറത്തും ഉണ്ടാകുന്ന പഠന പ്രശ്നങ്ങളും പാഠ്യേതര പ്രശ്നങ്ങളും മറ്റും പരിഹരിച്ച് മുന്നേറുന്ന കുട്ടിക്ക് ഭാവിജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളെ ധൈര്യപൂർവ്വം നേരിടാൻ കഴിയും. ക്ലാസ്മുറിയിലെ പഠന പ്രശ്നങ്ങൾ ഒറ്റയ്ക്കും കൂട്ടായും പരിഹരിക്കുക വഴി ലഭിക്കുന്ന ആത്മവിശ്വാസവും ആത്മസംതൃപ്തിയും അവനെ വരും കാലജീവിതത്തെ കരുപ്പിടിപ്പിക്കുവാൻ ഏറെ സഹായിക്കും.

ശരിയായ ആശയരൂപീകരണം നടക്കണമെങ്കിൽ അതിനനുയോജ്യമായ പഠനാനുഭവങ്ങൾ പഠിതാവിന് ലഭ്യമാകണം. ആശയപഠനത്തിന്റെയോ തത്ത്വത്തിന്റെയോ കേവലപഠനം പ്രായോഗിക ജീവിതത്തിൽ ഒരു വ്യക്തിയെ സഹായിക്കില്ല. ജീവിതമെന്നത് പ്രശ്നപരമ്പരയുടെ നിരന്തരമായ ആവിർഭാവവും അത് പരിഹരിക്കുന്നതിനുള്ള തുടർച്ചയായ ശ്രമങ്ങളുമാണ്. അതുകൊണ്ട് ജീവിതവിജയം നേടാൻ പ്രശ്നപരിഹരണശേഷിയാണ് വികസിക്കേണ്ടത്. പ്രശ്നപരിഹരണത്തിന്റെ ഭാഗമായി ചില നിർണായകമായ തീരുമാനങ്ങളും എടുക്കേണ്ടിവരും. ആസൂത്രണം ചെയ്യൽ, അമൂർത്തചിന്തനം, തീരുമാനമെടുക്കൽ തുടങ്ങിയവ പൊതുവെ ഉയർന്ന മാനസിക ധർമങ്ങളാണ് (higher order mental functions).

**ആർ.എം. ഗാഗ്നെ (Robert. M. Gagne)** തന്റെ പഠനശ്രേണിയിൽ (hierarchy of learning) ഏറ്റവും ഉന്നതമായ തലത്തിലാണ് പ്രശ്നപരിഹരണത്തെ പ്രതിഷ്ഠിച്ചിരിക്കുന്നത്. കാരണം പഠനത്തിന്റെ ആത്യന്തികമായ ഫലം പ്രശ്നപരിഹരണമായിരിക്കണമെന്ന് അദ്ദേഹം കരുതുന്നു.

☞ **പ്രവർത്തനം**

"പശു പാൽ തരുന്ന ഒരു മൃഗമാണ്" ബ്രൂണറുടെ ആശയാദാന മാതൃക പ്രകാരം ഒരു കുട്ടി ഈ ആശയത്തിൽ എത്തിച്ചേർന്നത് എങ്ങനെയായിരിക്കും? ഒരു ലഘുവിവരണം തയാറാക്കൂ.

### ഭാഷാവികാസം

ഭാഷയില്ലാത്ത ലോകത്തെക്കുറിച്ച് ഒന്നാലോചിച്ചുനോക്കൂ. അതിനെ ഭാവനയിൽ കണ്ട് അതെങ്ങനെയിരിക്കും എന്ന് ഒന്നു കുറിച്ചുനോക്കൂ. കുറിപ്പുകൾ പൊതുവായി വായിക്കൂ. അപ്പോഴറിയാം ഭാഷ മനുഷ്യന് എത്രമാത്രം വിലപ്പെട്ട നിധിയാണെന്ന്. ചിന്തിക്കാനുള്ള ശേഷിയാണല്ലോ മനുഷ്യനെ മറ്റു ജീവികളിൽ നിന്ന് വ്യതിരിക്തനാക്കുന്നത്. എങ്കിൽ ഭാഷയും ചിന്തയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ക്ലാസ്സിൽ പൊതുവായി ചർച്ച ചെയ്യൂ. ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങൾ പൊതുവായി കുറിച്ചുവയ്ക്കണം. ഈ കുറിപ്പും താഴെ കോളത്തിൽ കൊടുത്തിരിക്കുന്ന കുറിപ്പും ഒന്നു താരതമ്യം ചെയ്യൂ.

**ഭാഷയും ചിന്തയും**

*മനുഷ്യനെ മറ്റു ജീവിവർഗ്ഗങ്ങളിൽ നിന്ന് വ്യത്യസ്തനാക്കുന്നത് 'ഭാഷാശേഷി' യാണെന്ന് പറയാറുണ്ടല്ലോ. അടിസ്ഥാനപരമായ ഘടക ശബ്ദവും (phonemes) അതിന്റെ വിന്യാസം സംബന്ധിച്ച വ്യവസ്ഥയും (syntax) ചേർന്നതാണ് ഭാഷ. ഭാഷയും ചിന്തയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഭാഷയിലൂടെ മാത്രമേ നമുക്ക് ചിന്തിക്കാൻ കഴിയൂ എന്ന ആദ്യകാലധാരണ പൂർണ്ണമായും ശരിയല്ലെന്ന് ഇപ്പോൾ തിരിച്ചറിഞ്ഞിട്ടുണ്ട്. മൂകരും ബധിരരുമായ ആളുകളും ശിശുക്കളും ചിന്തിക്കുന്നുണ്ടല്ലോ. എന്നാൽ ചിന്തയുടെ തലം ഉയരുമ്പോൾ അതിന് ഭാഷ ആവശ്യമായി വരുന്നു. ഇന്ദ്രിയാനുഭവം (sensation), പ്രത്യക്ഷണം (preception), ഓർമ (memory), സങ്കല്പനം (imagination), താരതമ്യം (comparison), സംപ്രത്യയം (concept), യുക്തിചിന്ത (reasoning), തുടങ്ങിയ വ്യത്യസ്ത തലങ്ങളിലൂടെയാണ് ഒരാൾക്കുണ്ടാവുന്ന അനുഭവങ്ങൾ ചിന്തയായി രൂപാന്തരപ്പെടുന്നത്. ഇവിടെ യുക്തി ചിന്തയുടെ തലത്തിലാണ് ഭാഷ അവശ്യഘടകമായി വരുന്നത് എന്നാണ് മനശ്ശാസ്ത്രകാരന്മാർ പറയുന്നത്. മൂർത്താശയങ്ങളിൽ നിന്ന് അമൂർത്താശയങ്ങളിലേക്ക് ചിന്ത പ്രവേശിക്കുമ്പോൾ ഭാഷ അനിവാര്യമാകുന്നു.*

☞ **പ്രവർത്തനം**

നിങ്ങളുടെ വീട്ടിലോ പരിസരത്തുള്ള വീടുകളിലോ ഉള്ള കുഞ്ഞുങ്ങളെ നിരീക്ഷിച്ച് അവരുടെ ഭാഷാപ്രകടനത്തെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കണം. അതിനായി ഒരു നിരീക്ഷണപ്പത്രിക (Observation Schedule) തയാറാക്കണം.

ഒരാൾ ഒരു പ്രായഘട്ടത്തിലുള്ള 3 കുഞ്ഞുങ്ങളെയെങ്കിലും നിരീക്ഷിച്ച് വിവരങ്ങൾ രേഖപ്പെടുത്തണം. എല്ലാവരും ശേഖരിച്ച വിവരങ്ങൾ ക്ലാസിൽ പൊതുവായി ക്രോഡീകരിക്കൂ. അങ്ങനെ ലഭിച്ച ക്രോഡീകരണപ്പട്ടിക താഴെ കൊടുത്തിട്ടുള്ള പട്ടികയുമായി താരതമ്യം ചെയ്യൂ. (വ്യക്തി വ്യത്യാസമനുസരിച്ച് കുഞ്ഞുങ്ങളുടെ ഭാഷാപ്രകടനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവാനിടയുണ്ട്).

## പട്ടിക

| ശരാശരി പ്രായം | ഭാഷാപരമായ കഴിവുകൾ |
|---|---|
| *ജനനം മുതൽ 18 ആഴ്ച* | *അവ്യക്തശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. ശബ്ദം കേട്ട ഭാഗത്തേക്ക് തല തിരിക്കുന്നു.* |
| *20 ആഴ്ച* | *സ്വരശബ്ദങ്ങളും ഏതാനും വ്യഞ്ജനശബ്ദങ്ങളും പുറപ്പെടുവിക്കുന്നു.* |
| *6 മാസം* | *Babbling. ഭാഷയിലെ അടിസ്ഥാനപരമായ എല്ലാ ശബ്ദങ്ങളും പുറപ്പെടുവിക്കുന്നു.* |
| *8 മാസം* | *ചില പ്രത്യേകശബ്ദങ്ങൾ ആവർത്തിക്കുന്നു. ഉദാ: മാ മാമാ......* |
| *12 മാസം* | *വാക്കുകളുടെ അർഥം മനസ്സിലാക്കുകയും ഏതാനും വാക്കുകൾ ഉച്ചരിക്കുകയും ചെയ്യുന്നു.* |
| *18 മാസം* | *ഏതാണ്ട് അമ്പതോളം പദങ്ങൾ ഉച്ചരിക്കുന്നു.* |
| *24 മാസം* | *ഇരട്ടപ്പദങ്ങളടങ്ങിയ (phrases) വാക്യങ്ങൾ പറയുന്നു.* |
| *30 മാസം* | *മൂന്നു മുതൽ അഞ്ചുവരെ പദങ്ങൾ അടങ്ങിയ വാക്യങ്ങൾ പറയുന്നു. നൂറുകണക്കിന് പദങ്ങൾ മനസ്സിലാക്കുന്നു.* |
| *36 മാസം* | *ആയിരത്തോളം പദങ്ങൾ അർത്ഥപൂർണ്ണമായി പറയുന്നു, കേട്ടു മനസ്സിലാക്കുന്നു.* |
| *48 മാസം* | *ഭാഷയുടെ അടിസ്ഥാനപരമായ സവിശേഷതകളൊക്കെ ബുദ്ധിമണ്ഡലത്തിൽ പ്രതിഷ്ഠിക്കപ്പെടുന്നു.* |

മനുഷ്യൻ ഭാഷ പഠിക്കുന്നതെങ്ങനെ എന്ന വിഷയത്തിൽ ധാരാളം നിരീക്ഷണങ്ങളും ഗവേഷണങ്ങളും ലോകത്ത് നടന്നിട്ടുണ്ട്. ഇപ്പോഴും നടന്നു കൊണ്ടിരിക്കുന്നു. ഒരു അധ്യാപക വിദ്യാർഥി എന്ന നിലയിൽ ഈ വിഷയത്തിൽ നിങ്ങൾക്ക് എന്തു പറയാനുണ്ട്?

☞ **പ്രവർത്തനം**

കുട്ടികൾ ഭാഷ പഠിക്കുന്നതെങ്ങനെ എന്ന വിഷയത്തിൽ ക്ലാസിൽ ഒരു പൊതു ചർച്ച നടത്തൂ. ഉന്നയിക്കപ്പെട്ട വാദങ്ങൾ പൊതുവായി ക്രോഡീകരിക്കൂ.

ഭാഷാ പഠനത്തെക്കുറിച്ച് നിരവധി മനശ്ശാസ്ത്രജ്ഞൻമാരും ഭാഷാശാസ്ത്ര വിചക്ഷണൻമാരും അവരവരുടെ നിരീക്ഷണങ്ങളും സിദ്ധാന്തങ്ങളും രൂപപ്പെടുത്തിയിട്ടുണ്ട്. അതിൽ താഴെ കൊടുത്തിട്ടുള്ളവരുടെ കാഴ്ചപ്പാടുകളാണ് നമുക്ക് വിശദമായി ചർച്ച ചെയ്യാനുള്ളത്.

- **സ്കിന്നർ**
- **ബന്ദൂര**
- **പിയാഷെ**
- **ബ്രൂണർ**
- **വിഗോട്സ്കി**
- **ചോംസ്കി**

ഭാഷാശേഷീ വികസനത്തെക്കുറിച്ച് സ്കിന്നർ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ താഴെ ചെറുകുറിപ്പായി കൊടുത്തിട്ടുണ്ട്. അത് വിശദമായി വായിക്കൂ.

## ഭാഷാ വികസനം സ്കിന്നറുടെ കാഴ്ചപ്പാട്



B.F. Skinner
(1904-1990)

*സ്കിന്നറെ സംബന്ധിച്ച വ്യക്തി വിവരങ്ങൾ രണ്ടാം സെമസ്റ്ററിലെ സ്റ്റുഡന്റ് ടെക്സ്റ്റിൽ (പേപ്പർ 201) ചേർത്തിട്ടുള്ളത് കാണുക.*

ഭാഷാവികസനത്തിന്റെ ആദ്യഘട്ടങ്ങളിൽ കുഞ്ഞുങ്ങൾ ചില അവ്യക്ത ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതായി നിങ്ങൾ നേരത്തെ നടത്തിയ പഠനത്തിൽ കണ്ടെത്തിയല്ലോ. പല ശബ്ദങ്ങളുമുണ്ടാക്കുന്ന കൂട്ടത്തിൽ കുട്ടി **'മ്/മ'** ശബ്ദം ഉണ്ടാക്കിയെന്നിരിക്കട്ടെ. അമ്മയുടെ പ്രതികരണം എന്തായിരിക്കും? ചിരിക്കും, വാരിയെടുക്കും, ഉമ്മ കൊടുക്കും.! കാരണം അമ്മ വിചാരിക്കുന്നത് കുട്ടി 'അമ്മ' യെന്നു പറയാനുള്ള ശ്രമമാണ് നടത്തുന്നതെന്നാണ്. അമ്മയുടെ ഈ ചിരിയും സന്തോഷവും കുട്ടിയെ സംബന്ധിച്ച് ഈ ശബ്ദം ആവർത്തിക്കാനുള്ള പ്രബലനങ്ങളാണ് (reinforcers). മാത്രമല്ല, ഈ ശബ്ദത്തെ 'അമ്മ'-യെന്ന് പലവട്ടം പറഞ്ഞ് പരിവർത്തിപ്പിക്കാൻ അമ്മ പ്രയത്നിക്കുകയും ചെയ്യുന്നു. ഭാഷാ വികസനപ്രക്രിയ പുരോഗമിക്കുന്തോറും ഈ 'അമ്മ' - ശബ്ദത്തെ അനുകരിക്കാനും കുട്ടി ശ്രമിക്കുന്നു. ഇങ്ങനെ ചോദനം, പ്രതികരണം, പ്രബലനം, ആവർത്തനം, അനുകരണം തുടങ്ങിയ പ്രക്രിയകളിലൂടെയാണ് കുഞ്ഞുങ്ങൾ ഭാഷ പഠിച്ചെടുക്കുന്നത്. ഇതാണ് പ്രമുഖ ചേഷ്ടാവാദി (Behaviourist) യായ സ്കിന്നറുടെ (B.F. Skinner) വാദം. ഇവിടെ കുഞ്ഞിന്റെ പ്രതികരണം പ്രബലനം ചെയ്യപ്പെടുന്നത് അമ്മയിൽ നിന്ന് ലഭിക്കുന്ന ചോദനം മൂലമാണ്. ഭാഷ ഒരു വാചിക ചേഷ്ടയാണ് (verbal behaviours). മറ്റേതൊരു ചേഷ്ടയേയും പോലെ പ്രവർത്തനാനുബന്ധനം (Operant Conditioning) വഴിയാണ് കുഞ്ഞുങ്ങൾ ഭാഷ സ്വായത്തമാക്കുന്നത്. അതായത് കുഞ്ഞുങ്ങൾ ഉണ്ടാക്കുന്ന ശബ്ദങ്ങൾ, പദങ്ങൾ, വാക്യങ്ങൾ എന്നിവയെ പ്രബലനം ചെയ്യുകവഴി ഭാഷയുടെ അംഗീകൃതമായ ഉയർന്ന തലങ്ങളിലേക്ക് കുഞ്ഞുങ്ങളെ എത്തിക്കാം. സമ്മാനം, ശിക്ഷ തുടങ്ങിയ പ്രബലകങ്ങളും കുട്ടിയുടെ ഭാഷാ വികാസത്തെ സ്വാധീനിക്കുന്നുണ്ട്.

കുഞ്ഞുങ്ങൾ ഭാഷ പഠിക്കുന്നതിനെക്കുറിച്ച് സ്കിന്നറുടെ കാഴ്ചപ്പാട് മനസ്സിലാക്കിയല്ലോ. ഇക്കാര്യത്തിൽ നിങ്ങളുടെ യോജിപ്പും വിയോജിപ്പും കുറിച്ചു വയ്ക്കൂ. ക്ലാസിൽ ചർച്ച ചെയ്യൂ.

ഇനി സാമൂഹ്യപഠന സിദ്ധാന്തത്തിന്റെ (Social Learning Theory) വക്താവായ ആൽബർട്ട് ബന്ദൂര ഭാഷാശേഷീ വികസനത്തെക്കുറിച്ച് എന്തുപറയുന്നു എന്നു നോക്കാം. കുറിപ്പു വായിക്കൂ.

## ആൽബർട്ട് ബന്ദൂരയുടെ ഭാഷാ വികസന സങ്കൽപ്പം

തന്റെ സാമൂഹ്യപഠന സിദ്ധാന്തത്തിൽ ഊന്നി നിന്നുകൊണ്ടു തന്നെയാണ് ബന്ദൂര ഭാഷാപഠനത്തെയും സമീപിക്കുന്നത്. തന്റെ ചുറ്റുപാടുകളെ നിരീക്ഷിക്കുന്നതിലൂടെയും (Observation) മാതൃകയാക്കുന്ന തിലൂടെയും (Modelling) ആണ് കുട്ടികൾ പുതിയ ആശയങ്ങൾ പഠിക്കുന്നത്. ഈ രണ്ട് പ്രക്രിയകളും ഭാഷാപഠനത്തിലും നടക്കുന്നു. കുട്ടികൾ പല കലാകാരൻമാരെയും നടന്മാരേയും അനുകരിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടല്ലോ. നിരീക്ഷണത്തിലൂടെ നല്ല മാതൃകകളെ കണ്ടെത്തുന്നതിനും അനുകരിക്കുന്നതിനും ഒരു നല്ല ടീച്ചർ കുട്ടികൾക്ക് പ്രചോദനം കൊടുക്കണം. പ്രശംസയും സമ്മാനങ്ങളും ഉപയോഗപ്പെടുത്താം. ടീച്ചറിൽ നിന്നും സ്കൂളിലെ മറ്റുള്ളവരിൽ നിന്നും ഭാഷ സ്വായത്തമാക്കുന്നതിന് കുട്ടിയെ സഹായിക്കുന്ന ഒരു നല്ല മാതൃകയായിരിക്കണം ടീച്ചർ.

☞

**പ്രവർത്തനം**

ഭാഷാവികാസത്തെക്കുറിച്ച് സ്കിന്നറുടെയും ബന്ദൂരയുടെയും കാഴ്ചപ്പാടുകൾ വായിച്ചല്ലോ. ഇതു രണ്ടും താരതമ്യം ചെയ്യുമ്പോൾ നമുക്ക് എന്തെല്ലാം കണ്ടെത്താനാകും? നോട്ടുബുക്കിൽ കുറിക്കൂ.

താഴെ കൊടുത്തിട്ടുള്ള ആശയങ്ങളുടെ സഹായത്തോടെ നിങ്ങളുടെ കുറിപ്പ് മെച്ചപ്പെടുത്തൂ.

**ഭാഷാശേഷീ വികാസം**

| സ്കിന്നർ | ബന്ദുര |
|---|---|
| വ്യവഹാരവാദം (Behaviourism) | സാമൂഹ്യപഠന സിദ്ധാന്തം (Social learing theory) |
| ചോദക പ്രതികരണ ബന്ധത്തിലൂടെയുള്ള പ്രബലനം. | നിരീക്ഷണവും മാതൃകകളുടെ അനുകരണവും. |
| പ്രത്യക്ഷ പ്രബലനത്തെ അനുകൂലിക്കുന്നു. | എല്ലാ പഠനസാഹചര്യങ്ങളിലും പ്രത്യക്ഷ പ്രബലനം പ്രയോജനം ചെയ്യില്ല. |
| കുട്ടിയുടെ പരിസരത്തിലും കിട്ടുന്ന പ്രതികരണത്തിലും (സമ്മാനം, പ്രശംസ) ഊന്നൽ. | കുട്ടിയുടെ ആന്തരിക പ്രക്രിയയിൽ ഊന്നൽ. |

പിയാഷെ, ബ്രൂണർ, വിഗോട്സ്കി, ചോംസ്കി തുടങ്ങിയവരുടെ ഭാഷാവികസന സിദ്ധാന്തങ്ങൾ മലയാളത്തിന്റെ റഫറൻസ് പുസ്തകത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അത് വായിക്കുകയും ഓരോ കാഴ്ചപ്പാടും തമ്മിൽ താരതമ്യം ചെയ്യുകയും വേണം. അവയോരോന്നും പ്രായോഗികാനുഭവങ്ങളുമായി തട്ടിച്ചുനോക്കി വിലയിരുത്തുകയും വേണം. അങ്ങനെ ഭാഷാ ശേഷീ വികാസത്തെക്കുറിച്ചുള്ള നിങ്ങളുടെ ധാരണകൾ മെച്ചപ്പെടുത്താം.

☞ **പ്രവർത്തനം**

ഭാഷാബോധനത്തിന് ഉപയോഗപ്പെടുത്തേണ്ട തന്ത്രങ്ങൾ എന്തെല്ലാമാണ്? അതിന്റെ അനുക്രമീകരണ തത്വങ്ങൾ എന്തെല്ലാമാണ്? ഇപ്പോൾ നേടിയ ധാരണകളുടെ അടിസ്ഥാനത്തിൽ നിങ്ങൾക്കു പറയാൻ കഴിയുമോ?
ഇക്കാര്യത്തിൽ D.El.Ed മലയാളം സ്റ്റുഡന്റ് ടെക്സ്റ്റും സമാനമായ മറ്റു പുസ്തകങ്ങളും ഉപയോഗപ്പെടുത്താം. അതിനുശേഷം തയാറാക്കുന്ന വായനക്കുറിപ്പ് മനശ്ശാസ്ത്ര ഡയറിയിൽ ഉൾപ്പെടുത്തണം. ഈ അനുക്രമീകരണ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ ഓരോരുത്തരും ഓരോ ഭാഷാക്ലാസ് നിരീക്ഷിച്ച് വിലയിരുത്തുകയും വേണം.

## സാമൂഹിക വികാസം (Social Development)

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്താണ്? നിങ്ങൾ ഇതുവരെ കേട്ടതും വായിച്ചതും അറിഞ്ഞതുമായ കാര്യങ്ങൾ എല്ലാം പരിഗണിച്ച് ഈ ചോദ്യത്തിന് ഒരുത്തരം കണ്ടുപിടിക്കാൻ ശ്രമിച്ചു നോക്കൂ. ഒരുത്തരത്തിൽ ഒതുങ്ങുന്ന ചോദ്യമല്ല ഇതെന്നു മനസ്സിലായല്ലോ. ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ മാറുന്നതിനനുസരിച്ച് ഈ ഉത്തരങ്ങൾ മാറിക്കൊണ്ടിരിക്കും. മനുഷ്യന്റെ സാംസ്കാരിക ഔന്നത്യവും ധാർമ്മിക ചിന്തയും അടിസ്ഥാനമാക്കി ഈ വിവിധ ഉത്തരങ്ങളെ ഒരു ഉത്തരത്തിലേക്ക് സമന്വയിപ്പിക്കാൻ ശ്രമിച്ചു നോക്കൂ.

"സമൂഹത്തിനിണങ്ങുന്ന വിധത്തിൽ മെച്ചപ്പെട്ട ജീവിതം നയിക്കാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുക" എന്നതാണ് വിദ്യാഭ്യാസത്തിന്റെ ഉന്നതമായ ലക്ഷ്യം - എന്ന അഭിപ്രായത്തോട് നിങ്ങൾക്കുള്ള പ്രതികരണമെന്താണ്?

"സമൂഹത്തിനിണങ്ങുന്ന വിധത്തിൽ" - എന്ന പ്രയോഗത്തിന്റെ സാംഗത്യം എന്താണ്?

ഓരോ വ്യക്തിയിലും അഭിലഷണീയമായ രീതിയിൽ സാമൂഹിക വികാസം നടക്കുമ്പോൾ മാത്രമാണ് സമൂഹത്തിന് ഇണങ്ങുന്ന വിധത്തിൽ ജീവിക്കാൻ സാധിക്കുന്നത്. നിരന്തരവും സ്വാഭാവികവുമായ പ്രക്രിയയിലൂടെയാണ് ഈ സാമൂഹിക വികാസം സാധ്യമാവുന്നത്. ശൈശവത്തിൽ ഒറ്റയ്ക്ക് കളിക്കാനിഷ്ടപ്പെടുന്ന കുട്ടി, ക്രമേണ സംഘം ചേർന്ന് കളിക്കാനും നേതൃത്വമേറ്റെടുക്കാനും മറ്റും

തയാറാകുന്നു. ഇങ്ങനെ സാമൂഹിക വികാസത്തിന്റെ നാഴികക്കല്ലുകൾ ഓരോന്നായി പിന്നിട്ട് കുട്ടി ഒരു സാമൂഹിക ജീവിയായി മാറുന്നു. കുടുംബം, വിദ്യാലയം, സമൂഹം, സമസംഘങ്ങൾ, വാർത്താമാധ്യമങ്ങൾ തുടങ്ങിയവയെല്ലാം കുട്ടിയുടെ സാമൂഹിക വികാസത്തിൽ നിർണായകമായ പങ്കുവഹിക്കുന്നു. സാമൂഹികവികാസത്തിൽ സംഭവിക്കുന്ന തടസ്സങ്ങളും വഴിത്തിരിവുകളും വ്യക്തിത്വവികാസത്തെ പ്രതികൂലമായി ബാധിക്കുന്നു.

ഇനി താഴെ കൊടുത്ത പത്രവാർത്ത വായിക്കൂ . . . . . . . . .

<u>പത്രവാർത്ത</u>

**കളിക്കൂട്ടുകാർ മോഷ്ടാക്കളായി,**

ആസൂത്രണം സിനിമ കണ്ട്

ചെങ്ങന്നൂർ : കളിക്കൂട്ടുകാരായ രണ്ടുപേർ ഒന്നിച്ച് ആസൂത്രണം ചെയ്ത മോഷണം പോലീസിനെപ്പോലും ഞെട്ടിച്ചു. 16 കാരായ ഇരുവരും ഒരുമിച്ചാണ് മോഷണം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതെന്ന് പോലീസ് പറഞ്ഞു. മൊബൈൽഫോൺ, ബൈക്ക് എന്നിവ വാങ്ങാനുള്ള പണം ഉണ്ടാക്കാനാണ് മോഷണം നടത്തിയതെന്ന് അറിയുന്നു. പദ്ധതി ആസൂത്രണം ചെയ്യുന്നതിനായി ധാരാളം ഇംഗ്ലീഷ് സിനിമകൾ കണ്ടിരുന്നുവെന്ന് കുട്ടികൾ പോലീസിനോട് സമ്മതിച്ചു. കൂടുതൽ മോഷണം പ്രതികൾ നടത്തിയിട്ടുണ്ടോയെന്ന് പോലീസ് പരിശോധിച്ചു വരികയാണ്.

- ഈ കുട്ടികൾ എന്തുകൊണ്ടായിരിക്കും ഇങ്ങനെയായി മാറിയത്?
- നിങ്ങൾക്ക് ഇത്തരം സംഭവങ്ങൾ എന്തെങ്കിലും പറയാനുണ്ടോ?
- സമാന അനുഭവങ്ങൾ ക്ലാസിൽ പങ്കുവയ്ക്കൂ.
- എത്തിച്ചേർന്ന പൊതുധാരണ നോട്ടുബുക്കിൽ കുറിക്കൂ.

ഈ സന്ദർഭത്തിൽ പ്രസക്തമായ ഒരു കാഴ്ചപ്പാടാണ് ആൽബർട്ട് ബന്ദൂര തന്റെ സാമൂഹിക പഠന സിദ്ധാന്തത്തിലൂടെ മുന്നോട്ടുവച്ചിട്ടുള്ളത്. നമുക്ക് അതൊന്നു പരിശോധിക്കാം.

### ആൽബർട്ട് ബന്ദൂരയും സാമൂഹികപഠന സിദ്ധാന്തവും

ആൽബർട്ട് ബന്ദൂര തന്റെ Adolescent Aggression (1959), Aggression – A Social Learning Analysis (1973), Social Learning Theory (1977) എന്നീ പുസ്തകങ്ങളിലൂടെയാണ് സാമൂഹിക പഠനസിദ്ധാന്തതിന്റെ വാദമുഖങ്ങൾ അവതരിപ്പിച്ചത്. ആക്രമണവാസന പോലുള്ള പല തെറ്റായ ശീലങ്ങളും സമൂഹമനസ്സിലേക്ക് കടന്നുവരുന്നത് നിരീക്ഷണത്തിലൂടെയും അനുകരണത്തിലൂടെയുമാണ്. രക്ഷിതാക്കളുടെയും മുതിർന്നവരുടെയും ദൃശ്യമാധ്യമങ്ങളിൽ കാണുന്ന ആളുകളുടെയും പെരുമാറ്റരീതികൾ കുട്ടികൾ അനുകരിക്കുകയും അവലംബിക്കുകയും ചെയ്യുമെന്ന് ആൽബർട്ട് ബന്ദൂര ഒരു പരീക്ഷണത്തിലൂടെ തെളിയിച്ചിട്ടുണ്ട്. ഇത് **'ബോബോ പാവ പരീക്ഷണം'** **(Bobo doll experiment)** എന്നറിയപ്പെടുന്നു.



*Albert Bandura (1925- -)*

*1925 ൽ കാനഡയിൽ ജനനം. യൂണിവേഴ്സിറ്റി ഓഫ് ലോവയിൽ നിന്ന് MA (1951)യും Ph.D (1952) യും നേടി. വൈജ്ഞാനിക സാമൂഹിക മനശ്ശാസ്ത്ര മേഖലകളിൽ ഗവേഷണം. സ്റ്റൻഫോർഡ് യൂണിവേഴ്സിറ്റിയിൽ പ്രൊഫസർ എമിററ്റസ്. Social Learning and Personality Development 1963, Principles of Behaviour Modification (1969), Psychological Modeling; Conflicting Theories (1971), Self-Efficacy (1997) തുടങ്ങിയ നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവ്.*

**ബോബോ പാവ പരീക്ഷണം (Bobo Doll Experiment)**

വലിയൊരു പാവയെ പ്രസിദ്ധനായ ഒരു വീഡിയോ മോഡൽ അതിക്രൂരമായി മർദ്ദിക്കുന്ന ഒരു വീഡിയോ ചിത്രം കുട്ടികളെ കാണിക്കുന്നു. പാവയെ ചവിട്ടിയരയ്ക്കുക, വായുവിൽ ഉയർത്തിയെറിയുക, തലയ്ക്കടിക്കുക, മൂക്കിന് ശക്തിയായി തൊഴിക്കുക എന്നിങ്ങനെയെല്ലാമുള്ള മർദ്ദനമുറകളാണ് മോഡൽ അവലംബിച്ചത്. വീഡിയോ ചിത്രം കാണിച്ചതിനു ശേഷം കുട്ടികളെ മനോഹരമായ കളിക്കോപ്പുകൾ നിറച്ച ഒരു മുറിയിലിരുത്തുന്നു. കുട്ടികൾക്ക് കളിക്കോപ്പുകൾ കൈക്കലാക്കാൻ സാധിക്കാത്ത വിധത്തിലായിരുന്നു ക്രമീകരിച്ചിരുന്നത്. കളിക്കോപ്പുകൾ തൊടാൻ പോലും സാധിക്കാത്തതിനാൽ കുട്ടികൾ അങ്ങേയറ്റം നിരാശരാകുന്നു. അവർ കോപാകുലരാവുകയും അസ്വസ്ഥത പ്രകടിപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് കുട്ടികളെ മറ്റൊരു മുറിയിലേക്ക് കൊണ്ടുപോകുന്നു. ആ മുറിയിൽ നേരത്തെ കാണിച്ച വീഡിയോ ചിത്രത്തിലേതുപോലെയുള്ള പാവകളാണുള്ളത്. 88% കുട്ടികളും വീഡിയോ ചിത്രത്തിൽ കണ്ടതുപോലെ പാവകളെ ക്രൂരമായി ആക്രമിക്കാനാരംഭിക്കുകയാണ് ചെയ്തത്. എട്ടുമാസത്തിനുശേഷം 40% കുട്ടികൾ അതേ അക്രമസ്വഭാവം വീണ്ടും പ്രകടിപ്പിക്കുന്നതായും ബന്ദൂര കണ്ടെത്തി. അക്രമാസക്തമായ പെരുമാറ്റ രീതികൾ രൂപപ്പെടുന്നതെങ്ങനെ? അക്രമസ്വഭാവത്തിനു പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്തെല്ലാം? ഭാവിയിൽ അക്രമസ്വഭാവം തുടരുമോ എന്ന് നിർണ്ണയിക്കുന്ന ഘടകങ്ങൾ ഏതെല്ലാം? എന്നീ കാര്യങ്ങളുടെ വിശദീകരണം ലഭിക്കാനാണ് ഈ പരീക്ഷണം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്.

ഇവിടെ കുട്ടികളിൽ നിരീക്ഷണപഠനമാണ് നടക്കുന്നത്. നിരീക്ഷണപഠനത്തെ അനുകരണം അല്ലെങ്കിൽ മാതൃകാനുകരണം എന്നും വിളിക്കുന്നു. ഒരു വ്യക്തി മറ്റൊരു വ്യക്തിയുടെ വ്യവഹാരങ്ങൾ അനുകരിക്കുന്നതിലൂടെയാണ് പഠനം നടക്കുന്നത്. നിരീക്ഷണവും അനുകരണവും ആണ് സൂക്ഷ്മമായ തലത്തിൽ സാമൂഹ്യവികാസത്തിന്റെ അടിസ്ഥാനമെന്നാണ് ബന്ദൂര സിദ്ധാന്തിക്കുന്നത്. അതുകൊണ്ട് ബന്ദൂരയുടെ സാമൂഹിക വികാസ സങ്കല്പത്തിന് **നിരീക്ഷണപഠന സിദ്ധാന്തം** (Theory of Observational Learning) എന്നും **അനുകരണ പഠന സിദ്ധാന്തം** (Imitation Learning) എന്നും പറയാറുണ്ട്. ഈ നിരീക്ഷണ പഠന പ്രക്രിയയ്ക്ക് **മാതൃക നൽകൽ** (modelling), **ശ്രദ്ധ** (attention), **നിലനിർത്തൽ** (retention), **ചാലക പ്രകടനം** (motor reproduction), **അഭിപ്രേരണ** അഥവാ **പ്രബലനം** (motivation or reinforcement) എന്നിങ്ങനെ 5 അടിസ്ഥാനഘട്ടങ്ങളുണ്ട്.

**1. മാതൃക നൽകൽ (Modelling)**

അനുകരിക്കുന്നതിനും സാമൂഹിക ജീവിതത്തിൽ അനുവർത്തിക്കുന്നതിനും പ്രേരിപ്പിക്കുന്ന ഒരു മാതൃക ആവശ്യമാണ്. സിനിമയും ടെലിവിഷനും മറ്റും ഇത്തരം മാതൃകകൾ സൃഷ്ടിച്ചു നൽകുന്നുണ്ട്.

**2. ശ്രദ്ധ (Attention)**

നിരീക്ഷണപഠനത്തിലെ അടുത്തഘട്ടം ശ്രദ്ധയാണ്. നിരീക്ഷണ വിധേയമാകുന്ന സംഭവം/ പ്രതിഭാസം ശ്രദ്ധാപൂർവം നിരീക്ഷിക്കപ്പെടുമ്പോൾ മാത്രമാണ് അനുകരണീയമാകുന്നത്. മാതൃകാവ്യവഹാരങ്ങളുടെ പ്രധാനപ്പെട്ട സവിശേഷതകളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താതിരുന്നാൽ വേണ്ടത്ര പഠനം സാധ്യമാവുകയില്ല. പാവപരീക്ഷണത്തിൽ മാതൃക (അക്രമി) ചെയ്യുകയും പറയുകയും ചെയ്യുന്ന കാര്യങ്ങളിൽ കൃത്യമായി ശ്രദ്ധിക്കാൻ കഴിഞ്ഞാൽ മാത്രമേ മാതൃകയുടെ വ്യവഹാരങ്ങൾ അതേപടി പ്രകടിപ്പിക്കാൻ കുട്ടികൾക്ക് സാധിക്കൂ. മാതൃകാവ്യക്തിയുടെ പ്രത്യേക സവിശേഷതകളിൽ ശ്രദ്ധ ചെലുത്തിയാണ് ഇന്ദ്രിയമുദ്രണം നടത്തുന്നത്.

**3. നിലനിർത്തൽ (Retention)**

അനുകരണവ്യവഹാരങ്ങൾ പുനഃപ്രകാശനം ചെയ്യണമെങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യക്തികൾ ദീർഘകാലം ഓർമയിൽ സൂക്ഷിക്കേണ്ടതുണ്ട്. അതായത് മാതൃക യാക്കപ്പെടുന്ന ഒരു

വ്യവഹാരം ദീർഘകാലം ഓർമയിൽ നിലനില്ക്കുമ്പോൾ മാത്രമാണ്, അവ അനുകരിക്കപ്പെടുകയും സാമൂഹികശീലങ്ങളുടെ ഭാഗമായി മാറുകയും ചെയ്യുന്നത്. പാവയെ ഉപദ്രവിക്കുന്നത് നിരീക്ഷിച്ച കുട്ടികൾ ക്രമീകൃതമായ രീതിയിൽ ആ വിവരങ്ങൾ രേഖപ്പെടുത്തുകയും ഓർമയിൽ നിലനിർത്തുകയും ചെയ്തതു മൂലമാണ് ഈ വ്യവഹാരം പുനഃപ്രകാശനം ചെയ്യാൻ കുട്ടികൾക്ക് കഴിഞ്ഞത്. ടിവി.യിലും മറ്റും ഒരേ പരസ്യം തന്നെ ആവർത്തിക്കപ്പെടുന്നതിന്റെ മനഃശാസ്ത്രം ഇതാണ്.

**4. ചാലക പ്രകടനം (Motor Reproduction)**

സ്വാംശീകരിച്ച അനുഭവ ബിംബങ്ങൾ യഥാർത്ഥ പ്രകടനങ്ങളായോ വിവിധ രീതിയിലുള്ള മറ്റു പ്രവർത്തനങ്ങളായോ മാറ്റുന്നു.

അനുകരണമാതൃകയുടെ വ്യവഹാരങ്ങൾ അതേ രൂപത്തിൽ പുനഃപ്രകാശനം ചെയ്യാൻ നിരീക്ഷകന് സാധിക്കണം. ഉദാഹരണമായി മോട്ടോർ സൈക്കിൾ ഓടിക്കാനുള്ള ആഗ്രഹം മാതൃകയിലൂടെ സൃഷ്ടിക്കപ്പെടുകയും അത് ദീർഘകാലം മനസ്സിൽ നിലനിൽക്കുകയും ചെയ്യുന്ന ഒരാൾക്ക് അത് പ്രായോഗികമാക്കാൻ തുടർന്നുവേണ്ടത് അതിനുവേണ്ട ചാലകശേഷി ആർജിക്കലാണ്. പാവപരീക്ഷണത്തിൽ പാവയെ ഇടിക്കുന്നതിനും തൊഴിക്കുന്നതിനുമുള്ള കായികശേഷികൾ കുട്ടികൾ ആർജിക്കുമ്പോഴാണ് നിരീക്ഷണ പഠനം പൂർണമാകുന്നത്.

**5. അഭിപ്രേരണ/പ്രബലനം (Motivation/Reinforcement)**

പ്രശംസിക്കപ്പെടുകയോ സമ്മാനിതമാകുകയോ ചെയ്യുന്ന മാതൃകകളാണ് അനുകരിക്കപ്പെടുന്നത്. ടെലിവിഷനിലൂടെ വീക്ഷിക്കുന്ന പല രംഗങ്ങളും കുട്ടികളുടെ വ്യവഹാരങ്ങളെ പ്രബലനം ചെയ്യുമെന്ന് ബന്ദൂര അഭിപ്രായപ്പെടുന്നു. ഒരിക്കൽ ശ്രദ്ധിക്കുകയും ഓർമയിൽ സൂക്ഷിക്കുകയും ചെയ്യുന്ന അനുഭവങ്ങൾ നാം ശാരീരിക ചലനങ്ങളിലൂടെ പ്രകടിപ്പിക്കുന്നു. ഇത്തരം പ്രതികരണങ്ങൾ ഏതെങ്കിലും വിധത്തിൽ സമ്മാനിതമാകുമ്പോൾ അവ കൂടുതൽ പ്രബലമാകുന്നു. പാവപരീക്ഷണത്തിൽ അക്രമി തന്റെ പ്രവർത്തനങ്ങളിലൂടെ നേട്ടങ്ങൾ നേടുന്നതായി നിരീക്ഷിക്കുന്ന കുട്ടി പിന്നീട് ഇതേ രീതി അനുകരിക്കുകയും വിജയം നേടാൻ പ്രവർത്തിക്കുകയും ചെയ്യുന്നു. പ്രോത്സാഹനം, അംഗീകാരം, സമ്മാനങ്ങൾ തുടങ്ങിയ അനുകൂലമായ സാഹചര്യങ്ങൾ പ്രത്യക്ഷ പ്രകടനത്തിനുള്ള ത്വര വർധിപ്പിക്കുന്നു. അർത്ഥപൂർണമായ പിന്തുണ നൽകുമ്പോൾ കൂടുതൽ മെച്ചമായ പ്രകടനത്തിലേക്കു നയിക്കുന്നു.

നിരീക്ഷണപഠനം വ്യക്തിത്വ വികസനത്തിൽ സുപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. വ്യക്തികൾ നിരീക്ഷണത്തിലൂടെ പഠിക്കുകയും പഠിച്ചത് പ്രകടിപ്പിക്കുകയും ചെയ്യാറുണ്ട്. അക്രമവാസന, ലൈംഗികോത്തേജക വ്യവഹാരങ്ങൾ, ആശ്രിതത്വം തുടങ്ങിയവ ഉദാഹരണങ്ങളാണ്. സ്നേഹവും പ്രോത്സാഹനവും നൽകുന്ന മുതിർന്ന മാതൃകാവ്യക്തികൾ, വേണ്ടത്ര പ്രോത്സാഹനം നൽകാത്ത മാതൃകകളേക്കാൾ കൂടുതൽ അനുകരിക്കപ്പെടും. ഉയർന്ന നിലയിലുള്ള മാതൃകകൾക്ക് താഴെത്തട്ടിലുള്ള മാതൃകകളെക്കാൾ ഉയർന്ന നിലവാരത്തിൽ നിരീക്ഷണപഠനത്തിനു പ്രേരണ നൽകാൻ കഴിയും. അതുപോലെ കൂട്ടുകാർക്കും സ്ഥാപനങ്ങൾക്കും അനുകരണത്തിൽ ശക്തമായ സ്വാധീനം ചെലുത്താൻ കഴിയും. ബിംബരൂപത്തിലോ ഭാഷാരൂപത്തിലോ മാതൃകാ വ്യവഹാരവുമായുണ്ടാകുന്ന പരിചയം, സജീവസന്ദർഭങ്ങൾ വഴി ലഭിക്കുന്നതിനു തുല്യമായ ക്ഷമതയോടെ, അനുകരണ പഠനത്തിനു സഹായകമാവും. പഠിതാക്കളുടെ സമ്പൂർണ വ്യവഹാരം വാർത്തെടുക്കുന്നതിനുള്ള കാര്യക്ഷമമായ തന്ത്രമായി മാതൃകാനുകരണത്തെ കണക്കാക്കാം. അതേസമയം, തെറ്റായ സങ്കല്പങ്ങൾ സൃഷ്ടിക്കുന്ന മാതൃകകളുമായി താദാത്മ്യം പ്രാപിക്കാൻ കുട്ടികളെയും യുവാക്കളെയും പ്രലോഭിപ്പിക്കുന്ന പരസ്യങ്ങളോടും മറ്റും സമരസപ്പെടാൻ നാം നിർബന്ധിതരുമാണ്. അനുകരിക്കാൻ പറ്റിയ ഉദാത്ത മാതൃകകൾ തെരഞ്ഞെടുക്കാൻ പഠിതാക്കളെ സഹായിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പ്രധാന ധർമ്മം.

### ബന്ദൂരയുടെ അനുഭവാധിഷ്ഠിത പഠനസങ്കൽപ്പം

സാമൂഹികാനുഭവങ്ങൾ മെച്ചപ്പെട്ട പഠനാവസരങ്ങൾ ഒരുക്കുന്നു എന്നതാണ് അനുഭവാധിഷ്ഠിത പഠനസങ്കൽപ്പത്തിന്റെ അടിസ്ഥാനം. ഒരു ഇലക്ട്രിക് മോട്ടോറിന്റെ പ്രവർത്തനതത്ത്വങ്ങളും പ്രധാനഭാഗങ്ങളും മറ്റും ക്ലാസിലിരുന്ന് പഠിച്ച് അതുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയുന്ന ഒരു കുട്ടിക്ക് കേവലമായ അക്കാദമിക് അറിവ് മാത്രമേ ലഭിക്കുന്നുള്ളൂ. ആ വീട്ടിലെ ഫാനിന്റെ ഇലക്ട്രിക് മോട്ടോർ തകരാറിലായാൽ അതിന്റെ കാരണം മനസ്സിലാക്കാനോ അത് പരിഹരിക്കാനോ ആ കുട്ടിക്ക് സാധിക്കാതെ വരുന്നു. അതേ സമയം ഒരു ഇലക്ട്രിക് വർക്ക്ഷോപ്പിലെ ജീവനക്കാരൻ നിമിഷങ്ങൾക്കകം ഫാൻ ശരിയാക്കിത്തരും. അനുഭവത്തിലൂടെ ആർജിച്ച അറിവുകളും ശേഷികളും തീർച്ചയായും മെച്ചപ്പെട്ടതായിരിക്കും.

ബന്ദൂരയുടെ സമൂഹ്യപഠനസിദ്ധാന്തത്തെക്കുറിച്ച് നിങ്ങൾ തിരിച്ചറിഞ്ഞ കാര്യങ്ങൾ എന്തെല്ലാം? ലിസ്റ്റ് ചെയ്യൂ.

- മറ്റുള്ളവർ എന്ത് ചെയ്യുന്നു എന്ന് കുട്ടികൾ നോക്കിയും കണ്ടും മനസ്സിലാക്കുന്നു.
- മാതാപിതാക്കൾ/മൂതിർന്ന ആൾക്കാർ ചെയ്യുന്ന കാര്യങ്ങൾ കുട്ടികൾ അനുകരിക്കുന്നു.
- 
- 
- 

☞ **പ്രവർത്തനം**

റഫറൻസിങ്ങിലൂടെ കൂടുതൽ വിവരങ്ങൾ ശേഖരിച്ച് **'സാമൂഹികവികാസത്തിൽ മാധ്യമങ്ങളുടെ പങ്ക്'** എന്ന ശീർഷകത്തിൽ ഒരു കുറിപ്പ് തയാറാക്കുക. ക്ലാസിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തി മനശ്ശാസ്ത്ര ഡയറിയിൽ രേഖപ്പെടുത്തുക.

ഈ വിഷയത്തിൽ എറിക് എറിക്സന്റെ കാഴ്ചപ്പാടുകൾ കൂടി നമുക്ക് പരിശോധിക്കാം.

### എറിക് എറിക്സന്റെ മനോസാമൂഹ്യ വികാസ സിദ്ധാന്തം (Psycho Social Learning Theory - Eric H. Erikson)

സാമൂഹ്യവികാസവുമായി ബന്ധപ്പെട്ട് വളരെ ശക്തമായ കാഴ്ചപ്പാടുകൾ മുന്നോട്ട് വച്ച വ്യക്തിയാണ് എറിക് എച്ച്. എറിക്സൺ (Eric H Erikson). മനോസാമൂഹിക വികാസം എട്ട് ഘട്ടങ്ങളിലൂടെയാണ് സാധ്യമാകുന്നത് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഓരോ ഘട്ടത്തിനും അതിന്റേതായ പ്രതിസന്ധിയുണ്ടെന്നും അതെങ്ങനെയാണ് തരണം ചെയ്യുന്നത് എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും ഒരാളുടെ വ്യക്തിത്വം രൂപപ്പെടുന്നത് എന്നും അദ്ദേഹം സിദ്ധാന്തിക്കുന്നു.



Erik Homburger Erikson (1902-1994)

*ജർമ്മൻ-അമേരിക്കൽ മനഃശാസ്ത്രജ്ഞൻ. ഹാർവാർഡ്, കാലിഫോർണിയ, യേൽ സർവ്വകലാശാലകളിൽ പ്രൊഫസറായി സേവനം അനുഷ്ഠിച്ചു. പ്രധാന കൃതികൾ* Childhood and Society (1950), Young Man Luther (1958) , Gandhi's Truth (1969)

ഫ്രോയിഡിന്റെ മകളും സൈക്കോ അനാലിസിസിന്റെ ചരിത്രത്തിൽ തന്റേതായ സംഭാവനകൾ നൽകിയ വ്യക്തിയുമായ അന്നാഫ്രോയ്ഡിന്റെ കീഴിൽ പരിശീലനം ലഭിച്ച എറിക്സൺ ജർമ്മനിയിലാണ് ജനിച്ചത്. "Childhood and Society," (1950), "Identify: Youth and Crisis"(1968) എന്നിവയാണ് ഏറെ പ്രസിദ്ധമായ പുസ്തകങ്ങൾ. എട്ടുഘട്ടങ്ങളായാണ് മനോസാമൂഹിക വികാസം സംഭവിക്കുന്നതെന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു. ഓരോ ഘട്ടത്തിനും അതിന്റേതായ ഒരു പ്രതിസന്ധി ഉണ്ടെന്നും ഇതിനെ ഓരോരുത്തരും എങ്ങിനെ നേരിടുന്നു എന്നതനുസരിച്ചാണ് വ്യക്തിത്വം

രൂപപ്പെടുന്നത് എന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഓരോ പ്രതിസന്ധിയും സാമൂഹ്യവും വ്യക്തിപരവും ആയ മാനങ്ങൾ ഉൾക്കൊള്ളുന്നു. ഏതു വികാസത്തിനും അടിസ്ഥാനപരമായ ഒരു രൂപരേഖ (Ground Plan) ഉണ്ടാവും. അതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രത്യേകസമയത്ത് ഓരോ പ്രത്യേകഭാഗവും രൂപം കൊള്ളും. ഓരോ സമയത്തും പ്രത്യേകമായൊരു പൂർണ്ണതയുണ്ടാവും. എല്ലാഭാഗവും വളർന്നു വന്നതിനു ശേഷമാണ് ശരിയായ പൂർണ്ണത പ്രാപിക്കുന്നത്. ഓരോ ഘട്ടത്തിന്റെയും പേര് സൂചിപ്പിക്കുന്നത് ആ കാലത്തെ പ്രതിസന്ധിയെയാണ്.

**1. വിശ്വാസം / അവിശ്വാസം (Trust Vs Mistrust) (ജനനം മുതൽ 1½ വയസ്സ്)**

ആദ്യകാലത്തെ അനുഭവങ്ങളിൽ നിന്നുതന്നെ ലോകത്തിന്റെ വിശ്വാസ്യതയെക്കുറിച്ച് ഒരു പ്രാഥമിക ധാരണ ശിശുവിൽ ഉടലെടുക്കുന്നു. തന്റെ ആവശ്യങ്ങളൊക്കെ സുഗമമായി നിറവേറ്റപ്പെടുകയും ആഹ്ലാദകരമായ തരത്തിൽ സ്നേഹവും പരിചരണവും ലഭിക്കുകയും ചെയ്താൽ ലോകത്തെക്കുറിച്ച് അനുഗുണമായ ബോധം നാമ്പെടുക്കും. അല്ലാതിരുന്നാൽ എന്ത് സംഭവിക്കുമെന്ന് ഊഹിക്കാമല്ലോ.

**2. സ്വാശ്രയത്വം/ജാള്യതയും സംശയവും (Autonomy Vs Shame and Doubt) (1½ – 3 വയസ്സ്)**

തന്നെ നിയന്ത്രിക്കുന്നതിനുള്ള കഴിവ് ആദ്യമായി പരീക്ഷിക്കപ്പെടുന്നത് മലവിസർജ്ജനത്തിന്റെ നിയന്ത്രണങ്ങൾ വരുമ്പോഴാണ്. ഇതിൽ പരാജയപ്പെടുമ്പോൾ ഉണ്ടാകുന്ന വികാരമാണ് ജാള്യത. തന്റെ ദൗർബല്യങ്ങൾ മറ്റുള്ളവരറിയുമ്പോഴുണ്ടാകുന്ന അവസ്ഥയാണിത്. അടക്കിനിർത്തൽ, സ്വന്തമാക്കിവയ്ക്കൽ, വിട്ടുകൊടുക്കാൻ മനസ്സില്ലായ്ക എന്നീ ശീലങ്ങൾ ഒരു വശത്തും (Holding on) കളയൽ, കൊടുക്കൽ, ഉദാരത, ധാരാളിത്തം, ധൂർത്ത് (Letting go) എന്നീ ശീലങ്ങൾ മറുവശത്തുമായി പലതരത്തിലുള്ള പരീക്ഷണങ്ങൾക്ക് കുട്ടി മുതിരുന്ന ഘട്ടമാണിത്.

**3. മുൻകൈ എടുക്കൽ/കുറ്റബോധം (Initiative Vs Guilt) (3 – 6 വയസ്സ്)**

ശാരീരികവും ബുദ്ധിപരവും ഭാഷാപരവുമായ വികാസം സാധിക്കുന്നതോടെ കുട്ടി സ്വന്തമായി പലതും ചെയ്തു തുടങ്ങുകയും കൂടുതൽ ഉഷാറാവുകയും ചെയ്യുന്നു. കുറെയൊക്കെ സാഹസിക മായി അത്രയൊന്നും ഉറപ്പില്ലാത്ത കാര്യങ്ങൾ ചെയ്യുവാനും ശ്രമമുണ്ടാവും. ഈ ഘട്ടത്തിലാണ് വ്യക്തിത്വത്തിൽ സദാചാരത്തിന്റേതായ ഒരു തലം ഉണ്ടായിവരുന്നത്. സ്വയം പ്രാപ്തിക്ക് അവസരം ലഭിക്കാതിരുന്നാൽ അത് കുറ്റബോധത്തിലേക്ക് നയിക്കും.

**4. ഊർജസ്വലത/അപകർഷത (Industry Vs Inferiority) (6 – 12 വയസ്സ്)**

മുതിർന്നവരുടെ ലോകത്തുനിന്നും കുട്ടികൾ സമപ്രായക്കാരുടെ ലോകത്തെത്തുന്നു എന്നതാണ് ഈ ഘട്ടത്തിന്റെ പ്രധാന പ്രത്യേകത. ഈ ഘട്ടത്തിൽ വച്ചാണ് 'സ്കൂൾ', കുട്ടിയുടെ ജീവിതത്തിൽ പ്രാധാന്യത്തോടെ എത്തിച്ചേരുന്നത്. മറ്റുള്ളവരുമായി കൂട്ടുകൂടാനും സഹകരണമനോഭാവത്തോടെ പ്രവർത്തിക്കാനും അവരുടെ അംഗീകാരം നേടിയെടുക്കാനും കഴിയണം. ഇതിലൊക്കെ പരാജയപ്പെടുമ്പോൾ ഉണ്ടാവുന്ന മാനസിക ഭാവമാണ് അപകർഷത. ഒന്നുകിൽ ഉണർവ്വും ആത്മവിശ്വാസവും പ്രതീക്ഷകളും അല്ലെങ്കിൽ അപകർഷതബോധം എന്നിവ രൂപപ്പെടുത്തുന്നതിൽ വിദ്യാലയാന്തരീക്ഷത്തിനും അനുഭവങ്ങൾക്കും വളരെ നിർണ്ണായകമായ സ്ഥാനമാണുള്ളത്.

**5. സ്വാവബോധം/റോൾസംശയങ്ങൾ (Identity Vs Role Confusion) (കൗമാരകാലം 12 – 18 വയസ്സ്)**

കൗമാരകാലത്തെ അസ്തിത്വ പ്രതിസന്ധിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളാണ് എറിക്സന്റെ സിദ്ധാന്തത്തിൽ ഏറ്റവും പ്രസിദ്ധമായിട്ടുള്ളത്. ശാരീരികമായി ഒരുപാട് മാറ്റങ്ങൾ വന്നുതുടങ്ങുകയും ലൈംഗികമായ പക്വതയുണ്ടായി വരികയും ബുദ്ധിപരമായ വികാസം സാദ്ധ്യമാവുകയും ചെയ്യുന്നതോടെ കുട്ടിക്കാലത്തോട് വിടപറയേണ്ടിവരുകയും ഒരാൾ എന്നാൽ മുതിർന്നവരുടെ ലോകത്ത് എത്താതിരിക്കുകയും ചെയ്യുന്ന വ്യക്തി അനുഭവിക്കേണ്ടിവരുന്ന സംശയങ്ങളും പ്രശ്നങ്ങളുമാണ് കൗമാരകാലത്തെ പ്രധാനമാക്കുന്നത്.

സ്വന്തം ജീവിതത്തിന് ഒരർത്ഥം സൃഷ്ടിക്കാനും തന്റെ റോളെന്താണ് എന്ന് തിരിച്ചറിയാനും സാധിക്കലാണ് ഈ പ്രായത്തിൽ വേണ്ടത്. ഇതിനുകഴിയാതെ വരുമ്പോൾ ജീവിതം അർഥശൂന്യമായി അനുഭവപ്പെടുകയും തന്നെക്കുറിച്ചും ലോകത്തെക്കുറിച്ചുമുള്ള സംശയങ്ങൾ വ്യക്തിത്വത്തെ ഭരിക്കാൻ തുടങ്ങുകയും ചെയ്യുന്നു.

**6. ആഴത്തിലുള്ള അടുപ്പം/ഒറ്റപ്പെടൽ (Intimacy Vs Isolation) യൗവനം (18 – 35 വയസ്സ്)**

കൗമാരത്തിലുണ്ടായി വന്നിട്ടുള്ള സ്വാവബോധത്തെ മറ്റുള്ളവരുടേതുമായി ലയിപ്പിക്കാനുള്ള വെമ്പലാണ് യൗവനത്തിലെത്തുന്ന ഒരാളുടെ മാനസികഭാവം. സ്നേഹത്തിന്റെ സ്വകാര്യതയിലും, ലൈംഗികമായ കൂടിച്ചേരലുകളിലും, ഉറ്റസൗഹൃദങ്ങളിലും, ഹൃദയപൂർവ്വമായ അനുഭവങ്ങളിലും മാത്രമേ സ്വയം വെളിപ്പെടുത്താവൂ എന്നതാണ് ഈ ഘട്ടത്തിന്റെ പ്രത്യേകത. പക്വമായ സ്വത്വബോധം ഉണ്ടായി വന്നിട്ടുള്ളവർക്കു മാത്രമേ തന്റെ ശക്തിയും ദൗർബല്യങ്ങളും മറ്റൊരാൾക്കു മുന്നിൽ തുറന്നു കാട്ടാനും മറയില്ലാതെ അടുക്കാനും കഴിയുകയുള്ളൂ. അല്ലാത്തവരാകട്ടെ, സ്വയം നഷ്ടപ്പെടുന്ന സാഹചര്യങ്ങളെ ഭയക്കുകയും ഏകാന്തമായ പാതകൾ സ്വീകരിക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്യും.

**7. സൃഷ്ടി/മുരടിപ്പ് (Generativity Vs Stagnation) (മധ്യവയസ്സ് 35 – 60 വയസ്സ്)**

വ്യക്തി തന്റെ അനുഭവങ്ങളുടേയും മാനസികാവസ്ഥയുടേയും ഫലമായി ഒരു സ്വാവബോധം വളർത്തി യെടുക്കുന്നതോടെ കുട്ടിക്കാലവും കൗമാരവും അവസാനിച്ച് പക്വതയുടെ തലത്തിലെത്തിച്ചേരുന്നു. മദ്ധ്യവയസ്സിലാകട്ടെ തന്റെ കാര്യങ്ങളെക്കാൾ കൂടുതൽ ഒരാൾ പ്രാധാന്യം കൊടുക്കുന്നത് പുതിയ തലമുറയെ സൃഷ്ടിക്കുകയും വളർത്തിക്കൊണ്ടുവരുകയും പഠിപ്പിക്കുകയും ചെയ്യുന്നതിനാണ്. തന്റെ അറിവ് പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കുക, പുതിയ അറിവ് സൃഷ്ടിക്കൽ, സർഗ്ഗാത്മകതയുടെ പുതിയ മേഖലകളിൽ വ്യാപരിക്കൽ, കാര്യക്ഷമവും പക്വവുമായ രീതിയിൽ തൊഴിൽ ചെയ്യൽ എന്നിവ യൊക്കെ ഈ ഘട്ടത്തിന്റെ ആരോഗ്യത്തെ സൂചിപ്പിക്കുന്നു. ഇത് സാധ്യമായില്ലെങ്കിൽ ജീവിതത്തിൽ മുരടിപ്പ് അനുഭവപ്പെടാം.

**8. മനസ്സന്തുലനം/തളർച്ച (Ego integrity Vs Despair) (വാർധക്യം 60 വയസ്സിനുശേഷം)**

കുട്ടിക്കാലത്ത് മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യുക, കൗമാരകാലത്ത് ജീവിതത്തിന് അർഥപൂർണ്ണമായ ദിശകൾ ഉണ്ടായി വരിക, മറക്കാനാവാത്ത ആത്മബന്ധങ്ങളിൽ യൗവനത്തിന്റെ അത്യപൂർവ്വമായ ഒരു പച്ചപ്പ് ലഭിക്കുക, ലോകത്തിന്റെ നിലനിൽ പ്പിന് തന്നെക്കൊണ്ടാവും വിധം സംഭാവനകൾ നൽകുകയും പുതുതലമുറയെ വാർത്തെടുക്കുന്നതിൽ സാഫല്യം കണ്ടെത്തുകയും ചെയ്യുന്ന ഒരു മധ്യവയസ്സുകാലം ഉണ്ടാവുക തുടങ്ങിയ അനുഭവങ്ങളിലൂടെ കടന്നുപോയ ഒരാൾ വാർധക്യത്തിലെത്തുമ്പോൾ ഏറ്റവും പക്വവും ശാന്തവും അർത്ഥപൂർണ്ണവുമായ മാനസികാവസ്ഥയിലെത്തുന്നു. അതുവരെയുള്ള സന്ദേഹങ്ങൾ ഒഴിഞ്ഞുമാറുകയും ലോകത്തിനും ജീവിതത്തിനുമൊക്കെ പുതിയ ചില അർഥതലങ്ങൾ ഉണ്ടായിവരികയും ചെയ്യും. ഇല്ലെങ്കിൽ എന്തെല്ലാം സംഭവിക്കും? സ്വയം വിശകലനം ചെയ്യൂ.

☞

**പ്രവർത്തനം**

1. പിയാഷെയുടെ വൈജ്ഞാനിക വികാസ ഘട്ടങ്ങളുമായി (Stages of Cognitive development) എറിക്സന്റെ ആദ്യത്തെ അഞ്ച് സാമൂഹ്യവികാസഘട്ടങ്ങളെ താരതമ്യം ചെയ്യൂ. കുറിപ്പ് തയ്യാറാക്കൂ.
2. സാമൂഹിക വികാസത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

   അവ എങ്ങനെ സ്വാധീനിക്കുന്നു.? ചർച്ച ചെയ്യൂ.

   അതിന്റെ അടിസ്ഥാനത്തിൽ കുടുംബം, വിദ്യാലയം, സമൂഹം എന്നിവ സാമൂഹിക വികാസത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന വിഷയത്തിൽ പവർ പോയിന്റ് പ്രസന്റേഷൻ തയാറാക്കുക. (ഗ്രൂപ്പിൽ).

## സാമൂഹിക വികാസത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

*'രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന ജിനു പഠനകാര്യങ്ങളിൽ മിടുക്കനാണ് എന്നാൽ അവൻ സംഘ പ്രവർത്തനങ്ങളിലും, കൂട്ടുകാരുമായി ചേർന്ന് കളിക്കുന്നതിലും, ഭക്ഷണം പങ്ക് വയ്ക്കുന്നതിലും തീരെ താല്പര്യം കാണിക്കുന്നില്ല.*

സാമൂഹിക വികാസത്തെ സംബന്ധിച്ച് നിങ്ങൾ ഗ്രഹിച്ച ആശയങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവനയെ വിശകലനം ചെയ്തു നോക്കൂ.

സാമൂഹിക വികാസത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം? ലിസ്റ്റ് ചെയ്യൂ.

- 
- 
- 

ഇവയിൽ പ്രധാനപ്പെട്ട ഘടകങ്ങളായ കുടുംബം, വിദ്യാലയം, സമൂഹം, സമസംഘങ്ങൾ എന്നിവ സാമൂഹിക വികാസത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് പരിശോധിക്കാം.

### കുടുംബം

സമൂഹത്തിന്റെ അടിസ്ഥാന ഘടകമായാണ് പല സാമൂഹ്യശാസ്ത്രജ്ഞൻമാരും കുടുംബത്തെ കണക്കാക്കുന്നത്. കുടുംബത്തിന് കുട്ടിയുടെ സാമൂഹിക വികാസത്തിൽ അനേകം ധർമങ്ങൾ നിർവ്വഹിക്കുവാനുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് സുരക്ഷിതത്വബോധം ഉറപ്പാക്കൽ, അവകാശങ്ങൾ സംരക്ഷിക്കൽ, നല്ല ശീലങ്ങൾ വികസിപ്പിക്കാനും പരസ്പരബന്ധം വളർത്തുവാനുള്ള അവസരങ്ങൾ ഒരുക്കൽ തുടങ്ങിയവ. കുടുംബാംഗങ്ങൾ തമ്മിലുള്ള മികച്ച പരസ്പരബന്ധം കുട്ടികളുടെ മാനസികാരോഗ്യം വളർത്തുന്നതിനും ഒരു നല്ല സാമൂഹ്യ ജീവിയായി വികസിക്കുന്നതിനും സഹായിക്കുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള അസ്വാരസ്യം പോലും കുട്ടികളിൽ അപകർഷത ബോധവും ആത്മവിശ്വാസക്കുറവും സൃഷ്ടിക്കുകയും സാമൂഹികവികാസത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും.

### വിദ്യാലയം

സമൂഹത്തിന്റെ ഒരു ഉത്തമപരിഛേദമാണ് വിദ്യാലയം. സാമൂഹിക വികാസത്തിന് സഹായിക്കുന്ന ധാരാളം അവസരങ്ങൾ ക്ലാസ്സ്മുറിക്ക് അകത്തും പുറത്തും വിദ്യാലയം പ്രദാനം ചെയ്യുന്നു. സ്കൂൾ അസംബ്ളി, പാർലമെന്റ് പ്രവർത്തനങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ, ക്ലാസ്റൂം സംഘ പ്രവർത്തനങ്ങൾ തുടങ്ങിയവ അതിൽ ചിലത് മാത്രമാണ്. വ്യത്യസ്ത സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക പശ്ചാത്തലങ്ങളിൽ നിന്നും വരുന്ന വ്യത്യസ്ത പ്രായക്കാരായ കുട്ടികളുമായി ഇടപെടുന്നതിനും അതുവഴി സ്വാഭാവികമായ സാമൂഹിക വികാസത്തിനുമുള്ള അവസരം വിദ്യാലയത്തിൽ നിന്നും ലഭിക്കുന്നു.

നേതൃത്വ ഗുണം, സംഘ ബോധം, സഹകരണ മനോഭാവം, ജനാധിപത്യ മൂല്യങ്ങൾ തുടങ്ങിയവ വികസിക്കുന്നതിനും പുഷ്ടിപ്പെടുന്നതിനും വിദ്യാലയത്തിൽ നിന്നും ലഭിക്കുന്ന അനുഭവങ്ങൾ സഹായിക്കുന്നു. അധ്യാപകൻ ഒരു സഹരക്ഷകർത്താവ് എന്ന നിലയിലേക്ക് ഉയരുന്നതോടെ സാമൂഹിക വികാസം കൂടുതൽ മികച്ചരീതിയിൽ നടക്കുന്നു.

### സമ സംഘങ്ങൾ (Peer Groups)

ബാല്യത്തിൽ ഒറ്റയ്ക്കുള്ള കളികളിൽ ഏർപ്പെടാൻ ഇഷ്ടപ്പെടുന്ന കുട്ടികൾ ക്രമേണ കൂട്ടുകാരുമായി ചേർന്ന് കളിക്കാനും പ്രവർത്തിക്കാനും താൽപര്യം കാണിക്കുന്നു. കൗമാരപ്രായം ആകുന്നതോടു

കൂടി സമസംഘങ്ങളുടെ സ്വാധീനം കൂടുതൽ ശക്തമാകുന്നു. സഹകരണ മനോഭാവം, പരസ്പര ധാരണ, പരസ്പര വിശ്വാസം, ആശയവിനിമയശേഷി സഹവർത്തിത്വം, യുക്തിസമർത്ഥനം തുടങ്ങിയവ വികസിക്കുന്നതിന് ആരോഗ്യകരമായ സമ സംഘ പ്രവർത്തനങ്ങൾ സഹായിക്കുന്നു.

**സമൂഹം**

കുടുംബം, വിദ്യാലയം, സമ സംഘം എന്നീ ഘടകങ്ങളിലൂടെ ആർജ്ജിച്ച സാമൂഹ്യ നൈപുണികൾ പരിപോഷിപ്പിക്കുന്നതിനുള്ള അവസരം സമൂഹത്തിൽ നിന്നും ലഭിക്കുന്നു. സമൂഹവുമായുള്ള ഇടപെടലുകളിലൂടെ തന്റെ സാമൂഹ്യശേഷികളിൽ ആവശ്യമായ തിരുത്തലുകളും മെച്ചപ്പെടുത്തലുകളും നടത്തുവാൻ അവസരം ലഭിക്കുന്നു.

**സാന്മാർഗിക വികാസം (Moral Development)**

താഴെ നൽകിയിരിക്കുന്ന കഥ വായിച്ച് അതിലെ ഓരോ രംഗത്തിനും അവസാനം നൽകിയിരിക്കുന്ന ചോദ്യങ്ങളോടുള്ള നിങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുക.

**രംഗം 1**

ഹെയിൻസ് എന്നു പേരുള്ള ഒരാളുടെ ഭാര്യ, മാരകമായ ക്യാൻസർ രോഗം ബാധിച്ച് മരണാസന്നയായി കിടക്കുകയാണ്. ഈ രോഗത്തിൽ നിന്നും സുഖം പ്രാപിക്കാനുള്ള ഒരു മരുന്ന് ഒരു യുവ ഡോക്ടർ കണ്ടെത്തിയിരിക്കുന്നു. ഏകദേശം 200 ഡോളറിന്റെ റേഡിയം ഉപയോഗിച്ച് നിർമ്മിച്ച അപൂർവ്വമായ ഈ മരുന്നിന് വളരെ വലിയ തുകയാണ് (4000 ഡോളർ) ഡോക്ടർ ചോദിക്കുന്നത്. ഇത്രയും വലിയ തുക അദ്ദേഹത്തിന് കണ്ടെത്താൻ കഴിഞ്ഞില്ല. ഹെയിൻസ് തന്റെ ഭാര്യയെ രക്ഷിക്കാനായി പലരോടും പണം ചോദിച്ചുവെങ്കിലും ആവശ്യമായ തുക സ്വരൂപിക്കാനായില്ല. മരുന്നിന്റെ വില കുറച്ചു തരാനുള്ള ഹെയിൻസിന്റെ അപേക്ഷ ഡോക്ടർ അംഗീകരിച്ചതുമില്ല. ഈ ഘട്ടത്തിൽ ഹെയിൻസ് മരുന്ന് മോഷ്ടിക്കാൻ തീരുമാനിക്കുന്നു.

**ചോദ്യം :** ഡോക്ടറുടെ പരീക്ഷണശാലയിൽ കടന്ന് ഹെയിൻസിന് ആ മരുന്ന് മോഷ്ടിക്കാമോ? മോഷ്ടിക്കാമെങ്കിൽ എന്തുകൊണ്ട്? പാടില്ലെങ്കിൽ എന്തുകൊണ്ട്?

**രംഗം 2**

ഹെയിൻസ് പരീക്ഷണശാലയിൽ കടന്ന് ആ മരുന്ന് മോഷ്ടിച്ചു. മരുന്ന് മോഷ്ടിക്കപ്പെട്ട വിവരം അടുത്ത ദിവസം തന്നെ പത്രങ്ങളിൽ വരികയും ചെയ്തു. ഹെയിൻസിന്റെ സുഹൃത്തായ ബ്രൗൺ എന്ന പോലീസ് ഓഫീസർ തലേ ദിവസം ഡോക്ടറുടെ പരീക്ഷണശാലയ്ക്കു സമീപം സംശയാസ്പദമായ സാഹചര്യത്തിൽ ഹെയിൻസിനെ കണ്ടിരുന്നു. അന്നു രാത്രി വളരെ വൈകി പരീക്ഷണശാലയിൽ നിന്നും ഒരാൾ പുറത്തേക്കോടുന്നതും ബ്രൗൺ കണ്ടിരുന്നു.

**ചോദ്യം :** ബ്രൗൺ താൻ കണ്ട കാര്യങ്ങൾ ഉന്നതാധികാരികൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട്? വേണ്ട എങ്കിൽ എന്തുകൊണ്ട്?

**രംഗം 3**

ബ്രൗൺ അന്നു കണ്ട കാര്യങ്ങൾ ഉന്നതാധികാരികൾക്ക് റിപ്പോർട്ട് ചെയ്യുന്നു. ഹെയിൻസ് പിടിക്കപ്പെടുകയും കോടതിയിൽ ഹാജരാക്കപ്പെടുകയും ചെയ്തു. കുറ്റം തെളിഞ്ഞാൽ 2 വർഷത്തെ തടവുശിക്ഷ അനുഭവിക്കേണ്ടിവരും. ഹെയിൻസ് കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തി.

**ചോദ്യം :** ന്യായാധിപൻ ഹെയിൻസിനെ തടവുശിക്ഷയ്ക്കു വിധിക്കേണ്ടതുണ്ടോ? വേണ മെങ്കിൽ എന്തുകൊണ്ട്? വേണ്ടെങ്കിൽ എന്തുകൊണ്ട്?

മുകളിലെ സാങ്കൽപിക കഥ **'ഹെയിൻസ് ഡിലെമ്മ' (Heinz Dilemma)** എന്ന പേരിൽ അറിയപ്പെടുന്നു. ഇതിനെ അടിസ്ഥാനമാക്കിയാണ് ലോറൻസ് കോൾബർഗ് (Lawrence Kohlberg) നൈതിക വികാസം സംബന്ധിച്ച തന്റെ ആശയങ്ങൾ ചിട്ടപ്പെടുത്തിയത്. The Philosophy of Moral Development (1981), The Psychology of Moral Development (1983) എന്നീ കൃതികളിലൂടെയാണ് അദ്ദേഹം തന്റെ കണ്ടെത്തലുകൾ പങ്കുവച്ചത്.


Lawrence Kohlberg
(1927-1987)

അമേരിക്കൻ മനഃശാസ്ത്രജ്ഞൻ. ചിക്കാഗോ സർവ്വകലാശാല, ഹാർവാർഡ് ഗ്രാജ്വേറ്റ് സ്കൂൾ ഓഫ് എഡ്യൂക്കേഷൻ എന്നിവിടങ്ങളിൽ സാമൂഹ്യ മനഃശാസ്ത്രത്തിൽ പ്രൊഫസറായി സേവനമനുഷ്ഠിച്ചു. പ്രധാനകൃതികൾ: The Philosophy of Moral Development (1981), The Psychology of Moral Development (1984).

സാന്മാർഗിക വികാസത്തെ കോൾബർഗ് മൂന്ന് ഘട്ടങ്ങളായി വിഭജിക്കുന്നു. അവ ഓരോന്നിനെയും രണ്ടായി വീണ്ടും തരം തിരിക്കുന്നുണ്ട്. ഇത്തരത്തിൽ ആകെ 6 തലങ്ങളാണ് കോൾബർഗ് നിർദ്ദേശിക്കുന്നത്.

**Stages of Moral Development**




ഇവ ഓരോന്നും നമുക്ക് പരിശോധിക്കാം.

**ഘട്ടം 1**

**പൂർവ യാഥാസ്ഥിതിക സദാചാരഘട്ടം (Pre-Conventional Morality Stage):**

സമൂഹവുമായി ഇടപെട്ടുകൊണ്ട് സന്മാർഗത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് രൂപീകരിക്കു ന്നതിന് മുമ്പുള്ള ഘട്ടമാണിത്. ഈ ഘട്ടത്തിൽ കീഴ്‌വഴക്കങ്ങളും ആചാര മര്യാദകളും മാമൂലുകളും ഒന്നും തന്നെ കുട്ടിക്ക് പ്രശ്നമല്ല. കുട്ടിയുടെ ചിന്തകളെല്ലാം അഹം കേന്ദ്രീകൃതമാണ് (Self centred). ഭൗതിക സുഖത്തിൽ കവിഞ്ഞ ഒരാഗ്രഹവും കുട്ടിക്കില്ല. ഈ ഘട്ടത്തിന് രണ്ടു തലങ്ങളുണ്ട്.

**തലം 1 : ശിക്ഷയും അനുസരണയും (Punishment and Obedience Orientation)**

ഈ ഘട്ടത്തിൽ വ്യവഹാരങ്ങളെ നിയന്ത്രിക്കുന്നത് നിയമങ്ങളും ചട്ടങ്ങളുമാണ്. നിയമം അനുസരിക്കുന്നത് ശിക്ഷ ഒഴിവാക്കാനാണ്. ശിക്ഷ ലഭിക്കുന്ന പ്രവൃത്തികൾ തെറ്റും അധർമ്മവുമായി കരുതുന്നു. ശിക്ഷ ഒഴിവാക്കാൻവേണ്ടിയുള്ള അനുസരണ എന്നതിൽ കവിഞ്ഞ മൂല്യബോധമൊന്നുമില്ല. വേദന വരുത്തിവയ്ക്കുന്ന പ്രവൃത്തികളെ തെറ്റായും സുഖമുണ്ടാക്കുന്നതെല്ലാം ശരിയായും കരുതുന്നു.

ഉദാഹരണമായി കൂട്ടുകാരന്റെ കളിപ്പാട്ടം കുട്ടിക്കിഷ്ടമാണ്. പക്ഷെ അത് തട്ടിപ്പറിക്കുന്നതു തെറ്റല്ല. എന്നാൽ ആ സമയത്ത് രക്ഷിതാവിന്റെ അടിയോ ശകാരമോ കിട്ടിയാൽ ദു:ഖമുണ്ടാകുന്നു. അതോടെ 'ശരി' - 'തെറ്റ്' സങ്കൽപ്പങ്ങളും മാറുന്നു. കുട്ടി ശരിയെന്ന് കരുതിയത് തെറ്റായി. ശിക്ഷയെ ഭയന്ന് രക്ഷിതാവിന്റെ സാന്നിധ്യത്തിൽ അതിന്റെ ആവർത്തനം കുട്ടി ഒഴിവാക്കുന്നു. ഇങ്ങനെ ശിക്ഷ നൽകി അനുസരണ ശീലം വളർത്തുന്ന ഘട്ടമാണ് ദണ്ഡനാനുസരണ ഘട്ടം.

**ഹെയിൻസ് കഥയുടെ അവതരണത്തിനുശേഷമുള്ള ചില പ്രതികരണങ്ങൾ ശ്രദ്ധിക്കൂ.**

- ഹെയിൻസ് മരുന്ന് മോഷ്ടിക്കരുത്. കാരണം മോഷ്ടിച്ചാൽ പിടിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യും.
- ഹെയിൻസ് മരുന്ന് മോഷ്ടിക്കണം. മോഷ്ടിച്ചില്ലെങ്കിൽ അദ്ദേഹത്തിന്റെ ഭാര്യ ശകാരിക്കും. ഇവിടെ മോഷ്ടിക്കണം, മോഷ്ടിക്കരുത് എന്നിങ്ങനെയുള്ള പ്രതികരണങ്ങൾ വന്നത് ശിക്ഷയോ ശകാരമോ ഒഴിവാക്കാനാണ്. ഇത്തരത്തിൽ ശിക്ഷയോ ശകാരമോ ഒഴിവാക്കാൻ വേണ്ടി മാത്രം സൻമാർഗവും നിയമവും പാലിക്കുന്നവരെ ഒന്നാമത്തെ തലത്തിലാണ് ഉൾപ്പെടുത്തുന്നത്.

**തലം 2 : പ്രായോഗികമായ ആപേക്ഷികത്വം (Instrumental - Relativist Orientation )**

ഈ ഘട്ടത്തിൽ ന്യായാന്യായങ്ങൾ വേർതിരിച്ചറിയാൻ കുട്ടിക്ക് കഴിയുന്നില്ല. ഒരു കൊടുക്കൽ വാങ്ങൽ മനോഭാവം അവലംബിക്കുന്നു **'എനിക്ക് നീ ഒരു പെൻസിൽ തന്നാൽ ഞാൻ ഒരു മിഠായി തരാം'** എന്ന രീതിയിൽ സദാചാരബോധം പ്രകടിപ്പിക്കുന്നു. ഒരു തരം ബോധിപ്പിക്കൽ (make belief) മനോഭാവം ഇതോടൊപ്പം വളരുന്നു. വീട്ടുകാരെ ബോധിപ്പിക്കാൻ വായിക്കുക, അധ്യാപകരെ ബോധിപ്പിക്കാൻ ഗൃഹപാഠം ചെയ്യുക ഇവയെല്ലാം ഈ ഘട്ടത്തിലെ സവിശേഷതകളാണ്.

തന്റെ താല്പര്യസംരക്ഷണത്തിനുവേണ്ടി ഓരോരുത്തർക്കും നിയമം അനുസരിക്കുകയോ ലംഘിക്കുകയോ ആവാമെന്ന രീതിയിലാണ് ഈ ഘട്ടത്തിലുള്ളവർ പ്രതികരിക്കുന്നത്. തന്റെ ആവശ്യങ്ങൾക്കുതകുന്നതൊക്കെ ശരി അല്ലെങ്കിൽ മറ്റൊരാൾക്ക് തൃപ്തി നൽകുന്നതൊക്കെ ശരി എന്ന ചിന്താഗതിയോടെയാണ് ഇവർ മനുഷ്യബന്ധങ്ങളെ നോക്കികാണുന്നത്. മറ്റുള്ളവരെ സന്തോഷിപ്പിക്കുകയും അവരുടെ അംഗീകാരവും പ്രോത്സാഹനവും ലഭിക്കുകയും ചെയ്യുന്ന പ്രവൃത്തികൾ ശരിയാണെന്ന് ഇവർ കരുതുന്നു. ഈ ഘട്ടത്തിൽ ന്യായവും നീതിയും ആപേക്ഷികമാണെന്ന് കണ്ടു തുടങ്ങുന്നു.

- **ഹെയിൻസ് കഥയിലെ ചില പ്രതികരണങ്ങൾ വിശകലനം ചെയ്യാം.**
  - ഹെയിൻസ് മരുന്നു മോഷ്ടിക്കട്ടെ ; ഭാര്യയ്ക്ക് അസുഖം മാറിയാൽ അദ്ദേഹത്തിന് ഭക്ഷണം നൽകാൻ ഒരാളുണ്ടാകുമല്ലോ.
  - ഡോക്ടർ ഒരുപാട് കഷ്ടപ്പെട്ടും വർഷങ്ങളോളം അദ്ധ്വാനിച്ചുമാണ് ആ മരുന്ന് കണ്ടെത്തിയത് അതിനാൽ അത് മോഷ്ടിക്കുന്നത് ശരിയല്ല.

  ഇവിടെ സ്വന്തം താല്പര്യത്തിനനുസരിച്ചോ ഡോക്ടറുടെ താല്പര്യത്തിനനുസരിച്ചോ സാൻമാർഗിക വിചാരം നടത്തുന്നതിനാൽ ഇങ്ങനെ പ്രതികരിക്കുന്നവർ ഈ രണ്ടാമത്തെ തലത്തിൽ ഉൾപ്പെടുന്നു.

**ഘട്ടം – 2**

**യാഥാസ്ഥിതിക സദാചാരഘട്ടം (Conventional Morality Stage)**

സമൂഹവുമായി ഇടപെട്ടുകൊണ്ട് സൻമാർഗത്തെക്കുറിച്ച് ഏതാനും ധാരണകൾ നേടിയതിനുശേഷമുള്ള ഘട്ടമാണ് യാഥാസ്ഥിതിക സദാചാരഘട്ടം. സമൂഹത്തിലെ ആചാരങ്ങളും മാമൂലു

കളും പഠിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്ന ഘട്ടമാണിത്. മറ്റു വ്യക്തികളുടെ സ്വാധീനം, അനുശാസനം എന്നിവ മൂലം സ്വായത്തമാക്കിയ ആശയങ്ങൾ ഈ ഘട്ടത്തിൽ അവലംബിക്കുന്നു. മാതാപിതാക്കളുടെയും ഗുരുക്കൻമാരുടെയും പ്രവൃത്തികളാണ് സദ്പ്രവൃത്തികൾ എന്ന് കുട്ടികൾ ധരിക്കുന്നു. പിതൃഭക്തിയും ഗുരുഭക്തിയും പൗരബോധവുമെല്ലാം വേരുപിടിക്കുന്നത് ഈ ഘട്ടത്തിലാണ്. കുടുംബവും സമൂഹവും ഉണ്ടാക്കുന്ന നിയമങ്ങളോട് പ്രതിബദ്ധത ഉണ്ടാകുന്നതും ഇതേ ഘട്ടത്തിൽത്തന്നെയാണ്. ഇതിനും രണ്ടു തലങ്ങളുണ്ട്.

**തലം 3 : വ്യക്ത്യാന്തര സമവായം (InterpersonalConcordance Orientation-Good boy - Nice Girl Orientation)**

നാട്ടുകാരും വീട്ടുകാരുമൊക്കെ **'നല്ല കുട്ടി'** എന്നു പറയുന്നത് കേൾക്കാനാണ് ഈ തലത്തിലുള്ള കുട്ടിക്ക് ആഗ്രഹം. അതു കൊണ്ടു തന്നെ ഈ ഘട്ടം good boy – nice girl orientation എന്നും അറിയപ്പെടുന്നു. തന്നെക്കുറിച്ച് മറ്റുള്ളവർക്ക് നല്ല അഭിപ്രായമുണ്ടാകുന്ന തരത്തിലുള്ള പ്രവൃത്തികളാണ് ഈ ഘട്ടത്തിലുള്ളവർ അവലംബിക്കുന്നത്. ഈ തലത്തിൽ കുട്ടിയുടെ പ്രവൃത്തികൾക്ക് ദിശാബോധം ഉണ്ടാകുന്നു. കേവലം ബോധ്യപ്പെടുത്തലിനപ്പുറം പ്രവൃത്തികളിൽ ആത്മാർഥതയും അർപ്പണമനോഭാവവും ഉണ്ടാകുന്നു. **'നല്ല കുട്ടി'** എന്ന വിളി കേൾക്കാൻ കൊതിക്കുന്ന ഈ തലത്തിൽ ന്യായാന്യായങ്ങൾ തീരുമാനിക്കുന്നത് സ്വന്തം തീരുമാനപ്രകാരമായിരിക്കില്ല മറ്റുള്ളവർ പറഞ്ഞു കൊടുക്കുന്നതിന്റെ വെളിച്ചത്തിലാണ്, മറിച്ച് മറ്റുള്ളവർ തന്നെക്കുറിച്ച് എന്തു വിചാരിക്കും എന്ന ചിന്തയുടെ അടിസ്ഥാനത്തിലായിരിക്കും കുട്ടി സദാചാരപരമായ ശരിയും തെറ്റും തീരുമാനിക്കുന്നത്.

- **ഹെയിൻസ് ഡിലെമ്മയിലെ ചില പ്രതികരണങ്ങൾ ശ്രദ്ധിക്കൂ.**
  - ഹെയിൻസ് മരുന്ന് മോഷ്ടിക്കുന്നത് കണ്ട ബ്രൗൺ എന്ന പോലീസ് ഓഫീസർ അയാളുടെ മേലധികാരിയുടെ പ്രശംസ കിട്ടുന്നതിനുവേണ്ടിയാണ് വിവരം റിപ്പോർട്ട് ചെയ്തത്.
  - ഹെയിൻസ് മരുന്ന് മോഷ്ടിക്കട്ടെ. തൽക്കാലം കുറച്ചുദിവസം അദ്ദേഹം തടവിൽ കഴിഞ്ഞാലും **സ്നേഹമുള്ള ഭർത്താവ്** എന്നായിരിക്കും പിന്നീട് എല്ലാവരും അദ്ദേഹത്തെക്കുറിച്ച് പറയുക.
  - പോലീസ് ഓഫീസർ ബ്രൗൺ താൻ കണ്ട കാര്യങ്ങൾ റിപ്പോർട്ട് ചെയ്യരുത്. കാരണം സുഹൃത്ത് ഹെയിൻസിന് അതായിരിക്കും സന്തോഷകരം.
  - ന്യായാധിപൻ ഹെയിൻസിന് തടവുശിക്ഷ നൽകരുത്. കാരണം ഹെയിൻസ് മരുന്ന് മോഷ്ടിച്ചത് തന്റെ ഭാര്യയുടെ രോഗം സുഖപ്പെടുത്താം എന്ന സദുദ്ദേശ്യത്തോടുകൂടിയാണ്.

ഇത്തരത്തിൽ പ്രതികരിക്കുന്നവർ എല്ലാം തന്നെ മറ്റുള്ളവർ നല്ലത് പറയണം എന്ന ആഗ്രഹമുള്ളവരാണ്.

**തലം 4 : നിയമ സുസ്ഥിതി പാലനം (Law and Order Orientation)**

ക്രമസമാധാന പാലനത്തിൽ നന്മ കാണുന്ന കാലഘട്ടമാണിത്. ക്രമവും, ചിട്ടയും, അച്ചടക്കവു മാണ് സന്മാർഗത്തിന്റെ ആകെത്തുകയെന്നാണ് ഈ തലത്തിലുള്ള കുട്ടികൾ മനസ്സിലാക്കുന്നത്.

കടമകൾ നിറവേറ്റാതെ അവകാശങ്ങളിൽ മുറുകെപ്പിടിച്ചാൽ ക്രമസമാധാനം ഉണ്ടാവുകയില്ലല്ലോ. നിയമങ്ങൾ അനുസരിക്കുകയെന്നത് തന്റെ കടമയായി കുട്ടി കാണുന്നു. പക്ഷെ നിയമങ്ങളുടെ സാധുതയെ ചോദ്യം ചെയ്യാനുള്ള കഴിവ് ഉണ്ടാകുന്നത് അടുത്ത ഘട്ടത്തിൽ മാത്രമാണ്. ഈ ഘട്ടത്തിൽ അധികാരകേന്ദ്രം, സാമൂഹ്യ വ്യവസ്ഥ, നിയമങ്ങൾ എന്നിവയോട് വിധേയത്വവും അനുസരണയും പ്രകടമാവുന്നു. അതിന്റെ വെളിച്ചത്തിൽ സ്വന്തമായ തീരുമാനങ്ങളെടുക്കുന്നു. മറ്റുള്ളവരുടെ അഭിപ്രായത്തിന് കാത്തുനിൽക്കാതെ മനസ്സാക്ഷിക്കനുസൃതമായി പ്രവർത്തിക്കാൻ കഴിയുന്നു. നിയമങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു.

- **പ്രതികരണങ്ങൾ വിശകലനം ചെയ്യാം.**
  - ഭർത്താവ് എന്ന നിലയിൽ തന്റെ ഭാര്യയെ രക്ഷപ്പെടുത്താനുള്ള ബാധ്യത ഹെയിൻസിനുണ്ട്. എങ്കിലും മരുന്ന് മോഷ്ടിച്ചത് ശരിയായില്ല. അതിനാൽ നിയമം ലംഘിച്ചതിന് ശിക്ഷ സ്വീകരിക്കാൻ ഹെയിൻസ് തയാറാകണം.
  - ന്യായാധിപൻ ഹെയിൻസിനെ ജയിലിൽ അയയ്ക്കണം. മോഷണം നിയമലംഘനമാണ്. തന്റെ ഭാര്യ മരണാസന്നയായിരുന്നു എന്നത് നിയമം ലംഘിക്കാനുള്ള കാരണമല്ല. ഹെയിൻസ് ശിക്ഷിക്കപ്പെടാതിരുന്നാൽ മോഷണം സമൂഹത്തിൽ അംഗീകരിക്കപ്പെടുന്ന പ്രവർത്തനമായി മാറുകയും അത് അരാജകത്വത്തിനു വഴിതെളിക്കുകയും ചെയ്യും.

നിയമപരിപാലനത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള ഇത്തരം പ്രതികരണങ്ങളാണ് ഈ തലത്തിൽ ഉണ്ടാവുക.

### ഘട്ടം – 3

**യാഥാസ്ഥിതികാനന്തര സദാചാരഘട്ടം (Post Conventional Moralitiy Stage)**

സദാചാരമൂല്യങ്ങളെപ്പറ്റി ചിന്തിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന കാലഘട്ടമാണിത്. സദാചാരങ്ങളെയും തത്ത്വങ്ങളെയും നിയമങ്ങൾക്കതീതമായ സ്വതന്ത്ര കാഴ്ചപ്പാടിലൂടെയാണ് ഈ ഘട്ടത്തിലുള്ളവർ വിലയിരുത്തുന്നത്. അവനവന്റെ മനസാക്ഷിക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ മാത്രം ചെയ്യുക എന്ന ഒരു സാൻമാർഗിക ഘട്ടമാണിത്. ഇതിനും രണ്ട് ഉൾപ്പിരിവുകളുണ്ട്.

**തലം 5 : സാമൂഹികവ്യവസ്ഥാ പാലനം (Social Contract Orientation)**

യുക്തിബോധം ത്രസിച്ചു നിൽക്കുന്ന തലമാണിത്. സമൂഹത്തിനു പ്രയോജനപ്പെടുന്ന നിയമങ്ങളെ മാത്രം മാനിക്കുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ നിയമങ്ങളെയും ഏകപക്ഷീയമായി അംഗീകരിക്കുകയല്ല, മറിച്ച് അവയെ വ്യക്തിയുടെ അവകാശങ്ങളുമായും സമൂഹത്തിന്റെ നന്മകളുമായും തട്ടിച്ചുനോക്കി വിശകലനം ചെയ്യുകയും പ്രയോജനമില്ലാത്ത നിയമങ്ങളെ മാറ്റുന്നതിനുവേണ്ടി പരിശ്രമിക്കുകയുമാണ് ഈ തലത്തിലുള്ളവർ ചെയ്യുന്നത്.

- **ഹെയിൻസ് കഥയിലെ പ്രതികരണങ്ങൾ നോക്കാം**
  - ഹെയിൻസ് മരുന്നു മോഷ്ടിച്ചതിൽ അപാകതയൊന്നുമില്ല. നിയമം എന്തു പറഞ്ഞാലും ശരി, എല്ലാവർക്കും ജീവിക്കാനുള്ള അവകാശമുണ്ട്. ഹെയിൻസ് പിടിക്കപ്പെടുകയും കുറ്റം തെളിയുകയും ചെയ്താൽ മരണത്തിൽ നിന്നും തന്റെ ഭാര്യയെ രക്ഷപ്പെടുത്താൻ വേണ്ടിയാണ് അയാളിത് ചെയ്തത് എന്ന കാരണത്താൽ ശിക്ഷയിൽ ഇളവു നൽകണം.
  - ഡോക്ടറുടെ തീരുമാനം കടുത്തതായിരുന്നു. എങ്കിലും അദ്ദേഹത്തിന് താൻ നടത്തിയ കണ്ടുപിടിത്തത്തിന് അർഹമായ പ്രതിഫലം കിട്ടണം. അതിനാൽ ഹെയിൻസ് മരുന്ന് മോഷ്ടിച്ചത് ശരിയായില്ല.

ഈ രീതിയിൽ ഹെയിൻസിന്റെയും ഡോക്ടറുടെയും അവകാശങ്ങൾക്ക് മറ്റു നിയമങ്ങളെക്കാൾ പരിഗണന നൽകി പ്രതികരിക്കുന്നവർ ഈ തലത്തിലായിരിക്കും.

**തലം 6 : സാർവത്രിക സദാചാര പാലന തത്വം (Universal Ethical Principle Orientation)**

മനസ്സാക്ഷിയുടെ സ്വാധീനം എല്ലാ പ്രവൃത്തികളിലും തെളിഞ്ഞു നിൽക്കുന്ന തലമാണിത്. നീതിക്കും യുക്തിക്കും നിരക്കുന്ന വിധത്തിൽ സദാചാരത്തെ നിർവ്വഹിക്കാൻ കഴിയുന്നു. സാൻമാർഗികവികാസത്തിന്റെ ഏറ്റവും ഉയർന്ന ഈ തലത്തിൽ **'വസുധൈവകുടുംബകം'** (ലോകം ഒരു കുടുംബമാണ്) എന്ന തത്ത്വം ഉൾക്കൊള്ളാനുള്ള ഹൃദയനൈർമ്മല്യവും വിശാലതയും വളർന്നു വികസിക്കുന്നു. സ്വന്തമായ മൂല്യരൂപീകരണം നടത്തുന്നു. ന്യായം, നീതി, സമത്വം തുടങ്ങിയ

തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ നൈതികബോധം വികസിക്കുകയും നിലനിൽക്കുന്ന സാമൂഹ്യ വ്യവസ്ഥയേയും നിയമങ്ങളേയും അതിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും ചെയ്യുന്നു. ഗാന്ധിജിയും മറ്റും ഇങ്ങനെ തങ്ങളുടെ മന:സാക്ഷിക്കിണങ്ങുന്ന പുതിയൊരു സാമൂഹ്യസൃഷ്ടിക്കായി പ്രയത്നിച്ചവരാണ്. ഏതൊരു സവിശേഷസംഭവത്തെയും സൂക്ഷ്മമായി വിശകലനം ചെയ്യാനും സാമൂഹികവ്യവസ്ഥയെ നീതിബോധത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്താനും പര്യാപ്തമായ ഈ തലത്തിൽ എത്തുന്നതിന് കുട്ടികൾക്ക് അവസരം നൽകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളും ചർച്ചകളും ക്ലാസ്മുറിയിലും സ്കൂളിലും ഉണ്ടാകേണ്ടതുണ്ട്.

- **ഹെയിൻസ് കഥയിലെ ചില പ്രതികരണങ്ങളിലേക്ക്**
  - ഹെയിൻസ് മരുന്ന് മോഷ്ടിച്ചതിൽ തെറ്റില്ല. കാരണം തന്റെ ഭാര്യയെ രക്ഷപ്പെടുത്തണം. വസ്തുവകകൾ സംരക്ഷിക്കുന്നതിനേക്കാൾ ധാർമ്മികമായ ബാധ്യത മനുഷ്യജീവൻ രക്ഷപ്പെടുത്തുന്നതിനാണ്.

ഇത്തരം യുക്തിയോടെ പ്രതികരിക്കുന്നവർ ഈ തലത്തിലായിരിക്കും.

ഇതുവരെ പറഞ്ഞ വസ്തുതകൾ പട്ടികപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കൂ.

**കോൾബർഗിന്റെ നൈതിക വികാസഘട്ടങ്ങളും സവിശേഷതകളും**

| ഘട്ടം | തലം | സവിശേഷതകൾ |
|---|---|---|
| 1. പൂർവ്വ യാഥാസ്ഥിതിക സദാചാരഘട്ടം (Pre conventional morality stage) | 1. ശിക്ഷണവും അനുസരണയും (Punishment and obedience) | • ശിക്ഷയിൽ നിന്ന് രക്ഷപെടാനുദ്ദേശിച്ച് മാത്രം അനുസരിക്കുന്നു.<br>• ശാരീരികമായ അനന്തരഫലങ്ങളെക്കുറിച്ച് മാത്രം ചിന്തിക്കുന്നു.<br>• ശിക്ഷ ഒഴിവാക്കാൻ അധികാരികളെ അനുസരിക്കുന്നു. |
| | 2. പ്രായോഗികമായ ആപേക്ഷികത്വം (Instrumental relativistic orientation) | • ആവശ്യങ്ങൾ തൃപ്തിപെടുത്താനുള്ള ആയോജന ഘട്ടം.<br>• ഭാവിയിലെ ആനുകൂല്യങ്ങൾക്കായി നന്നായി പെരുമാറുന്നു.<br>• ചട്ടങ്ങൾ പാലിക്കുന്നത് തൽസമയ താൽപര്യം മുൻനിർത്തിയാണ്.<br>• നീതിനിഷ്ഠതാ പാരസ്പര്യം (reciproctiy), തുല്യമായി പങ്കിടൽ എന്നിവയുടെ കേവല രൂപങ്ങൾ പ്രകടമാണ്. |
| 2. യാഥാസ്ഥിതിക സദാചാര ഘട്ടം (Conventional morality stage) | 3. 'വ്യക്ത്യാന്തര സമവായം (Interpersonal Concordance Orientation-Good boy - Nice Girl orientation) | • മറ്റുള്ളവരുടെ പ്രതീക്ഷയ്ക്കനുസരിച്ച് ജീവിക്കുന്നു.<br>• മറ്റുള്ളവരുടെ ആശയങ്ങൾ സ്വാധീനിക്കുന്നു.<br>• സംഘമാനദണ്ഡങ്ങളോട് ആയോജനം പുലർത്തുന്നു. |
| | 4. നിയമ സുസ്ഥിതി പാലനം (Social maintenance or Law and Order orientation) | • സാമൂഹിക ചിട്ടകൾക്കുവേണ്ടി നിയമങ്ങൾ പാലിക്കുന്നു.<br>• സാമൂഹിക നിയമങ്ങളോട് ആയോജനം (Adjustment) പുലർത്തുന്നു. |

| | | |
|---|---|---|
| 3. യാഥാസ്ഥിതി കാനന്തര സദാചാര ഘട്ടം (Post conventional morality stage) | 5. സാമൂഹിക വ്യവസ്ഥാ പാലനം (Social contract orientation) | • സമൂഹത്തിന്റെ നിയമങ്ങൾ മനുഷ്യനന്മയ്ക്കായിരിക്കുമെന്ന വിശ്വാസം,<br>• ജനായത്ത രീതിയിൽ അംഗീകരിക്കപ്പെട്ട നിയമങ്ങളുമായും സന്മാർഗമാതൃകകളുമായും ആയോജനം പുലർത്തുന്നു. |
| | 6. സാർവത്രിക സദാചാര പാലന തത്വം (Universal ethical principle orientation) | • സാർവ്വലൗകികമായ സാന്മാർഗിക സിദ്ധാന്തങ്ങളുമായി ആയോജനം പുലർത്തുന്നു.<br>ന്യായം, നീതി, സമത്വം, തുടങ്ങിയ നൈതിക തത്വങ്ങളുടെ അടിസ്ഥാനത്തിൽ നൈതികബോധമുണ്ടാക്കിയെടുക്കുന്നു. |

☞ **പ്രവർത്തനം**

കുട്ടികളുടെ സാൻമാർഗിക വികാസത്തിൽ അധ്യാപകരുടെ പങ്ക് എന്തെല്ലാം? മുകളിൽ കൊടുത്ത പട്ടികയിലെ എല്ലാ തലങ്ങളും പ്രത്യേകം പരിഗണിക്കപ്പെടുന്ന രീതിയിൽ ഒരു ചർച്ച സംഘടിപ്പിക്കൂ. റിപ്പോർട്ട് തയാറാക്കൂ.

## പിയാഷെയുടെ സാന്മാർഗിക വികാസ ഘട്ടങ്ങൾ

പിയാഷെയുടെ അഭിപ്രായത്തിലുള്ള 4 സാന്മാർഗിക വികാസഘട്ടങ്ങൾ താഴെ കൊടുക്കുന്നു.

| ഘട്ടം | ഘട്ടത്തിന്റെ പേര് | പ്രായം |
|---|---|---|
| 1 | അനോമി (Anomy) | 0 - 5 വയസ് |
| 2 | ഹെറ്ററോണമി - അഥോറിട്ടി (Heteronomy-Authortiy) | 5 - 8 വയസ് |
| 3 | ഹെറ്ററോണമി - റെസിപ്രോസിറ്റി (Heteronomy-Reciprocity) | 8 - 13 വയസ് |
| 4 | ആട്ടോണമി - അഡോളസെൻസ് (Autonomy-Adolescence) | 13 - 18 വയസ് |

1. **അനോമി (ആദ്യത്തെ അഞ്ചുവർഷം) :** നിയമവ്യവസ്ഥയില്ലാത്ത ഘട്ടമാണത്. കുട്ടികളുടെ വ്യവഹാരത്തെ നിയന്ത്രിക്കുന്നത് വേദനയും ആനന്ദവുമാണ്. ഈ ഘട്ടത്തിൽ ശിശുക്കളുടെ വ്യവഹാരം സാന്മാർഗികമോ അസാന്മാർഗികമോ അല്ല, സന്മാർഗ രഹിതമാണ്. **റൂസോ** നിർദ്ദേശിച്ച 'നൈസർഗിക പരിണിതഫലത്തിന്റെ വിനയനം' (discipline of natural consequences) ആണത്.
2. **ഹെറ്ററോണമി -അഥോറിട്ടി (5 മുതൽ 8 വയസ്സുവരെ) :** പ്രതിഫലവും ശിക്ഷയും ആണ് ഈ ഘട്ടത്തിൽ സാന്മാർഗിക വികസനത്തെ ക്രമപ്പെടുത്തുന്നത്. മുതിർന്നവർ അടിച്ചേൽപ്പിക്കുന്ന കൃത്രിമ പ്രത്യാഘാതങ്ങളിലൂടെ കൈവരുന്ന വിനയനം (discipline of artificial consequences) ആണിത്. ഈ ഘട്ടത്തിലെ സാന്മാർഗിക വികസനത്തെ നിയന്ത്രിക്കുന്നത് ബാഹ്യമായ അധികാരം ആയിരിക്കും.
3. **ഹെറ്ററോണമി-റെസിപ്രോസിറ്റി (8 മുതൽ 13 വയസ്സുവരെ) :** ഈ ഘട്ടത്തിൽ കുട്ടികളുടെ സാന്മാർഗിക വ്യവഹാരത്തെ നിയന്ത്രിക്കുന്നത് പാരസ്പര്യമാണ്. അതായത്, നമുക്ക് വേദനയുണ്ടാക്കുന്നതൊന്നും മറ്റുള്ളവരോടും പ്രവർത്തിക്കരുത് എന്ന ചിന്ത. ഈ ഘട്ടത്തിൽ സമപ്രായക്കാരുമായുള്ള സഹകരണത്തിൽ അധിഷ്ഠിതമാണ് സന്മാർഗബോധം. സംഘവുമായുള്ള യോജിപ്പ് ഇവിടെ സ്വാഭാവികമായുണ്ടാകുന്നു.

4. **ആട്ടോണമി-അഡോളസെൻസ് (13 മുതൽ 18 വയസ്സുവരെ) :** പിയാഷെ ഈ ഘട്ടത്തെ നീതിബോധത്തിന്റെ ഘട്ടം എന്നും വിളിക്കുന്നു. പാരസ്പര്യത്തിൽ തികഞ്ഞ സമത്വം നിർബ ന്ധമായും വേണം. അതേ സമയം സ്വാതന്ത്ര്യവാഞ്ഛ ശക്തമായ ഈ കാലത്ത് ലക്ഷ്യം, സാഹചര്യം എന്നിവയ്ക്കൊത്ത് നീതിബോധം വളരുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ വ്യക്തിക്കുതന്നെയാണ് തന്റെ വ്യവഹാരത്തിന്റെ പൂർണ ഉത്തരവാദിത്തം. സാന്മാർഗിക വ്യവഹാരത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾ വ്യക്തിയുടെ ഉള്ളിൽ നിന്നു തന്നെയുണ്ടാകുന്നു. ആ രീതിയിലുള്ള സ്വതന്ത്രവ്യവഹാരമത്രെ ഈ ഘട്ടത്തിലെ സാന്മാർഗികവികസനത്തിന് ആധാരം.

### സാന്മാർഗിക വികസനത്തിന്റെ വിദ്യാഭ്യാസ പ്രാധാന്യം

മൂല്യപരമായ സംഘർഷങ്ങളടങ്ങിയ കഥകൾ തെരഞ്ഞെടുത്ത് അതിലെ കഥാപാത്രങ്ങളുടെ പ്രവർത്ത നങ്ങളെ വിലയിരുത്തുക വഴി കുട്ടികളുടെ മൂല്യബോധം ഏതുഘട്ടത്തിലാണെന്ന് മനസ്സിലാക്കാൻ കഴിയും. ഭാഷാ ക്ലാസ്സുകളിൽ വ്യത്യസ്ത കഥാപാത്രങ്ങളുടെ സ്വഭാവത്തെയും പ്രവർത്തനങ്ങളേയും വിശകലനം ചെയ്യാവുന്നതാണ്. നോവലുകളും ചെറുകഥകളും മറ്റും ഇത്തരം വിചിന്തനത്തിന് വിധേയമാക്കാൻ കഴിയും. അങ്ങനെയുള്ള സമീപനങ്ങളിലൂടെയല്ലാതെ സദാചാരബോധം അടിച്ചേൽ പ്പിച്ചാൽ വേണ്ടത്ര ഫലപ്രദമാവുകയില്ല. ശിക്ഷയോ കർക്കശനിലപാടോ സദാചാരമൂല്യങ്ങളുടെ വികാസത്തെ സഹായിക്കുകയില്ല. അനുഗുണമായ സാഹിത്യകൃതികളുടെ പഠനം, സാമൂഹ്യപ്രവർത്തന ങ്ങളിൽ ശരിയായ രീതിയിലുള്ള പങ്കാളിത്തം, മികച്ച കുടുംബാന്തരീക്ഷം തുടങ്ങിയവ സദാചാര മൂല്യങ്ങൾ വളർത്താൻ സഹായകമാണ്. മൂല്യബോധം ലക്ഷ്യംവച്ച് നേരിട്ട് ഉപദേശിക്കുന്നത് പഠിതാക്കളിൽ വെറുപ്പിനിടയാക്കും. അതിനാൽ പഠനപ്രവർത്തനങ്ങളിലും പാഠാനുബന്ധപ്രവർത്ത നങ്ങളിലും സാന്മാർഗികകാര്യങ്ങൾ സന്നിവേശിപ്പിക്കാൻ പരമാവധി ശ്രമിക്കണം. സ്നേഹം, സഹാനുഭൂതി, കരുണ, ദയ എന്നീ ഗുണങ്ങൾ പരിപോഷിപ്പിക്കാനും കോപം, അസൂയ, വെറുപ്പ്, വിദ്വേഷം തുടങ്ങിയവയുടെ ദോഷഫലങ്ങൾ ബോധ്യപ്പെടുത്താനും സഹായകമായ രൂപത്തിലുള്ള കഥകളും സംഭവങ്ങളുമെല്ലാം ക്ലാസിൽ സന്ദർഭാനുസരണം ചർച്ചയ്ക്ക് കൊണ്ടുവരണം.

കുറ്റം ചെയ്യുന്ന കുട്ടികളെ ഉപദേശിക്കുന്നതിനോടൊപ്പം അവരിൽ സ്നേഹവും ദയയും സഹാനു ഭൂതിയും ചൊരിഞ്ഞ് ശരിയായ സാമൂഹികബോധ്യത്തിലേയ്ക്കും സദാചാരബോധത്തിലേയ്ക്കും എത്തിക്കണം. കുറ്റകൃത്യങ്ങൾ ചെയ്യുന്ന കുട്ടികളെ പരസ്യവിചാരണ ചെയ്യുന്നത് ഒഴിവാക്കണം. കുട്ടിയുടെ ജീവിതസാഹചര്യം അന്വേഷിച്ചറിയുകയും കുറ്റകൃത്യത്തിനു പ്രേരിപ്പിച്ച കാരണങ്ങൾ കണ്ടെത്തി പരിഹരിക്കാൻ ശ്രമിക്കുകയുമാണ് വേണ്ടത്. ഓരോ വികാസഘട്ടത്തിലുമുള്ള കുട്ടികളുടെ സ്വഭാവസവിശേഷതകളെക്കുറിച്ചും താൽപര്യങ്ങളെക്കുറിച്ചും തിരിച്ചറിഞ്ഞ് ശരിയായ രീതിയിൽ നയിക്കാൻ അധ്യാപകർ ശ്രമിക്കണം. മത, സാമൂഹിക നേതാക്കന്മാരുടെ ജീവചരിത്രവും ജീവിതദർശനവും പഠിപ്പിക്കുമ്പോൾ സ്വഭാവ വൈശിഷ്ട്യത്തിനും സാമൂഹിക സേവനത്തിനും ഊന്നൽ നൽകണം. ധീരോദാത്തതയുടെയും ത്യാഗത്തിന്റെയും കഥകൾ കേൾക്കുകയും വായിക്കുകയും ചെയ്യാനുള്ള അവസരം കുട്ടികൾക്കുണ്ടാവണം. പ്രൈമറിതലത്തിൽ സംഘഗാനം, കഥാകഥനം, ചിത്രനിരീക്ഷണം, ഫിലിം നിരീക്ഷണം, സംഘ കളികൾ എന്നിവയും സെക്കണ്ടറി തലത്തിൽ വിശുദ്ധ ഗ്രന്ഥങ്ങളുടെ പാരായണം ചർച്ച, മതങ്ങളെപ്പറ്റിയുള്ള പഠനം, വിവിധ ദർശനങ്ങളെപ്പറ്റിയുള്ള ചർച്ചകൾ, പ്രഭാഷണശ്രവണം, ഫിലിംഷോകൾ തുടങ്ങിയവ സദാചാരബോധം വളർത്താൻ സഹായിക്കും. വിദ്യാലയാന്തരീക്ഷം കുട്ടികളിൽ നിർണായക സ്വാധീനം ചെലുത്തുന്നുണ്ട്. വിദ്യാലയാന്തരീക്ഷം അനുഗുണമല്ലെങ്കിൽ കുട്ടികൾ അച്ചടക്കമില്ലാത്തവരായി തീരുന്നു. അനാകർഷകമായ വിദ്യാലയ പരിസരം, അപര്യാപ്തമായ ലാബ്, ലൈബ്രറി സൗകര്യങ്ങൾ, കളി ഉപകരണങ്ങളുടെ അഭാവം, അയവില്ലാത്ത പാഠ്യപദ്ധതി, വിരസമായ ബോധനരീതി, നിർദ്ദയമായ പെരുമാറ്റങ്ങൾ എന്നിവയൊക്കെ വിദ്യാലയാന്തരീക്ഷത്തെ അനാകർഷകമാക്കുന്നുണ്ട്. ലക്ഷ്യബോധമില്ലായ്മയിൽ നിന്നുണ്ടാകുന്ന നിരാശ കുട്ടികളെ അസാന്മാർഗികളായി തീർക്കാം.

കുട്ടികളുടെ സുരക്ഷിതത്വം, സ്വാതന്ത്ര്യം, സ്നേഹം, അംഗീകാരം തുടങ്ങിയ മാനസികാവശ്യങ്ങൾ പരിഗണിച്ചുവേണം വിദ്യാലയ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടത്. മൂല്യം പഠിപ്പിച്ചെടുക്കാനാവില്ല, അതു പിടിച്ചെടുക്കാനേ പറ്റൂ. **(value cannot be taught, it has to be caught)** 'സത്യം വദ ധർമ്മം ചര' (സത്യം പറയണം ധർമ്മം ചെയ്യണം) എന്നെല്ലാം പ്രസംഗിച്ചതുകൊണ്ട് ഒരു കുട്ടി സത്യവാനോ ധർമബോധമുള്ളവനോ ആകില്ല.

കുടുംബാംഗങ്ങളും സമൂഹവും മൂല്യങ്ങളെ വിലമതിച്ചു പെരുമാറുന്നത് കുട്ടി കാണേണ്ടതുണ്ട്. യുക്തിബോധത്തിന്റെ വളർച്ചയ്ക്ക് പ്രത്യേക പരിഗണന നൽകണം. കുട്ടികൾ ഓരോ കാലത്തും ഉപയോഗിക്കുന്ന യുക്തികൾ, തൊട്ടുമുകളിലുള്ള ഘട്ടത്തിന്റെ യുക്തി ഉപയോഗിച്ച് വെല്ലുവിളിക്കപ്പെടുമ്പോഴാണ് വികസനം സാധ്യമാകുന്നത്. ശിശുകേന്ദ്രീകൃതമായ ഒരു വിദ്യാഭ്യാസ ഘടനയിൽ മാത്രമേ ഇതു സാധ്യമാകൂ.

കുട്ടികളെ ചോദ്യം ചെയ്യാനനുവദിക്കുകയും അനാവശ്യമായി ശിക്ഷിക്കാതിരിക്കുകയും അവർ അനുസരിക്കണമെന്ന് ആവശ്യപ്പെടുമ്പോൾ അതിന്റെ കാരണത്തെക്കുറിച്ച് ബോധ്യപ്പെടുത്തി കൊടുക്കുകയും പക്ഷപാതരഹിതമായ സമീപനം സ്വീകരിക്കുകയും വേണം.

## ശിശുവികാസത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

*'എനിക്ക് ആരോഗ്യവാൻമാരായ ഒരു ഡസൻ ശിശുക്കളെ തരൂ. അവരുടെ വംശ മഹിമയോ, ഇഷ്ടങ്ങളോ, അഭിരുചികളോ, കഴിവുകളോ, പരിഗണിക്കാതെ അവരിൽ ആരെയും പരിശീലനത്തിലൂടെ ഡോക്ടറോ നിയമജ്ഞരോ കലാകാരനോ, കച്ചവടക്കാരനോ എന്തിനേറെ കള്ളനോ യാചകനോ ആക്കിമാറ്റിത്തരാം.'*

*- ജെ.ബി.വാട്സൺ*

*രാഷ്ട്രതന്ത്രജ്ഞർ, മതനേതാക്കൾ, കലാകാരന്മാർ, പണ്ഡിതന്മാർ എന്നിവരുൾപ്പെടുന്ന ആയിരത്തിലേറെ പ്രഗൽഭരെക്കുറിച്ച് നടത്തിയ ഗവേഷണങ്ങളുടെ കണ്ടെത്തലുകൾ പ്രതിപാദിക്കുന്ന **'Hereditary Genius'** എന്ന പുസതകത്തിൽ ഫ്രാൻസിസ് ഗാൾട്ടൻ സമർത്ഥിക്കുന്നത് ഇത്തരക്കാരുടെ പ്രാഗൽഭ്യത്തിനും മികവിനും അടിസ്ഥാനകാരണം പാരമ്പര്യം മാത്രമാണെന്നാണ്.*

മുകളിൽപ്പറഞ്ഞ വസ്തുതകൾ വിശകലനം ചെയ്യുമ്പോൾ നമുക്ക് എന്തെല്ലാം കാര്യങ്ങൾ മനസ്സിലാക്കാം?

### പാരമ്പര്യവും പര്യാവരണവും (Heredity and Environment)

വികാസത്തെ സംബന്ധിച്ച നിയാമക ഘടകങ്ങളിൽ ഏറ്റവും പ്രധാനമായവ പാരമ്പര്യവും (Heredity) പര്യാവരണവും (Environment) ആണ്. ഈ രണ്ട് ഘടകങ്ങളും മനുഷ്യരുടെ വികസനപ്രക്രിയയും തമ്മിലുള്ള ബന്ധം ശാസ്ത്രീയമായ പഠനത്തിനും അപഗ്രഥനത്തിനും വിഷയമായിട്ടുണ്ട്. വ്യക്തിയുടെ വികസനത്തിൽ പാരമ്പര്യത്തിനാണോ പര്യാവരണത്തിനാണോ കൂടുതൽ സ്വാധീനം? ഇന്നും ഇതൊരു തർക്കവിഷയമാണ്. പാരമ്പര്യവാദികളും പര്യാവരണവാദികളും അവരുടേതായ പരീക്ഷണനിരീക്ഷണ ഫലങ്ങൾ നമ്മുടെ മുമ്പിൽ വയ്ക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിലും അവരെക്കുറിച്ചുള്ള പഠനങ്ങളിലും പാരമ്പര്യവും പര്യാവരണവും വഹിക്കുന്ന പങ്കെന്ത്? ഇതാണ് മുഖ്യചോദ്യം. കുട്ടികളുടെ ആകൃതിയും പ്രകൃതിയും കഴിവും അവരുടെ പൂർവ്വികരിൽ നിന്ന് പാരമ്പര്യമായി ലഭിച്ചതാണെന്നും അവ സ്ഥിരമാണെന്നും പാരമ്പര്യവാദികൾ അഭിപ്രായപ്പെടുന്നു. എന്നാൽ പര്യാവരണവാദികളുടെ അഭിപ്രായം പരിസരങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനെ ആശ്രയിച്ച് നിലകൊള്ളുകയും

അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നതാണ് കുട്ടികളുടെ സ്വഭാവവും കഴിവുകളും എന്നാണ്. അതിനാൽ ഉപരിവിചിന്തനത്തിനും വിശകലനത്തിനും വിധേയമാക്കേണ്ടിയിരിക്കുന്നു, ഈ വിഷയം.

ഒരു വ്യക്തിയിൽ ബാഹ്യമായി പ്രവർത്തിക്കുന്ന എല്ലാ ശക്തികൾക്കും കൂടിയാണ് പര്യാവരണം എന്നു പറയുന്നത്. ഒരു വ്യക്തിക്ക് ആജീവനാന്തം ലഭിക്കുന്ന എല്ലാവിധ ഉദ്ദീപനങ്ങളും പര്യാവരണമാണെന്ന് മന:ശാസ്ത്രപരമായി പറയാം. ഗർഭധാരണസമയത്തു തന്നെ പര്യാവരണത്തിന്റെ സ്വാധീനം ശിശുവിൽ ആരംഭിക്കുന്നു. പ്രാഗ്ജന്മകാലഘട്ടത്തിൽ ഭ്രൂണം സ്വീകരിക്കുന്ന പോഷക വസ്തുക്കൾ അതിന്റെ വികസനത്തെ സ്വാധീനിക്കുന്നു. ജനനത്തിനുശേഷമുള്ള പര്യാവരണത്തിന് രണ്ടു രൂപങ്ങളുണ്ട്-ഭൗതികവും സാമൂഹികവും. താമസസ്ഥലം, ആ സ്ഥലത്തിന്റെ കാലാവസ്ഥ, പ്രകൃതിദൃശ്യങ്ങൾ, ലഭിക്കാവുന്ന ആഹാരസാധനങ്ങൾ, മറ്റു ഭൂമിശാസ്ത്ര ഘടകങ്ങൾ ഇവയെല്ലാം ഉൾപ്പെട്ടതാണ് ഭൗതികപര്യാവരണം. വീട്, അയൽപക്കം, വിദ്യാലയം, ആരാധനാസ്ഥലങ്ങൾ, സാമൂഹിക ചുറ്റുപാടുകൾ, ആചാരങ്ങൾ ഇവയെല്ലാം ഉൾപ്പെട്ടതാണ് സാമൂഹിക പര്യാവരണം. മൃഗങ്ങളുടെ ഘടനയിൽ പര്യാവരണം ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ധാരാളം ഉദാഹരണങ്ങൾ ജന്തുശാസ്ത്രജ്ഞന്മാർക്ക് നൽകാനുണ്ട്. ശീതമേഖല, സമശീതോഷ്ണമേഖല, ഉഷ്ണമേഖല, മരുഭൂമി എന്നിവിടങ്ങളിൽ ജീവിക്കുന്ന ജന്തുക്കളുടെ ശരീരഘടനയിലും ആഹാരരീതിയിലും പ്രകടമായ വ്യത്യാസങ്ങൾ കാണുന്നു. പര്യാവരണത്തിനൊപ്പിച്ചുള്ള മാറ്റങ്ങളാണിവ. മാനസികവും സാമൂഹികവുമായ ഘടകങ്ങൾ കുട്ടികളുടെ പഠനത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും മന:ശാസ്ത്രജ്ഞന്മാർ പഠനം നടത്തിയിട്ടുണ്ട്. മെച്ചപ്പെട്ട പര്യാവരണം ഒരുക്കിക്കൊടുത്താൽ കുട്ടികളുടെ ബുദ്ധിമാനം (IQ) ഉയർത്താൻ കഴിയുമെന്ന് **വുഡ്‌വർത്തിന്റെ** പരീക്ഷണങ്ങൾ തെളിയിക്കുന്നു.

അറിവ് ഇന്ദ്രിയങ്ങൾ മൂലമാണ് ലഭിക്കുന്നതെന്ന **ലോക്കി**ന്റെ തത്ത്വം ആസ്പദമാക്കി വിദ്യാഭ്യാസം പര്യാവരണത്തിന്റെ ഫലമാണെന്ന് **ഹെൽവീഷ്യസ്** (Helvetius) എന്ന ഫ്രഞ്ചുചിന്തകൻ വാദിച്ചു. അനുകൂലമായ പര്യാവരണം ലഭിച്ചാൽ ഏതു പ്രവർത്തനവും വിജയകരമാക്കാൻ മനുഷ്യന് സാധിക്കുന്നു. പര്യാവരണത്തിന്റെ പ്രേരണയനുസരിച്ചാണ് മനുഷ്യർ വളരുന്നതും അവന്റെ കഴിവുകൾ വികസിക്കുന്നതും ഒരാളുടെ ചുറ്റുമുള്ള സകല സ്ഥിതി വിശേഷങ്ങളും, ശക്തിയും, സ്വാധീനങ്ങളും പര്യാവരണത്തിൽ ഉൾപ്പെടുന്നു. **ഹെർബാട്ട്, റൂസ്സോ, വാട്ട്സൺ** തുടങ്ങിയ വിദ്യാഭ്യാസ ചിന്തകന്മാർ പര്യാവരണവാദത്തെ അംഗീകരിക്കുന്നു.

### വിദ്യാഭ്യാസപരമായ പ്രാധാന്യം

പാരമ്പര്യവും പര്യാവരണവും ഭിന്നമായ ആശയങ്ങളാണ് മുന്നോട്ടു വയ്ക്കുന്നതെങ്കിലും വിദ്യാഭ്യാസത്തിൽ അവ ചെലുത്തുന്ന സ്വാധീനമാണ് ശ്രദ്ധിക്കേണ്ടത്. വ്യക്തിയുടെ വികാസത്തിന് പാരമ്പര്യവും പര്യാവരണവും ഒരുപോലെ സഹായിക്കുന്നു. പഠനത്തിൽ മോശമായ വിദ്യാർത്ഥികളുടെ പാരമ്പര്യത്തെ അധ്യാപകൻ പലപ്പോഴും വിസ്മരിക്കുകയാണ് ചെയ്യുന്നത്. ഉദാഹരണമായി ഒരു വിത്തെടുക്കാം. മുളയ്ക്കാനും വളരാനുമുള്ള ശക്തി ഉൾക്കൊണ്ടതാണ് വിത്ത്. പാറപ്പുറത്തോ ചുട്ടുപൊള്ളുന്ന മണലിലോ ആ വിത്തിടുന്നു എന്നു കരുതുക. തീർച്ചയാണ് അത് മുളയ്ക്കുകയില്ല. വിത്തു മുളയ്ക്കുന്നതിനാവശ്യമായ ചില പരിത:സ്ഥിതികൾ കൂടിയേ തീരൂ. അതില്ലാത്തതുകൊണ്ട് വിത്തു മുളയ്ക്കാതെ നശിച്ചു പോകുന്നു. അതായത് പാരമ്പര്യ സിദ്ധമായ അതിന്റെ ശക്തികൾ പ്രതികൂലമായ പരിത:സ്ഥിതികൊണ്ട് നശിച്ചു പോകുന്നു. വെള്ളവും വളവും ആവശ്യമായ സൂര്യപ്രകാശവും ലഭിക്കുന്ന പരിസരത്തിലാണ് വിത്തിട്ടതെന്നു കരുതുക. അത് ശരിയായി വളർന്നുവരും, ഫലം തരും. ഇതുതന്നെയാണ് കുട്ടികളെ സംബന്ധിച്ചും നാം മനസ്സിലാക്കേണ്ടത്. കുട്ടികൾക്ക് ജന്മസിദ്ധമായ കഴിവുകൾ ഉണ്ടായിരിക്കും. ആ കഴിവുകൾ വികസിപ്പിക്കാൻ ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കണം. ഇല്ലെങ്കിൽ വിത്തിന്റെ ശക്തി നശിച്ചതുപോലെ കുട്ടികളിൽ

അന്തർലീനമായിരിക്കുന്ന കഴിവുകൾ മുരടിച്ചുപോകും. എന്നാൽ ജന്മസിദ്ധമായ ചില കഴിവുകൾ ഇല്ലാത്തവർക്ക് പരിത:സ്ഥിതികളുടെ പ്രേരണകൊണ്ട് ആ കഴിവുകൾ നൽകുക വിഷമമാണ്. സംഗീതത്തിൽ വാസനയില്ലാത്ത ഒരു കുട്ടിയെ നല്ലൊരു സംഗീതജ്ഞനായി വളർത്താൻ കഴിയുകയില്ല. കലയിൽ താൽപര്യമില്ലാത്തവനെ എങ്ങനെയാണ് കലാകാരനാക്കുക? അതിനാൽ ജന്മസിദ്ധമായ കഴിവുകളെ മാത്രമേ വികസിപ്പിക്കാൻ സാധിക്കൂ. ഗാർഹിക പരിസരം, സ്കൂൾ പരിസരം, സാമൂഹിക പരിസരം ഇവ അനുകൂലമല്ലെങ്കിൽ കുട്ടികളുടെ ജന്മസിദ്ധമായ കഴിവുകൾ ശരിയായ വിധം വികസിക്കുകയില്ല.

☞ **പ്രവർത്തനം**

ക്ലാസിൽ സംഘടിപ്പിച്ച സംവാദത്തിൽ നിന്ന് നിങ്ങൾ മനസ്സിലാക്കിയ വിവരങ്ങൾ എന്തൊക്കെയാണ്? ഒന്നു വിലയിരുത്തൂ. തുടർന്ന് ഈ വിലയിരുത്തൽകൂടി ഉൾപ്പെടുത്തി സംവാദപ്രക്രിയയുടെ റിപ്പോർട്ട് തയാറാക്കൂ.

**വികസനപ്രവൃത്തി / പുരോഗമന കർത്തവ്യം (Developmental Task)**

രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയുടെ പെരുമാറ്റ രീതികൾ എങ്ങനെയെല്ലാമാകണം? അവനിൽ/അവളിൽ ഉണ്ടാകണമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്ന ശേഷികൾ എന്തെല്ലാമാണ്?

- 
- 
- 

എട്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടിയിൽ നിന്നും പ്രതീക്ഷിക്കുന്ന നൈപുണികളും, വ്യവഹാരങ്ങളും എന്തെല്ലാം?

ഈ രണ്ടു ചോദ്യങ്ങൾക്കും പ്രതികരണമായി നിങ്ങൾ രേഖപ്പെടുത്തിയ വിവരങ്ങളെ താരതമ്യം ചെയ്യൂ.

തുടർന്ന് ചുവടെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ കൂടി വായിക്കൂ.

ചിക്കാഗോ യൂണിവേഴ്സിറ്റിയിലെ **റോബർട്ട് ഹാവിഗസ്റ്റ് (Robert Havighurst)** ആണ് പുരോഗമനകർത്തവ്യം (developmental task) എന്ന ആശയം അവതരിപ്പിച്ചത്. ഓരോ വ്യക്തിയും വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ/പ്രായങ്ങളിൽ ആവശ്യമായ ചില നൈപുണികളും വ്യവഹാരക്രമങ്ങളും നേടിയിരിക്കണമെന്നുള്ള പ്രതീക്ഷ സമൂഹം വച്ചുപുലർത്തുന്നുണ്ട്. ഈ സാമൂഹിക പ്രതീക്ഷകളെയാണ് ഹാവിഗസ്റ്റ് പുരോഗമനകർത്തവ്യം എന്ന് വിളിക്കുന്നത്. ഇതിനെ 'ലേണിങ് ടാസ്ക്' എന്നും വിളിക്കാറുണ്ട്. പ്രായമനുസരിച്ച് ഡെവലപ്മെന്റൽ ടാസ്കുകളും വ്യത്യസ്തങ്ങളായിരിക്കും. 4 മാസം പ്രായമായ ശിശു അമ്മയെ കണ്ടാൽ ചിരിക്കും, ഒരു വയസ്സായ കുട്ടി 'അമ്മ' എന്ന് വിളിച്ച് അമ്മയുടെ അടുത്തേക്ക് നടക്കും. 5 വയസ്സായ കുട്ടി ആടാനും പാടാനും അക്ഷരം കൂട്ടി വായിക്കാനും തുടങ്ങും,

10 വയസ്സായ കുട്ടി സമൂഹത്തിൽ ആത്മബോധത്തോടെ പെരുമാറാൻ തുടങ്ങും. 18 വയസ്സായ കുട്ടി ദാമ്പത്യജീവിതത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങും ഇതെല്ലാം ഓരോ പ്രായഘട്ടത്തിലുള്ള ഡെവലപ്മെന്റൽ ടാസ്കുകളാണ്. ഒരു വ്യക്തിയുടെ ജീവിതത്തിലെ ഓരോ പ്രത്യേക ഘട്ടത്തിലുമുണ്ടാകേണ്ടതാണ് ഇത്. ഇതിന്റെ വിജയകരമായ പൂർത്തീകരണം അഥവാ സാഫല്യം സന്തോഷത്തിനും അടുത്ത കർത്തവ്യത്തിന്റെ വിജയത്തിനും കാരണമാകും. എന്നാൽ പരാജയം ദുഖ:ത്തിനും പിന്തിരിപ്പൻ ചിന്താഗതിക്കും പിന്നീടുള്ള കർത്തവ്യത്തിന്റെ പരാജയത്തിനും കാരണമായേക്കും. വളർച്ചയിലുണ്ടാകുന്ന ന്യൂനതകൾ പഴയ കൂട്ടുകുടുംബത്തിൽ മുതിർന്നവരുടെ ശ്രദ്ധയിൽ വളരെ വേഗം കണ്ടുപിടിക്കപ്പെട്ടിരുന്നു. എന്നാൽ ജീവിതം സങ്കീർണ്ണവും തിരക്കുപിടിച്ചതുമായ ഇക്കാലത്ത് ഇത്തരം പ്രശ്നങ്ങൾ വൈകിയാണ് തിരിച്ചറിയപ്പെടുന്നത്. ശേഷികളുടെ വികാസമില്ലായ്മ സാമൂഹികവും വിദ്യാഭ്യാസപരവും വളർച്ചാപരവുമായ കഴിവുകളെ പ്രതികൂലമായി ബാധിക്കുന്നു. അതുവഴി വ്യക്തികളുടെ സാമൂഹികജീവിതം നിരാശാഭരിതവും ദുഷ്കരവുമായിത്തീരുന്നു. സാമൂഹികമായ തിരസ്കാരത്തിനും ഒറ്റപ്പെടലിനും ഇതു കാരണമാകുന്നു.

**വികാസ പ്രവൃത്തി പ്രധാനമായി മൂന്ന് തലങ്ങളായാണ് നടക്കുന്നത്**

1. ശാരീരികമായ തലം - ഇരിക്കുക, നടക്കുക, ഓടുക.
2. സാംസ്കാരികമായ സമ്മർദം കൊണ്ടുണ്ടാകുന്നത് - എഴുത്ത്, വായന
3. വ്യക്തിയിലെ തന്നെ മൂല്യങ്ങളും താൽപര്യങ്ങളും (Aspirations)

ഈ മൂന്ന് തലങ്ങളും ചേർന്ന് ഒരാളിൽ സ്വത്വം (self) രൂപം കൊള്ളുന്നു.

**വിവിധ ഘട്ടത്തിലുള്ള വികാസ പ്രവൃത്തികൾ**

**1. ശൈശവം (2 വയസ്സു വരെ)**

- ഇഴയാനും നിൽക്കാനും നടക്കാനും ഓടാനും കയറാനും ചാടാനും ശ്രമിക്കുക.
- സംസാരിക്കാൻ പഠിക്കുക.
- ശാരീരിക സ്ഥിരത നേടാൻ പഠിക്കുക.
- കുടിക്കാനും ആഹാരം കഴിക്കാനും പഠിക്കുക.
- ശാരീരിക വിസർജ്യം നിയന്ത്രിക്കാനും ഒഴിവാക്കാനും പഠിക്കുക.
- തനിക്കു ചുറ്റുമുള്ള ഭൗതിക ചുറ്റുപാട് കണ്ടെത്താൻ പഠിക്കുക.
- ആളുകളെയും വസ്തുക്കളെയും സംഭവങ്ങളെയും തിരിച്ചറിയുക.
- മറ്റുള്ളവരെ അനുകരിക്കുക.
- കളിപ്പാട്ടങ്ങൾ ഉപയോഗിക്കുവാൻ പഠിക്കുക.
- മാതാപിതാക്കൾ, സഹോദരങ്ങൾ തുടങ്ങിയവരോട് വൈകാരികമായ അടുപ്പം പ്രകടിപ്പിക്കുക.
- സമാനപ്രായക്കാരോട് താൽപര്യം തോന്നുക.
-
-

**2. ആദിബാല്യം (03 – 05 വയസ്സു വരെ)**

- അടിസ്ഥാനപരമായ ഭാഷ പഠിക്കുക.
- ശരിയും തെറ്റും തിരിച്ചറിയുക.
- കായികക്ഷമത നേടുക.
- സാജാത്യ വൈജാത്യങ്ങൾ തിരിച്ചറിയുക.

- വൈകാരികപ്രകടനങ്ങളെ നിയന്ത്രിക്കുക.
- ലിംഗവ്യത്യാസം തിരിച്ചറിയുക.
- മാതാപിതാക്കളിൽ നിന്ന് അകന്ന് സമപ്രായക്കാരോട് കൂട്ടുകൂടുക.
- ഞാനെന്ന ഭാവം മാറി ഞങ്ങൾ എന്ന ഭാവമുണ്ടാവുക.
- സാമൂഹിക സാഹചര്യങ്ങളെക്കുറിച്ച് ധാരണയുണ്ടാവുക.
- 
- 

**3. അന്ത്യബാല്യം (06 – 12 വയസ്സുവരെ)**

- കൂട്ടുകാരോട് വിട്ടുവീഴ്ച ചെയ്ത് ജീവിക്കാൻ പഠിക്കുക.
- എഴുതാനും വായിക്കാനും കണക്കു ചെയ്യാനുമുള്ള നൈപുണ്യങ്ങൾ നേടുക.
- ആത്മബോധം, സദാചാരബോധം എന്നിവ ഉണ്ടാവുക.
- സമൂഹവിധേയത്വം വളരുക.
- കാഴ്ചപ്പാടുകളും താൽപര്യങ്ങളും ഇഷ്ടാനിഷ്ടങ്ങളും വളർത്തിയെടുക്കുക.
- സാമൂഹികഘടനകളോടും സ്ഥാപനങ്ങളോടും സവിശേഷമായ മനോഭാവം പ്രകടിപ്പിക്കുക.
- ഓടാനും ചാടാനും കളിക്കാനുമുള്ള കായിക നൈപുണ്യങ്ങൾ (Physical skills) നേടുക.
- 
- 

**4. കൗമാരം (13 – 18 വയസ്സ്)**

- സമപ്രായക്കാരായ ആൺകുട്ടികളോടും പെൺകുട്ടികളോടും വിവേകപൂർവം പെരുമാറാൻ പഠിക്കുക.
- ദാമ്പത്യജീവിതത്തെപ്പറ്റി അഭിലാഷങ്ങൾ വച്ചുപുലർത്തുക.
- ഒരു പെരുമാറ്റച്ചട്ടം കരുപ്പിടിപ്പിക്കുക.
- മൂല്യബോധത്തിൽ അടിയുറച്ച ജീവിതവീക്ഷണം ഉണ്ടാക്കാൻ ശ്രമിക്കുക.
- മാതാപിതാക്കന്മാരുടെയും മുതിർന്നവരുടെയും നിയന്ത്രണങ്ങളിൽ നിന്ന് സ്വതന്ത്രരാകാനുള്ള വൈകാരികഭാവം ഉണ്ടാവുക.
- പരാശ്രയം കൂടാതെ സ്വാശ്രയരാകാനുള്ള മാർഗം ആലോചിക്കുകയും ഉചിതമെന്നു തോന്നുന്നവ തെരഞ്ഞെടുക്കുകയും ചെയ്യുക.
- ജനാധിപത്യ, സാമൂഹിക ഉത്തരവാദിത്തങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കുക.
- കൂടുതൽ സങ്കീർണ്ണമായ കളികൾ പഠിക്കുക.
- മാനസിക, സാമൂഹിക, സാംസ്കാരിക പക്വത നേടാൻ ശ്രമിക്കുക.
- പക്വതയോടുള്ള പെരുമാറ്റം.
- തന്റെ ശരീരഘടന അംഗീകരിക്കുകയും ശരീരത്തെ വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

പ്രായത്തിനനുസരിച്ച് ഓരോ സമൂഹത്തിനും പൊതുവായ ചില വികസന പ്രവൃത്തികൾ ഉണ്ടാകും. ഓരോരുത്തരുടെയും ഭൗതികസാമൂഹികസാംസ്കാരിക ചുറ്റുപാടുകളോട് പൊരുത്തപ്പെട്ട ഈ കർത്തവ്യങ്ങൾ അവർ നടപ്പിലാക്കണമെന്നാണ് സമൂഹം പ്രതീക്ഷിക്കുന്നത്.

വികസന പ്രവൃത്തികളെക്കുറിച്ചുള്ള അറിവ്, ഒരു വ്യക്തിയെ ഓരോ പ്രായത്തിലും തന്നിൽ നിന്നും എന്താണ് മറ്റുള്ളവർ പ്രതീക്ഷിക്കുന്നതെന്ന് മനസ്സിലാക്കുന്നതിനും അതിനനുസരണമായി ശേഷികൾ കൈവരിക്കുന്നതിനും സഹായിക്കുന്നു. ഇത് വ്യക്തിത്ത്വത്തിന്റെ അഭിപ്രേരകമായും (Catalyst) വർത്തിക്കുന്നു. ഇനിയും ഭാവിയിൽ എത്തിച്ചേരാനുള്ള ലക്ഷ്യങ്ങളെക്കുറിച്ച് പഠിച്ച് ബോധവാനാകാനും വികസനത്തിന്റെ അടുത്ത ഘട്ടത്തിൽ തന്നെക്കുറിച്ചുള്ള സാമൂഹിക പ്രതീക്ഷകൾ എന്താണെന്ന് മനസ്സിലാക്കാനും അവനെ പ്രാപ്തനാക്കുന്നു. ഓരോ വികാസഘട്ടത്തിലും സംഭവിച്ചേക്കാനിടയുള്ള ശാരീരിക-മാനസിക-വൈകാരിക-സാമൂഹിക പ്രശ്നങ്ങളെ മുൻകൂട്ടി കാണുന്നതിനും അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഈ അറിവ് സഹായകമാണ്.

### വികാസഘട്ടത്തിലുണ്ടാകുന്ന പ്രതിസന്ധികൾ

സ്വാഭാവിക ഗതിയിലുള്ള വികാസപ്രക്രിയയേയും ശേഷികളുടെ ആർജനത്തേയും തടസ്സപ്പെടുത്തുന്ന ഘടകങ്ങളെ വികാസ പ്രതിസന്ധികൾ (Potential Hazards Or Developmental Hazards) എന്നു വിളിക്കുന്നു.

ഡവലപ്മെന്റൽ ടാസ്കുകൾ യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാതിരുന്നാൽ സമപ്രായക്കാരുടെ കഴിവുകൾക്കൊപ്പമെത്താൻ സാധിക്കാതെയും വരും. ഇത് സാമൂഹികമായ അവഗണനകൾക്കും അപകർഷബോധവും തെറ്റായ ആത്മബോധവും ഉണ്ടാവുന്നതിനും കാരണമാവുകയും ചെയ്യും.

### പുരോഗമന കർത്തവ്യവുമായി ബന്ധപ്പെട്ട് മൂന്ന് തരം പ്രതിസന്ധികളാണ് കാണപ്പെടുന്നത്.

1. വ്യക്തിവികാസത്തിലെ ഒരു ഘട്ടത്തിൽ ഉണ്ടായിരിക്കണമെന്ന് പ്രതീക്ഷിക്കപ്പെടുന്ന നൈപുണികൾ ആർജിക്കാൻ കഴിയാതെ വ്യക്തി അടുത്ത ഘട്ടത്തിലേക്ക് പ്രവേശിക്കുന്നു.
2. ശാരീരികവും മാനസികവുമായ പരിമിതികൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം സമൂഹവും ആ വ്യക്തി തന്നേയും വച്ചുപുലർത്തുന്ന പ്രതീക്ഷകൾ തടസ്സങ്ങളായി മാറുന്നു. (Inappropriate expectations)
3. ഒരു ഘട്ടത്തിൽ നിന്നും അടുത്തതിലേക്ക് പ്രവേശിക്കുമ്പോൾ വ്യക്തി അനുഭവിക്കുന്ന പ്രതിസന്ധികൾ (Crisis).

**ഉദാഹരണം:**

1. ബാല്യത്തിൽ നിന്ന് കൗമാരത്തിലേയ്ക്കുള്ള പ്രവേശനത്തിൽ വ്യക്തി അനുഭവിക്കുന്ന പ്രശ്നങ്ങൾ.
2. വിജയകരമായ ഉദ്യോഗസ്ഥ ജീവിതത്തിനുശേഷം വിരമിക്കുന്ന വ്യക്തി അനുഭവിക്കുന്ന സംഘർഷങ്ങൾ.

☞ **പ്രവർത്തനം**

1. വികസനപ്രവൃത്തിയേയും അതിന്റെ പ്രാധാന്യത്തേയും കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.
2. ശിശുവികാസത്തിന്റെ വിവിധ മേഖലകളേയും അവയുടെ സവിശേഷതകളെയും കുറിച്ച് വിശദമായി ചർച്ച ചെയ്തല്ലോ. അധ്യാപകവിദ്യാർഥി എന്ന നിലയിൽ നിങ്ങൾക്കുണ്ടായ തിരിച്ചറിവുകൾ എന്തെല്ലാമാണ്? ഇവ ക്ലാസ്റൂം പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ എങ്ങനെയൊക്കെ പ്രയോജനപ്പെടുത്താം? **ശിശുവികാസത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രസക്തി** എന്ന ശീർഷകത്തിൽ ഒരു ഉപന്യാസം തയാറാക്കുക.

## Reflective Questions

1) വളർച്ചയും വികാസവും താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക.

2) വികാസതത്ത്വങ്ങൾ ഏതെല്ലാം? അവയുടെ വിദ്യാഭ്യാസപരമായ സാംഗത്യം വിശദീകരിക്കുക.

3) പ്രീസ്കൂൾ കാലത്ത് 3, 4, 5 വയസ്സുകാർക്ക് പ്രത്യേകമായിത്തന്നെ പ്രവർത്തനപദ്ധതികൾ ഒരുക്കണമെന്ന് പറയുന്നതിന്റെ യുക്തിയെന്താണ്?

4) കായിക വിദ്യാഭ്യാസം, പ്രവൃത്തി വിദ്യാഭ്യാസം, പൂന്തോട്ട പരിപാലനം തുടങ്ങിയവയ്ക്ക് പ്രൈമറി പാഠ്യപദ്ധതിയിൽ ഊന്നൽ നൽകണമെന്ന് പറയുന്നതെന്തുകൊണ്ട്?

5) കളികൾ കുട്ടികളുടെ സമഗ്ര വികാസത്തിന് സഹായിക്കുന്നു. വിവിധ വികാസമേഖലകൾ പരിഗണിച്ച് അതെങ്ങനെയെന്ന് വിശദീകരിക്കുക.

6) ചാലക വികാസ തത്വങ്ങൾ വിശദീകരിക്കുക.

7) വിളംബിത ചാലക വികാസം എന്നാലെന്ത്? ഇതിനുള്ള കാരണങ്ങൾ എന്തെല്ലാം?

8) ശിശുവികാരങ്ങളുടെ സവിശേഷതകൾ എന്തെല്ലാം?

9) വൈകാരിക വികാസത്തെ സംബന്ധിച്ച് കാതറിൻ ബ്രിഡ്ജസിന്റെ കണ്ടെത്തലുകൾ എന്തെല്ലാം?

10) വൈകാരിക വികാസത്തിൽ കുടുംബം, അയൽപക്കം, വിദ്യാലയം, സമസംഘങ്ങൾ തുടങ്ങിയ സാമൂഹിക ഘടകങ്ങളുടെ പങ്ക് വിശദമാക്കുക.

11) വൈകാരിക ബുദ്ധി എന്നാലെന്ത്? ഗോൾമാന്റെ അഭിപ്രായത്തിൽ ഇതിനെ നിർണയിക്കുന്ന അടിസ്ഥാന ഘടകങ്ങൾ ഏതെല്ലാം?

12) പിയാഷെയുടെ അഭിപ്രായത്തിൽ ചിന്താപ്രക്രിയയുടെ വികാസത്തിന് നിദാനമായ ഘടകങ്ങൾ ഏതെല്ലാം? വിശദീകരിക്കുക.

13) പിയാഷെ മുന്നോട്ടുവച്ച വിവിധ വൈജ്ഞാനിക ഘട്ടങ്ങളിലുള്ള കുട്ടികളുടെ സവിശേഷതകളെ സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ വിമർശനാത്മകമായി വിലയിരുത്തുക.

14) വൈജ്ഞാനിക വികാസം സംബന്ധിച്ചുള്ള വിഗോട്സ്കിയുടെ കാഴ്ചപ്പാട് വിശദീകരിക്കുക.

15) ബ്രൂണറുടെ ആശയരൂപീകരണഘട്ടങ്ങൾ അനുയോജ്യമായ ഉദാഹരണങ്ങളോടെ വിശദീകരിക്കുക.

16) സംവേദനം, പ്രത്യക്ഷണം ഇവയെന്താണെന്ന് ഉദാഹരണസഹിതം വിശദീകരിക്കുക.

17) കുട്ടികളിൽ യുക്തിചിന്ത വളർത്തുന്നതിന് ഒരു ടീച്ചർക്ക് എങ്ങനെയെല്ലാം ഇടപെടാൻ കഴിയും?

18) ക്ലാസ്സിൽ ഒരു ടീച്ചർക്ക് പ്രയോജനപ്പെടുത്താവുന്ന വിവിധ പ്രശ്നപരിഹരണ തന്ത്രങ്ങൾ വിവരിക്കുക.

19) സ്കിന്നർ, ബന്ദൂര, പിയാഷെ, ബ്രൂണർ, വിഗോട്സ്കി, ചോംസ്കി തുടങ്ങിയവരുടെ ഭാഷാവികസന സിദ്ധാന്തങ്ങൾ താരതമ്യം ചെയ്തുകൊണ്ട് ഒരു ഉപന്യാസം തയാറാക്കുക.

20) ആൽബർട്ട് ബന്ദൂരയുടെ സാമൂഹിക പഠന സിദ്ധാന്തവും അനുഭവാധിഷ്ഠിത പഠന സങ്കല്പവും വിശദീകരിക്കുക.

21) എറിക്സന്റെ കാഴ്ചപ്പാടനുസരിച്ച് എട്ട് ഘട്ടങ്ങളിലൂടെയാണ് മനോസാമൂഹിക വികാസം സംഭവിക്കുന്നത് - വിശദീകരിക്കുക.

22) സാമൂഹിക വികാസത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

23) ലോറൻസ് കോൾബർഗിന്റെ സാൻമാർഗിക വികാസഘട്ടങ്ങൾ ഒരു ആശയചിത്രീകരണത്തിലൂടെ ആവിഷ്ക്കരിക്കുക.

24) നൈതികവികാസത്തെ പരിപോഷിപ്പിക്കുന്നതിൽ വിദ്യാലയത്തിന്റെ പങ്ക് എന്തൊക്കെയാണെന്ന് വിവരിക്കുക.

25) 'വികാസത്തെ സ്വാധീനിക്കുന്നത് പാരമ്പര്യമോ പരിസരമോ?' എന്ന വിഷയത്തിലുള്ള സംവാദം നിങ്ങൾ എങ്ങനെ ക്രോഡീകരിക്കും?

26) വികസന പ്രവൃത്തിയുടെ (റല്ലഹീുാലിമേഹ മേസെ) പ്രാധാന്യത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

# യൂണിറ്റ് - 3
# വ്യക്തിത്വം

നിങ്ങൾ ഏറെ ഇഷ്ടപ്പെടുന്ന ഒരു വ്യക്തിയെക്കുറിച്ച് ചിന്തിക്കൂ. ആ വ്യക്തിയെ ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് ലിസ്റ്റ് ചെയ്തു നോക്കൂ.

- 
- 
- 

വ്യക്തിയുടെ ചില സ്വഭാവ സവിശേഷതകളാണ് ഇഷ്ടപ്പെടാനുള്ള കാരണങ്ങളായി ചൂണ്ടിക്കാട്ടാവുന്നത്.

ഇത്തരം സ്വഭാവ സവിശേഷതകളും പെരുമാറ്റ രീതികളും എല്ലാവരിലും ഒരുപോലെയാണോ കാണുന്നത്? അത് സ്ഥിരമായി നിൽക്കുന്നുണ്ടോ? മാറിക്കൊണ്ടിരിക്കുന്നുണ്ടോ? വളരുന്തോറും അളവിലും ഗുണത്തിലും മാറ്റം വരുന്നുണ്ടോ? പരിസരം മാറുന്നതിനനുസരിച്ച് വ്യക്തിത്വത്തിന് വ്യതിയാനം സംഭവിക്കുന്നുണ്ടോ?

ചർച്ച ചെയ്യൂ. നിഗമനങ്ങൾ നോട്ടുബുക്കിൽ കുറിക്കൂ.

### എന്താണ് വ്യക്തിത്വം?

**'Persona'** എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് വ്യക്തിത്വം എന്നർഥമുള്ള Personality എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്. 'മുഖംമൂടി' എന്നാണ് ഈ ലാറ്റിൻ പദത്തിന്റെ അർഥം, ഗ്രീക്കിലെയും റോമിലെയും നാടകനടന്മാർ തങ്ങളുടെ യഥാർഥ വ്യക്തിത്വം മറച്ചുവെക്കാൻ സ്റ്റേജിൽ പ്രത്യക്ഷപ്പെടുമ്പോൾ മുഖംമൂടികൾ ധരിച്ചിരുന്നു. വിവിധ ജീവിത സന്ദർഭങ്ങളെ നേരിടുന്നതിനു വേണ്ടി വിവിധ മുഖംമൂടികളാണ് ഓരോരുത്തരും ധരിച്ചു കൊണ്ടിരുന്നത്. ഒരാളുടെ ബാഹ്യരൂപത്തിനും പെരുമാറ്റത്തിനും അപ്പുറമാണ് അയാളുടെ യഥാർത്ഥ വ്യക്തിത്വം നിലകൊള്ളുന്നത്. ബാഹ്യരൂപത്തിനപ്പുറമുള്ള വ്യക്തിത്വത്തിന്റെ അടിസ്ഥാനവും സവിശേഷതകളുമാണ് ആധുനിക മന:ശാസ്ത്രം അന്വേഷിക്കുന്നത്.

വ്യക്തിത്വത്തിന് ചില മന:ശാസ്ത്രകാരന്മാർ നൽകിയ നിർവചനങ്ങൾ പരിശോധിക്കാം.

- ഒരു വ്യക്തിയുടെ സുദൃഢവും സംഘടിതവുമായ സ്വഭാവം, വികാരങ്ങൾ, ബുദ്ധി, ശരീരപ്രകൃതി എന്നിവയാണ് അയാളുടെ പ്രകൃതിയോടുള്ള സമായോജനം നിർണ്ണയിക്കുന്നത്.
  
  ***- H.J ഐസങ്ക്***

- ഒരു വ്യക്തിയുടെ മൊത്തം പെരുമാറ്റത്തിന്റെ ഗുണപരമായ മേന്മയാണ് അയാളുടെ വ്യക്തിത്വം
  
  ***- ആർ.എസ്. വുഡ്‌വേർത്ത്***

- ഒരു പ്രത്യേക സന്ദർഭത്തിൽ ഒരാൾ എങ്ങനെ പെരുമാറുന്നുവെന്ന് പ്രവചിക്കാൻ അനുവദിക്കുന്നതെന്തോ അതാണ് വ്യക്തിത്വം
  
  ***- ആർ.ബി. കാറ്റൽ***

കൂടുതൽ നിർവചനങ്ങൾ കണ്ടെത്തി വിശകലനം ചെയ്യൂ

അമേരിക്കൻ സൈക്കോളജിക്കൽ അസോസിയേഷൻ (APA) വ്യക്തിത്വത്തെ നിർവ്വചിച്ചിരിക്കുന്നത് താഴെ പറയുംവിധത്തിലാണ്.

- സവിശേഷതകൾ, ചിന്താരീതികൾ, മനോഭാവങ്ങൾ, പെരുമാറ്റങ്ങൾ എന്നിവയിൽ ഒരു വ്യക്തിക്കുള്ള വ്യത്യാസങ്ങളെയാണ് വ്യക്തിത്വം സൂചിപ്പിക്കുന്നത്.

  (Personality refers to individual differences in characteristics, pattern of thinking, feeling and behaving)

- മറ്റുള്ളവരുമായി ഇടപഴകുന്നതിലും ബന്ധം സ്ഥാപിക്കുന്നതിലും ഒരാളെ വേറിട്ടു നിർത്തുന്ന ഒരുകൂട്ടം സ്വഭാവ സവിശേഷതകളാണ് അവരുടെ വ്യക്തിത്വം നിർണ്ണയിക്കുന്നത്.

  (The complex characteristic that distinguishes an individual especially in relationship with others)

  *Medical definition of personality*

  വ്യക്തിത്വത്തെക്കുറിച്ചുള്ള വിവിധങ്ങളായ നിരവധി നിർവചനങ്ങൾ പരിഗണിച്ച് G.W. Allport നൽകിയ നിർവചനം പൊതുവെ കൂടുതൽ സ്വീകാര്യത നേടിയിട്ടുണ്ട്.

- വ്യക്തിത്വം എന്നത് ഒരു വ്യക്തിയുടെ വിശിഷ്ടമായ വ്യവഹാരത്തേയും ചിന്തയേയും നിർണയിക്കുന്ന ശാരീരിക മാനസിക സംവിധാനങ്ങളുടെ ചലനാത്മകമായ ആന്തരിക ഘടനയാണ്.

  (Personality is the dynamic organisation within the individual of those psychophysical systems that determine his characteristic behaviour and thought)

  ***- G.W. Allport***

☞ **പ്രവർത്തനം**

വ്യക്തിത്വത്തെക്കുറിച്ച് നിങ്ങൾ സ്വാംശീകരിച്ച ധാരണകളുടെ അടിസ്ഥാനത്തിൽ സ്വന്തം വ്യക്തിത്വ സവിശേഷതകൾ എന്തൊക്കെയാണെന്ന് കണ്ടെത്തി എഴുതാൻ ശ്രമിച്ചു നോക്കൂ.

### വ്യക്തിത്വ സമീപനങ്ങൾ

വ്യക്തിത്വത്തിന്റെ ഘടനയും വികാസവും വിശദീകരിക്കാൻ വേണ്ടി മന:ശാസ്ത്രജ്ഞർ വിവിധ സിദ്ധാന്തങ്ങളും സമീപനങ്ങളും മുന്നോട്ടുവെച്ചിട്ടുണ്ട്. പ്രധാനപ്പെട്ട വ്യക്തിത്വ സമീപനങ്ങൾ താഴെ കൊടുക്കുന്നു.

I) സവിശേഷക സമീപനം (Trait approach)

II) മാനവികതാ സമീപനം (Humanistic approach)

III) മനോവിശ്ലേഷണ സമീപനം (Psychoanalysis approach)

ഇവയോരോന്നും വിശദമായി പരിശോധിക്കാം.

## I. സവിശേഷകസമീപനം (Trait Approach)

1897 ൽ ഇൻഡ്യാനയിലെ മോണ്ടസുമയിൽ ജനിച്ച ഗോർഡൻ വില്ലാർഡ് ആൽപ്പോർട്ട് (Gordon Willard Allport) ആണ് നിലവിലുണ്ടായിരുന്ന അമ്പതോളം നിർവചനങ്ങളെ വിശകലനം ചെയ്ത് വ്യക്തിത്വത്തിന് സമഗ്രമായ ഒരു നിർവചനം നൽകിയത്.

ഒരു വ്യക്തിയുടെ സവിശേഷമായ പെരുമാറ്റത്തേയും ചിന്തയെയും നിർണയിക്കുന്ന **പരിണാമ വിധേയമായ ശാരീരിക മാനസിക ഘടകങ്ങളുടെ സംരചനയാണ് വ്യക്തിത്വം.** സൂക്ഷ്മമായി നിരീക്ഷിച്ചാൽ ചില വ്യക്തിത്വ സവിശേഷതകൾ നാം കാണുന്ന എല്ലാ വ്യക്തികൾക്കുമുള്ളതായി കാണാം.

ഇവയാണ് സവിശേഷകങ്ങൾ (Traits). ജനിതകമായി ലഭിക്കുന്നതും സാമൂഹിക സാംസ്കാരിക സാഹചര്യങ്ങൾക്കനുസരിച്ച് രൂപം കൊള്ളുകയോ രൂപഭേദം സംഭവിക്കുകയോ ചെയ്യുന്നതുമായ സവിശേഷകങ്ങൾ ചേർന്നാണ് ഒരു വ്യക്തിയുടെ വ്യക്തിത്വത്തിന്റെ ഘടനയും സ്വഭാവവും നിർണയിക്കുന്നത് എന്നാണ് ആൽപ്പോർട്ട് അഭിപ്രായപ്പെട്ടത്. **പരിസ്ഥിതിയോട് വ്യക്തി പ്രകടിപ്പിക്കുന്ന തനിമയുള്ളതും താരതമ്യേന സ്ഥിരവുമായ പ്രതികരണത്തിന് കാരണമായ ആന്തരിക സവിശേഷ ഗുണമാണ് സവിശേഷകം (trait) എന്ന് നിർവചിക്കാം.** ഇവിടെ തനിമ, സ്ഥിരത എന്നീ പദങ്ങൾക്ക് പ്രത്യേക പ്രാധാന്യമുണ്ട്. ഒരാളുടെ സ്ഥിരമായ വ്യവഹാര പ്രത്യേകതകളെയാണ് ഇവിടെ വിവക്ഷിക്കുന്നത്, മറിച്ച് വല്ലപ്പോഴുമുള്ള സവിശേഷ പ്രതികരണങ്ങളെയല്ല. ഈ സവിശേഷകങ്ങളെ ആൽപ്പോർട്ട് മൂന്നായി തിരിച്ചിട്ടുണ്ട്. അവ ഏതെല്ലാമെന്ന് നോക്കാം.

i) മുഖ്യ സവിശേഷകങ്ങൾ (Cardinal traits)

ii) മധ്യമ സവിശേഷകങ്ങൾ (Central traits)

iii) ദ്വിതീയ സവിശേഷകങ്ങൾ (Secondary traits) എന്നിവയാണ്.

### i) മുഖ്യ സവിശേഷകങ്ങൾ (Cardinal Traits)

ഒരു വ്യക്തിയുടെ വിവിധ വ്യവഹാരങ്ങളിൽ മിക്കപ്പോഴും പ്രകടമാകുന്നതും മേൽക്കൈ നേടുന്നതുമായ സ്വഭാവസവിശേഷതയാണ് മുഖ്യ സവിശേഷകം. വ്യക്തിയുടെ എല്ലാ പ്രവർത്തനങ്ങളേയും സ്വാധീനിക്കുന്ന ഏറ്റവും പ്രബലമായ ഒരു സവിശേഷകമാണിത്. ഭൂതദയ, അക്രമരാഹിത്യം, അഹിംസ, സ്വേച്ഛാധിപത്യം, ഫലിതബോധം തുടങ്ങിയ മുഖ്യസവിശേഷകങ്ങൾ വ്യക്തിത്വത്തെ സ്വാധീനിക്കുക വഴി ചരിത്രത്തിൽ ഇടം നേടിയ വ്യക്തികളെ നമ്മൾ പരിചയപ്പെട്ടിട്ടുണ്ടല്ലോ. ചുരുക്കത്തിൽ ഒരാളുടെ വ്യക്തിത്വ സവിശേഷതകൾ മുഴുവൻ കേന്ദ്രീകരിക്കുന്നത് ഒരു സവിശേഷകത്തിൽ ആണെങ്കിൽ അതാണ് മുഖ്യസവിശേഷകം.

☞ **പ്രവർത്തനം**

ലോകാരാധ്യരായ ചരിത്ര പുരുഷന്മാരെ അത്തരത്തിൽ രൂപപ്പെടുത്തിയതിൽ അവരിലെ മുഖ്യ സവിശേഷകത്തിന് എന്തെങ്കിലും പങ്കുണ്ടോ? ക്ലാസിൽ ചർച്ച ചെയ്യൂ. ചില ഉദാഹരണങ്ങൾ കണ്ടെത്തൂ.

### ii) മധ്യമ സവിശേഷകങ്ങൾ (Central Traits)

ഒരു വ്യക്തിയെ സാമാന്യമായി വിവരിക്കുന്നതും മുഖ്യസവിശേഷകത്തോളം സമഗ്രവും വ്യാപകവുമല്ലെങ്കിലും നല്ല രീതിയിൽ പ്രതിനിധാനം ചെയ്യുന്നതുമായ ഏതാനും സ്വഭാവ സവിശേഷതകളാണ് മധ്യമ സവിശേഷകങ്ങൾ. അതായത് മുഖ്യ സവിശേഷകങ്ങളെപ്പോലെ ശക്തമല്ലെങ്കിലും ഒരാളുടെ മിക്ക പ്രവർത്തനങ്ങളിലും പ്രതിഫലിക്കുന്ന സവിശേഷകങ്ങളാണിത്. സ്വാർഥത, വിധേയത്വം, വിശ്വാസ്യത തുടങ്ങിയവ ചില ഉദാഹരണങ്ങളാണ്. ഒരാളുടെ മുഖ്യ സവിശേഷകം മറ്റൊരാളുടെ മധ്യമ സവിശേഷകമായും തിരിച്ചും കാണപ്പെടാറുണ്ട്.

### iii) ദ്വിതീയ സവിശേഷകങ്ങൾ (Secondary Traits)

സവിശേഷ സാഹചര്യങ്ങളിൽ മാത്രം പ്രകടമാകുന്നതും പ്രവർത്തന മേഖലകളിൽ കുറഞ്ഞ തോതിൽ മാത്രം സ്വാധീനം ചെലുത്തുന്നതുമായ സവിശേഷകങ്ങളെയാണ് ദ്വിതീയ സവിശേഷകങ്ങൾ എന്ന് വിളിക്കുന്നത്.

തികച്ചും ഉപരിപ്ലവങ്ങളായതിനാൽ വ്യക്തിത്വത്തിന്റെ അവിഭാജ്യഘടകങ്ങളായി ഇവ പരിഗണിക്കപ്പെടാറില്ല.

ചുരുക്കത്തിൽ ഒരാളുടെ വ്യക്തിത്വത്തെ നിർണ്ണയിക്കുന്നത് മുഖ്യസവിശേഷകവും ചില മധ്യമ സവിശേഷകങ്ങളും ദ്വിതീയ സവിശേഷകങ്ങളും ചേർന്നാണ്. ഇതാണ് സവിശേഷക സമീപനം. ഇതിന്റെ വക്താവായ ആൽപ്പോർട്ടിനെ സവിശേഷക മന:ശാസ്ത്രജ്ഞൻ എന്ന് വിളിക്കാറുണ്ട്.

## പക്വവ്യക്തിത്വം (Matured Personality)

ഒരു പക്വ വ്യക്തിത്വത്തെ വിശദീകരിക്കാൻ ആൽപ്പോർട്ട് ആറ് മാനദണ്ഡങ്ങൾ നിർദേശിക്കുന്നുണ്ട്. അവ താഴെകൊടുക്കുന്നു.

1) **വിപുലീകൃത അഹം (Extented Self)**

   മറ്റുള്ളവരുടെ താല്പര്യങ്ങളും ക്ഷേമവും തന്റേതിനോടൊപ്പം തന്നെ പരിഗണിക്കുന്ന വിശാല ചിന്തയാണിത്.

2) **ഊഷ്മള ബന്ധങ്ങൾ (Warm Relations)**

   മറ്റുള്ളവരുടെ ശ്രദ്ധയും ആദരവും നേടിയെടുക്കുന്ന തരത്തിൽ ആരോഗ്യകരമായ സാമൂഹ്യ ബന്ധങ്ങൾ വളർത്തിയെടുക്കാൻ പക്വവ്യക്തിത്വത്തിന്റെ ഉടമകൾക്ക് കഴിയുന്നു.

3) **ആത്മസന്തുലനം (Self Regulation)** തന്റെ നിയന്ത്രണത്തിലല്ലാത്ത കാര്യങ്ങളിൽ പോലും അതിവൈകാരികത പ്രകടിപ്പിക്കാതെ ആത്മസന്തുലനം പാലിക്കുന്നു. സംഘർഷവേളകളിൽ സഹിഷ്ണുത പ്രകടിപ്പിക്കുന്നു.

4) **യാഥാർഥ്യബോധം (Realistic Perception)**

   സാമൂഹിക സംഭവങ്ങളെയും പ്രതിസന്ധികളെയും യാഥാർഥ്യ ബോധത്തോടെ കൈകാര്യം ചെയ്യുന്നു.

### ഗോർഡർ വില്ലാർഡ് ആൽപ്പോർട്ട്
### (Gordon Willard Allport)

*(1897 നവംബർ 11-1967 ഒക്ടോബർ 9)*



*1897 ൽ ഇൻഡ്യാനയിലെ മോണ്ടസുമയിൽ ആണ് ആൽപ്പോർട്ടിന്റെ ജനനം. വിദ്യാഭ്യാസത്തിനുശേഷം മന:ശാസ്ത്രത്തിൽ ആഭിമുഖ്യം തോന്നിയ ആൽപ്പോർട്ട് 22-ാം വയസ്സിൽ വിയന്നയിൽ ഫ്രോയ്ഡിനെ കാണാൻ പോയ അനുഭവം തന്റെ ആത്മകഥയിൽ വിവരിക്കുന്നുണ്ട്. അന്ന് വിഖ്യാതനായ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ആയിരുന്നു ഫ്രോയ്ഡ്. ഓരോരുത്തരായി തങ്ങളുടെ മാനസിക പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതും ഫ്രോയ്ഡ് അതിനെല്ലാം പ്രതിവിധികൾ നിർദേശിക്കുന്നതും കൗതുകപൂർവം നോക്കി നിന്ന ആൽപ്പോർട്ട് തന്റെ ഊഴമെത്തിയപ്പോൾ ഫ്രോയ്ഡിനെ സമീപിച്ചു. ഫ്രോയ്ഡ് ആൽപ്പോർട്ടിനോട് പ്രശ്നമെന്താണെന്നന്വേഷിച്ചു. താൻ മന:ശാസ്ത്രത്തിലുള്ള കൗതുകം കൊണ്ടു മാത്രം വന്നതാണെന്ന് പറയാൻ ഫ്രോയ്ഡിന്റെ അസാമാന്യമായ വ്യക്തിത്വ സവിശേഷതകളിൽ പകച്ചു പോയ ആൽപ്പോർട്ടിനു കഴിഞ്ഞില്ല. അദ്ദേഹം ഒരു കുട്ടിയുടെ കേസ് ഫ്രോയ്ഡിനു മുന്നിൽ അവതരിപ്പിച്ചു. ഈ കുട്ടി ബസ്സിൽ യാത്ര ചെയ്യുകയായിരുന്ന അവസരത്തിൽ അവന്റെ സമീപമുള്ള സീറ്റിലിരുന്നയാൾ എഴുന്നേറ്റപ്പോൾ ആ സീറ്റിലിരിക്കാൻ അവനോട് അവന്റെ അമ്മ നിർബന്ധിച്ചു. പക്ഷെ അവൻ ഇരുന്നില്ല. ആ സീറ്റിൽ മുമ്പ് ഇരുന്ന ആൾ വളരെ മുഷിഞ്ഞ വസ്ത്രമാണ് ധരിച്ചിരുന്നത് എന്നതായിരുന്നു കാരണം. കുട്ടിയുടെ ഈ അസാധാരണമായ ശുചിത്വബോധത്തിന് കാരണം എന്തായിരിക്കും എന്ന കാര്യത്തിൽ മന:ശാസ്ത്ര വിശദീകരണമാണ് ആൽപ്പോർട്ട് തേടിയത്. പക്ഷെ ഫ്രോയ്ഡ് ആദ്യമായി ചോദിച്ചത് ആ കുട്ടി നീ തന്നെയല്ലേ എന്നായിരുന്നത്രെ. മന:ശാസ്ത്രത്തെക്കുറിച്ച് ആഴത്തിൽ പഠിക്കാൻ ഈ സംഭവം ആൽപ്പോർട്ടിനെ പ്രേരിപ്പിച്ചു. അങ്ങനെയാണ് ഹാർവാർഡ് സർവ്വകലാശാലയിൽ നിന്നും മന:ശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയതും സവിശേഷക സിദ്ധാന്തം അവതരിപ്പിച്ചതും.*

***പ്രസിദ്ധ പുസ്തകങ്ങൾ***

*1) The Person in psychology*
*2) Documents in psychological Science*
*3) The nature of prejudice*
*4) Personality traits : The classification and measure*

5) **ആത്മധാരണ (Self Objectification)**

   സ്വന്തം കഴിവുകളെയും പരിമിതികളെയും വസ്തുനിഷ്ഠമായി വിലയിരുത്തുന്നു.

6) **ഏകാത്മക ജീവിത ദർശനം (Unifying Philosophy of life)**

   സ്വന്തം ജീവിതാനുഭവങ്ങളിലൂടെ ആത്മസംതൃപ്തിക്കനുസരിച്ച് വികസിപ്പിച്ചെടുത്ത അംഗീകൃതവും ഏകാത്മകവും (unifying) ആയ ജീവിത ദർശനം പുലർത്തുന്നു.

## II. മാനവികതാ സമീപനം (Humanistic Approach)

മനോവിശ്ലേഷണ സമീപനത്തേയും വ്യവഹാരവാദ സമീപനങ്ങളേയും ഒരുപോലെ നിരാകരിച്ചു കൊണ്ടാണ് **എബ്രഹാം മാസ്‌ലോ, കാൾറോജേഴ്‌സ്** എന്നിവർ വ്യക്തിത്വത്തെക്കുറിച്ചുള്ള മാനവികതാ സമീപനം മുന്നോട്ടു വച്ചത്. വൈകാരിക പ്രശ്നങ്ങൾ അനുഭവിക്കുന്നവരിൽ മാത്രം പഠനം നടത്തുന്ന മനോവിശ്ലേഷണ കാഴ്ചപ്പാടിനേയും മനുഷ്യൻ അവന്റെ ചുറ്റുപാടുകളോട് കേവലമായി പ്രതികരിക്കുന്ന ഒരു ജീവിയാണെന്ന വ്യവഹാരവാദ കാഴ്ചപ്പാടിനേയും മാനവികതാ വാദികൾ എതിർക്കുന്നു. മനുഷ്യൻ, മനുഷ്യത്വം എന്നിവയ്ക്ക് ഇവർ പ്രാധാന്യം നൽകുന്നു.

### കാൾ റോജേഴ്‌സ് (Carl Rogers)

കാൾ റോജേഴ്‌സിന്റെ അഭിപ്രായത്തിൽ ഓരോ വ്യക്തിയും സ്വന്തം നിലയിൽ ഏറ്റവും മികച്ച വ്യക്തിയായി മാറുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ തന്നെ ഓരോരുത്തരും സജീവമായും ക്രിയാത്മകമായും തന്റെ ചുറ്റുപാടുകളോട് ഇടപെട്ടുകൊണ്ട് തന്റെ കഴിവിന്റെ പരമാവധിയിലേക്ക് എത്തുവാൻ പരിശ്രമിക്കുന്നു. സ്വതന്ത്രമായി ചിന്തിക്കാൻ കഴിവുള്ള, മനുഷ്യത്വവും നന്മയും നിറഞ്ഞ ആളായാണ് ഓരോ വ്യക്തിയേയും കാൾ റോജേഴ്‌സ് പരിഗണിക്കുന്നത്.

**കാൾ റാൻസം റോജേഴ്‌സ് (Carl Ransom Rogers)**

(08.01.1902 - 04.02.1987)



*അമേരിക്കൻ മന:ശാസ്ത്രജ്ഞൻ. മാനുഷിക നന്മകളും അതിന്റെ വികാസവും ലക്ഷ്യമാക്കിയുള്ള മാനവിക മന:ശാസ്ത്ര ചിന്താധാരയ്ക്ക് കരുത്ത് പകർന്നു. സ്വയം അറിയുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഓരോ മനുഷ്യനും ജന്മസിദ്ധമായി ത്വരയുണ്ടെന്നും അതിനെ വളർത്തി ആത്മ സാക്ഷാത്ക്കാരം നേടാനുള്ള അദമ്യമായ അഭിലാഷത്തെ പുഷ്ടിപ്പെടുത്തണമെന്നുമുള്ള കാഴ്ചപ്പാടിന് അദ്ദേഹം പ്രാധാന്യം നൽകി. നന്മ തിന്മകളെ വേർതിരിച്ചറിയാനും ശരിയായതിനെ വിലയിരുത്താനുമുള്ള ശേഷി ഓരോ മനുഷ്യനും ഉണ്ടെന്ന് കാൾ റോജേഴ്‌സ് പറയുന്നു. 'Client Centered Therapy', 'On Becoming a Person', 'A Way of Being', 'It's an Awful Risky Thing to Live' തുടങ്ങിയവ അദ്ദേഹത്തിന്റെ പുസ്തകങ്ങളാണ്.*

വ്യക്തികളുടെ ആത്മനിഷ്ഠമായ (Subjective) നിലപാടുകൾക്ക് പ്രാധാന്യം നൽകുന്നതിനാൽ കാൾ റോജേഴ്‌സിന്റെ സമീപനത്തെ വ്യക്തികേന്ദ്രീകൃത സിദ്ധാന്തം (Person centered theory) എന്ന് വിളിക്കാറുണ്ട്.

കാൾ റോജേഴ്‌സ് വ്യക്തിത്വവുമായി ബന്ധപ്പെട്ട് മുന്നോട്ടു വച്ച ആശയങ്ങൾ പരിചയപ്പെടാം.

### (a) ആത്മബോധം/അഹം എന്ന സങ്കല്പം (Self Concept)

ഒരു വ്യക്തിക്ക് അയാളുടെ തന്നെ സ്വഭാവത്തെക്കുറിച്ചും കഴിവുകളെക്കുറിച്ചും തന്റേതായ വ്യവഹാര രീതികളെക്കുറിച്ചുമുള്ള വിശ്വാസത്തിന്റെ ആകെത്തുകയാണ് അയാളുടെ ആത്മബോധം അഥവാ അഹം (self concept). തന്റെ ചുറ്റുപാടുകളിലൂടെയും മറ്റുള്ളവരോടുള്ള ഇടപെടലുകളിലൂടെയുമാണ് ഒരാളുടെ ആത്മബോധം രൂപപ്പെടുന്നത്. ഗുണപരമായ ആത്മബോധമുള്ള (positive self concept) വ്യക്തി സന്തോഷം അനുഭവിക്കുകയും ലോകത്തെ സുരക്ഷിതവും ഗുണപരമായതുമായി നോക്കിക്കാണുകയും ചെയ്യുന്നു.

ഗുണപരമല്ലാത്ത ആത്മബോധമുള്ള (negative self concept) വ്യക്തി സന്തോഷവും സുരക്ഷിതത്വബോധവും ഇല്ലാത്തവനും ലോകത്തെ വിപരീത മനോഭാവത്തോടെ കാണുന്നവനുമായിരിക്കും.

**ഒരു കേസ്സ് പരിശോധിക്കാം**

*സമൂഹത്തിലെ അനീതികൾക്കും അക്രമത്തിനും അഴിമതിക്കും എതിരെ ചിന്തിക്കുന്ന ഒരാളാണ് മനോജ്. ഇത്തരം അധാർമികതകൾക്കെതിരെ പൊരുതുന്ന നായകന്മാരുടെ സിനിമകളും അയാൾക്ക് ഇഷ്ടമാണ്. തനിക്കും ഇത്തരത്തിൽ പോരാടണമെന്ന് അയാൾക്ക് ആഗ്രഹമുണ്ട്. എന്നാൽ താൻ വളരെ ദുർബലനും ഒറ്റപ്പെട്ടവനും ആണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ അയാൾ തന്റെ പ്രതിഷേധം കടിച്ചമർത്തി ജീവിക്കുന്നു. അതുകൊണ്ടു തന്നെ അയാൾ എപ്പോഴും അസ്വസ്ഥനാണ്. വീട്ടുകാരോട് ദേഷ്യപ്പെടുകയും വഴക്കിടുകയും ചെയ്യുന്നു. തന്മൂലം വീട്ടുകാരും വലിയ വിഷമത്തിലാണ്.*

ഇവിടെ മനോജിന്റെ വ്യക്തിത്വത്തെ വിശകലനം ചെയ്യുമ്പോൾ എന്തെല്ലാം കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാം?

- താൻ എങ്ങനെയുള്ള ആളാകണം എന്ന കാര്യത്തിൽ മനോജിന് ചില ധാരണകളുണ്ട്.
- തന്റെ ശക്തി ദൗർബല്യങ്ങൾ അയാൾക്കറിയാം.
- ------------------------------------------------------------------------
- ------------------------------------------------------------------------

ഇവിടെ ഈ വ്യക്തിയുടെ അഹ (self) ത്തിന് രണ്ട് തലങ്ങൾ ഉള്ളതായി കാണാം. യഥാർഥത്തിൽ തന്റെ ശക്തി ദൗർബല്യങ്ങളെക്കുറിച്ചുള്ള അറിവും, (ഇതിനെ നമുക്ക് യാഥാർത്ഥ്യാധിഷ്ഠിത അഹം - real self എന്ന് വിളിക്കാം.) താൻ എങ്ങനെയുള്ള ആളാകണമെന്നുള്ള ആഗ്രഹവും (ഇതിനെ ആദർശാത്മക അഹം -ideal self എന്ന് വിളിക്കാം). ഈ രണ്ട് സ്വത്വ (self)ങ്ങളും അയാളുടെ വ്യക്തിത്വത്തെ എങ്ങനെയെല്ലാം സ്വാധീനിക്കും?

കാൾ റോജേഴ്സിന്റെ മാനവികതാ കാഴ്ചപ്പാടിൽ ഊന്നിക്കൊണ്ട് ഈ രണ്ട് സ്വത്വങ്ങളേയും നമുക്ക് വിശകലനം ചെയ്യാം.

**ആദർശാത്മക അഹം (Ideal Self), യാഥാർത്ഥ്യാധിഷ്ഠിത അഹം (Real self)**

കാൾ റോജേഴ്സ് അഹത്തെ (self) ആദർശാത്മക അഹം (ideal self) എന്നും യാഥാർത്ഥ്യാധിഷ്ഠിത അഹം (real self) എന്നും രണ്ടായി തിരിക്കുന്നു. താൻ ആരായിത്തീരാൻ ഒരു വ്യക്തി ആഗ്രഹിക്കുന്നുവോ അതാണ് അയാളുടെ ആദർശാത്മക അഹം. യഥാർത്ഥത്തിൽ ഒരു വ്യക്തി ആരാണോ അതാണ് അയാളുടെ യാഥാർത്ഥ്യാധിഷ്ഠിത അഹം (real self). ഇവ രണ്ടും തമ്മിലുള്ള പൊരുത്തം ആരോഗ്യകരമായ വ്യക്തിജീവിതത്തിന് ആവശ്യമാണ്. അതായത് ഒരാളിൽ അഹത്തിന്റെ ഈ രണ്ടു തലങ്ങളും എത്രത്തോളം അടുത്തുനിൽക്കുന്നുവോ അത്രത്തോളം സന്തുലിതമായിരിക്കും അയാളുടെ വ്യക്തിത്വം. ഇവ തമ്മിലുള്ള അന്തരം കൂടുന്നത് അപസമായോജനത്തിനും വ്യക്തിത്വപ്രശ്നങ്ങൾക്കും കാരണമാകുന്നു.

**നിരുപാധിക പരിഗണന/സ്നേഹം (Unconditional Positive Regard/Love)**

ആത്മബോധത്തിന്റെ ശരിയായ വികാസത്തിനും ആത്മസാക്ഷാത്കാരം നേടുന്നതിനും നിരുപാധിക പരിഗണനയും സ്നേഹവും ആവശ്യമാണെന്ന് കാൾ റോജേഴ്സ് കരുതുന്നു. നിരുപാധികമായ പരിഗണനയും തുറന്ന സ്നേഹവും വ്യക്തികൾക്ക് ശരിയായ വ്യക്തിത്വ സ്ഥാപനത്തിനും ആത്മസാക്ഷാത്ക്കാരം നേടുന്നതിനും സഹായകമാണ്. ഉപാധികളോടെയുള്ള സ്നേഹവും പരിഗണനയും തെറ്റായ ആദർശാത്മക അഹം രൂപപ്പെടുന്നതിനും യാഥാർത്ഥ്യാത്മക അഹവുമായി പൊരുത്തക്കേട് സൃഷ്ടിക്കുന്നതിനും അത് വഴി വ്യക്തിത്വ പ്രശ്നങ്ങൾക്കും കാരണമാകാം.

☞ **പ്രവർത്തനം**

"എന്റെ ജീവിത വിജയത്തിന്റെ അടിസ്ഥാനം എന്റെ രക്ഷകർത്താക്കളും അധ്യാപകരും നൽകിയ നിരുപാധിക പരിഗണനയും സ്നേഹവുമാണ്". പ്രശസ്തനായ ഒരു വ്യക്തിയുടെ ആത്മകഥയിലെ ഈ പ്രസ്താവനയെ കാൾ റോജേഴ്സിന്റെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.

- **പൂർണ്ണ വ്യക്തിത്വം (The Complete Personality - Fully Functioning Personality)**

  സഹജമായ കഴിവുകൾ ഉപയോഗപ്പെടുത്തി നിരന്തരം പ്രവർത്തനനിരതനായ ഒരു വ്യക്തിയെ പൂർണ്ണ വ്യക്തിത്വത്തിന് ഉടമയായി പരിഗണിക്കാമെന്ന് കാൾ റോജേഴ്സ് അഭിപ്രായപ്പെടുന്നു. പൂർണ്ണ വ്യക്തിത്വത്തിന് ഉടമകളായവർ താഴെ പറയുന്ന സവിശേഷതകൾ പ്രകടിപ്പിക്കുന്നു.

1. അനുഭവങ്ങളെ തുറന്ന മനസ്സോടെ ഉൾക്കൊള്ളുന്നു.
2. ജീവിതത്തിലെ ഓരോ നിമിഷത്തേയും പ്രായോഗിക സമീപനത്തോടെ നേരിടുന്നു.
3. സന്ദർഭങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പെരുമാറുന്നു.
4. തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഔചിത്യപൂർവ്വം ഉപയോഗിക്കുന്നു.
5. ഉയർന്ന തലത്തിലുള്ള സർഗ്ഗാത്മകത പ്രകടിപ്പിക്കുന്നു.
6. അക്രമണോത്സുകമായി പെരുമാറുവാൻ സാധ്യതയുള്ള സന്ദർഭങ്ങളിൽ പോലും തന്റെ സഹജമായ നന്മ പ്രകടിപ്പിക്കുന്നു.

**ഉദ്ഗ്രഥിത വ്യക്തിത്വം (Integrated Personality):-** പരിസ്ഥിതിയുമായി പൂർണമായും സമായോജനം സ്ഥാപിക്കുന്ന വ്യക്തിത്വമാണ് ഉദ്ഗ്രഥിത വ്യക്തിത്വം. ഉദ്ഗ്രഥിത വ്യക്തിത്വമുള്ളവർക്ക് പൊതുവെ ആഗ്രഹങ്ങളും പ്രതീക്ഷകളും എല്ലാം തന്റെ കഴിവിനനുസരിച്ചായിരിക്കും. അവർക്ക് തന്റെ കഴിവും കഴിവുകേടുകളും തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ സാധിക്കും. ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ വേണ്ടി യാഥാർഥ്യബോധത്തോടെ പ്രവർത്തിക്കുകയും ചെയ്യും.

കുട്ടികളിൽ സ്വയം ബഹുമാനം (self respect), അനുകൂല മനോഭാവം (positive attitude), വിശ്വാസ്യത എന്നിവ ഉണ്ടാക്കുക, വിദ്യാലയത്തിലെയും വീട്ടിലെയും ജീവിതം നല്ല രീതിയിൽ ആസൂത്രണം ചെയ്യുക, നല്ല ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും കുട്ടികളിലുണ്ടാക്കാൻ പ്രചോദിപ്പിക്കുക, നല്ല സൗഹൃദബന്ധം സ്ഥാപിക്കുക തുടങ്ങിയവ ഉദ്ഗ്രഥിത വ്യക്തിത്വത്തിലേക്ക് എത്തിച്ചേരാൻ സഹായിക്കുന്ന ചില വഴികളാണ്.

☞ **പ്രവർത്തനം**

പക്വ വ്യക്തിത്വത്തെക്കുറിച്ചുള്ള ആൽപ്പോർട്ടിന്റെ ആശയങ്ങളും പൂർണ്ണവ്യക്തിത്വത്തെക്കുറിച്ചുള്ള കാൾറോജേഴ്സിന്റെ കാഴ്ചപ്പാടും താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക.

### അബ്രഹാം മാസ്‌ലോ (Abraham Maslow)

മാനവികതാവാദികളിൽ പ്രമുഖനായ അബ്രഹാം മാസ്‌ലോ വ്യക്തിത്വ പഠനത്തിനായി തെരഞ്ഞെടുത്തത് ഉത്കൃഷ്ടർ എന്ന് സമൂഹം വിലയിരുത്തിയ ആൽബർട്ട് ഐൻസ്റ്റീൻ, തോമസ് ജെഫേഴ്സൺ, അബ്രഹാം ലിങ്കൺ, റൂസ്‌വെൽറ്റ് തുടങ്ങിയവരേയാണ്. ഇവരൊക്കെ തുറന്ന ചിന്താഗതി ഉള്ളവരും സഹാനുഭൂതി, സഹജീവി സ്നേഹം, ക്രിയാത്മകത തുടങ്ങിയ സ്വഭാവ സവിശേഷതകൾ പ്രകടിപ്പിക്കുന്നവരും ആണെന്ന് അദ്ദേഹം വിലയിരുത്തി.

### ആവശ്യങ്ങളുടെ ശ്രേണി (Heirarchy of Needs)

മാസ്‌ലോയുടെ ഏറ്റവും പ്രസിദ്ധമായ സിദ്ധാന്തമാണിത്. എല്ലാ വ്യക്തികൾക്കും പൂർത്തീകരിക്കപ്പെടേണ്ട ആവശ്യങ്ങൾ ഉള്ളതായി അദ്ദേഹം പറയുന്നു. മനുഷ്യന്റെ ആവശ്യങ്ങളെ അതിന്റെ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ താഴെനിന്ന് മുകളിലേക്ക് ക്രമീകരിക്കാവുന്നതാണ്. താഴത്തേ തലത്തിലുള്ള ആവശ്യങ്ങൾ സാക്ഷാത്കരിക്കുന്നതോടെ

**എബ്രഹാം ഹാരോൾഡ് മാസ്‌ലോ**
**(Abraham Harold Maslow)** (01.04.1908 - 08.06.1970)



*ന്യൂയോർക്കിലെ ബ്രൂക്ക്ലിനിൽ ജനിച്ചു. വിസ്കോൺസിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് സൈക്കോളജിയിൽ ബിരുദം നേടി. സൈക്കോളജിക്ക് മാനവികതയുടെ കാഴ്ചപ്പാട് നൽകിയവരിൽ പ്രമുഖൻ. മനുഷ്യന്റെ ആവശ്യങ്ങളെ വിവിധ തട്ടുകളായി ചിത്രീകരിച്ചു. ആത്മസാക്ഷാത്ക്കാരത്തിലേക്ക് (self actualisation) എത്തുന്നതാണ് മനുഷ്യന്റെ ആവശ്യങ്ങളുടെ ശ്രേണി. 'Psychology of Sicence', 'Toward a Psychology of Being', 'The Farther Reaches of Human Nature' എന്നിവ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളാണ്.*

അടുത്ത തലത്തിലുള്ള ആവശ്യങ്ങൾ ഉയർന്നു വരുന്നു. ഏറ്റവും അടിസ്ഥാനപരമായ ശാരീരിക ആവശ്യങ്ങൾ (physiological needs) ശ്രേണിയുടെ അടിയിലായി നൽകിയിട്ടുള്ളപ്പോൾ ആത്മസാക്ഷാത്ക്കാരം (self actualisation) എന്നത് ഏറ്റവും ഉയർന്നതലത്തിൽ നൽകിയിരിക്കുന്നു. ചിത്രീകരണം നോക്കുക.




**മാസ്‌ലോയുടെ ആവശ്യങ്ങളുടെ ശ്രേണി**

മനുഷ്യന്റെ നിലനില്പിന് വേണ്ടതായ അടിസ്ഥാന ആവശ്യങ്ങളാണ് മാസ്‌ലോ തന്റെ ശ്രേണിയുടെ ഏറ്റവും അടിത്തട്ടിൽ നൽകിയിരിക്കുന്ന ശാരീരികാവശ്യങ്ങൾ (physiological needs). വായു, വെള്ളം, ഭക്ഷണം, ഉറക്കം, ഇന്ദ്രിയ സുഖങ്ങൾ, വിശ്രമം, ലൈംഗികത, ശാരീരികമായ സന്തുലിതാവസ്ഥ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്ന ഒരാളിൽ അടുത്ത ഘട്ടത്തിലെ ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള ആഗ്രഹം ജനിക്കുന്നു.

സുരക്ഷിതത്വത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള ആവശ്യങ്ങളാണ് (safety needs) - പിരമിഡിലെ അടുത്തപടി. സ്വന്തം ശരീരം, ജോലി, മൂല്യബോധം, ആരോഗ്യം, കുടുംബം, വസ്തുവകകൾ എന്നിവയുടെ സുരക്ഷയും സംരക്ഷണവും ഇതിൽ ഉൾപ്പെടുന്നു. ആളുകൾ വീടിനു ചുറ്റും മതിൽ കെട്ടുന്നതും, ഇൻഷുറൻസ് എടുക്കുന്നതും മറ്റും നമ്മൾ കണ്ടിട്ടുണ്ടല്ലോ.

സുരക്ഷിതത്വാവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുമ്പോൾ സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള (love and belongingness) ആഗ്രഹം ഉടലെടുക്കുന്നു. സുഹൃദ് ബന്ധങ്ങൾ, കുടുംബ സംവിധാനം എന്നിവയിലൂടെ ഇതിന്റെ പൂർത്തീകരണം സാധ്യമാകുന്നു.

അടുത്ത ഘട്ടമായി ആദരിക്കാനും ആദരിക്കപ്പെടാനുള്ള ആഗ്രഹം (esteem needs) ഉടലെടുക്കുന്നു. ആത്മാഭിമാനം, ആത്മവിശ്വാസം, മറ്റുള്ളവരോടുള്ള ബഹുമാനം, മറ്റുള്ളവർക്ക് തന്നോടുള്ള ബഹുമാനം തുടങ്ങിയ ഘടകങ്ങൾ ഈ ആവശ്യവുമായി ബന്ധപ്പെട്ടവയാണ്. ഈ ശ്രേണിയിലെത്തിയ വ്യക്തികളെ നമ്മൾ തിരിച്ചറിയുകയും ആദരിക്കുകയും ചെയ്യാറുണ്ട്.

ആത്മ സാക്ഷാത്കാരം (self actualisation) എന്ന ഏറ്റവും ഉയർന്നതലമാണ് പിന്നീടുള്ളത്. ഒരു വ്യക്തിക്ക് തന്റെ കഴിവനുസരിച്ച് എത്തിച്ചേരാവുന്ന ഉയർന്ന തലമാണിത്. തന്റെ കഴിവിന് അനുസരിച്ചുള്ള ഉയർന്ന തലത്തിലേക്ക് എത്തിച്ചേരാൻ കഴിയുന്നത് വ്യക്തിക്ക് ആത്മ സംതൃപ്തി പകരുന്നു.

*അബ്രഹാം മാസ്‌ലോയുടെ ആവശ്യങ്ങളുടെ ശ്രേണി, ആദരവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കു മുകളിലായി വൈജ്ഞാനിക ആവശ്യങ്ങളും അതിനു മുകളിലായി സൗന്ദര്യാത്മകമായ ആവശ്യങ്ങളും ഉൾപ്പെടുത്തി പിന്നീട് പരിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്.*

ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗപ്പെടുത്തി അളക്കുവാൻ കഴിയാത്ത ഒന്നാണ് ആത്മസാക്ഷാത്കാരം എന്നതിനാൽ മാസ്‌ലോയുടെ ആശയങ്ങൾ വിമർശിക്കപ്പെടുന്നുണ്ട്. അതുപോലെ തന്നെ ആവശ്യങ്ങളുടെ ശ്രേണിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ പാശ്ചാത്യ സംസ്കാരത്തേയും ചിന്താ

ഗതികളേയും അടിസ്ഥാനമാക്കിയുള്ളവ ആയതിനാൽ സാർവദേശീയ പരിഗണന നൽകാൻ കഴിയില്ല എന്നും വാദിക്കപ്പെടുന്നു. അതുപോലെത്തന്നെ താഴ്ന്ന തലത്തിലുള്ള ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുമ്പോൾ മാത്രമേ ഉയർന്നതലത്തിലുള്ള ആഗ്രഹങ്ങൾ ഉണ്ടാകൂ എന്ന വാദവും ചോദ്യം ചെയ്യപ്പെടുന്നു.

ആത്മസാക്ഷാത്കാരം എന്ന തന്റെ കഴിവിന്റെ പരമാവധിയിലേക്ക് എത്തിച്ചേരുക എന്നത് മഹത്തുക്കൾക്ക് മാത്രമല്ല ഏതൊരാൾക്കും കൈവരിക്കാവുന്നതാണ് എന്ന് മാസ്‌ലോ സ്ഥാപിക്കുന്നു. മികച്ച രീതിയിൽ അധ്യാപനം നടത്തുന്ന അധ്യാപകനും തന്റെ കൃഷിയിടത്തിൽ നിന്നും നേട്ടങ്ങൾ കൊയ്യുന്ന കൃഷിക്കാരനും ആത്മസാക്ഷാത്കാരം നേടാം. ആത്മ സാക്ഷാത്ക്കാരമാണ് പൂർണ്ണ വ്യക്തിത്വത്തിലേക്ക് ഒരാളെ നയിക്കുന്നത്. ആവശ്യങ്ങളുടെ ശ്രേണി യെ വ്യക്തിത്വവികാസത്തിന്റെ പടവുകളായി കണക്കാക്കുന്നത്, കുട്ടികളുടെ വ്യക്തിത്വ വികാസത്തിനായി പരിഗണിക്കപ്പെടേണ്ട വസ്തുതകളെക്കുറിച്ചുള്ള കൃത്യമായ തിരിച്ചറിവ് അധ്യാപകർക്കും രക്ഷിതാക്കൾക്കും ഉണ്ടാകാൻ സഹായിക്കുന്നു.

**ഉത്തരമാനവികതാ കാഴ്ചപ്പാടുകൾ (Post Humanistic Perspectives)**

കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ ആശയ ശേഖരണത്തിലും ബോധവികാസത്തിലുമൊക്കെ വലിയ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മാനവികതാ വാദം എന്ന മനുഷ്യ കേന്ദ്രീകൃതമായതും മനുഷ്യാവസ്ഥകളിലും മനുഷ്യ മഹത്വത്തിലും, തിരഞ്ഞെടുപ്പുകളിലും, ഒക്കെ വിശ്വസിക്കുന്നതുമായ ദർശനം നവോത്ഥാന കാലം മുതൽ വികസിച്ചു വന്നിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ഒടുവിലുണ്ടായ വിവിധ ശാസ്ത്രങ്ങളിലെ പരിണാമങ്ങൾ, കണ്ടുപിടുത്തങ്ങൾ എന്നിവയെ ചോദ്യം ചെയ്യുകയും ചെയ്തിരുന്നു. എങ്കിലും പരിണാമ വാദം, പാരമ്പര്യ വാദം, ന്യൂജെനിക്സ് തുടങ്ങിയവ വികസിച്ചതോടു കൂടി 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇംഗ്ലണ്ടിലെ മൂന്ന് ശാസ്ത്രകാരന്മാർ **ജൂലിയൻ ഹക്സിലി, ജെ.ഡി. ബർണർ, ഇ. എക്സ് ഹാൾഡെയ്ൻ** എന്നിവർ ഇവ സംബന്ധിച്ച് വിശദമായ പഠനം നടത്തി. ഇവരിൽ ജൂലിയൻ ഹക്സിലിയാണ് ട്രാൻസ് ഹ്യൂമനിസം എന്ന പദം ആദ്യമായി ഉപയോഗിക്കുന്നത്. ശാസ്ത്ര സാങ്കേതിക പുരോഗതിയും വൈദ്യശാസ്ത്രത്തിലെ പുതിയ അവയവ മാറ്റ ശസ്ത്രക്രിയപോലെയുള്ള പുതിയ മാറ്റങ്ങളും സാമ്പ്രദായിക മനുഷ്യനെന്ന ആശയം തന്നെ ഇല്ലാതാക്കി. മനുഷ്യന്റെ ഓരോ അവയവവും രൂപവും തന്നെ മാറിപോകുന്ന അവസ്ഥ. കമ്പ്യൂട്ടറും മസ്തിഷ്കവും ചേരുമ്പോൾ മനുഷ്യ മസ്തിഷ്ക കമ്പ്യൂട്ടർ എന്ന നിലയിൽ മനുഷ്യൻ മാറിപ്പോകുന്നു. സ്വാഭാവികവും ജൈവികവുമായ പരിണാമത്തിനപ്പുറം മനുഷ്യനും കമ്പ്യൂട്ടറും ചേർന്നു കൊണ്ടുള്ള പുതിയ മനുഷ്യജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളാണ് പോസ്റ്റ്ഹ്യൂമനിസം പങ്കു വയ്ക്കുന്നത്.

**ആത്മാദരം (Self Esteem)**

ഒരു വ്യക്തി തന്നെക്കുറിച്ചുള്ള മനോഭാവങ്ങളെ വിലയിരുത്തുന്നതിലൂടെ രൂപപ്പെടുത്തിയെടുക്കുന്ന സ്വയം മതിപ്പാണ് ആത്മാദരം (Self esteem - A personal judgement of worthiness that is expressed in the attitudes the individual holds towards himself / herself).

ആത്മാദരത്തിന്റെ തോത് നിർണയിക്കുന്നതിനുള്ള വിവിധ ഉപാധികൾ (tools) മന:ശാസ്ത്ര വിദഗ്ധർ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം ടൂളുകൾ ഉപയോഗിച്ച് വളരെ എളുപ്പത്തിൽ വ്യക്തികളുടെ ആത്മാദരത്തിന്റെ തോത് കണ്ടെത്താം. രണ്ട് ടൂളുകൾ മാതൃകയായി നൽകിയിട്ടുള്ളത് പരിശോധിക്കുക.

**1. റോസൻബർഗ് സെൽഫ് എസ്റ്റീം സ്കെയിൽ (Rosenberg Self Esteem Scale)**

ഒരു വ്യക്തിയുടെ ആത്മാദരത്തിന്റെ തോത് കണ്ടെത്തുന്നതിനുള്ള ഒരുപാധിയാണ് റോസൻ ബർഗ് സെൽഫ് എസ്റ്റീം സ്കെയിൽ. ഇതിൽ 10 പ്രസ്താവനകൾക്ക് ഒരു വ്യക്തി നൽകുന്ന പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച സ്കോർ വിശകലനം ചെയ്ത് ആത്മാദരത്തിന്റെ തോത് മനസ്സിലാക്കാം. ഓരോ ചോദ്യത്തിനും നൽകിയിരിക്കുന്ന നാല് പ്രതികരണങ്ങളിൽ ഒന്ന് തെരഞ്ഞെടുക്കുകയാണ് വേണ്ടത്.

**പ്രവർത്തനക്രമം:-** നിങ്ങളെക്കുറിച്ച് നിങ്ങൾക്കുള്ള ചില ധാരണകളാണ് ചുവടെയുള്ള പ്രസ്താവനകളിൽ കൊടുത്തിരിക്കുന്നത്. ഈ പ്രസ്താവനകൾക്ക് ഉചിതമായ പ്രതികരണം (ശക്തമായി യോജിക്കുന്നു, യോജിക്കുന്നു, വിയോജിക്കുന്നു, ശക്തമായി വിയോജിക്കുന്നു) തെരഞ്ഞെടുക്കുക. (ടിക് മാർക്ക് ഇടുക).

| | | പ്രതികരണങ്ങൾ | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ചോദ്യങ്ങൾ | ശക്തമായി യോജിക്കുന്നു | യോജിക്കുന്നു | വിയോജിക്കുന്നു | ശക്തമായി വിയോജിക്കുന്നു |
| 1 | ഞാൻ എന്നിൽ സംതൃപ്തനാണ് | | | | |
| 2 | ചില സമയങ്ങളിൽ ഞാൻ നല്ലതല്ലെന്ന് എനിക്ക് തന്നെ തോന്നാറുണ്ട് | | | | |
| 3 | എനിക്ക് വളരെയധികം നല്ല ഗുണങ്ങളുണ്ട് | | | | |
| 4 | മറ്റുള്ള ആളുകൾ ചെയ്യുന്നതുപോലെ തന്നെ കാര്യങ്ങൾ ചെയ്തു തീർക്കാൻ എനിക്ക് കഴിവുണ്ട് | | | | |
| 5 | അഭിമാനിക്കത്തക്കതായ ഒന്നും എനിക്കില്ലെന്ന് എനിക്ക് അനുഭവപ്പെടാറുണ്ട് | | | | |
| 6 | ചില സമയങ്ങളിൽ എന്നെ ഒന്നിനും കൊള്ളില്ലെന്ന് എനിക്ക് തോന്നാറുണ്ട് | | | | |
| 7 | മറ്റുള്ളവരുടെ ഒപ്പമോ അതിൽ കൂടുതലോ വിലമതിപ്പ് എനിക്കുണ്ടെന്ന് തോന്നാറുണ്ട് | | | | |
| 8 | എനിക്ക് കൂടുതൽ ബഹുമാനം കിട്ടേണ്ടിയിരിക്കുന്നുവെന്ന് ഞാൻ ആഗ്രഹിക്കാറുണ്ട് | | | | |
| 9 | മൊത്തത്തിൽ ഞാൻ തികച്ചും പരാജയമാണെന്ന തോന്നലിലേക്ക് എന്റെ ചിന്തകൾ പോകാറുണ്ട് | | | | |
| 10 | ഞാൻ എന്നെക്കുറിച്ച് നല്ല മനോഭാവം കാത്തു സൂക്ഷിക്കുന്നു | | | | |

### സ്കോറിങ്

1,3,4,7,10 എന്നീ ഇനങ്ങളിൽ ശക്തമായി യോജിക്കുന്നു, യോജിക്കുന്നു, വിയോജിക്കുന്നു, ശക്തമായി വിയോജിക്കുന്നു എന്നീ പ്രതികരണങ്ങൾക്ക് 4,3,2,1 എന്ന ക്രമത്തിൽ സ്കോർ നൽകണം. എന്നാൽ 2,5,6,8,9 എന്നീ ഇനങ്ങൾക്ക് ഇതിന്റെ വിപരീത ക്രമത്തിലാണ് സ്കോർ നൽകേണ്ടത്. (ശക്തമായി യോജിക്കുന്നു, യോജിക്കുന്നു, വിയോജിക്കുന്നു, ശക്തമായി വിയോജിക്കുന്നു എന്നീ പ്രതികരണങ്ങൾക്ക് യഥാക്രമം 1,2,3,4 സ്കോർ നൽകണം.) ആകെ സ്കോർ കണ്ടെത്തുക. ഉയർന്ന സ്കോർ ഉയർന്ന ആത്മാദരത്തെ സൂചിപ്പിക്കുന്നു.

## 2. സെൽഫ് എസ്റ്റീം ഇൻവെന്ററി (Self Esteem Inventory)

### നിർദേശങ്ങൾ

താഴെ ചില പ്രസ്താവനകൾ കൊടുത്തിരിക്കുന്നു. അവ ഓരോന്നിനോടും നിങ്ങൾ എത്രമാത്രം യോജിക്കുന്നു എന്ന് രേഖപ്പെടുത്തുക. ഓരോ പ്രസ്താവനയ്ക്കും അഞ്ച് തരം പ്രതികരണങ്ങൾ കൊടുത്തിട്ടുണ്ട്.

ഓരോ പ്രസ്താവനയും വായിച്ചശേഷം A,B,C,D,E ഇവയിൽ ഏതെങ്കിലുമൊന്നിന്റെ താഴെയുള്ള വൃത്തത്തിൽ നിങ്ങളുടെ പ്രതികരണം ഒരു + അടയാളം കൊണ്ടു രേഖപ്പെടുത്തുക. യോജിക്കുകയോ, വിയോജിക്കുകയോ ചെയ്യുന്നതായി വ്യക്തമായി പറയാൻ സാധിക്കാത്തപ്പോൾ മാത്രമേ 'C' -യിൽ രേഖപ്പെടുത്തുവാൻ പാടുള്ളൂ എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ദയവായി എല്ലാ പ്രസ്താവനകൾക്കും പ്രതികരിക്കുക. നിങ്ങളുടെ പ്രതികരണങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

**പേര് :** **ക്ലാസ് :** **സ്കൂൾ :**

| **പ്രസ്താവനകൾ** | ശക്തിയായി യോജിക്കുന്നു<br>A | യോജിക്കുന്നു<br>B | വ്യക്തമായ ഉത്തരമില്ല<br>C | വിയോജിക്കുന്നു<br>D | ശക്തിയായി വിയോജിക്കുന്നു<br>E |
|---|---|---|---|---|---|
| 1. വിഡ്ഢിത്തം കാണിക്കുകയോ, അമളി പിണയുകയോ ചെയ്താൽ പിന്നെ ഞാൻ അതിനെക്കുറിച്ച് തന്നെ ഓർത്ത് വളരെ വിഷമിച്ചിരിക്കാറുണ്ട്. | 0 | 0 | 0 | 0 | 0 |
| 2. പലപ്പോഴും എന്നെക്കുറിച്ച് എനിക്ക് ലജ്ജ തോന്നാറുണ്ട്. | 0 | 0 | 0 | 0 | 0 |
| 3. മറ്റുള്ളവരെപ്പോലെ തന്നെ കാര്യങ്ങൾ ഭംഗിയായി ചെയ്യുവാൻ എനിക്കു കഴിയും. | 0 | 0 | 0 | 0 | 0 |
| 4. മറ്റാളുകളുടെ മുന്നിൽ എന്ത് സംസാരിക്കണമെന്ന് നിശ്ചയമില്ലാതെ ഞാൻ പലപ്പോഴും വിഷമിക്കാറുണ്ട്. | 0 | 0 | 0 | 0 | 0 |
| 5. ആകെക്കൂടെ എനിക്ക് എന്നെക്കുറിച്ച് നല്ല തൃപ്തിയാണ്. | 0 | 0 | 0 | 0 | 0 |
| 6. ഞാൻ കൂടെയുള്ളത് മറ്റുള്ളവർക്കിഷ്ടമാവുന്നുണ്ടോ എന്ന ചിന്ത മിക്കപ്പോഴും എനിക്കുണ്ടാകാറുണ്ട്. | 0 | 0 | 0 | 0 | 0 |
| 7. എന്നേക്കാളധികം മറ്റുള്ളവരെയാണ് കൂടുതൽ ആളുകളും ഇഷ്ടപ്പെടുന്നത്. | 0 | 0 | 0 | 0 | 0 |
| 8. എനിക്കെന്തെങ്കിലും പറയാനുള്ളപ്പോൾ സാധാരണയായി, ഞാൻ അത് പറയാറുണ്ട്. | 0 | 0 | 0 | 0 | 0 |
| 9. ചില ആളുകൾക്കെങ്കിലും എന്നെക്കുറിച്ച് അത്ര നല്ല അഭിപ്രായം ഉണ്ടായിരിക്കാനിടയില്ല എന്ന തോന്നൽ എന്നെ പലപ്പോഴും വിഷമിപ്പിക്കാറുണ്ട്. | 0 | 0 | 0 | 0 | 0 |
| 10. പുതുമയുള്ളതും പ്രയാസമേറിയതുമായ കാര്യങ്ങൾ ചെയ്യാനാണ് ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നത്. | 0 | 0 | 0 | 0 | 0 |
| 11. എന്റെ ജീവിതം പ്രയോജനമില്ലാത്തതാണെന്ന് മിക്കപ്പോഴും എനിക്ക് തോന്നാറുണ്ട്. | 0 | 0 | 0 | 0 | 0 |
| 12. ആളുകളെ പരിചയപ്പെടുമ്പോൾ അങ്ങോട്ടു സംസാരിക്കുവാനെനിക്ക് വിഷമം അനുഭവപ്പെടാറുണ്ട്. | 0 | 0 | 0 | 0 | 0 |

| പ്രസ്താവനകൾ | ശക്തിയായി യോജിക്കുന്നു<br>A | യോജിക്കുന്നു<br>B | വ്യക്തമായ ഉത്തരമില്ല<br>C | വിയോജിക്കുന്നു<br>D | ശക്തിയായി വിയോജിക്കുന്നു<br>E |
|---|---|---|---|---|---|
| 13. എന്റെ കഴിവുകളെക്കുറിച്ച് എനിക്കു പൂർണമായ വിശ്വാസമുണ്ട്. | 0 | 0 | 0 | 0 | 0 |
| 14. സ്വയം അഭിമാനിക്കത്തക്കതായി എനിക്കു ഒന്നുമില്ല. | 0 | 0 | 0 | 0 | 0 |
| 15. എനിക്ക് തീരുമാനങ്ങളെടുക്കാനും അവയിൽ തന്നെ ഉറച്ചു നിൽക്കാനുമുള്ള കഴിവുണ്ട്. | 0 | 0 | 0 | 0 | 0 |
| 16. എനിക്കു എന്നെക്കുറിച്ച് നല്ല മതിപ്പാണ്. | 0 | 0 | 0 | 0 | 0 |
| 17. ഞാൻ വേറെ ഒരാളായിരുന്നുവെങ്കിൽ എന്നു പലപ്പോഴും ആഗ്രഹിക്കാറുണ്ട്. | 0 | 0 | 0 | 0 | 0 |
| 18. എന്നെ എളുപ്പത്തിൽ എല്ലാവർക്കും ഇഷ്ടപ്പെടുവാൻ കഴിയും. | 0 | 0 | 0 | 0 | 0 |
| 19. എന്റെ കാര്യങ്ങൾ സ്വയം നോക്കാൻ സാധാരണ എനിയ്ക്കു കഴിയാറുണ്ട്. | 0 | 0 | 0 | 0 | 0 |
| 20. കഴിയുന്നിടത്തോളം നന്നായി എല്ലാ പ്രവൃത്തികളും ഞാൻ ചെയ്യും. | 0 | 0 | 0 | 0 | 0 |

സ്കോറിങ്:- പ്രസ്താവന 1, 2, 4, 6, 7, 9, 11, 12, 14, 17 എന്നിവയിൽ ശക്തിയായി യോജിക്കുന്നു, യോജിക്കുന്നു, വ്യക്തമായ ഉത്തരമില്ല, വിയോജിക്കുന്നു, ശക്തിയായി വിയോജിക്കുന്നു എന്നീ പ്രതികരണങ്ങൾക്ക് യഥാക്രമം 1, 2, 3, 4, 5 എന്നിങ്ങനെയും മറ്റുള്ള പ്രസ്താവനകൾക്ക് (3, 5, 8, 10, 13, 15, 16, 18, 19, 20) യഥാക്രമം 5, 4, 3, 2, 1 എന്നിങ്ങനെയും സ്കോറുകൾ നൽകണം. ആകെ സ്കോർ കണ്ടുപിടിക്കുക. ഉയർന്ന സ്കോർ ഉയർന്ന ആത്മാദരത്തെ (self esteem) പ്രതിനിധീകരിക്കുന്നു.

### III. മനോവിശ്ലേഷണ സമീപനം (Psychoanalysis Approach) :-

- *നിങ്ങൾ സ്വപ്നങ്ങൾ കാണാറുണ്ടല്ലോ.*
- *ഈ സ്വപ്നങ്ങൾക്ക് ജീവിത യഥാർത്ഥ്യങ്ങളുമായി എത്രത്തോളം ബന്ധമുണ്ട്?*
- *മിക്ക സ്വപ്നങ്ങളും വിചിത്രാനുഭവങ്ങളായി മാറുന്നത് എന്തുകൊണ്ടാണെന്ന് ചിന്തിച്ചിട്ടുണ്ടോ?*
- *മനോരോഗമോ വിഭ്രാന്തിയോ ഉള്ള ചില ആളുകൾ അതുവരെയില്ലാത്ത സ്വരത്തിലോ ഭാവത്തിലോ ഭാഷയിലോ സംസാരിക്കുകയും വിചിത്രമായി പെരുമാറുകയും ചെയ്യുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? (യഥാർത്ഥ ജീവിതത്തിലോ, സിനിമയിലോ, അനുഭവക്കുറിപ്പുകളിലോ) ഇത് എന്തുകൊണ്ട് സംഭവിക്കുന്നു?*



*Sigmund Freud (1856-1939)*

*ആസ്ട്രിയൻ ന്യൂറോളജിസ്റ്റ്. മനോരോഗികളുടെ ചികിത്സയ്ക്കുവേണ്ടി വിഖ്യാതമായ മനോവിശ്ലേഷണ രീതി ആവിഷ്ക്കരിച്ചു. The Interpretation of Dreams (1899), Jokes and Their Relation to the Unconscious (1905), The Ego and the Id (1923) തുടങ്ങിയ പ്രസിദ്ധങ്ങളായ നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ്.*

മനസ്സിന് നമ്മളറിയാത്ത ഒരു അബോധതലമുണ്ടെന്നും ഇതിന്റെ സ്വാധീനം മൂലമാണ് മേൽപ്പറഞ്ഞ പ്രതിഭാസങ്ങൾ ഉണ്ടാകുന്നതെന്നുമുള്ള വാദം മുന്നോട്ടു വയ്ക്കുന്ന വ്യക്തിത്വ സമീപനമാണ് മനോവിശ്ലേഷണ സിദ്ധാന്തം (Psychoanalysis theory). **സിഗ്മണ്ട് ഫ്രോയിഡ് (Sigmund Freud)** ആണ് ഈ സമീപനത്തിന്റെ പ്രണേതാവ്. അതിനാൽത്തന്നെ അദ്ദേഹം മനോവിശ്ലേഷണ സിദ്ധാന്തത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്നു.

**മനോവിശ്ലേഷണ സിദ്ധാന്തം – പ്രധാന ആശയങ്ങളും പ്രത്യേകതകളും**

- മനസ്സിന്റെ പ്രത്യേകിച്ച് അബോധമനസ്സിന്റെ ഉള്ളറകളിലേക്കുള്ള അന്വേഷണം
- മനോവിഭ്രാന്തികളെ സംബന്ധിച്ച് നടത്തിയ അന്വേഷണങ്ങളിൽ നിന്നും അനുഭവങ്ങളിൽ (clinical experience) നിന്നും പരീക്ഷണങ്ങളിൽ നിന്നും ആവിർഭവിച്ച സമീപനം.
- ലൈംഗികമായ അബോധ സംഘർഷങ്ങളും അക്രാമകത്വവും (aggression) മനുഷ്യന്റെ വ്യക്തിത്വത്തെ വലിയ അളവിൽ സ്വാധീനിക്കുന്നതായി സിദ്ധാന്തിക്കുന്നു.
- മനസ്സിൽ സംഭരിക്കപ്പെടുന്ന ബാല്യകാലാനുഭവങ്ങളും, അടിച്ചമർത്തപ്പെട്ട വികാരങ്ങളും വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു.
- ഫ്രോയ്ഡ് തന്റെ മനസ്സിന്റെ ചിന്തകളേയും, സവിശേഷാനുഭവങ്ങളേയും സ്വയം അപഗ്രഥിച്ച് (self analysis) നടത്തിയ വിലയിരുത്തലുകൾ ഈ സമീപനത്തിന് അടിത്തറയൊരുക്കുന്നതിൽ സഹായകമായി.
- മനോവിശ്ലേഷണ സമീപനത്തിന് അടിത്തറയിട്ടത് ഫ്രോയിഡ് ആയിരുന്നെങ്കിലും കാൾ യുങ് (Carl Jung), ആൽഫ്രെഡ് ആഡ്ലർ (Alfred Adler), വില്യം റീച്ച് (Wilhelm Reich) തുടങ്ങിയവരും ഇതിന്റെ തുടർന്നുള്ള വളർച്ചയിൽ പങ്കു വഹിച്ചു.

മനോവിശ്ലേഷണ സിദ്ധാന്തവുമായി ബന്ധപ്പെട്ട കാര്യങ്ങളെ പൊതുവെ മൂന്നു ഭാഗങ്ങളായി വേർതിരിക്കാം.

1.) വ്യക്തിത്വത്തിന്റെ ചലനാത്മകത (മനസ്സിന്റെ മൂന്നു തലങ്ങൾ സംബന്ധിച്ച ആശയങ്ങൾ – personality dynamics)

2.) വ്യക്തിത്വ ഘടന (മനസ്സിന്റെ ഘടനയെക്കുറിച്ചുള്ള സങ്കല്പങ്ങൾ - structure of personality)

3.) മനോലൈംഗിക വികാസ സങ്കല്പങ്ങൾ (psycho-sexual stages)

## 1) മനസ്സിന്റെ മൂന്ന് തലങ്ങൾ

മനസ്സിന് മൂന്ന് തലങ്ങളുണ്ട് – **(i) ബോധ മനസ്സ് (conscious mind), (ii) ഉപബോധ മനസ്സ് (sub-conscious mind), (iii) അബോധ മനസ്സ് (unconscious mind).**

**അബോധ മനസ്സ് :** അബോധതലമാണ് കൂടുതൽ പ്രാധാന്യമർഹിക്കുന്നത് എന്നാണ് ഫ്രോയ്ഡിന്റെ അഭിപ്രായം. കാരണം മനുഷ്യന്റെ വ്യവഹാരത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്നത് അബോധതലമാണ്. വ്യക്തിയുടെ വ്യവഹാരശൈലിയും അതുവഴി വ്യക്തിത്വവും നിർണയിക്കുന്നത് അബോധ മനസിൽ ഒളിച്ചു വെയ്ക്കുന്ന അനുഭവങ്ങളും ആഗ്രഹങ്ങളുമാണ്. മനസ്സിന്റെ ഈ തലങ്ങൾക്ക് ഒരു മഞ്ഞുമലയുമായി (iceberg) സാദൃശ്യമുള്ളതായി ഫ്രോയ്ഡ് നിരീക്ഷിക്കുന്നു. കടലിൽ ഒഴുകി നടക്കുന്ന മഞ്ഞുമലയുടെ കൂടുതൽ ഭാഗവും വെള്ളത്തിനുള്ളിലായിരിക്കും. ചെറിയ ഒരു ഭാഗം മാത്രമേ പുറത്തുനിന്നു നോക്കുമ്പോൾ കാണൂ. അതുപോലെ ഏറ്റവും വലിയ തലമായ അബോധമനസ്സ് നമ്മുടെ ബോധാവസ്ഥയിൽ നിന്നെല്ലാം വിഭിന്നമായി ആരും കാണാതെ സ്ഥിതി ചെയ്യുകയാണ്. നമ്മുടെ വ്യക്തിത്വത്തെ പ്രധാനമായും നിയന്ത്രിക്കുന്ന അബോധമനസ്സിന്റെ ഉള്ളടക്കം തിരിച്ചറിയാൻ വിഷമമാണ്. എന്നാൽ, ചിലപ്പോൾ അവ നമ്മുടെ സ്വപ്നങ്ങളിലൂടെ പുറത്തു വരുമെന്ന് ഫ്രോയ്ഡ്

അനുമാനിക്കുന്നു. അതുകൊണ്ടുതന്നെ മാനസിക പ്രശ്നങ്ങളുള്ളവരെ ചികിത്സിക്കുന്നതിന് ഫ്രോയ്ഡ് സ്വപ്നാപഗ്രഥനം (dream analysis) പ്രയോജനപ്പെടുത്തിയിരുന്നു. മാനസിക വൈകല്യങ്ങളെ ചികിത്സിക്കുന്നതിനുള്ള ശ്രമങ്ങളുടെ തുടർച്ചയായിട്ടാണ് ഇദ്ദേഹം തന്റെ പല മന:ശാസ്ത്ര സമീപനങ്ങളും കാഴ്ചപ്പാടുകളും രൂപപ്പെടുത്തിയത്. പറയാൻ ആഗ്രഹിച്ചതല്ലാത്ത ചില കാര്യങ്ങൾ അറിയാതെ പറഞ്ഞു പോകുന്നത്- അതായത് നാക്കുപിഴകൾ (slip of tongue) അബോധമനസ്സിന്റെ സ്വാധീനം കൊണ്ടാണെന്നും അർഥരഹിതമായ തെറ്റുകൾ പോലും പലപ്പോഴും ആ വ്യക്തിയുടെ യഥാർത്ഥ മനോവികാരങ്ങളെയായിരിക്കും പ്രതിഫലിപ്പിക്കുന്നതെന്നും ഇദ്ദേഹം വ്യാഖ്യാനിക്കുന്നു. ഒരു വ്യക്തിക്ക് ആഗ്രഹങ്ങൾ, ആവശ്യങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് സംഘർഷം സൃഷ്ടിക്കാവുന്ന പല അനുഭവങ്ങളും ഉണ്ടാകും. ഇത് ചിലപ്പോൾ ശക്തമായ ഉത്കണ്ഠയും സൃഷ്ടിച്ചേക്കാം. ഈ ഉത്കണ്ഠയെ ഒഴിവാക്കാൻ വേണ്ടി അനുഭവങ്ങളെ മനസ്സിന്റെ ആഴങ്ങളിലേക്ക് തള്ളി നീക്കാനും അടിച്ചമർത്താനും ശ്രമിക്കുന്നു. അതിനാൽ ഒരു പ്രത്യേക നിമിഷത്തിൽ അയാൾക്ക് ഈ അനുഭവങ്ങളെ ഓർത്തെടുക്കാനും ബോധത്തിന്റെ ഉപരിതലത്തിലേക്ക് കൊണ്ടുവരാനും കഴിയില്ല. മനസ്സിന്റെ മറഞ്ഞിരിക്കുന്ന ഈ തലത്തെയാണ് സിഗ്മണ്ട് ഫ്രോയ്ഡ് അബോധ മനസ്സ് (unconscious mind) എന്ന് വിശദീകരിച്ചത്. ഇതിനെ ജന്മസിദ്ധമായ വാസനകളുടെ (instincts) സംഭരണിയായി കണക്കാക്കുന്നു.

**ബോധ മനസ്സ്**

താരതമ്യേന അപ്രധാനമായ തലമാണ് എന്നാണ് ഫ്രോയ്ഡിന്റെ സങ്കല്പം. നമുക്ക് പ്രത്യക്ഷത്തിൽ അറിവുള്ളതും ഓർക്കാൻ കഴിയുന്നതുമായ അനുഭവങ്ങളാണ് ബോധമനസ്സിന്റെ ഉള്ളടക്കം. ഒരു പ്രത്യേക സന്ദർഭത്തിൽ നമ്മുടെ ബോധത്തിന്റെ ഉപരിതലത്തിൽ ലഭ്യമായ ഓർമ്മകൾ, ചിന്തകൾ, ആഗ്രഹങ്ങൾ എന്നിവയെല്ലാം അടങ്ങുന്ന മനസ്സിന്റെ തലമാണ് ബോധ മനസ്സ് എന്ന് ചുരുക്കിപ്പറയാം.

**ഉപബോധ മനസ്സ്**

ബോധ മനസ്സിനും അബോധ മനസ്സിനും ഇടയ്ക്കുള്ള തലമാണെന്ന് പറയാം. ഒരു പ്രത്യേക അവസരത്തിൽ വ്യക്തിക്ക് പൂർണ്ണമായ ഓർമ്മയിൽ ഇല്ലാത്തതും എന്നാൽ പെട്ടെന്നു തന്നെ ബോധതലത്തിൽ കൊണ്ടുവരാവുന്നതുമായ അനുഭവങ്ങളാണ് ഇതിൽപ്പെടുന്നത്. പലപ്പോഴും സ്വപ്നങ്ങളുണ്ടാവുന്നത് അബോധതലത്തിലെ അന്തർലീനമായ അനുഭവങ്ങൾ പ്രതീകവത്കൃതമായി ഉപബോധത്തിലേക്ക് ഊർന്നു കടക്കുമ്പോഴാണെന്ന് അനുമാനിക്കാറുണ്ട്.

## 2) മനസ്സിന്റെ ഘടനയെക്കുറിച്ചുള്ള സങ്കല്പങ്ങൾ

വ്യക്തിത്വഘടന, **ഇദ്ദ് (Id), അഹം (Ego), അത്യഹം (super ego)** എന്നീ 3 മുഖ്യ വ്യവസ്ഥകൾ സംയോജിച്ചുണ്ടാകുന്നതാണ്. ഈ 3 വ്യവസ്ഥയ്ക്കും അതാതിന്റെ സവിശേഷതകളും പ്രവർത്തനതന്ത്രങ്ങളും ഉണ്ടെന്നും അവ പരസ്പര പ്രവർത്തനത്തിൽ ഏർപ്പെടുന്നതിന്റെ ഫലമാണ് വ്യക്തിത്വം എന്നും സിഗ്മണ്ട് ഫ്രോയ്ഡ് സിദ്ധാന്തിക്കുന്നു.

**ഇദ്ദ് (Id)**

മനുഷ്യ മനസ്സിലെ പ്രാകൃതമായ വിചാരവികാര ശക്തിയാണ് **ഇദ്ദ്.** ജന്മവാസനകൾ ഇദ്ദിനെ ഉത്തേജിപ്പിക്കുന്നു. ഇതിനെ ജന്മവാസനകളുടെ നിക്ഷേപമായി കരുതാം. സാൻമാർഗികബോധം (ധാർമ്മികബോധം) ഇല്ലാത്തതിനാൽ എല്ലാ അസാൻമാർഗിക പ്രവർത്തനങ്ങളുടേയും പിന്നിൽ പ്രവർത്തിക്കുന്നത് ഇദ്ദ് ആണെന്നു പറയാം. ഒരു ജീവി എന്ന നിലയിൽ വ്യക്തിക്ക് ആനന്ദം നൽകുക എന്ന ഒരൊറ്റ ലക്ഷ്യത്തിൽ ഇദ്ദ് പ്രവർത്തിക്കുന്നതിനാൽ നന്മതിന്മകളോ ശരിതെറ്റുകളോ യാഥാർത്ഥ്യ -അയഥാർത്ഥ്യങ്ങളോ പരിഗണിക്കാറുമില്ല. ഇദ്ദ് **സുഖതത്വം (principle of pleasure)** അനുസരിച്ച് പ്രവർത്തിക്കുന്നു. അതായത് വ്യക്തിയുടെ പിരിമുറുക്കത്തിന് അയവു വരുത്താനും അയാൾക്ക് സുഖദായകമായ മാർഗം സ്വീകരിക്കാനും ഇദ്ദ് പ്രോത്സാഹനം നൽകുന്നു.

**അഹം (Ego)**

ഇദ്ദിനെ നിയന്ത്രിക്കുകയും അടക്കി നിർത്തുകയും ചെയ്യുന്ന വൈകാരിക ശക്തിയാണ് **അഹം** (ego). ഇദ്ദിന്റെ ലക്ഷ്യങ്ങൾ കൂടുതൽ സ്വീകാര്യമായ രീതിയിലൂടെ, വ്യക്തിക്ക് അപകടം സംഭവിക്കാത്ത വിധം നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെ ഇദ്ദിന്റെ ഊർജ്ജം ഉപയോഗിച്ച് ഇദ്ദിൽ നിന്നു തന്നെ യാണ് അഹം വികസിക്കുന്നത്. ഒരു വ്യക്തിയെ യാഥാർത്ഥ്യബോധം ഉൾക്കൊണ്ട് പെരുമാറാൻ സഹായിക്കുന്ന അഹം, യാഥാർത്ഥ്യബോധതത്വം (principle of reality) അനുസരിച്ചാണ് പ്രവർത്തി ക്കുന്നത്. അനന്തരഫലങ്ങളെക്കുറിച്ച് വ്യക്തിക്ക് താക്കീതു നൽകി. ഒരു നിയന്ത്രണ ഘടകമായി അഹം പ്രവർത്തിക്കുന്നു. ഊർജ്ജകേന്ദ്രം ഇദ്ദ് ആയതിനാൽ ഇദ്ദിന്റെ അഭാവത്തിൽ അഹത്തിന് (ego) അസ്തിത്വമില്ലെന്ന് പറയാം. ഇദ്ദും ഈഗോയും തമ്മിലുള്ള ബന്ധം കുതിരയും കുതിരക്കാ രനും തമ്മിലുള്ളതുപോലെയാണെന്നും ഫ്രോയ്ഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്. മിക്കപ്പോഴും കുതിരയുടെ വഴി നിർണയിക്കുന്നത് കുതിരക്കാരനാണെങ്കിലും കുതിര, കുതിരക്കാരനെ നയിക്കുന്ന സന്ദർഭങ്ങളും ഉണ്ടാകാറുണ്ട്. ഇദ്ദ് ആത്മനിഷ്ഠമായ അനുഭവങ്ങളെ മാത്രം പരിഗണിക്കുമ്പോൾ ഈഗോ ആത്മനി ഷ്ഠമായ അനുഭവങ്ങളേയും വസ്തുനിഷ്ഠമായ ശരികളെയും വേർതിരിച്ചറിയുന്നു. അതുകൊണ്ടാണ് മനുഷ്യമനസ്സിലെ **"പോലീസ് ഫോഴ്സ്"** ആയും **"വ്യക്തിത്വത്തിന്റെ പാലകൻ (Executive of personality)"** ആയും ഈഗോയെ കണക്കാക്കുന്നത്. അതോടൊപ്പം അത്യഹത്തിന്റെ (superego) സമ്മർദ്ദ ങ്ങളിൽ നിന്ന് വ്യക്തിയെ സന്തുലനത്തോടെ സംരക്ഷിക്കുന്നതും ഈഗോ ആണ്. ഈഗോ, ഒരു വ്യക്തിയുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ ശ്രമിക്കുമ്പോൾ പാരിസ്ഥിതിക സാഹചര്യങ്ങൾ പരി ഗണിക്കുകയും സാഹചര്യങ്ങൾ അനുകൂലമാകും വരെ സംതൃപ്തിക്കായുള്ള ശ്രമം വൈകിക്കുകയും ചെയ്യുന്നു. അതായത് വ്യക്തിയുടെ വാസനാപരമായ ആവശ്യങ്ങളേയും പാരിസ്ഥിതിക സാഹചര്യ ങ്ങളെയും ഈഗോ ഇണക്കിച്ചേർക്കുന്നു. ഇത് മാനസിക പ്രക്രിയകളെ ഏകോപിപ്പിക്കുന്നു.

**അത്യഹം (Super Ego)**

**അത്യഹം (super ego)** മനുഷ്യമനസ്സിലെ ഈഗോവിന്റെ തന്നെ പരിണിതരൂപമാണ്. സാമൂഹിക യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെട്ട് ഈഗോയ്ക്കുണ്ടാകുന്ന അനുഭവങ്ങളിൽ നിന്നാണ് സൂപ്പർ ഈഗോ വികസിക്കുന്നത്. രക്ഷിതാക്കളുടെയും അധ്യാപകരുടെയും വിദ്യാലയങ്ങളുടെയും മതസ്ഥാപനങ്ങ ളുടെയും സമൂഹത്തിന്റെയും സ്വാധീനം മനസ്സിന്റെ സാംസ്കാരിക സത്തയായി രൂപപ്പെടുന്നു. സാൻമാർഗികമായും സാംസ്കാരികമായും അനുബന്ധനം ചെയ്യപ്പെട്ട മാനസികാംശമാണ് സൂപ്പർ ഈഗോ. ഇത് യാഥാർത്ഥ്യത്തിന് പകരം ആദർശത്തെയും സാൻമാർഗ്ഗികതയെയും പ്രതിനിധാനം ചെയ്യുന്നു. സമൂഹം അംഗീകരിച്ചിട്ടുള്ള സാൻമാർഗിക മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവർത്തിച്ച് ശരിയും തെറ്റും നിർണയിക്കുന്നതിനാണ് സൂപ്പർ ഈഗോ ശ്രദ്ധിക്കുന്നത്. അതുകൊണ്ട് സാൻമാർഗി ക തത്വം (principle of morality) അനുസരിച്ചാണ് അത്യഹം പ്രവർത്തിക്കുന്നതെന്ന് പറയാം. തെറ്റ് ചെയ്തുവെന്നറിഞ്ഞിട്ടും മനസ്സാക്ഷിക്കുത്ത് അനുഭവപ്പെടാത്ത വ്യക്തിയുടെ സൂപ്പർ ഈഗോ ദുർബ ലവും, നിസ്സാര കാര്യങ്ങൾക്ക് പോലും കുറ്റബോധം തോന്നുകയും, ഊണും ഉറക്കവും നഷ്ടപ്പെട്ട് രോഗാതുരനാവുകയും ചെയ്യുന്ന വ്യക്തിയുടെ സൂപ്പർ ഈഗോ പ്രബലവുമാണെന്ന് കണക്കാക്കാം. വിശ്വാസപ്രമാണങ്ങൾ മേൽക്കൈ നേടുകയും അത് മാനസികസത്തയായി പരിണമിക്കുകയും ചെയ്യു മ്പോൾ സൂപ്പർ ഈഗോ പ്രബലമാകുന്നു. അതിന് എതിരായി പ്രവർത്തിക്കേണ്ടി വരുമ്പോൾ വല്ലാത്ത മന:സാക്ഷിക്കുത്ത് അനുഭവപ്പെടുന്നു. ഇത് പലപ്പോഴും നിലവിലുള്ള യാഥാർത്ഥ്യവുമായി പൊരു ത്തപ്പെടണമെന്നില്ല. അത്തരം സന്ദർഭങ്ങളിൽ ഈഗോ ആണ് മാനസിക സന്തുലനം നിലനിർത്താൻ വ്യക്തിയെ സഹായിക്കുന്നത്.

ഇദ്ദ്, ഈഗോ, സൂപ്പർ ഈഗോ എന്നിവ തമ്മിലുള്ള ചലനാത്മകമായ സന്തുലനം തൃപ്തികരവും ആഹ്ലാദകരവുമായ വ്യക്തിത്വത്തിന് കാരണമാകുന്നു. ജന്മവാസനാപരവും പ്രാകൃതവുമായ ചോദന കൾ കുടികൊള്ളുന്ന ഇദ്ദ് ആണ് ഒരു വ്യക്തിയുടെ മാനസിക പ്രവർത്തനങ്ങൾക്ക് വേണ്ട ഊർജ്ജം

(ഫ്രോയ്ഡ് 'libido' എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്) പ്രദാനം ചെയ്യുന്നത്. എന്നാൽ ഇദ്ദിന്റെ ഈ ചോദനകളെ യാഥാർത്ഥ്യബോധത്തോടെ നിയന്ത്രിക്കുന്ന ഈഗോയും സാമൂഹ്യനിയമങ്ങൾക്കും വ്യവസ്ഥകൾക്കും അനുസരിച്ച് ചോദനകളെ നിയന്ത്രിക്കുന്ന സൂപ്പർ ഈഗോയും പരസ്പരപൂരക മായി പ്രവർത്തിക്കുമ്പോഴാണ് വ്യക്തിത്വം സന്തുലിതമാകുന്നത്. അതായത് ഇദ്ദിന്റെ ശക്തമായ പ്രാകൃ ത ചോദനകളും സൂപ്പർ ഈഗോയുടെ ശക്തമായ നിയന്ത്രണങ്ങളും തമ്മിൽ സന്തുലനം വരുത്തു ന്നത് ഈഗോയാണ്. അതുകൊണ്ടാണ് ഈഗോവിനെ വ്യക്തിത്വത്തിന്റെ പാലകൻ എന്നു വിശേഷി പ്പിക്കുന്നത്.

ജീവിതത്തിലെ ഏറ്റവും നിർണ്ണായകമായ ചോദകം **ലിബിഡോ** അഥവാ ലൈംഗികത്വരയാണെന്നാണ് ആദ്യകാലങ്ങളിൽ ഫ്രോയ്ഡ് മുന്നോട്ടു വച്ചത്. എന്നാൽ തുടർന്നുള്ള പഠനങ്ങളിൽ മറ്റൊരു ജന്മവാ സനയായ 'മരണവാസന'യെയും അദ്ദേഹം വിശദീകരിക്കുന്നുണ്ട്. അതിനെ താനറ്റോസ് (Thanatos) എന്നാണ് വിളിക്കുന്നത്. ജീവിതത്തിന്റെ നിർണ്ണായക ചോദകമായ ലിബിഡോവിന്റെ രണ്ട് മുഖങ്ങ ളായി പിന്നീട് ഈറോസിനെയും (Eros) താനറ്റോസിനെയും (Thanatos) അവതരിപ്പിക്കുകയും ചെയ്തി ട്ടുണ്ട്. ഇതിൽ ഈറോസ് ലൈംഗികതയെയും താനറ്റോസ് അക്രമണവാസനയെയും പ്രതിനിധീകരി ക്കുന്നു. Life is a conflict and compromise between life instinct (eros) and death instinct (thanatos) എന്ന് ഫ്രോയ്ഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്. മനുഷ്യന്റെ അടിസ്ഥാന പ്രകൃതം ലൈംഗികതയിലും അക്രമണ വാസനയിലും അധിഷ്ഠിതമാണ് എന്നാണ് ഫ്രോയ്ഡിന്റെ അഭിപ്രായം.

### 3) മനോലൈംഗികവികാസ ഘട്ടങ്ങൾ (Stages of Psycho-sexual Development)

കുട്ടിക്കാലത്ത് നാം അനുഭവിക്കുന്ന ലൈംഗിക വികാസ പ്രതിസന്ധികൾ പിൽക്കാലത്ത് വ്യക്തിത്വ സവിശേഷതകളെ നിർണയിക്കുന്നുവെന്ന് ഫ്രോയ്ഡ് വിശദീകരിക്കുന്നു. ലിബിഡോവിന്റെ (ലൈംഗിക ചോദന) കേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വികാസഘട്ടങ്ങൾ ഫ്രോയ്ഡ് വിശദീകരി ക്കുന്നുണ്ട്. ഓരോ ഘട്ടത്തിലും ശരീരത്തിന്റെ ഓരോ പ്രത്യേക ഭാഗത്ത് ലൈംഗിക ചോദനകൾ കേന്ദ്രീ കരിക്കുന്നു. ഇവയെ ലൈംഗികോത്തേജന മേഖലകൾ (erogenous zone) എന്നാണ് വിളിക്കുന്നത്.

ഫ്രോയ്ഡ് മുന്നോട്ടുവച്ച് അഞ്ച് മനോലൈംഗിക വികാസഘട്ടങ്ങൾ താഴെ കൊടുക്കുന്നു.

1. വദനഘട്ടം (oral stage)
2. ഗുദഘട്ടം (anal stage)
3. ലിംഗഘട്ടം (phallic stage)
4. നിർലീനഘട്ടം (latency stage)
5. ജനനേന്ദ്രീയഘട്ടം (genital stage)

ഇവ ഓരോന്നും താഴെ വിശദീകരിക്കുന്നു.

#### 1) വദനഘട്ടം (Oral Stage - ജനനം മുതൽ രണ്ട് വയസ്സു വരെ)

ഈ ഘട്ടത്തിൽ ശിശുവിന് ഏറ്റവും കൂടുതൽ അനുഭൂതി നൽകുന്നത് വായയും അതിനോടനുബന്ധി ച്ചുള്ള പ്രവർത്തനവുമാണ്. വായയുമായി ബന്ധപ്പെട്ട ഏതൊരു പ്രവൃത്തിയും സുഖദായകമായിരി ക്കും. മുഖ്യമായും മുല കുടിച്ചും അല്ലാത്തപ്പോൾ വിരലുകൾ നുകർന്നും സുഖം തേടുന്നു. കുടിക്കു ക, നുകരുക, കടിക്കുക തുടങ്ങിയ വായ ഉപയോഗിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളിൽ ശിശു ആനന്ദം കണ്ടെത്തുന്നു. ഈ സമയത്ത് കുട്ടി കിട്ടുന്നതെല്ലാം നുകരുന്നത് അതുകൊണ്ടാണ്. ഇതിനുള്ള അവ സരങ്ങൾ വേണ്ടത്ര കിട്ടാതിരുന്നാലോ മാതാവിൽ നിന്ന് വേണ്ട പരിചരണം ലഭിക്കാതിരുന്നാലോ കുട്ടിയ്ക്ക് സ്തംഭനം (fixation) സംഭവിക്കാം. വ്യക്തിത്വ വളർച്ച മന്ദീഭവിക്കുന്നതാണ് സ്തംഭനം. സ്തംഭനം സംഭവിച്ച കുട്ടികൾ മുതിർന്നു കഴിഞ്ഞാൽ പക, അസൂയ തുടങ്ങിയവ പ്രകടിപ്പിക്കുമെന്നും

മാനസിക പിരിമുറുക്കമുള്ളപ്പോൾ വിരൽ കുടിക്കുക, പുകവലിക്കുക, മദ്യപിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് അസ്വാസ്ഥ്യം കുറയ്ക്കാൻ ശ്രമിക്കുമെന്നും ഫ്രോയ്ഡ് പറയുന്നു. ശൈശവത്തിൽ കൂടുതൽ പരിചരണവും വായ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്ക് കുടുതൽ അവസരവും സ്വാതന്ത്ര്യവും ലഭിച്ചാൽ പിൽക്കാലത്ത് ആത്മവിശ്വാസവും ശുഭാപ്തി വിശ്വാസവും പ്രകടിപ്പിക്കുമെന്നും ഫ്രോയ്ഡ് നിരീക്ഷിക്കുന്നു.

**2) ഗുദഘട്ടം (Anal Stage - രണ്ട് വയസ്സ് മുതൽ മൂന്ന് വയസ്സുവരെ)**

രണ്ടാം വയസ്സിൽ തുടങ്ങുന്ന ഈ ഘട്ടത്തിൽ ഈറോജിനസ് സോൺ ഗുദഭാഗമായിരിക്കും. വായിൽ നിന്ന് ഗുദത്തിലേക്കുള്ള ഈറോജിനസ് സോണിന്റെ മാറ്റം പെരുമാറ്റത്തെ സ്വാധീനിക്കുന്നു. മലമൂത്ര വിസർജനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മാതാപിതാക്കൾ കുട്ടിയെ പരിശീലിപ്പിക്കുന്ന (toilet training) ഘട്ടമാണിത്. ഈ ഘട്ടത്തിൽ വിസർജ്ജ്യം പിടിച്ചുവച്ചും പുറത്തേക്കു തള്ളിയും ഉണ്ടാക്കുന്ന സമ്മർദ്ദത്തിലൂടെയാണ് കുട്ടി ആനന്ദം നേടുന്നത്. Toilet training നൽകുന്ന ഈ ഘട്ടത്തിൽ കടുത്ത നിബന്ധനകൾ അടിച്ചേൽപ്പിച്ചാൽ അത് സ്തംഭനത്തിന് കാരണമാകും. ശുചിത്വത്തെക്കുറിച്ചും ചിട്ടവട്ടങ്ങളെക്കുറിച്ചുമുള്ള അമിതമായ ഉത്ക്കണ്ഠയായി അത് പിന്നീട് രൂപാന്തരപ്പെടും. Toilet training -ന്റെ കാര്യത്തിൽ ഒരു ശ്രദ്ധയുമില്ലാതിരുന്നാൽ കുട്ടി മുതിർന്നു കഴിഞ്ഞാലും ചിട്ടയുടെ കാര്യത്തിൽ അലംഭാവം പ്രദർശിപ്പിക്കും.

**3) ലിംഗഘട്ടം (Phallic Stage - മൂന്ന് വയസ്സ് മുതൽ അഞ്ച് വയസ്സുവരെ)**

മൂന്നു വയസ്സുമുതൽ 5 വയസ്സു വരെയുള്ള ഈ ഘട്ടത്തിൽ ലൈംഗിക ചോദനകൾ ലൈംഗികാവയവങ്ങളിലേക്ക് കേന്ദ്രീകരിക്കുന്നു. ആൺ-പെൺ വ്യത്യാസം തിരിച്ചറിയുന്ന ഈ വികാസ ഘട്ടത്തിൽ ലൈംഗീകാവയവങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തും. പക്ഷെ അവയുടെ പരിപക്വനമോ, അതുമായി ബന്ധപ്പെട്ട അന്ത:സ്രാവ ഗ്രന്ഥികളുടെ വികാസമോ നടക്കാത്തതിനാൽ കുട്ടിയുടെ പെരുമാറ്റം മുതിർന്ന വരുടേതിൽ നിന്നും ഏറെ വ്യത്യസ്തമായിരിക്കും. ജിജ്ഞാസയും കൗതുകവും ലൈംഗിക കാര്യങ്ങളിൽ പ്രകടമായിരിക്കും. ലൈംഗികാവയവങ്ങൾ താലോലിക്കുന്നതിൽ കുട്ടി ആനന്ദം കണ്ടെത്തും. ലിംഗഘട്ടത്തിൽ കാണപ്പെടുന്ന രണ്ട് പ്രത്യേകതകളാണ് പിതൃകാമനയും (Electra complex) മാതൃകാമനയും (Oedipus complex). ആൺകുട്ടികൾക്ക് മാതാവിനോടുള്ള വൈകാരികമായ അഭിനിവേശത്തെ മാതൃകാമന എന്നും പെൺകുട്ടികൾക്ക് അച്ഛനോടുള്ള പ്രത്യേക ആഭിമുഖ്യത്തെ പിതൃകാമന എന്നും സൂചിപ്പിക്കുന്നു. ഈ കോംപ്ലക്സുകൾ ഉയർത്തുന്ന മാനസിക സംഘർഷത്തിന് വിജയകരമായ പരിഹാരം കാണുകയെന്നത് ആരോഗ്യകരമായ വ്യക്തിത്വ വികസനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നുവെന്നും ഫ്രോയ്ഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

**4) നിർലീനഘട്ടം (Latency Stage - അഞ്ച് വയസ്സ് മുതൽ പന്ത്രണ്ട് വയസ്സു വരെ)**

അഞ്ചാം വയസ്സിൽ തുടങ്ങി കൗമാരാരംഭം വരെയുള്ള ഘട്ടമാണിത്. ലൈംഗിക ചോദനകൾ ഉറങ്ങിക്കിടക്കുന്ന ഈ ഘട്ടത്തിൽ സ്വന്തം ശരീരത്തെക്കുറിച്ചുള്ള പ്രത്യേക പരിഗണന കുറയുന്നു. ഈറോജിനസ് സോൺ താൽക്കാലികമായി അപ്രത്യക്ഷമാകുന്നു. ലൈംഗികേതരമായ കാര്യങ്ങളിൽ കുട്ടികൾ കൂടുതൽ താല്പര്യം പ്രകടിപ്പിക്കുന്നു. സ്വലിംഗത്തിൽപ്പെട്ട സമപ്രായക്കാരുമായി കൂട്ടുകൂടി കളിക്കാൻ താല്പര്യം കാണിക്കുന്നു.

**5) ജനനേന്ദ്രിയഘട്ടം (Genital Stage - പന്ത്രണ്ട് വയസ്സു മുതൽ)**

കൗമാരം തൊട്ടു പ്രായപൂർത്തിയാകും വരെയുള്ള ഘട്ടമാണിത്. ഈ ഘട്ടത്തിൽ ഇറോജിനസ് സോൺ വീണ്ടും ലൈംഗികാവയവങ്ങളെ കേന്ദ്രീകരിക്കും. ഈ ഘട്ടത്തിൽ ലൈംഗിക പക്വത നേടുന്നതിനാൽ സ്ത്രീപുരുഷബന്ധങ്ങളിൽ മുതിർന്നവരുടേതു പോലെയുള്ള സമീപനമായിരിക്കും കുട്ടി പ്രക

ടിപ്പിക്കുന്നത്. കൗമാരത്തിനു തൊട്ടുമുമ്പും കൗമാരകാലത്തും ഉണ്ടാകുന്ന ദ്രുതഗതിയിലുള്ള ശാരീരികമാറ്റങ്ങൾ സംഭവിക്കുന്നത് ഈ ഘട്ടത്തിലാണ്. ശരീരത്തിനുണ്ടാകുന്ന ഈ മാറ്റങ്ങൾ നിമിത്തം എതിർലിംഗത്തിൽപ്പെട്ടവരോടുള്ള താല്പര്യം വളരുന്നു.

ലൈംഗികചോദനയുള്ള ജീവികളെന്ന നിലയിൽ കുട്ടികളെ നോക്കിക്കണ്ടതും അബോധമനസ്സിനും സ്വപ്നവ്യാഖ്യാനത്തിനും അമിത പ്രാധാന്യം നൽകിയതും പിൽക്കാലത്ത് വിമർശിക്കപ്പെട്ടിട്ടുണ്ടെങ്കിലും ആധുനിക മന:ശാസ്ത്രത്തിന് ഫ്രോയ്ഡ് നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്.

**ഫ്രോയിഡിയൻ ചിന്തകളുടെ വിദ്യാഭ്യാസ പ്രസക്തി**

- കുട്ടിക്കാലത്തെ അനുഭവങ്ങൾ ഭാവി വ്യക്തിത്വത്തെ സ്വാധീനിക്കും. അതിനാൽ മികച്ച വ്യക്തിപര/സാമൂഹിക അനുഭവങ്ങൾ ക്ലാസ്സിൽ ഒരുക്കണം.
- കുട്ടിക്ക് തന്റെ പ്രയാസങ്ങളും മാനസിക സംഘർഷങ്ങളും തുറന്നു പറയാനും പങ്കു വയ്ക്കാനുമുള്ള അവസരങ്ങൾ ഒരുക്കണം. ഇത് മനോവിമലീകരണത്തിനും (Catharsis) അതുവഴി മാനസികാരോഗ്യം നിലനിർത്തുന്നതിനും സഹായിക്കുന്നു.
- ശിശു പരിചരണ രീതികൾ കുട്ടിയുടെ വ്യക്തിത്വത്തെ സ്വാധീനിക്കുന്നുണ്ട്. അതിനാൽ കുട്ടിക്കാലത്ത് എല്ലാതലത്തിലുമുള്ള പിന്തുണാ സംവിധാനം (support mechanism) ഒരുക്കണം.
- കലാസാഹിത്യ സൃഷ്ടികളിലെ കഥാപാത്രങ്ങളെ അപഗ്രഥിച്ച് വ്യക്തിത്വ വിശകലനം നടത്താനുള്ള അവസരം ഒരുക്കുന്നത് വ്യക്തി എന്ന നിലയിൽ ഓരോ കുട്ടിയേയും സ്വാധീനിക്കും.
- കുട്ടികളിൽ കാണുന്ന മാനസിക പിരിമുറുക്കം, അകാരണഭയം, അമിതമായ ഉത്കണ്ഠ തുടങ്ങിയ പ്രശ്നങ്ങളെ മന:ശാസ്ത്രപരമായി വിശകലനം ചെയ്യാനും പരിഹാരം കണ്ടെത്താനും സാധിക്കണം.
- കുട്ടികളിൽ കാണുന്ന പ്രതിരോധ തന്ത്രങ്ങളെ (defence mechanism) അനുഭാവപൂർവ്വം പരിഗണിക്കണം. കുട്ടികൾക്കു മന:ശാസ്ത്രപരമായ പിന്തുണ ഉറപ്പാക്കാനും അധ്യാപകർക്കു കഴിയണം.

*വ്യക്തിത്വ മാപനത്തിന് വിവിധങ്ങളായ മനഃശാസ്ത്ര ഗവേഷണ ഉപാധികൾ പ്രയോജനപ്പെടുത്താറുണ്ട്. ചെക്ക് ലിസ്റ്റ്, റേറ്റിങ് സ്കെയിൽ, പ്രക്ഷേപണ പ്രവിധികൾ (Projective Technicques) തുടങ്ങിയവ മുമ്പ് നിങ്ങൾ പരിചയപ്പെട്ടിട്ടുണ്ടല്ലോ.*

**സമായോജനം (Adjustment)**

മികച്ച വ്യക്തിത്വത്തെക്കുറിച്ചുള്ള ഒരു ചർച്ചയിൽ, മറ്റുള്ളവരുമായി പൊരുത്തപ്പെട്ടു പോകുന്നതിനുള്ള കഴിവിൽ ഊന്നിയാണ് മിക്കവരും സംസാരിച്ചത്. മികച്ച വ്യക്തിത്വത്തിന്റെ ലക്ഷണമായി ഈ കഴിവിനെ നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? എന്തുകൊണ്ട്?

- മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്
- പരസ്പരമുള്ള പൊരുത്തപ്പെടൽ സാമൂഹിക ജീവിതത്തിന് അത്യന്താപേക്ഷിതമാണ്.
- ഈ സമായോജനം (adjustment) വ്യക്തികളേയും അതുവഴി സമൂഹത്തേയും മെച്ചപ്പെടുത്തുന്നു.

**എന്താണ് സമായോജനം (Adjustment)?**

ഒരു വ്യക്തി തന്റെ ജീവിതാനുഭവങ്ങളെ മനസ്സിലാക്കുന്നതിനും അവയോട് തൃപ്തികരമായി പ്രതികരിക്കുന്നതിനും തന്റെ പ്രകൃതപരവും സാമൂഹികവുമായ പരിസ്ഥിതിക്കൊത്ത് മുഖ്യ ജീവിത പ്രശ്ന

ങ്ങൾക്ക് പരിഹാരം കാണുന്നതിനും സ്വീകരിക്കുന്ന പെരുമാറ്റ സവിശേഷതകളെ പൊതുവെ സമായോജനം എന്ന് പറയാം.

### സമായോജനത്തിന്റെ പ്രാധാന്യം

ജീവിതം തന്നെ പൂർണമായും ഒരു സമായോജനപ്രക്രിയയാണ് (Life is full of adjustment). ഒരു വ്യക്തിയുടെ ജീവിത വിജയം തന്നെ അയാളുടെ സമായോജനത്തിനുള്ള കഴിവിനെ ആശ്രയിച്ചിരിക്കുന്നു. തന്റെ ചുറ്റുപാടുകളുമായി നല്ല രീതിയിൽ പൊരുത്തപ്പെട്ട് പോകാൻ കഴിയുന്ന വ്യക്തിയാണ് ശരിയായ സമായോജനം കൈവരിച്ചയാൾ. സമായോജനം ഒരു നിശ്ചല സാഹചര്യമല്ല. അത് ആപേക്ഷികവും താൽക്കാലികവുമാണ്. വ്യക്തി പ്രശ്നങ്ങൾ നേരിട്ടു കൊണ്ടേയിരിക്കും അതിനനുസരിച്ച് അവയെ തരണംചെയ്യാനുള്ള വഴികളും കണ്ടെത്തിക്കൊണ്ടിരിക്കും. ചുരുക്കത്തിൽ ഒരു വ്യക്തിയുടെ ജനനം മുതൽ മരണം വരെ തുടരുന്ന ഒരു നിരന്തര പ്രക്രിയയാണ് സമായോജനം.

### നല്ല രീതിയിൽ സമായോജനം ചെയ്യാൻ കഴിയുന്ന വ്യക്തിയുടെ (well - adjusted person)

#### സവിശേഷതകൾ

> രണ്ടാമത്തെ യൂണിറ്റിൽ ചർച്ച ചെയ്ത 'വൈകാരിക ബുദ്ധി' എന്ന ആശയത്തിന് ഇവിടെ എന്തെങ്കിലും പ്രസക്തിയുണ്ടോ?

- സ്വന്തം ശക്തി ദൗർബല്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ
- സ്വയം ബഹുമാനിക്കുന്നതിനും മറ്റുള്ളവരെ ബഹുമാനിക്കുന്നതിനുമുള്ള കഴിവ്.
- പെരുമാറ്റങ്ങളിലുള്ള അയവ് (flexibility)
- പ്രതികൂല സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനുള്ള കഴിവ്
- യാഥാർത്ഥ്യബോധത്തിലധിഷ്ഠിതമായ ലോകവീക്ഷണം
- ചുറ്റുപാടുകളുമായി ഇണങ്ങിച്ചേരാനുള്ള കഴിവ്.
- മറ്റുള്ളവരിൽ നന്മ കണ്ടെത്താനുള്ള കഴിവ്.

### അപ സമായോജനം (Mal Adjustment)

സമായോജനത്തിനുള്ള കഴിവ് ജീവിതവിജയത്തെ എത്രത്തോളം സ്വാധീനിക്കുന്നുവെന്ന് മനസ്സിലാക്കിയല്ലോ. ഇനി സ്വന്തം ജീവിതത്തിലേക്ക് ഒന്നെത്തി നോക്കുക. നിങ്ങൾക്ക് പൊരുത്തപ്പെടാൻ സാധിക്കാത്ത ജീവിത സന്ദർഭങ്ങളോ പ്രതിസന്ധി സൃഷ്ടിച്ച സാഹചര്യങ്ങളോ ഉണ്ടായിക്കാണുമല്ലോ. അവയൊന്ന് ഓർക്കാൻ ശ്രമിക്കൂ. കുറിപ്പായി എഴുതൂ.

എല്ലാത്തരം ജീവിത സന്ദർഭങ്ങളുമായി എല്ലായ്പ്പോഴും പൊരുത്തപ്പെട്ടു പോകാൻ ഒരു വ്യക്തിക്ക് കഴിഞ്ഞെന്നുവരില്ല. ഇത്തരത്തിൽ ഒരു വ്യക്തിക്ക് അയാളുടെ പരിസരവുമായുണ്ടാകുന്ന ഇണക്കക്കുറവിനെ നമുക്ക് അപ സമായോജനം (mal adjustment) എന്നു വിളിക്കാം. ഏതൊക്കെ സാഹചര്യങ്ങളാണ് അപ സമായോജനത്തിന് ഇടയാക്കുന്നത്.

- ദുരനുഭവം (വലിയ മനപ്രയാസമുണ്ടാക്കിയ അനുഭവങ്ങൾ)
- മോഹഭംഗം (പ്രതീക്ഷിച്ച നേട്ടം ഉണ്ടാവാത്ത അവസ്ഥ)
- മാനസിക സംഘർഷം
- ശാരീരിക ക്ഷമതയിലുള്ള കുറവ് (നാഡീവ്യൂഹത്തിന്റെയും പേശികളുടേയും ശക്തിയില്ലായ്മ)
- താഴ്ന്ന അഹംബോധം (താൻ കഴിവില്ലാത്തവനാണെന്ന തോന്നൽ)
- ഉചിതമായ തീരുമാനങ്ങൾ എടുക്കാൻ കഴിയാത്ത അവസ്ഥ
- ---------------------
- ---------------------

> ☞ **പ്രവർത്തനം**
>
> അപ സമായോജനം പലതരത്തിലുള്ള പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നു. അതിനാൽ അത് പരിഹരിക്കേണ്ട ഒരു മാനസിക പ്രശ്നമാണ്. അപ സമായോജനം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ്?
>
> ടീച്ചറുടെ നേതൃത്വത്തിൽ ക്ലാസ്സിൽ ചർച്ച ചെയ്യൂ. മന:ശാസ്ത്ര ഡയറിയിൽ രേഖപ്പെടുത്തൂ.

> **സമായോജന ക്രിയാതന്ത്രങ്ങൾ**
>
> *അമ്മ എനിക്കെന്തിനാ മിനുസമുള്ള ചോറ്റുപാത്രം വാങ്ങിത്തന്നത്. അതുകൊണ്ടല്ലേ അതു വെള്ളത്തിൽ വീണു പോയത്? - ചോറ്റുപാത്രം വെള്ളത്തിൽ കളഞ്ഞു പോയ കുട്ടി വീട്ടി ലെത്തി അമ്മയോട് കയർത്തു സംസാരിച്ചത് ഇങ്ങനെയാണ്.*

- ഈ കുട്ടി ഇങ്ങനെ പ്രതികരിക്കാൻ കാരണമെന്താണ്? ഒന്നു വിശകലനം ചെയ്യൂ.
- ഇത് ഒരു സമായോജന ക്രിയാതന്ത്രമാണെന്നു പറയാം. എന്താണ് സമായോജന ക്രിയാതന്ത്രം (അറഷൗൊലിദേ ാലരവമിശാെ)? താഴെ കൊടുത്തിരിക്കുന്ന ഭാഗം വായിക്കൂ.

## സമായോജന ക്രിയാതന്ത്രങ്ങൾ (Defence Mechanisms or Adjustment Mechanisms)

മോഹഭംഗങ്ങളിൽ നിന്നും മാനസിക സംഘർഷങ്ങളിൽ നിന്നും രക്ഷപ്പെടാനോ/പ്രതിരോധിക്കാനോ വേണ്ടി വ്യക്തികൾ സ്വീകരിക്കുന്ന തന്ത്രങ്ങളെ പൊതുവേ പ്രതിരോധതന്ത്രങ്ങൾ അഥവാ സമാ യോജന തന്ത്രങ്ങൾ എന്ന് വിളിക്കുന്നു. ഇത്തരം തന്ത്രങ്ങളിലൂടെ മാനസിക സംഘർഷങ്ങളെ ലഘൂ കരിക്കാനോ ഒഴിവാക്കാനോ കഴിയും. അതുവഴി മാനസികമായി സ്വാസ്ഥ്യം വീണ്ടെടുക്കാൻ സാധി ക്കുന്നു. ഓരോ വ്യക്തിയും വ്യക്തിത്വ സന്തുലനം നിലനിർത്താൻ പലവിധ തന്ത്രങ്ങളാണ് ഉപയോ ഗിക്കുന്നത്. ഇതിൽ ചില പ്രധാന തന്ത്രങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

### 1. നിഷേധം (Denial)

അരോചക യാഥാർത്ഥ്യത്തിൽ നിന്നും സ്വയം രക്ഷപ്പെടുന്നതിന് ചിലർ സ്വീകരിക്കുന്ന മാർഗ്ഗം യാഥാർത്ഥ്യത്തെ നിഷേധിക്കുക എന്നതാണ്. ഇഷ്ടമില്ലാത്തത് കണ്ടില്ലെന്ന് നടിക്കുക, വിളിച്ചാൽ കേട്ടില്ലെന്ന് നടിക്കുക തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്.

### 2. ദമനം (Repression)

ഫ്രോയിഡിന്റെ അഭിപ്രായത്തിൽ വേദനാജനകമായ അനുഭവങ്ങളും മാനസിക സംഘർഷങ്ങളും സാക്ഷാത്കരിക്കാനാവാത്ത ആഗ്രഹങ്ങളും ഒക്കെ അബോധ മനസ്സിലേക്ക് തള്ളിവിടുന്ന പ്രക്രിയ യാണ് ദമനം. പാപബോധം ജനിപ്പിക്കുന്ന അനുഭവങ്ങളാണ് നാം അധികമായി വിസ്മരിക്കുന്നത്. വളരെ അപകടകരമായ തന്ത്രമാണ് ദമനം. ഇഷ്ടമില്ലാത്ത വികാരങ്ങളെ പൂഴ്ത്തിവയ്ക്കുന്നത് പല മാനസിക പ്രശ്നങ്ങൾക്കും കാരണമാകും. പ്രശ്നത്തെ ധൈര്യപൂർവ്വം നേരിടുകയാണ് വേണ്ടത്.

### 3. യുക്തീകരണം (Rationalization)

സർവ്വ സാധാരണമായ ഒരു സമായോജന തന്ത്രമാണിത്. ഇതിലൂടെ വ്യക്തി തന്റെ ബലഹീനതകൾ, പരാജയങ്ങൾ, കഴിവുകേടുകൾ തുടങ്ങിയവയെ തെറ്റായ കാരണങ്ങൾ വഴി ന്യായീകരിക്കുന്നു. യുക്തീ കരണം രണ്ട് തരത്തിലുണ്ട്.

- പുളിക്കുന്ന മുന്തിരിങ്ങ ശൈലി
- മധുരിക്കുന്ന നാരങ്ങ ശൈലി

*ഈ രണ്ടു ശൈലികൾ കൊണ്ട് അർത്ഥമാക്കുന്നതെന്താണെന്ന് കണ്ടെത്തുക*

4. **ഉദാത്തീകരണം (Sublimation)**

സമൂഹത്തിന് അസ്വീകാര്യമായതോ നടക്കാതെപോയതോ ആയ ആഗ്രഹങ്ങൾ സൃഷ്ടിക്കുന്ന നിരാശ മറികടക്കാൻ സാമൂഹികാംഗീകാരമുള്ള മാർഗങ്ങളിൽ കർമ്മനിരതനാകുന്ന പ്രക്രിയയാണിത്. മാനസിക സംഘർഷം ഒഴിവാക്കാൻ സമൂഹത്തിന് സ്വീകാര്യമായ ഒരു മാർഗ്ഗം തേടുകയാണ് ഇതിലൂടെ ചെയ്യുന്നത്. മക്കളില്ലാത്ത ധനാഢ്യൻ സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് തന്റെ ദുഃഖം മറക്കാൻ ശ്രമിക്കുന്നത് ഇതിനുദാഹരണമാണ്.

5. **അനുപൂരണം (Compensation)**

ഒരു രംഗത്തുള്ള പോരായ്മ മറ്റൊരു രംഗത്തുള്ള ശക്തിയിലൂടെ മറയ്ക്കാൻ ശ്രമിക്കുന്ന തന്ത്രമാണ് അനുപൂരണം. ഉദാ: പഠനകാര്യങ്ങളിൽ മികവ് പുലർത്താൻ കഴിയാത്ത കുട്ടി കായിക പ്രവർത്തനങ്ങളിലെ മികവിലൂടെ തന്റെ ആത്മാഭിമാനം വീണ്ടെടുക്കാൻ ശ്രമിക്കുന്നു.

6. **പ്രക്ഷേപണം (Projection)**

ഒരു വ്യക്തി തന്റെ കുറ്റങ്ങളുടെയും പരാജയങ്ങളുടെയും കാരണം മറ്റൊരാളിൽ ചുമത്തി സ്വയം രക്ഷപ്പെടുന്ന ഒരു സമായോജന തന്ത്രമാണിത്. വളരെ സാധാരണയായി ഉപയോഗിച്ചു വരുന്ന ഒരു പ്രതിരോധ തന്ത്രമാണ് പ്രക്ഷേപണം. പരീക്ഷയിൽ പരാജയപ്പെട്ട കുട്ടി പരാജയത്തിന്റെ കാരണം 'പ്രയാസമേറിയ ചോദ്യപേപ്പറിലോ' 'മോശപ്പെട്ട അധ്യയനത്തിലോ' ചുമത്തുന്നത് കണ്ടിട്ടുണ്ടാകുമല്ലോ. നിരാശാബോധത്തിൽ നിന്ന് സ്വയം മോചിതനാകുന്നതിനുള്ള ഒരു തന്ത്രമാണ് പ്രക്ഷേപണം.

7. **താദാത്മീകരണം (Identification)**

തന്റെ പോരായ്മകളിൽ നിന്നും പരാജയങ്ങളിൽ നിന്നും രക്ഷ നേടുന്നതിനായി മറ്റുള്ളവരുടെ വിജയത്തിലും പ്രസിദ്ധിയിലും ഭാഗഭാക്കാകുകയെന്നതാണ് താദാത്മീകരണത്തിന്റെ സ്വഭാവം. കായിക രംഗത്ത് വേണ്ടത്ര നിപുണതയില്ലാത്ത ആളുകൾപോലും പ്രശസ്തരായ കായികതാരങ്ങളുടെ പേരിൽ അഭിമാനിക്കുകയും അവരെ ആരാധിക്കുകയും ചെയ്യുന്നത് കണ്ടിട്ടുണ്ടല്ലോ. സിനിമാതാരങ്ങളുടെ പേരിലുള്ള ഫാൻസ് അസോസിയേഷനുകളും നമുക്ക് പരിചിതമാണല്ലോ.

8. **പശ്ചാത്ഗമനം (Regression)**

പ്രശ്നങ്ങളെ നേരിട്ട് കൈകാര്യം ചെയ്യാതെ പിൻവാങ്ങി മുൻകാല സമായോജനത്തിലേക്ക് തിരിച്ചു പോകുന്ന പ്രവൃത്തിയാണ് പ്രതിഗമനം അഥവാ പശ്ചാത്ഗമനം. മാതാപിതാക്കൾ കൂടുതൽ ശ്രദ്ധിക്കാനായി മുതിർന്ന ബാലൻ ശിശുവിനെ പോലെ പെരുമാറുന്നത് പശ്ചാത്ഗമനത്തിന് ഉദാഹരണമാണ്.

9. **ആക്രമണം (Aggression)**

മോഹഭംഗത്തിൽ നിന്ന് ഉടലെടുക്കുന്ന സമായോജന തന്ത്രമാണ് ആക്രമണം. ഇത് രണ്ട് തരത്തിലുണ്ട്. പ്രത്യക്ഷവും പരോക്ഷവും. തന്നെ അവഹേളിച്ച സഹപാഠിയെ ആക്രമിച്ചത് പ്രത്യക്ഷ ആക്രമണത്തിനും, അച്ഛൻ വഴക്ക് പറഞ്ഞതിന് ഗ്ലാസ് എറിഞ്ഞുടച്ചത് പരോക്ഷാക്രമണത്തിനും ഉദാഹരണങ്ങളാണ്.

അപസമായോജനത്തിനുള്ള ശാശ്വത പരിഹാരമല്ല പ്രതിരോധ തന്ത്രങ്ങൾ. അവ താൽക്കാലികമായി പ്രശ്നങ്ങളെ അബോധമായി ഒളിപ്പിച്ചു വയ്ക്കുകയാണ് ചെയ്യുന്നത്. പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുകയാണ് കൂടുതൽ അഭികാമ്യം.

☞ **പ്രവർത്തനം**

(1) സമയോജനക്രിയാതന്ത്രങ്ങളിൽ പ്രധാനപ്പെട്ട ചിലത് മാത്രമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ആധികാരിക ഗ്രന്ഥങ്ങൾ റഫർ ചെയ്ത് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് മന:ശാസ്ത്ര ഡയറിയിൽ രേഖപ്പെടുത്തുക.

(2) നിങ്ങളുടെ ജീവിതാനുഭവങ്ങളിൽ നിന്ന് ഇത്തരം ക്രിയാതന്ത്രങ്ങൾ കണ്ടെത്തൂ. ഡയറിയിൽ കുറിക്കൂ. ഫ്രോയിഡിന്റെ മനോവിശ്ലേഷണ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ സമായോജന ക്രിയാതന്ത്രങ്ങളെ അപഗ്രഥിച്ച് ഒരു കുറിപ്പ് തയ്യാറാക്കൂ.

## ജീവിത നൈപുണികൾ (Life Skills)

ജീവിതത്തിൽ മിക്കവരും പല പ്രതിസന്ധിഘട്ടങ്ങളിലൂടെയും കടന്നുപോകാറുണ്ട്. ആഗ്രഹിച്ച കോഴ്സ് ലഭിക്കാതിരിക്കുക, അവിചാരിതമായ അപകടങ്ങൾ സംഭവിക്കുക എന്നിങ്ങനെ പലതരത്തിലുള്ള പ്രതിസന്ധികൾ വ്യക്തികൾക്ക് ഉണ്ടാകാറുണ്ട്.

ഇത്തരം സന്ദർഭങ്ങൾ എല്ലാവരും ഒരേ തരത്തിലാണോ നേരിടുന്നതും പരിഹരിക്കുന്നതും?

നിങ്ങളുടെ ജീവിതത്തിൽ നേരിട്ട ഇത്തരം പ്രശ്നങ്ങൾ ഓർത്തു നോക്കൂ. അവ പരിഹരിച്ചത് എങ്ങനെയാണ്?

- 
- 
- 

പ്രശ്നപരിഹരണ ശേഷി ജീവിത വിജയത്തിന് അത്യാവശ്യമായ ഒരു നൈപുണിയാണ്. ഇതുപോലെയുള്ള മറ്റു ജീവിതനൈപുണികൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം.

## ജീവിതനൈപുണി വിദ്യാഭ്യാസം (Life Skill Education)

ആധുനിക സമൂഹത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളും ശാസ്ത്രസാങ്കേതിക മേഖലയിലെ പുരോഗതിയും മനുഷ്യന്റെ ജീവിതരീതികളിലും ശൈലികളിലും ഒട്ടേറെ മാറ്റങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നു. ജീവിത ശൈലിയിലെ മാറ്റവും ആധുനികവൽക്കരണവും ഏറ്റവും ബാധിക്കുന്നത് കുട്ടികളെയും പ്രായമേറിയവരെയുമാണ്. ശാരീരിക-മാനസിക തലങ്ങളിൽ ധ്രുതഗതിയിലുള്ള വളർച്ചയും വികാസവും നടക്കുന്നത് ബാല്യ-കൗമാര ഘട്ടങ്ങളിലാണ്. ലോകാരോഗ്യ സംഘടന (WHO) നിർദ്ദേശിക്കുന്ന 10 ജീവിത നൈപുണികൾ (life skills) ആർജിക്കുന്നത് കുട്ടികൾക്ക് ശരിയായ രീതിയിൽ ജീവിക്കുന്നതിനും ജീവിത പ്രശ്നങ്ങളെ നേരിടുന്നതിനും സഹായകമാകും. ജീവിതത്തിലെ പുതുമയുള്ളതും പ്രയാസമേറിയതുമായ സാഹചര്യങ്ങളെ തരണം ചെയ്യാൻ ഒരു വ്യക്തി ആർജിച്ചിരിക്കേണ്ട കഴിവുകളാണ് ജീവിത നൈപുണികൾ (life skills).

1. **സ്വയം അറിയുക (Self Awareness):** അവനവന്റെ കഴിവുകേടുകൾ തിരിച്ചറിയാനും, കഴിവുകൾ പരമാവധി വികസിക്കാനുമുള്ള ശേഷിയാണിത്.
2. **ക്രിയാത്മക ചിന്ത (Creative Thinking) :** വ്യത്യസ്തമായ ചിന്താപദ്ധതിയിലൂടെ പുതിയപുതിയ ജീവിതപ്രശ്നങ്ങൾ തരണം ചെയ്യാനുള്ള കഴിവാണിത്.
3. **വിമർശനാത്മക ചിന്ത (Critical Thinking):** തെളിവുകളുടെയും കാര്യകാരണബന്ധത്തിന്റെയും അടിസ്ഥാനത്തിൽ വസ്തുനിഷ്ഠമായി വിലയിരുത്തുവാനുള്ള കഴിവാണിത്.

4. **തീരുമാനമെടുക്കൽ (Decision Making):** ചുരുങ്ങിയ സമയം കൊണ്ട് അവസരോചിതമായ തീരുമാനമെടുക്കാനും ബോധത്തോടെ അത് നടപ്പാക്കാനുമുള്ള കഴിവാണിത്.

5. **പ്രശ്നപരിഹരണശേഷി (Problem Solving Skill):** ജീവിതത്തിലുണ്ടാകുന്ന സങ്കീർണമായ പ്രശ്നങ്ങൾ സമചിത്തതയോടെ അപഗ്രഥിച്ച് വേണ്ട പരിഹാരം കണ്ടെത്താനുള്ള കഴിവ്.

6. **ആശയവിനിമയശേഷി (Communication Skill):** ഒരു വ്യക്തിക്ക് സ്വന്തം ആശയങ്ങൾ വ്യക്തമായി പ്രകടിപ്പിക്കാനും മറ്റുള്ളവർ പറയുന്നത് മനസ്സിലാക്കാനുമുള്ള കഴിവാണിത്.

7. **വ്യക്താന്തരബന്ധം (Interpersonal Relationship):** ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും പരിചയപ്പെടുന്ന വ്യക്തികളോട് ഉചിതമായ രീതിയിലുള്ള ബന്ധം സ്ഥാപിക്കാനും നിലനിർത്താനുള്ള കഴിവ്.

8. **അനുതാപം (Empathy):** മറ്റൊരു വ്യക്തി അനുഭവിക്കുന്ന വികാരങ്ങൾ അതേ തീവ്രതയോടെ ഉൾക്കൊണ്ട് അതിനനുസരിച്ച് പെരുമാറാനുള്ള കഴിവ്.

9. **വികാരങ്ങളുമായി പൊരുത്തപ്പെടൽ (Coping with Emotions):** മനുഷ്യസഹജമായ കോപം, സന്തോഷം, നിരാശ, സ്നേഹം, ഉത്കണ്ഠ തുടങ്ങിയ വികാരങ്ങൾ തിരിച്ചറിയാനും അവ നിയന്ത്രിച്ച്, ജീവിതത്തിനുപകരിക്കും വിധം പ്രയോജനപ്പെടുത്താനുമുള്ള കഴിവ്.

10. **മാനസിക സമ്മർദ്ദങ്ങളുമായി പൊരുത്തപ്പെടൽ (Coping with Stress):** ജീവിതത്തിൽ സമ്മർദ്ദമുണ്ടാക്കുന്ന സാഹചര്യങ്ങൾ ഫലപ്രദമായി നേരിടാനും സമ്മർദ്ദം ജീവിതത്തെ ബാധിക്കാത്ത വിധം നിയന്ത്രിച്ചു നിർത്താനുള്ള കഴിവ്.

☞ **പ്രവർത്തനം**

ഇന്റർനെറ്റിന്റെ സഹായത്തോടെ UNESCO നിർദേശിച്ച ജീവിതനൈപുണികൾ ഏതൊക്കെയാണെന്ന് കണ്ടെത്തുക. ഇതിൽ പ്രൈമറി ക്ലാസ്സിൽ പ്രാധാന്യത്തോടെ പരിഗണിക്കേണ്ടവ ഏതൊക്കെയെന്ന് വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## പ്രതിഫലനാത്മക ചോദ്യങ്ങൾ (Reflective Questions)

1. വ്യക്തിത്വത്തെ സംബന്ധിച്ച് G .W ആൽപോർട്ട് മുന്നോട്ടുവച്ച സവിശേഷക സമീപനം വിശദീകരിക്കുക.
2. ഒരു പക്വവ്യക്തിത്വത്തെ വിലയിരുത്താൻ ആൽപ്പോർട്ട് നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?
3. തന്റെ മാനവികതാസമീപനമനുസരിച്ച് കാൾ റോജേഴ്സ് വ്യക്തിത്വത്തെ എങ്ങനെ വിശദീകരിക്കുന്നു?
4. പൂർണ്ണവ്യക്തിത്വത്തെക്കുറിച്ചുള്ള കാൾ റോജേഴ്സിന്റെ കാഴ്ചപ്പാടുകൾ എന്തെല്ലാമാണ്?
5. അബ്രഹാം മാസ്‌ലോയുടെ ആവശ്യങ്ങളുടെ ശ്രേണി വിശദീകരിക്കുക.
6. ആത്മാഭിമാനം (self esteem) എന്നാലെന്ത്? ഇതിന്റെ തോത് വിലയിരുത്തുന്നതെങ്ങനെയാണ്?
7. മനോവിശ്ലേഷണ സിദ്ധാന്തത്തിന്റെ പ്രധാന ആശയങ്ങളും പ്രത്യേകതകളും വിവരിക്കുക.
8. വ്യക്തിത്വത്തെക്കുറിച്ച് ഫ്രോയ്ഡ് മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളുടെ വിദ്യാഭ്യാസപരമായ പ്രസക്തി വിലയിരുത്തുക.
9. സമായോജനം, അപസമായോജനം ഇവ എന്താണെന്ന് വിശദീകരിക്കുക.
10. നല്ലരീതിയിൽ സമായോജനം നടത്തുന്ന വ്യക്തിയുടെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണ്?
11. സമായോജന ക്രിയാതന്ത്രങ്ങൾ എന്നാലെന്താണ്? വ്യക്തികൾ സാധാരണ അവലംബിക്കാറുള്ള ക്രിയാതന്ത്രങ്ങൾ ഏതൊക്കെയാണ്?
12. 'ജീവിതനൈപുണീ വിദ്യാഭ്യാസം'- എന്ന ശീർഷകത്തിൽ ഒരു കുറിപ്പ് തയ്യാറാക്കുക.

## അവലംബം


Dr. Arun Kumar. P. & Sreejith . E (2018) വിദ്യാഭ്യാസ മനശ്ശാസ്ത്രം, ഡി.സി. ബുക്സ്, കോട്ടയം

SCERT (2013), ഗൈഡൻസ് & കൗൺസിലിങ്

SCERT, തിരുവനന്തപുരം, (2014). കേരള പ്രീ സ്കൂൾ പാഠ്യപദ്ധതി

SCERT, തിരുവനന്തപൂരം, (2013). ഡിപ്ലോമ ഇൻ എജ്യുക്കേഷൻ (D.Ed.) അധ്യാപകസഹായി (സെമസ്റ്റർ 1).

SCERT, തിരുവനന്തപൂരം, (2013). ഡിപ്ലോമ ഇൻ എജ്യുക്കേഷൻ (D.Ed.) അധ്യാപകസഹായി (സെമസ്റ്റർ 3).

ഒരു സംഘം ലേഖകർ (2008), വിദ്യാഭ്യാസപരിവർത്തനത്തിന് ഒരാമുഖം കേരളശാസ്ത്ര സാഹിത്യ പരിഷത്ത്.

ബിന്ദു. സി.എം, മാതൃഭാഷാബോധനം - പ്രവണതകളും രീതികളും സ്കോർപ്പിയോ & പബ്ലിഷേഴ്സ് ഡിസ്ട്രിബ്യൂട്ടേഴ്സ് കാലിക്കറ്റ് യൂണിവേഴ്സിറ്റി.

Babu.N. (2000) മനശ്ശാസ്ത്രം ഉത്തമജീവിതത്തിന് - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

SCERT (2014), ശിശുവികാസവും മനശ്ശാസ്ത്രവും

Francis Galton, D., Hereditary Genius: An Inquiry into its Laws and Consequences, Appleton & Company NewYork

Jeanne Ellis Ormrod, Educational Psychology: Developing Learners, Pearson India Educaters Services Pvt.Ltd.

Anita Woolfolk Hoy, Educational Psychology, (13th edition), Adapted by Shivani Vij Pearson.

Elizabeth B Hurlock, Child Development, (6th Edition) Mograw hill Education (India) Pvt. Ltd. New Delhi

Kumar.S.K.P & Noushad P.P (2008), Psychology in Classroom - Theories in to Practice, Scorpio Publishers & Distributors, Calicut.

DIET, Kollam Persona - A Resource Material in Psychology,

Pramod K Nayar (2017), Post humanism, Polity Books: Hydrabad.

Arjunan.N.K. (2013) Psychological Bases of Educations, Yuga Publications Palakkad

Bristow.J. & Others (2003) Memory and Learning - A Practical Guide for Teachers. David Fulton Publishers, London.

Mangal.S.K. (2000) Advanced Educational Psychology, Prentice- Hall of India Pvt.Ltd, New Delhi.

Dandekar, W.N.& Makhija.S (2009), Psychological Foundations of Education, Macmillan India Ltd, New Delhi.

## Websites

www.eric.com

www.shodhganga.com

www.indianteachereducators.com

www.researchgate.com

www.elconsortium.com

www.inflibnet.com